KOTTAYAM PUBLIC LIBRARY

Call No. 10A7 Acc. No. 39434

Author: കൊച്ചുണ്ണി തമ്പുരാൻ

Title: ചാണക്യസൂത്രം

കേരള സാഹിത്യ അക്കാദമിയുടെ
ധന സഹായത്തോടു കൂടിയതു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# പാണ്ഡവോദയം

(മഹാകാവ്യം)

X

## കൊച്ചുണ്ണി തമ്പുരാന്റെ കൃതികൾ.

ഭദ്രോല്പത്തി.

ദേവീമഹാത്മ്യം.

മധുരമംഗലം.

അതിവാതവർഷം.

മലയാംകൊല്ലം (മഹാകാവ്യം)

സുന്ദരകാണ്ഡം (തുള്ളൽ)

പാണ്ഡവോദയം (മഹാകാവ്യം)

ഭദ്രാവതാരം.

കേരള സാഹിത്യ അക്കാദമിയുടെ
ധന സഹായത്തോടു കൂടിയതു്

KOTTAYAM PUBLIC LIBRARY
39434
KOTTAYAM.

# പാണ്ഡവോദയം

(മഹാകാവ്യം)

കവിസാർവ്വഭൌമൻ കൊടുങ്ങല്ലൂർ
ചെറിയ കൊച്ചുണ്ണി തമ്പുരാൻ.

പ്രസിദ്ധീകരണം

കേരളാബുക്കു്ഹൗസ്, കൊടുങ്ങല്ലൂർ

വില: 3-00

MA7

*Published with the aid of*
KERALA SAHITYA ACADEMY.

# PANDAVODAYAM
## (MAHAKAVYAM)

*By, Kavisarvabhouman Kodungallur Cheria Kochunny Thampuran,*

Second Edition: October 1964.
Published by:
KERALA BOOK HOUSE,
CRANGANORE.
Copies: 1000,
Price: Rs. 3—00.
Printed at Shanmukham Press, Cranganore.

37434



മഹാകവി കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

39434

# പാണ്ഡവോദയം

## കാവ്യം

### ഒന്നാം സൎഗ്ഗം

ശ്രീ ഭദ്രകാളൈ്യ നമഃ

കല്യാണിയാളാമലമങ്ക മോദി–
ച്ചെല്ലായ്പൊഴും ചേൎന്നരുളുന്ന നാഥൻ
ചൊല്ലാൎന്ന ഭക്തപ്രിയനായ ദേവ–
നുല്ലാസമോടിങ്ങു ശുഭം തരട്ടേ.

പരക്കെ ലോകൎക്കു രുചിച്ചിടുംമ–
ട്ടരുക്കണം സൎവ്വവുമെന്നുവെച്ചാൽ
ഒരുത്തനും സാദ്ധ്യമതല്ല നാനാ–
തരത്തിലല്ലോ രുചി ലോകർതന്നിൽ. 2

നിലച്ചിടാതുള്ള സുഖാൽ മനസ്സു
ചലിച്ചിടും ഭൂരിരസങ്ങൾതന്നിൽ
ചിലൎക്കു കാമം ചിലതിൽ പെടുന്നു
ചിലപ്പൊളൊന്നിങ്കലുമില്ല പാൎത്താൽ. 3

രസാജ്ജഗന്മോഹിനി ദേവി ചിത്ത–
പ്രസാദലേശത്തൊടു നോക്കുമെന്നാൽ
അസാദ്ധ്യമായുള്ളതുമായവന്നു
സുസാദ്ധ്യമാം സംശയമില്ലതെല്ലും. 4

എന്നാലിനിപ്പാണ്ഡവപുണ്യവൃത്ത-
മിന്നാദരാൽ ഞാനുരചെയ്തിടുന്നേൻ
നന്ദാത്മജൻതന്നുടെ ഭക്തവൃത്തം
നന്ദ്യം കഥിക്കുന്നവനെന്തസാദ്ധ്യം. 5

ക്ഷോണീഭരം തീൎപ്പതിനുത്ഭവിച്ച
ചേണാൎന്ന വിശ്വാത്മകമൂൎത്തിതൻെറ
പ്രാണങ്ങളെംപോലുള്ളൊരു പാണ്ഡവന്മാർ
വാണാർ ചിരം പണ്ടു മഹാവനത്തിൽ. 6

പ്രജ്ഞാബലം പൂണ്ടൊരു പാണ്ഡവന്മാർ
വിജ്ഞാനവാന്മാർ വനവാസശേഷം
അജ്ഞാതി ദുൎയ്യോധനവഞ്ചനാൎത്ഥ-
മജ്ഞാതവാസത്തിനുടൻ തുടന്നു. 7

തന്ത്രജ്ഞരാമായവർ ഭാൎയ്യയൊത്തു
മന്ത്രിച്ചു കൃത്യങ്ങളുറച്ചു സൎവ്വം
മന്ത്രജ്ഞനാം ധൌമ്യപുരോഹിതൻെറ
മന്ത്രോപദേശങ്ങളുമങ്ങു വാങ്ങി. 8

കൃത്യങ്ങളം ചെയ്യേണ്ടതു വിപ്രസൂത-
ഭൃത്യവ്രജത്തോടുരചെയ്തു പിന്നെ
സത്യവ്രതന്മാരവർ പാണ്ഡവന്മാ-
രത്യന്തഗൂഢം പ്രിയയൊത്തു പോയാർ. 9

ക്ലേശം കൃശാംഗീമണി പാൎഷതിക്കു
ലേശം വരാതാക്കുരുകുഞ്ജരന്മാർ
ദേശങ്ങളോരോന്നു കടന്നു മത്സ്യാ-
ധീശൻെറ നാട്ടിൽ ചിതമോടു ചെന്നാർ. 10

ഘോരത്വമേറും ചുടുകാട്ടിനുള്ളിൽ
ചേരും ശമീക്കുള്ളൊരു കോടരത്തിൽ
പാരം മറച്ചായുധമൊക്കെ വെച്ചാർ
വീരോത്തമന്മാരവർ വീതശങ്കം. 11

ധീമാന്യനായീടിന ധർമ്മപുത്രൻ
ഭീമാദികൾക്കും തരമായ്‌തനിക്കും
കാമങ്ങളൊക്കുന്നവിധം ജയാദി-
നാമങ്ങളിട്ടാനതിശുദ്ധമായി. 12

മാറാതെ മായാപതി മാധവൻതൻ
കൂറോടു വാഴുന്നവർ പാണ്ഡവന്മാർ
ഏറുന്ന മായാബലമോടു വേഷം
മാറുന്നതിന്നായുടനേ തുനിഞ്ഞാർ. 13

ധർമ്മാത്മകൻ ഭൂരിദയാർദ്രചിത്തൻ
ധർമ്മാത്മജൻ സന്മതി ശാന്തശീലൻ
ചെമ്മേ തദാനീം യതിവര്യവേഷ-
മുന്മേഷമുൾക്കൊണ്ടുടനങ്ങെടുത്തു. 14

ശേഷിച്ചിടാതുദ്ധതശത്രുസൈന്യം
പേഷിച്ചിടാൻ ശേഷിയെഴുന്ന ഭീമൻ
തോഷിച്ചെടുത്താനഥ പാചകന്റെ
വേഷം കൃശാനുപ്രിയമിത്രപുത്രൻ. 15

മറച്ചുവെന്നാകിലുമൊട്ടുപോലും
മറഞ്ഞിടാതുള്ള മഹാഗുണങ്ങൾ
നിറഞ്ഞിടും ഫൽഗുനനാരുമേതു-
മറിഞ്ഞിടാതങ്ങിനെ ഷണ്ഡനായി. 16

ചിത്രം മഹാസുന്ദരനാശ്വിനേയ-
പുത്രൻ മഹാത്മാ നകുലൻ തദാനീം
മുത്തോടെടുത്താനുടനശ്വപാല-
ന്നൊത്തോരു വേഷം വടിവോടശേഷം. 17

ദേവേന്ദ്രതുല്യൻ പശുപാലനായ-
ദേവന്റെ സേവൻ സഹദേവനപ്പോൾ
ആവിർമ്മുദാ നൽ പശുപാലനായി
മേവുന്നതിന്നുള്ളൊരു കോപ്പുകൂട്ടി. 18

നീരന്ധ്രമായ്ത്തിങ്ങിടുമംഗലക്ഷ്മീ-
സാരംധരിക്കും ദ്രുപദേന്ദ്രപുത്രി
ആരുംധരിക്കാത്തൊരു മാതിരിക്കു
സൈരന്ധ്രിവേഷത്തെയെടുത്തുകൊണ്ടാൾ. 19

തരത്തിലേവം പലവേഷമോടെ
കരുത്തമേറുന്നവരാറുപേരും
പെരുത്തു സമ്പത്തു പെടും വിരാട-
പുരത്തിലേക്കായുടനേ നടന്നാർ. 20

പോകുമ്പൊളേററം ബഹുഭക്തിസാരം
തുകുംപ്രകാരം യമി ധർമ്മപുത്രൻ
ലോകങ്ങൾ കാക്കുന്നൊരു ദുർഗ്ഗതന്നെ-
ശ്ശ്ലോകങ്ങൾ തീർക്കാൻ കരുതിസ്തുതിച്ചാൻ. 21

"നമോസ്തുതേ സർവ്വവരപ്രദാത്രി!
നമോസ്തു തേ മംഗളദിവ്യഗാത്രി!
അമർത്ത്യവൈരിപ്രകരത്തെ വേഗാ-
ലമർത്തിടും വിക്രമമുള്ള ദുർഗ്ഗേ! 22

മോടിപ്പെടും മറ്റൊരു ഗോപനായ്ക്കു-
ത്താടിപ്ഫലിപ്പിച്ച ജനാർദ്ദനൻെറ
കൂടെപ്പിറന്നീടിന ദേവി! സൂര്യ-
കോടിപ്രകാശേ! സതതം നമസ്തേ. 23

വെറുത്തു കംസൻ വലുതായ പാറ-
പ്പുറത്തടിച്ചപ്പൊളതീവവേഗാൽ
തെറിച്ചു മാനത്തിലതിപ്രഭാവ-
മുറച്ചു ശോഭിച്ചൊരു ദേവി! വന്ദേ. 24

ഗർവ്വാളിടും വിക്രമിയായ കംസ-
ന്നവ്യാജമായ് പേടിപെടുംപ്രകാരം
ദിവ്യാംബരാലങ്കരണായുധങ്ങൾ
ചൊവ്വായെടുത്തീടിന ദേവി! വന്ദേ. 25

കൂപത്തിൽ വീണീടിന പൈ കണക്കി-
ലാപത്തിൽ വീണീടിന ലോകർ നിന്നെ
താപത്തൊടോർത്താലവരെജ്ജവാൽ നീ
പാപത്തിൽനിന്നങ്ങു കരേററിടുന്നു. 26

മതിക്കു ഖേദം പരിപൂൎണ്ണനായ
മതിക്കു ചേക്കുന്നൊരു നിന്മുഖത്തിൽ
സ്മിതപ്രകാശം തവ ഭക്തരെല്ലാ-
മതിപ്രസാദത്തൊടു കണ്ടിടുന്നു. 27

മതംഗജോത്തുംഗശിരോഘടങ്ങൾ
പതങ്ങിടും ശ്രോണികുചങ്ങളും തേ
ചതുൎദ്ദിഗീശൎക്കുമഭീഷ്ടമേകും
ചതുൎഭുജാസ്യങ്ങളുമോർത്തിടുന്നേൻ. 28

മായൂരപിഞ്ഛാഞ്ചിതകേതുകേശി!
കേയൂരഹാരാദിവിഭൂഷിതാംഗി!
പീയൂഷവാക്കാലമരത്വമിഷ്ട-
ക്കീയൂഴിയിൽതന്നെ കൊടുക്കുമാൎയ്യേ! 29

തണ്ടാർ ഗുണം വട്ടക വാളു ചൎമ്മം
ഘണ്ടാശ്രുഗം വില്ലഴകുള്ള ചക്രം
കൊണ്ടാടി നല്ലായുധമീവിധം കൈ-
ക്കൊണ്ടാശയേ മേ വിലസേണമേ നീ. 30

കല്പാന്തകാലാന്തകനെന്നപോലെ
കെല്പാൎന്നിടുന്നാമഹിഷന്റെ ശീൎഷം
മുല്പാരുകാല്പാനടനങ്ങുടച്ച
ത്വല്പാദപത്മം തവ ദേവി! വന്ദേ. 31

കയൎത്തിടും സുംഭനിസുംഭദൈത്യ-
ദ്വയത്തെയും തൽപടയും മുടിച്ച്
ഭയത്തെ നീക്കിക്കൃപയോടുലോക-
ത്രയത്തെ രക്ഷിച്ചൊരു ദേവി! വന്ദേ. 32

അന്ധത്വമോടേ മധുകൈടഭന്മാ-
ൎക്കന്തംവരുംമട്ടതിമോഹമേകി
ചന്തത്തിൽ വാണീശനു ഭീതിതീൎത്തു
സന്തുഷ്ടയായ് നിന്നൊരു കാളി! വന്ദേ. 33

ശ്രീവിന്ധ്യനാം മാമലയും കുരുംബ-
ക്കാവും തുടങ്ങിപ്പലപുണ്യദേശേ
സേവിപ്പവൎക്കിഷ്ടവരം കൊടുപ്പാൻ
മേവുന്നുവല്ലോ ഭവതീപ്രസാദാൽ. 34

പരുങ്ങലെന്യേ സകലൎക്കുമിഷ്ട-
വരങ്ങൾ നൽകുന്ന സുരേശ്വരന്മാർ
വരങ്ങൾവാങ്ങാൻ തവ പാദസേവ-
യ്ക്കൊരുങ്ങിനില്ക്കുന്നു പരം മഹേശി! 35

സുരാദിപൂജാവിവിധോപഹാരം
വരാദരൽ വാങ്ങി വിളങ്ങുമമ്മേ!
സുരാരിവൎഗ്ഗത്തെ മുടിച്ചിടുന്ന
കരാളരൂപേ! കനിയേണമെന്നിൽ. 36

ഭൂതാളിവേതാളികളൊത്തു സൎവ്വ-
ഭൂതാവനത്തിന്നു ജഗത്തിലെല്ലാം
നീ താഴ്ചക്കൂടാതെ കൃപാമൃതങ്ങൾ
പെയ്യാദരാൽ കാളി! കളിച്ചിടുന്നു. 37

തിണ്ണം ജഗൽപാവനനാമമുള്ള
വിണ്ണോർവരന്മാർ നിജമായതെല്ലാം
എണ്ണിസ്സദാ ത്വൽപദപാംസുകൊണ്ടു
പുണ്യാംബുരാശേ! ശുചിയാക്കിടുന്നു. 38

മനക്കരുന്നിൽ തവ ദിവ്യരൂപം
നിനക്കുമത്യുത്തമനാം പുമാനിൽ
കനക്കവേ സൽഗുണമായതെല്ലാം
തനിക്കുവേണ്ടെങ്കിലുമൊത്തിണങ്ങും. 39

സ്വർഗ്ഗാപവർഗ്ഗാദിസുഖപ്രദേ! നീ
ദുർഗ്ഗാർത്തിയൊക്കെക്കളയുന്നമൂലം
ദുർഗ്ഗവ്യവിധ്വംസിനി! പാരിലെല്ലാം
ദുർഗ്ഗാഭിധാനം തവ വന്നുചേർന്നു. 40

കാന്താരമദ്ധ്യത്തിലണഞ്ഞുടൻ ദിക്-
ഭ്രാന്തും മഹാസങ്കടവും മനസ്സിൽ
ഏന്തിക്കുഴങ്ങുന്ന ജനത്തിനെല്ലാം
ശാന്തസ്വഭാവേ! ഗതി ദേവി! നീയേ. 41

ഭംഗപ്രഹാരാലിഹ കപ്പലിന്നു
ഭംഗംവരുത്തീട്ടിളകും സമുദ്രേ
മുങ്ങിക്കുഴങ്ങുന്ന ജനത്തിനെല്ലാ-
മങ്ങുന്നതാനാശ്രയമംബ! നൂനം. 42

ഒന്നായ്ക്കവന്നീടണമെന്നുറച്ചു
വന്നാക്രമിക്കും ബഹുചോരമദ്ധ്യേ
നന്നായ്ക്കുടുങ്ങുന്നവർ നിൻപദാബ്ജ-
മൊന്നോർക്കിലാസ്സങ്കടമാശു പോകും. 43

തഴച്ച കോപാൽ തല വീശി രക്ത-
മൊഴിച്ചിടാൻ കെല്പൊടു വൈരിവർഗ്ഗം
ഒഴിച്ചിടാതേ വളയുമ്പോഴും നീ കൺ-
മിഴിച്ചുവെന്നാലവനല്ലൽതീരും. 44

കടങ്ങളാംകൊണ്ടൊക്കെ നശിക്കയാൽ സ-
ങ്കടങ്ങളിൽ പെട്ടവർ നിന്നെയോർത്താൽ
ഉടൻ ജഗൽപാലിനി! നിൻപ്രഭാവാ-
ലുടഞ്ഞുപോമായവർതന്നനർത്ഥം. 45

എല്ലായ്പ്പൊഴും ദുസ്സഹരോഗശക്ത്യാ
വല്ലാതെ കേഴുന്നവർ നിന്നെയോർത്താൽ
കല്യാത്മഭാവം ദ്രുതമായവർക്കു
കല്യാണസമ്പൽകരി! വന്നുകൂടും. 46

മുപ്പത്തുമുക്കോടിനിലിമ്പരൊപ്പം
തൃപ്പത്തുകുപ്പുന്നൊരു തമ്പുരാട്ടി!
കെല്ലൊത്ത നിൻഭക്തരിലെന്തെടുക്കു-
മപ്പൈതൃമാം വീര്യമെഴും കൃതാന്തൻ. 47

സത്തായ വിത്താധിപനുള്ളിലുള്ള
വിത്താഭിമാനത്തെ വിലക്കുവാനോ
നിർത്താതെ നീ ഭക്തജനത്തിലേവം
വിത്താതിവഷങ്ങളും തുടങ്ങിടുന്നു. 48

സന്താനമില്ലാത്തവരത്ഭുതശ്രീ-
സന്താനവല്ലിക്കെതിരായ നിന്നെ
സന്താപമോടോക്കുകിലായവൎക്കു
സന്താനസൌഖ്യങ്ങളുടൻ ഭവിക്കും. 49

ബന്ധങ്ങളെല്ലാം തവ ലേശമാം സം-
ബന്ധത്തിനാൽതന്നെ നശിച്ചുപോകും
ബന്ധൂകളാം ത്വൽപദപത്മതേജോ-
ബന്ധൂകമോർത്താലവനീശ്വരന്മാർ. 50

യജ്ഞാമൃതാശിപ്രഭുവന്ദ്യമാനേ!
വിജ്ഞാനരൂപം തവ രൂപമോർത്താൽ
പ്രജ്ഞാബലം ദേവഗുരുക്കളേക്കാറം
അജ്ഞാനവാന്മാൎക്കുമുടൻ കിടക്കും. 51

നീതന്നെ സൎവ്വപ്രിയയായ കീർത്തി
നീതന്നെ സമ്പൽകരിയായ ലക്ഷ്മി
നീതന്നെ സൌഖ്യപ്രദയായ സിദ്ധി
നീതന്നെ ബോധപ്രദയായ വിദ്യാ. 52

നീതാൻ ജഗദ്വന്ദിതയായ സന്ധ്യ
നീതാൻ മഹാമോഹദയായ രാത്രി
നീതാൻ തമോരൂപിണിയായ നിദ്ര
നീതാൻ ബുധപ്രേയസിയായ ബുദ്ധി. 53

കട്ടത്തിട്ടും ചിത്തവികാരമെല്ലാം
തട്ടത്തിട്ടും നർദ്ധൃതി ദേവി! നീയ്യേ
പുട്ടതാമോടും വരദണ്ഡനം വേർ–
പെട്ടത്തിട്ടും നൽ ക്ഷമ ദേവി! നീയ്യേ 54

ചെയ്യാനനൗചിത്യമെഴുന്ന കർമ്മം
ചെയ്യാതെകണ്ടങ്ങനെ സജ്ജനത്തെ
മര്യാദയാം മാർഗ്ഗമതിങ്കൽ നിർത്തും
ഹ്രീയ്യായതോർത്താലയി ദേവി! നീയ്യേ. 55

നീതാൻ ദൃഢം ജ്യോൽസ്നയതെന്ന വസ്തു
നീതാൻ ശുഭേ! കാന്തിയതെന്ന വസ്തു
നീതാൻ നിനച്ചാൽ പ്രഭയെന്ന വസ്തു
നീതാൻ ശിവേ! സന്തതിയെന്ന വസ്തു. 56

ഇല്ലാ ജഗത്തിൽ ദൃഢമെങ്ങുമേ നീ–
യല്ലാതെകണ്ടല്ലൊരു വസ്തു പാർത്താൽ
ചൊല്ലുന്നു നിൻ ദിവ്യഗുണങ്ങളെല്ലാം
ചൊല്ലാനൊരാൾക്കും കഴിയുന്നതല്ല. 57

രാജ്യം സമസ്തം ബത! ഭാഗ്യദോഷാൽ
പൂജ്യം നമുക്കിങ്ങനെയായ് ചമഞ്ഞു
പൂജ്യസ്വഭാവേ! പരമേശി! സർവ്വ–
ത്യാജ്യതാപവും ഹാ! മമ വന്നുചേർന്നു. 58

ഈവണ്ണമാപത്തു പിണഞ്ഞുകേഴും
ജീവച്ഛവം ഞാൻ ഭുവനൈകനാഥേ!
സേവിച്ചിടുന്നേൻ ദയയുള്ള വാസു–
ദേവന്റെ നൽസോദരിയായ നിന്നെ. 59

ദിക്പാലകന്മാർകളിൽ മുഖ്യഭൂതൻ
മുപ്പാരു കാക്കുന്ന മഹാനുഭാവൻ
കെല്പാർന്ന ദേവപ്രഭു കൈതൊഴും നിൻ–
തൃപ്പാദമേ മേ ഗതിയുള്ള നാഥേ! 60

കമ്പംപിടിക്കും [illegible]ടി സങ്കടങ്ങൾ
വമ്പിച്ച ബാധിച്ച ജനത്തിൽവെച്ച്
മുമ്പായിടുന്നോരടിയന്നു ദുർഗ്ഗേ!
നിൻപാദപത്മം ശരണം ശരണ്യേ! 61

ജയാദിരൂപേ! ജയ മേദ്രുമൃത്യു-
ഞ്ജയാച്യുതാദിസ്തുതപുണ്യകീർത്തേ!
ഭയാർത്തനായോരടിയന്നു യുദ്ധ-
ജയാർത്ഥസമ്പൂർത്തി വരുത്തുകമ്മേ! 62

കൊണ്ടാടിടും ഭക്തരിൽ വത്സലത്വം-
കൊണ്ടാടിടുന്നുൾത്തളിരുള്ള ദുർഗ്ഗേ!
കൊണ്ടൽക്കരിങ്കാർ നിറമുള്ള തൃക്കൺ-
കൊണ്ടുൽക്കടം താപമകററണം മേ. 63

ലീലേച്ഛയാലിബ്ഭുവനങ്ങളെല്ലാം
പാലിച്ചിടും നിജ്ജരസഞ്ചയത്തെ
പാലിച്ചിടും നിയ്യടിക്കുപ്പുമെന്നെ-
പ്പാലിച്ചിടേണം ജനനി! പ്രസീദ''. 64

സഹോദരന്മാരൊട്ടു ചേർന്നുടൻ ദു-
സ്സഹോരുദുഃഖാൽ നരനാഥനേവം
അഹോ! ദയാശാലിനി ദുർഗ്ഗതന്നെ
മഹോദയാർത്ഥം കരുതിസ്തുതിച്ചാൻ. 65

അത്യന്തസൽഭക്തിയിൽ മുങ്ങിടുന്നാ-
സ്സത്യവ്രതന്മാരുടെ മുമ്പിലപ്പോൾ
പ്രത്യക്ഷയായ് ദേവി ദയാമൃതൌഘ-
പ്രത്യഗ്രധാരാർദ്രകടാക്ഷമോടെ. 66

ഒടുങ്ങിടാതത്ഭുതഭക്തിഹർഷ-
മടങ്ങിടാതുള്ളിലുദിച്ച തുള്ളി
ഉടൻ നമിക്കുന്നവരിൽ പ്രസാദം
വിടർന്നുകൊണ്ടരുൾചെയ്തു ദേവി. 67

“സാരംകഥിക്കാമതു ബാഹുവീൎയ്യം
പാരം കലൎന്നുള്ളൊരു നിങ്ങൾ കേൾപ്പിൻ
സ്വൈരം ഭവിക്കും ജയമങ്ങു നേൎക്കു-
ന്നേരം ഭവാന്മാൎക്കു മമ പ്രസാദാൽ. 68

രാഷ്ട്രത്തിലേറെക്കൊതിയുള്ള ധാൎത്ത-
രാഷ്ട്രന്റെ വമ്പുള്ള പടജ്ജനത്തെ
ധാൎഷ്ട്യം വിനാ കൊന്നു കരസ്ഥമാക്കും
രാഷ്ട്രം ഭവാനൊക്കെയുമാശു രാജൻ! 69

കൂടപ്രയോഗം പെടുമല്പവൈരി-
കൂടിപ്പെടാതുള്ളൊരു രാജ്യമെല്ലാം
കൂടെപ്പിറന്നോരിവരൊത്തുമോദം-
കൂടിബ്ഭവാൻ ധൎമ്മജ! കാത്തുവാഴ്ക. 70

വീരോത്തമ! ത്വൽപ്രിയസോദരൎക്കു-
മാരോമലാമീ ദ്രുപദാത്മജയ്ക്കും
നേരൊക്കുമങ്ങേക്കുമുദിക്കുമായു-
രാരോഗ്യസമ്പത്തുകളെൻ പ്രസാദാൽ. 71

നേത്രാശ്രുപൂണ്ടങ്ങു പറിച്ചൊരീമൽ-
സ്തോത്രം ജപിക്കുന്ന ജനത്തിനെല്ലാം
മാത്രയ്ക്കുമമ്പിഷ്ടവരങ്ങൾ ഭൂരി-
മാത്രം പ്രസാദിച്ചു കൊടുക്കുവൻ ഞാൻ. 72

ഭവൽപ്രണീതം ബഹു പുണ്യമീ മൽ-
സ്തവപ്രധാനം ബഹു ഭക്തിയോടേ
ശ്രവിപ്പവൎക്കും കിടയാതെയൊന്നും
ഭവിപ്പതല്ലിബ്ഭുവനത്രയത്തിൽ. 73

ഏല്ക്കുന്ന ദുഃഖത്തൊടു സിന്ധുദുൎഗ്ഗ-
കാന്താരശൈലാദിയിൽ വെച്ചുമെന്നെ
ചന്തത്തിലാരെങ്കിലുമിപ്രകാരം
ചിന്തിക്കിലായാൾക്കുടനത്തൽതീൎപ്പൻ. 74

വിരാടഭൂപന്റെ പുരത്തിലിന്നി
നിരാകുലം നിങ്ങൾ വസിച്ചിടുമ്പോൾ
ഒരാളെയും കേളറിയുന്നതല്ല-
ങ്ങൊരാളുമീയെന്നുടെ വൈഭവത്താൽ. 75

ഒളിച്ചുവെക്കാതെ നിജായുധങ്ങൾ
വിളിച്ചുതാനാനഗരത്തിൽ നിങ്ങൾ
കളിക്കിലും കേളറിയില്ലൊരാളും
പുളസ്ഥുമീനമ്മുടെ വൈഭവത്താൽ. 76

വ്യക്തമീ മമ സ്വരൂപ മെത്രയും
ഭക്തിപൂണ്ടു കരുതുന്ന നിങ്ങളിൽ
ഭക്തിഭുക്തിഭവമുക്തിയെന്നിത-
ങ്ങൊക്കെയും സപദി പൂർണ്ണമായ്വരും". 77

കുറഞ്ഞീടാതുള്ളിൽ കരുണയൊടിവണ്ണം പലതരം
പറഞ്ഞിട്ടാപ്പാണ്ഡുപ്രിയസുതഹിതത്രാണവിധിയെ
അറിഞ്ഞെല്ലാം ചെയ്തിട്ടഴകിലവിടെത്തന്നെയുടനേ
മറഞ്ഞാളാദ്ദുർഗ്ഗാഭഗവതി ജഗന്മംഗളമായി,

പാണ്ഡവോദയം ദുർഗ്ഗാപ്രസാദമെന്ന
ഒന്നാം സർഗ്ഗം സമാപ്തം.

# രണ്ടാം സർഗ്ഗം

അനന്തരം നരപതി ധർമ്മനന്ദനൻ
മനന്തെളിഞ്ഞഴകിൽ നടന്നു തൽക്ഷണം
അനന്തസൽഗുണിയും വിരാടനാ-
മനന്തതൻപതിയുടെ മുമ്പിലെത്തിനാൻ.

KOTTAYAM PUBLIC LIBRARY
• KOTTAYAM.

പ്രഭാവിയാം നൃവരനവന്റെ സൽഗുണ-
പ്രഭാവിലം വിവിധബുധവ്രജങ്ങളാൽ
സഭാജിതം ബഹുതരചിത്രചിത്രമാ-
സ്സഭാതലം തെളിവൊടു കണ്ടു ധർമ്മജൻ. 2

മയന്റെ തൽകരതലവിദ്യകൊണ്ടു കൺ-
മയങ്ങിയോരവനവനീശ്വരേശ്വരൻ
സ്വയം വെടിഞ്ഞഴമവരിൽ പ്രധാനി വി-
സ്മയം വിനാ സഭയതു കണ്ടു സാദരം. 3

അറിഞ്ഞിടാതൊരു യതിവേഷധാരണാൽ
മറഞ്ഞൊരാനരപതി ചക്രവർത്തിയെ
കുറഞ്ഞിടാത്തൊരു കുതുകാൽ മഹാജനം
നിറഞ്ഞൊരാസ്സഭ കളവററു കണ്ടതേ. 4

കരുത്തെഴും നൃപഗണമൊത്തു പണ്ടുതാൻ
തരത്തിലായ് ചില കുറി പാർത്ത മൂർത്തിയെ
ചെരുത്ത വമ്പുടയ വിരാടനന്നു ക-
ണ്ടുരത്തിടും കുതുകമൊടിത്ഥമോതിനാൻ. 5

"നിരാകുലം നിരുപമസൽഗുണം തിക-
ഞ്ഞൊരാളിതാ വിരവിൽ വരുന്നു വീഴ്വാൻ
ചരാചരത്രിഭുവനനാഥനായൊരാ-
സ്സുരാവലീപരിവൃഢനാം മഹേന്ദ്രനോ? 6

വരാംഗനായ്‌വിലസുമിനങ്കലെന്തുകൊ-
ണ്ടൊരായിരംമിഴികളിണങ്ങിടാത്തതും
മരാളമങ്ങകലെ വെടിഞ്ഞു പത്മജൻ
ധരാതലേ തിരുവടി വെപ്പതെന്തഹോ! 7

തെളിഞ്ഞുകൊണ്ടുഡുപതി തേച്ചുതേച്ചുടൻ
കളഞ്ഞിതോ കലുഷകളങ്കമൊക്കയും
വിളങ്ങുമീ ദ്വിജപതി വന്നിടുംവിധൌ
തെളിഞ്ഞിടും കുവലയമെത്രശോഭനം. 8

അസാരനല്ലഖിലതമോഹരപ്രഭാ-
പ്രസാരമുള്ളിവനിനനോ ഹുതാശനോ?
കസാലമേൽ കനമൊടിരിക്കുവാനെനി-
ക്കസാദ്ധ്യമീവരപുരുഷൻ വരുംവിധൌ". 9

വിരാടനിങ്ങനെ പലതോതിടുമ്പോളാ-
നരാധിപൻ സഭയിലണഞ്ഞു ധർമ്മജൻ
ഒരാളുമപ്പൊഴുതവനെത്തടുത്തതി-
ല്ലൊരാളുമാസ്സഹജഗഭീരതേജസാ. 10

നിറഞ്ഞൊരാസ്സഭയുടെ ചിത്തമങ്ങു ക-
ണ്ടറിഞ്ഞുടൻ ബഹുമതി ധർമ്മനന്ദനൻ
പറഞ്ഞിതാ നരപതിതന്നൊടാദിയിൽ
കുറഞ്ഞിടാത്തൊരു വിനയേന ഭംഗിയിൽ. 11

"ധരയ്ക്കുനല്ലുടയവനാം വിരാട! ഭോ!
ധരിക്കണം ദ്വിജകുലജാതനഷഞാൻ
ഇരിപ്പിടം മമ കിടയാ ധനങ്ങളി-
ല്ലൊരല്പവും ശരണമിനിബ്ഭവാൻ പ്രഭോ! 12

കനത്തൊരെൻ മുതലഖിലം നശിച്ചു ദു-
ർജ്ജനത്തൊടുള്ളൊരു സഹവാസകാരണാൽ
വനത്തിൽ ഞാൻ വളരെ വസിച്ചു ഹന്ത! ജീ-
വനത്തിനായിവിടെയൊടുക്കമെത്തിനേൻ". 13

അരച്ചുതേച്ചൊരുവിധമായ മായമ-
ങ്ങുരച്ചു തൽപരമവനങ്ങടങ്ങിനാൻ
നരച്ചൊരാ നിറമതിയായിടും വിധം
ചിരിച്ചുകൊണ്ടുടനെ വിരാടനോതിനാൻ. 14

"ശ്രുതികൾ ചേർന്നൊരു തവ നാമവും ജന്മം
കൊതികൾമാറെഴുമൊരു ശില്പവിദ്യയും
കഥിക്കണം ഗുണമണിയും ഭവാന്റെ നൽ-
കഥയ്ക്കുനിക്കഭിരുചി പാരമാശയേ". 15

വിരാടഭൂപതിയുടെ ഏറ്റുചോദ്യമാ-
ധരാധിപൻ തെളിവൊടു കേട്ടു ധർമ്മജൻ
അരാക്ഷസപ്രകൃതിയിണങ്ങുമാറു സു-
സ്വരാക്ഷരം വചനമിവണ്ണമോതിനാൻ. 16

"വിളിച്ചിടുന്നൊരു മമ പേരു കങ്കനെ-
ന്നൊളിച്ചുവെച്ചഹമുരചെയ്യയില്ലയേ!
ഇളിച്ചുടൻ പരജനമോടിടും വിധം
കളിച്ചിടാം കളവുവെളിഞ്ഞു ചൂതു ഞാൻ. 17

തനിച്ചുതാൻ ബഹു കബളസ്വരൂപനായ്
ജനിച്ചൊരാശ്ശകുനി കുരുട്ടുകള്ളനും
എനിക്കു ചേർന്നിടുമൊരു പേരു കേൾക്കുകിൽ
പനിക്കുമപ്പടി മമ ചൂതിൽ വൈഭവം. 18

യുധിഷ്ഠിരക്ഷിതിപതിതന്റെ ജീവനാം-
വിധത്തിലങ്ങവിടെ വസിച്ചു പണ്ടു ഞാൻ
സുധാസമാശനമതു കിട്ടുകിൽ ധരാ-
സുധാശനക്കിവിടെയിരിപ്പിതിങ്ങനെ. 19

കരുത്തെഴുന്നൊരു തവ സഭ്യർതന്നിൽവെ-
ച്ചൊരുത്തനായ്‌വരണമെനിക്കിതാഗ്രഹം"
തരത്തിലീശുഭമൊഴികേട്ടു ചൊല്ലിനാ-
നൊരുത്തരം ഝടിതി വിരാടഭൂമിപൻ. 20

“ശ്രവിക്കണം ബത! മമ സഭ്യനായ്ഭവാൻ
ഭവിക്കിലില്ലതിനൊരു ഭേച്ച് നിശ്ചയം
ദിവസ്പതിപ്രഭനൃപ! ചക്രവർത്തിയായ്
ഭവിപ്പതേ സമുചിതമായ്ക്കുത്ര തവ. 21

സമർത്ഥനാമൊരു തവ കാമിതം രസാൽ
സമസ്തവും സപദി തരുന്നതുണ്ടു ഞാൻ
കിമർത്ഥമിങ്ങധികമുരച്ചിടുന്നതെൻ–
സമത്വമോടിവിടെ വസിക്ക സൌഖ്യമായ്”. 22

വരിഷ്ഠമാം വചനമിതോതി മാത്സ്യഭൂ–
വരൻ തെളിഞ്ഞവനു യഥേപ്സിതം തഥാ
വരം കൊടുത്തതിരസമോടു ഝുതിനായ്
വരിച്ചു തൻസഭയിലിരുത്തിനാൻ തദാ. 23

പെരുത്തിടും ബഹുസുഖമാനമോടു നൽ–
തരത്തിലായവിടെ വസിച്ചു ധർമ്മജൻ
കുരുത്വമുള്ളവനുടെ തത്വവൃത്തമ–
ങ്ങൊരുത്തനും കിമപി ധരിച്ചതില്ലഹോ! 24

അതിൻെറ പിമ്പപരനമേയവീര്യവാ–
നതിപ്രഭോജ്വല നവിടത്തിലെത്തിനാൻ
ക്ഷിതിക്കടൻ ചലനമുദിച്ചിടുംവിധം
ഗതിക്കവന്നധികഗുരുത്വമുണ്ടഹോ! 25.

കരുത്തെഴുന്നവനുടെ വജ്രസാരമാം
കരത്തിലുണ്ടൊരു കനമുള്ള ചട്ടുകം
തരത്തൊടൊത്തപരകരത്തിലങ്ങു ചോർ
പെരുത്തെടുപ്പതിനൊരു നല്ല കോരിക. 26

അരക്ഷണാലരിവരകക്ഷഖണ്ഡനം
പരീക്ഷചെയ്തവനൊരു സൽകാരിയായ്
ചരിച്ചിടുന്നളവു ജനങ്ങളൊക്കെയും
സ്മരിച്ചു വിസ്മയമൊടു വൈണകേയനെ. 27

ഗ്ഗുണങ്ങളാംകൊണ്ടതിശ്ശുഭമാം കറുത്ത പ-
ട്ടിണങ്ങുമാറഴകിലുടുത്തുകൊണ്ടവൻ
ഗണങ്ങളുള്ളൊരുവഴിയെ വരുംവിധൌ
വണങ്ങിയങ്ങകലെയൊഴിഞ്ഞു സൎവ്വരും. 28

ഗിരീന്ദ്രനോടെതിർപൊരുതുന്ന സൌധമൊ-
ത്തിരുന്നുകൊണ്ടരുളിന മത്സ്യഭൂപതി
പരന്നിടും ഹൃദയരസാൽ വൃകോദരൻ
വരുന്നൊരാവരവു തെളിഞ്ഞു കണ്ടതേ. 29

"ഇതാ രസാലിവിടെയണഞ്ഞിടുന്നൊരാ-
ളിതാരഹോ! ഹരിഹരി! ഭീമവിക്രമൻ"
ഇതീശ്വരൻ പരമരുൾചെയ്തനേരമാ-
ക്ഷിതീശ്വരന്നുടയൊരു ഭൃത്യർ മണ്ടിനാർ. 30

മിടുക്കരാം ഭടരവർ വായുസൂനുവ-
ന്നടുക്കലങ്ങതിജവമോടണഞ്ഞുടൻ
തടുത്തിടാതുരുവിനയത്തൊടിത്തരം
പടുത്വമുള്ളവനൊടു ചൊല്ലി മെല്ലവേ 31

"പറഞ്ഞു ഞങ്ങളൊടു നൃദേവരാജനോ-
ന്നറിഞ്ഞിടാൻ പറകപ്പദേവരാജനോ?
പരം ഭവാനൊരു നരദേവരാജനോ?
ചിരം പുകഴ്ന്നിടുമൊരു ദേവരാജനോ?" 32

നടന്നുകൊണ്ടവനഥ ഭൃത്യർ സംശയി-
ച്ചിടുന്നൊരീശ്ശുഭമൊഴി കേട്ടുകേട്ടുപോയ്
കടന്നു ചെന്നഴകിയ മാത്സ്യഭൂപനോ-
ടുടൻ നിജംചരിതമിവണ്ണമോതിനാൻ. 33

"തുളുമ്പിടും രസമൊടു ധൎമ്മസൂനുതൻ
വിളമ്പനായവിടെ വസിച്ചു പണ്ടു ഞാൻ
ഇളിഞ്ഞുപോം സുരുചിരസൂദവിദ്യയാൽ
തെളിഞ്ഞൊരാനളനൃപനെന്നൊടേൽക്കകിൽ. 34

റൊഴിഞ്ഞിടാ മമ പണി തേങ്ങ പാലിനായ്
പിഴിഞ്ഞിടാനറിക പൊതിച്ചിടേണ്ട മേ
വഴിഞ്ഞിടും മദമെഴുമാന പേടിയോ-
ടൊഴിഞ്ഞുപോം ചെറുവിരൽകൊണ്ടു തല്ലിയാൽ. 35

ധരിച്ചുകൊൾകഹമിഹ കൈകൾകൊണ്ടുതാ-
നരച്ചിടാമധികകടുപ്പമുള്ളതും
സ്ഫുരിച്ചിടും മൃഗപതിയെപ്പിടിച്ചു ഞാൻ
ഞെരിച്ചുടൻ പൊടി പൊടി ഭസ്മമാക്കിടാം. 36

തരിപ്പുകൊണ്ടിളകിടുമിക്കരത്തിനാൽ
തരിപ്പണത്തിൽ ശരിയാക്കിടാമുടൻ
ഉരപ്പതിന്നണയുമരിവ്രജത്തെഞാ-
നരപ്പതിന്നൊരുവനുമില്ല മൽബലം. 37

പടുക്കളിൽ പ്രഥമവിഭോ! ഭവാന്റെ ന-
ല്ലടുക്കളെല്ലധിപതിയായി വാഴണം
കടുക്കമീയിവനുടെ കാമിതം ക്ഷണാൽ
നടക്കുവാനുടനെ കൊടുക്കകെല്ലന. 38

കളിക്കയില്ലഹമിഹ കാര്യമിട്ടട-
ക്കളെല്ലകത്തിവനുടെ വാസമെപ്പൊഴും
ഒളിക്കയില്ലൊരുദിശി വല്ലവേതി മാം
വിളിക്കിലുണ്ടവിടെ വിളിപ്പുറത്തു ഞാൻ”. 39

ധരാധരപ്രതിമഗഭീരധീരനാ-
യൊരാമഹാപുരുഷവരന്റെ ഭാഷിതം
വിരാടനാം നരപതി കേട്ടനന്തരം
തരാതരങ്ങളെയുടനോർത്തു ചൊല്ലിനാൻ. 40

“ഒരിക്കലും സമുചിതമല്ല ഭൂപനാ-
യിരിക്കുവാൻ സമുചിതനാം ഭവാനിദം
സ്ഫുരിക്കുമീബ്ഭവദഭിലാഷമേവമെ-
ന്നിരിക്കിൽ ഞാനതുമുടനേ നടത്തുവൻ”. 41

വിരാടഭൂപതി ബഹുശ്രുതബുദ്ധിയായ്
വിരാജിതൻ പരമിതുരച്ചനന്തരം
നിരാകുലം നിജഗുണനാഥനാക്കിനാൻ
ധരാധരോത്തമഗുണമൊത്ത ഭീമനെ. 42

നിറഞ്ഞിടും കുതുകഭരത്തൊടിപ്പോൾ ഞാൻ
പറഞ്ഞൊരീവിധമനിലന്റെ നന്ദനൻ
മറഞ്ഞുകൊണ്ടവിടെ വസിച്ചു തത്വമാ-
യറിഞ്ഞതില്ലവനുടെ വൃത്തമാരുമേ. 43

സുരാംഗനാകുലമണിപോലെ മിന്നിടും
വരാംഗിയാം ദ്രുപദനരേന്ദ്രനന്ദിനി
നിരന്തരം നിരവധി ലോകർതിങ്ങുമാ-
പ്പുരാന്തരേ തദനു കടന്നു മെല്ലവേ. 44

കറുത്ത വമ്പുടവയുടുത്തു തൻവലം-
പുറത്തു നൽ തലമുടി കെട്ടിയങ്ങനെ
തരത്തിലാ ദ്രുപദജ ചെന്നനേരമ-
പ്പുരത്തിലുള്ളവർകളടുത്തു കൂടിനാർ. 45

ഉടൻ ജവാലവളുടെ രൂപകാന്തിയെ-
ത്തടഞ്ഞിടാതതിരസമൊടു കാണുവാൻ
അടഞ്ഞിടാത്തൊരു മിഴിപൂണ്ടലോകർ വ-
ന്നടഞ്ഞുപോയവളുടെ മാൎഗ്ഗമക്ഷണം. 46

കറുത്തിടാത്തൊരു ഘനമൊത്ത മാളിക-
പ്പുറത്തു വാണരുളിന രാജവല്ലഭ
പെരുത്തൊരാജ്ജനനടുവിൽ കുടുങ്ങുമാ-
യൊരുത്തിയെക്കനിവൊടു കണ്ടു ചൊല്ലിനാൾ. 47

ഒളിച്ചിടാതൊരുവളെ ലോകരാകവേ
വളച്ചുവെച്ചിത മരുവുന്നു കണ്ടിതോ?
മുളച്ചിടുന്നിതു കനിവുള്ളിൽ നിങ്ങൾ പോയ്
വിളിച്ചുകൊണ്ടിഹ വരികീനതാംഗിയെ 48

സുദേഷ്ണതന്മൊഴിയിതു കേട്ടു തോഴിമാർ
സുദക്ഷമാർ ഭടരൊടുമൊത്തുപോയുടൻ
വിദഗ്ദ്ധയാമവളെ വരുത്തി നല്ല സ-
മ്മദത്തൊടായവളൊടു രാജ്ഞി ചൊല്ലിനാൾ. 49

ഹസിച്ചിടും തവ നളിനപ്രകാശമു-
ല്ലസിച്ചിടും കരചരണാനനങ്ങളാൽ
ലസിച്ചിടും ഭവതി കഥിക്കകാരു നീ
വസിച്ചിടും ജനപദമേതു ശോഭനേ! 50

ഞെളിച്ചിലോടിവിടെയെഴും ശുഭാംഗിമാർ
തെളിച്ചിലേറിയ തവ കാന്തി കണ്ടഹോ!
പുളിച്ചിടും കറികൾ കുടിച്ചപോലെയ-
ങ്ങിളിച്ചുപോയ് ത്വരിതമൊളിച്ചിടുന്നുതേ. 51

വലഞ്ഞിടും വലിയ ദരിദ്രദാസിപോ-
ലലഞ്ഞു നീ വരുവതിനെന്തു കാരണം
അലക്ഷ്യമായനവധിഭൃത്യർ വേണമി-
സ്സുലക്ഷണം തടവിയ മെയ്യുഴും തവ. 52

ഉയർച്ചയില്ലധികഗഭീരഭാവമാ-
ണുയർച്ചയാൽ കുറവു വരുന്ന മൂന്നിനും
ഉയർന്നിടേണ്ടവ പുനരാരുമേററമ-
ണ്ടുയർന്നുതാൻ തവ വിലസുന്നു ശോഭനേ! 53

ചുമപ്പിനാൽ വിദളിതവിദ്രുമോപമം
ചുമപ്പുവേണ്ടവയവപഞ്ചകം തവ
ശ്രമിച്ചുതാൻ വിധി ബഹുഭംഗിയാംവിധം
ചമച്ചു നിന്നവയവമൊക്കെയും ദൃഢം. 54

പടുത്വവാൻ വിധി ബത! കാമതൻെറ സ-
ത്തെടുത്തുതാൻ മണികുഴൽ തീർത്തു നിന്നുടെ
തടിച്ചൊരായതു ലഘുവായ് ചമഞ്ഞു കാ-
ററടിച്ചിടുമ്പൊഴുതു പറന്നിടുന്നുതേ. 55

നളാംഗനാസദൃശി! വിശിഷ്ടപുണ്യമായ്
വിളങ്ങുമീതവ മിഴിയോടെതിർക്കയാൽ
കുളങ്ങളിൽപെട്ടുമൊരുപങ്കജങ്ങളിൽ
കളങ്കമായ് മധുപകുലം വരുന്നതേ. 56

കടുഞ്ഞുമപ്പടയ തവാധരോഷ്ഠമോ-
ടുടൻ ചൊടിച്ചിഹ പടതല്ലിയെന്നതിൽ
മടങ്ങി നൽതളിരടയാളമുണ്ടതി-
ന്നൊട്ടങ്ങിടാതറിക തളർച്ചയെപ്പൊഴും 57

ഗുണങ്ങളുള്ളധിപതി നിന്മുഖത്തോടായ്
പിണങ്ങിനിന്നാഥ മതിയായിവന്നുപോൽ
ഗുണങ്ങളും പ്രബലവിരോധികൾക്കുടൻ
തൃണങ്ങളാമതിനൊരു തർക്കമില്ലഹോ! 58

വിളങ്ങിടും തവ മുഖമോടു നേർക്കയാൽ
കളങ്കിയാമയൊരു ശശിതന്റെ മണ്ഡലേ
തെളിഞ്ഞിടും കലകൾ വെടുപ്പിലൊക്കെയും
കളഞ്ഞിടാൻ പണി പരമൊന്നുമില്ലതിൽ. 59

ദരത്തിനോടെതിരിടുമിക്കഴുത്തിൽ ഞാൻ
വരുത്തിടാ വരരുചിയെന്നുറച്ചുടൻ
ഗുരുത്വമുള്ളഴകൊഴുകുന്ന മാല നൽ-
തരത്തിൽ നിൻ ഗളമിതൊഴിച്ചു നിശ്ചയം. 60

തടിച്ചു നല്ലഴകൊടുതള്ളിയേററവും
തുടിച്ചനിൻ മുലയൊടെതിർത്തകാരണാൽ
മടിച്ചിടാതഖിലവധൂജനങ്ങൾ പ-
ന്തടിച്ചിടുന്നിതു തരുണീകുലോത്തമേ! 61

വെറുത്തു നിൻ സ്തനജഘനങ്ങളോടുടൻ
മറത്തിടും ഗിരിപുളിനങ്ങളിൽ പരം
തരത്തിൽ നൽകവിതതി മാടിതെന്നു പേർ
വരുത്തിടുന്നതു ബഹുയുക്തമാണഹോ! 62

ഉടഞ്ഞുപോം സ്തനമിതുതാങ്ങിനില്ക്കുകിൽ
ദൃഢം ജഗദ്ധരഫണിനാഥശീർഷവും
ഉടഞ്ഞിടാ പുനരണുവായതെന്നു പാ-
ർത്തുടൻ ജവാൽ വിധിയണുമദ്ധ്യമാക്കിതേ 63

ഗുണങ്ങളധികമെഴുമൊരിത്തുട-
ക്കിണങ്ങിടാ കദളിതുടങ്ങിയൊന്നുമേ
ഇണക്കിനാനതു കരുതീട്ടു പത്മജൻ
കണക്കിൻ നിൻ തുടകളെയങ്ങുതങ്ങളിൽ. 64

മലങ്ങളായ്ച്ചളിയൊടു ചോട്ടിലേക്കുപോം
ജലങ്ങളൊത്തതിലഥ നല്ലറപ്പിനാൽ
സ്ഥലങ്ങളിൽ സ്ഥിതിയതിനായി നിന്റെ കാൽ-
ത്തലങ്ങളായിതു വിധിപോലെ താമര. 65

ഞരമ്പൊളിച്ചഥ ഞെരിയാണിതാനു നൽ-
തരമൊടും തനുവിതിൽ നിന്ദ്യലക്ഷണം
തരിമ്പുമില്ലറിക മനുഷ്യജാതിയിൽ
പരമ്പിറന്നൊരുവളിവണ്ണമാകുമോ? 66

സരോരുഹങ്ങളുടയ ഗന്ധമെന്തിടും
വരാരുവാം ഭവതി വദിക്ക താപമായ്
അരോഗമായ് സുഖമൊടു വാനിൽ വാഴുമ-
പ്സരോഗണങ്ങളിലഴകുള്ളൊരുത്തിയോ? 67

മതിക്കെഴും തനുവിൽ മഹാനുരാഗിണീ-
മതിക്കു നല്ലഴകിയലുന്ന രോഹിണി
സ്തുതിക്കയെല്ലിതുവിധമാകുമെന്നതീ-
ശ്രുതിക്കെനിക്കറികൊരു കേടംവിയുന്നുമേ! 68

ജലാധിപപ്രിയതമയായ ദേവിയോ?
വലാരിതൻ പ്രണയിനിയായ ദേവിയോ?
കുലാചലപ്രവരനൊഴുന്ന പുത്രിയോ?
വിലാസിനീമണി! കടൽതന്റെ പുത്രിയോ? 69

നരച്ചൊരാ നരപതിധർമ്മപത്നി വി–
സ്തരിച്ചുചെയ്തൊരു ബാഹുചോദ്യമൊക്കെയും
ധരിച്ചതിന്നഥ ശരിയായൊരുത്തരം
ചിരിച്ചുകൊണ്ടഴകിലുരച്ചു പാർഷതി. 70

സാരം തികഞ്ഞൊരു വിരാടമഹീന്ദ്രജായേ!
സ്വൈരം ധരിക്ക സുരകാമിനിയല്ലയേ! ഞാൻ
സൈരന്ധ്രിയാണഴകിൽ വസ്ത്രവുമന്നവും മേ
പാൽ തരുന്നവിടെയാണു സദാ നിവാസം. 71

ഞാഞ്ചാലവേ മുരഹരപ്രിയയായ ഭാമ
വാഞ്ഛാനുകൂലമരുളുന്ന ഗൃഹത്തിലും കേൾ
പാഞ്ചാലിതൻ പരമരമ്യഗൃഹത്തിലും നൽ
വാഞ്ഛാടിടും കുതുകമോടു വസിച്ചു മുന്നം. 72

നന്നുനന്നിഹ സുദേഷ്ണസൽഗുണാ–
ലെന്നു ഞാൻ കിമപി കേളികേൾക്കയാൽ
ഇന്നു താവകഗൃഹേ നൃപപ്രിയേ!
വന്നു നല്ലസുഖമായിക്കുവാൻ. 73

കൂട്ടിയോതിടുകയല്ലയേ! കുറി–
ക്കൂട്ടരച്ചഴകിൽ ഞാൻ ചമയ്ക്കുകിൽ
നാട്ടിനീശ്വരിയതിന്റെ സൌരഭം
നാട്ടിലൊക്കെ നിറയും നിരന്തരം. 74

നന്ദിയോടഹമരച്ചുതീർത്തിടും
ചന്ദനാദിമയമാം വിലേപനം
സന്നമാമതുനിറം തെളിഞ്ഞുടൻ
മിന്നുമായതിന്നു വാദമില്ലയേ! 75

മാലതീനവസുമാദികൊണ്ടു ഞാൻ
മാലകെട്ടുമധികംവിശേഷമായ്
മാലകന്നതുനിമിത്തമിട്ടു പേർ
മാലിനീതി മമ രാജ്ഞി പാർഷതി. 76

ഇമ്മഹീതലനിവാസികൾക്കു ന–
ല്ലമ്മയാം ഭവതിയെസ്സദാപി ഞാൻ
സന്മതേ! പരിചരിച്ചു പാർക്കുവാൻ
സമ്മതിക്കണമതിങ്ങു സമ്പ്രതം. 77

അയ്യയ്യോ! വേണ്ടവേണ്ട മമ ഗൃഹമിതിൽനിൽ
പാർപ്പതുണ്ടായിയെന്നാൽ
പൊയ്യല്ലേ ദാസിയാം ഞാൻ ഭവതി നൃപതിതൻ
ഭാര്യയാമാര്യശീലേ!
ചെയ്യല്ലേ ദ്രോഹമൊട്ടും മമ മധുരമൊഴി! നീ
ദിവ്യമായീടുമീ നി–
ന്മെയ്യുല്ലാസേന കാണുമ്പൊഴുതെവനിളകാ–
ത്തുള്ള ത്തുള്ളുന്ന കാമാൽ. 78

ചന്തം ചിന്തും സുദേഷ്ണാവചനമിതഖിലം
കേട്ടു പാഞ്ചാലി ചൊന്നാ–
ളെന്തിന്നിപ്പേടി ഞാനീയുലകിലൊരുവനും
ലഭ്യയല്ലത്ഭുതം കേൾ
ഗന്ധർവ്വന്മാരെനിക്കുണ്ടറിക പതികളാ–
യഞ്ചുപേരന്യനെന്നെ–
ഗ്ഗന്ധിച്ചീടുന്നതല്ലായവരുടെ സുമഹാ–
വീര്യശൌര്യങ്ങളാലേ. 79

തണ്ടെന്നങ്ങു നിനയ്ക്കൊല്ലാ പരജന–
ത്തിൻപാദമുച്ഛിഷ്ടമീ–
രണ്ടും ഹന്ത! തൊടുന്നതല്ലറിക ഞാ–
നെന്താകിലുംതാൻ ദൃഢം
ഉണ്ടേവം വ്രതമിങ്ങു മേ ശുഭദമാ–
യോരീവ്രതത്തിൻഗുണ–
ങ്കൊണ്ടല്ലോ മരുവുന്നു മൽപതികൾ നൽ
സമ്പ്രീതിസമ്പൂർണ്ണരായ്! 80

 39434 

എന്നാലങ്ങിനെതന്നെയെന്നരികിൽ നീ
        നൽസൌഖ്യമായ്വാണുകൊൾ–
കെന്നാരാജ്ഞി പറഞ്ഞശേഷമ വിടെ–
        പ്പാഞ്ചാലി പാർത്തീടിനാൾ
എന്നാലായവൾ തന്റെ സത്യചരിതം
        പൊയ്യല്ല ബോധിച്ചതി–
ല്ലന്നാരും സകലാൎത്ഥസിദ്ധികരമാം
        ദേവീപ്രഭാവത്തിനാൽ.

പാണ്ഡവോദയം പുരപ്രവേശമെന്ന
രണ്ടാം സൎഗ്ഗം സമാപ്തം.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# മൂന്നാം സർഗ്ഗം

തോഷമോടഥ ജവത്തിലണഞ്ഞാൻ
ഘോഷമേറിയ വിരാടപുരത്തിൽ
ഈഷലെന്യെ പശുമേക്കുമവന്താൻ
നേഷമോടു മതിമാൻ സഹദേവൻ.

ഉമ്പർകോനുടയ സൽഗുണമൊക്കും
വമ്പനാമവനെയങ്ങു വിരാടൻ
കമ്പമററ മഹിമാവൊടു കണ്ടി-
ട്ടിമ്പമോടിതു തെളിഞ്ഞു പറഞ്ഞു. 2

ഗോഷ്ഠമായതിനടുക്കൽ വസിക്കും
ശ്രേഷ്ഠനായൊരിവനേതൊരു യോഗ്യൻ
രാഷ്ട്രനാഥനിവനെന്നു മതം മേ
ധാർഷ്ട്യമീയിടയനുള്ളൊരു വേഷം. 3

ആടലെന്നിയെ ഹവിസ്സു ഭുജിക്കും
പ്രൗഢദേവകളിൽ മുമ്പെഴുമിന്ദ്രൻ
കേടുതീർത്തു പശുപാലനായി മേ-
വീടുവാൻ കൊതിയൊടിങ്ങണയുന്നോ? 4

നന്ദിയിൽ പശുപനായൊരു സാക്ഷാൽ
നന്ദനന്ദനനശേഷസുരേശൻ
ഇന്ദ്രഭൂരിമദഭംഗകരൻ ഗോ-
വിന്ദനോ ഗുണമെഴുന്നിവനോർത്താൽ. 5

നിങ്ങളും ചെന്നറിയുവിൻ ഗുണമെല്ലാം
തിങ്ങിവിങ്ങുമിവനുള്ളൊരു തത്വം
മങ്ങിടാതിവനെയിന്നഥവാ പോ-
യിങ്ങുതാനുടനെ കൊണ്ടുവരേണം. 6

നിന്നിടാതഥ നടന്നു ഭടന്മാർ
ചെന്നു മത്സ്യനൃപവാക്യമിതെല്ലാം
നന്ദിയോടവനൊടായുരചെയ്താർ
വന്നു തത്ര തരസാ സഹദേവൻ. 7

അപ്രമേയമഹിമാവു കലന്നോ-
രപ്പുമാന്റെ ശുഭലക്ഷണദേഹം
അപ്പോഴേററവുമടുത്തഥ കണ്ടി-
ട്ടുത്ഭുതത്തൊടു പറഞ്ഞു വിരാടൻ. 8

പാരിലാക്ഷ്മണയാതെ വിളങ്ങും
ഭൂരിസൽഗുണനിധേ! ശുഭമൂർത്തേ!
ആരു ചൊൽകയിഭവാൻ ഭവദീയം
ചാരുവൃത്തമറിവാൻ മമ കാമം. 9

നേരു ചൊൽക ശശിയോ രവിതാനോ
മാരനോ സുരകുലപ്രഭുതാനോ
താരകന്റെ രിപുവോ വിധിതാനോ
താരകേശധരനോ ഹരിതാനോ? 10

ഈവിധം നൃപതി ചൊന്നതു കേട്ടി-
ട്ടേവമോതി സഹസാ സഹദേവൻ
ഭൂവലാന്തകവിഭോ! പശുപൻ ഞാൻ
ദേവവര്യരിലൊരുത്തനുമല്ല. 11

നന്മകൂടിയൊരു വൈശ്യകുലത്തിൽ
ജന്മമെന്നുടെ ധരിക്ക ധരേന്ദ്ര!
സന്മതേ! പശുപനായിഹ പാർപ്പാ-
നെന്മനസ്സിലതിയായഭിലാഷം. 12

അണ്ടർകോനു സമനെന്നുലകിൽ ചൊൽ-
ക്കൊണ്ട ധർമ്മതനയന്റെ പുരത്തിൽ
പണ്ടു ഞാൻ പശുപനായി വസിച്ചേൻ
ഉണ്ടെനിക്കതിൽ മിടുക്കതിമാത്രം. 13

കോടിലക്ഷമതിലെത്രയുമേററം
കൂട്ടമക്ഷിതിപനുള്ള പശുക്കൾ
മോടിയോടവകളെപ്പരിപാലി-
ച്ചാടൽ തീർത്തവനഹം നൃപമൗലേ! 14

പാലുകൂട്ടമണയില്ല ഗദം ദു-
ശ്ശീലമൊട്ടുമുളവാകയുമില്ല
കാലികൾക്കടനെയാം പ്രസവം മൽ-
പ്പാലനത്തിനു ഗുണങ്ങളിവണ്ണം. 15

ഊനമററ പശുപാലനമൂലം
ജ്ഞാനവാരിനിധി ധർമ്മതനൂജൻ
ഹാനിയെന്നിയെ തെളിഞ്ഞധികം സ-
മ്മാനമേകിയതു വാങ്ങിയവൻ ഞാൻ. 16

തന്ത്രിപാലനിതി നമ്മുടെ നാമം
ചന്തമോടറിക മത്സ്യമഹീന്ദ്ര!
അന്തരംഗമതിലിച്ഛ ഭവാൻ ത-
ന്നന്തികേ പശുപനായമരാൻ മേ. 17

വിശ്വവീരമണിയായി വിളങ്ങു-
ന്നശ്വിപുത്രനുടെ വാക്യമിവണ്ണം
വിശ്വസിച്ചുടനുരച്ചു വിരാടൻ
വിശ്രുതാപ്രതിമവൈഭവനേവം. 18

ഭൂമിപാലവരനായി വിളങ്ങാൻ
കേമനായൊരു ഭവാനതിയുക്തൻ
ക്ഷേമമെന്തു പശുപാലകനായി-
ത്താമസിപ്പതിലയുക്തമിതല്ലോ! 19

എങ്കിലും പശുകുലാവനകർമ്മ-
ത്തിങ്കലാണു തവ കാമിതമേററം
എങ്കിലായതുമശേഷഗുണാഢ്യ!
ശങ്കയെന്നിയെ നടത്തിടുവൻ ഞാൻ. 20

എന്നുരച്ചഥ വിരാടമഹീന്ദ്രൻ
നന്ദിയുള്ള സഹദേവനെ മോദാൽ
നിന്നിടാതെ നിജ ഗോപകുലങ്ങൾ-
ക്കന്നുതൊട്ടഴകിൽ നായകനാക്കി. 21

ഈവിധം പശുപനായി മറഞ്ഞി-
ട്ടാവിരാടനഗരേ സഹദേവൻ
മേവിനാനവനെയാരുമറിഞ്ഞീ-
ലാവലിപ്പമിയലും പുരിതന്നിൽ. 22

പിന്നെയാ നഗരിതന്നിലണഞ്ഞാൻ
ധന്യനായ വിജയൻ ഹരിമിത്രം
അന്യലോകമറിയാതുരുഭസ്മ-
ച്ഛന്നനാകുമൊരു വഹ്നികണക്കേ. 23

ഞാത്തഴമ്പു വളയിട്ടു മറച്ചി-
ട്ടാത്തശോഭമഥ വാർകുഴൽ കെട്ടി
ചേർത്തു നൽ കുരടു കാതിലിവണ്ണം
കീർത്തിമാൻ വിജയനങ്ങു വിളങ്ങി. 24

ഇണ്ടലെന്നിയെ നപുംസകവേഷം-
കൊണ്ടൊരാളുമറിയാത്ത വിധത്തിൽ
അൺഡകോൻെറ സുതനങ്ങുമറഞ്ഞാൻ
കൊണ്ടൽകൊണ്ടു രവിയെന്ന കണക്കേ. 25

മുന്നമുർവ്വശി കൊടുത്തൊരു ശാപം
ധന്യനായ വിജയന്നു തദാനീം
തന്നമേയമഹിമാവു മറയ്ക്കാൻ
സന്നമായൊരുപകാരമതായി. 26

മായതൻെറ പതിയാം ഹരിതൻ നൽ
സ്ഥായിയുള്ള സഖി പാർത്ഥനമേയൻ
മായകൊണ്ടു മറവായ് പരമെന്തീ-
മായകൊണ്ടു മറയാത്തതു പാർത്താൽ. 27

വിണ്ണവർക്കുടയവന്റെ തനൂജൻ
ഷണ്ഡനായരികിലങ്ങണയുമ്പോൾ
പുണ്യവാരിധി വിരാടമഹീന്ദ്രൻ
കണ്ണുകൊണ്ടതു രസത്തൊടു കണ്ടാൻ. 28

ചൊല്ലിനാനുടനെ മന്ത്രികളോടായ്
കല്യനാകിയ വിരാടനുദാരൻ
"അല്ലയോ സചിവരേ! വിരവോടീ-
നല്ല യോഗ്യനുടെ മാതിരി കാൺക. 29

തിണ്ണമീ പുരുഷനിൽ തികവായു-
ണ്ടെണ്ണമെന്നിയെ ഗുണങ്ങൾ സമസ്തം
ഷണ്ഡഭാവമിവനെങ്ങിനെ ചേരും
പണ്ഡിതപ്രവരർ നിങ്ങൾ നിനപ്പിൻ. 30

നല്ലമാതിരി നപുംസകമായി-
ട്ടുല്ലസിച്ചിടുമിവന്റെ കരത്തിൽ
വില്ലിനാണു ബഹു ചേർച്ച നിനച്ചാൽ
ചൊല്ലുവാനരുതിതെന്തൊരു ചിത്രം! 31

പൌരുഷത്തിനുടെ സാരമശേഷം
ചേരുമിസ്സകലസജ്ജനമാന്യൻ
വീരനായ സുരനായകനല്ലെ-
ന്നാരുമേ കരുതിടാ കരൾതന്നിൽ." 32

ഹന്ത! ഭൂപനുടെ വാക്കിതു കേട്ടാ-
മന്ത്രിവര്യരതികൌതുകമോടെ
ചന്തമേറുമവനെ ക്ഷിതിപന്ത-
ന്നന്തികത്തിലഴകോടു വരുത്തി. 33

"ഇന്ദ്രനോടു സമനായ ഭവാനീ-
നിന്ദ്യമായൊരു നപുംസകഭാവം
വന്നതെങ്ങനെ? ഭവാൻ പുനരാരാ-
ണെന്നതും പറകയേ! പരമാർത്ഥം! 34

വീരനിന്ദ്രനെതിരായ ഭവാനി-
പ്പാരിലിങ്ങനെ നടപ്പതയുക്തം
ചാരുവാകിയ വിമാനമൊടൊക്കം
തേരിലേറുക രസേന നടപ്പാൻ. 35

ഒത്തിടുന്നു പല കേട്ടുകളും കേൾ
മൂത്തനായൊരു നമുക്ക മഹാത്മൻ!
കൃത്യമായവനി കാത്തീടുകെന്നീ-
ക്കൃത്യമിങ്ങനെ നടത്തുക വയ്യാ. 36

ആജ്യമേററ ശിഖിപോലെ വിളങ്ങും
പ്രാജ്യമാം ബലമെഴുന്ന ഭവാൻതാൻ
പൂജ്യഭാവമൊടു കാത്തിടണം മേ
രാജ്യമാ സകലവും വഴിപോലെ. 37

ഉത്തമോത്തമ! ധരിക്ക ഭവാനി-
ങ്ങൊത്തിടുന്നൊരു നപുംസകഭാവം
സത്യമെന്നു കരുതീടുക വയ്യേ
സത്തെഴും ബഹുലപൌരുഷരാശേ!" 38

ചൊല്ലെഴുന്നൊരു വിരാടമഹീന്ദ്രൻ
കല്യനിങ്ങനെ കഥിച്ചൊരുശേഷം
ചൊല്ലീ കംസരിപുവാം ഭഗവാൻതൻ
നല്ലൊരിഷ്ടസഖി പാണ്ഡുതനൂജൻ. 39

"പാടിടാം പരമഭംഗിയിൽ നന്നാ-
യാടിടാമതിരസത്തൊടു പാരം
നാടകാദികളിൽ നല്ലൊരു മേളം-
ക്കൂട്ടമാറ പണവാദികൾ കൊട്ടാം. 40

നാടകത്തിലൊരു നായകനായി-
ട്ടാടിടാമതിരസത്തൊടയേ! ഞാൻ
പാടവം കിമപി നാസ്തി നമുക്കീ-
നാടകത്തിനൊരു നായകനാവാൻ. 41

ഇന്നെനിക്കിഹ നപുംസകഭാവം
വന്നൊരാക്കഥ കഥിപ്പതു കഷ്ടം!
നന്നെയുണ്ടു മമ താപമിതോർത്താ-
ലെന്നറിഞ്ഞിടുകയേ! കരുണാബ്ധേ! 42

പുത്രനെന്നു പറയാമൊരുപക്ഷം
പുത്രിയെന്നു പറയാമൊരുപക്ഷം
ചിത്രമീ മമ ചരിത്രമെനിക്കി-
ല്ലത്ര താതജനയിത്രികളയ്യോ! 43

ഉത്തമോത്തമ! ഭവത്സുതയാമീ-
യുത്തരയ്ക്കുചിതമായ വിധത്തിൽ
നൃത്തഗീതകലയങ്ങുളവാക്കാ-
നൊത്ത യോഗ്യത കലർന്നൊരുവൻ ഞാൻ, 44

പാട്ടു കൊട്ടിവ വെടുപ്പിലിണങ്ങു-
ന്നാട്ടവിദ്യ തവ നന്ദിനിതന്നെ
വാട്ടമെന്യെ വശമാക്കുവതിന്നായ്
നാട്ടിനീശ! നിയമിച്ചിടുകെന്നെ. 45

പേരെനിക്കിഹ ബൃഹന്നളയെന്നാ-
ണാരുമെന്നെയറിയില്ലിവിടത്തിൽ
പാരിനീശ! പരമപ്പുറമെല്ലാം.
വീരനായ തവ കല്പനപോലെ". 46

ഹന്ത! പാർത്ഥനുടെ വാക്കിതു കേട്ടി-
ട്ടെന്തുചെയ്യിടണമെന്നതു പിന്നെ
മന്ത്രിവര്യരൊടുകൂടി നിനച്ചാൻ
ചിന്തമേറിയ വിരാടമഹീശൻ. 47

കാര്യമിന്നതിവിടെ ദൃഢമെന്നാ-
ണാര്യനാം നൃപനുരച്ചൊരുശേഷം
ഭാര്യയാകിയ സുദേഷ്ണയൊടന്നി-
ക്കാര്യമാസകലമോതി നിഗൂഢം. 48

ചൊല്ലെഴും നൃപതിവല്ലഭതൻ നൽ-
ച്ചൊല്ലിനാലുടനെ വാരവധൂക്കൾ
കല്യനായ വിജയന്റെ സമീപേ
നല്ലമോടിയൊടു ചെന്നു നിഗൂഢം. 49

പാറയും പരമലിഞ്ഞൊഴുകീടും-
മാറെഴുന്നൊരവർതന്റെ വിലാസം
കേറിയില്ലൊരുശമം യതിയേക്കാ-
ളേറിടുന്ന വിജയന്റെ മനസ്സിൽ. 50

എങ്ങഹോ! പരശിവന്റെ മനസ്സിൽ
തിങ്ങിടും കനിവു ചേർന്നൊരു പാർത്ഥൻ?
എങ്ങഹോ! വിടജനത്തിനു രാഗം
പൊങ്ങുമാറഴകെഴും ഗണികൌഘം? 51

കുട്ടിനീതിലകമുർവ്വശി നാണം-
കെട്ടുപോംവിധമുറച്ചൊരു ധൈര്യം
പെട്ട പാണ്ഡുസുതനെങ്ങിഹ പാരിൽ?
പെട്ട ശംഖലികളെങ്ങു നിനച്ചാൽ? 52

മങ്കമാരവർ നപുംസകമാണീ-
വങ്കനെന്നഥ തികച്ചു കഥിച്ചു
തങ്കലുള്ള ഗുണദോഷസുസൂക്ഷ്മ-
ത്തിങ്കലാക്കറിവു പാർക്കിലിപ്പോൾ. 53

എന്നു വാരവനിതാവചനം കേ-
ട്ടന്നുതൊട്ടു നടനം വശമാക്കാൻ
ധന്യനാം വിജയനെ ക്ഷിതിപൻതൻ-
കന്യകാഗൃഹമതിങ്കലിരുത്തി. 54

സത്രഭോജിപതിസൂനുവിൽനിന്നി-
ട്ടെത്രയും ഗുണമെഴും നൃപപുത്രി
നർത്തനാദിപലതും സഖിമാരോ-
ടൊത്തു നല്ല രസമോടു പഠിച്ചു. 55

ഏവമങ്ങു മറവോടു വസിച്ചാൻ
ദേവരാജസുതനാകിയ പാർത്ഥൻ
കേവലം വിജയതത്വമറിഞ്ഞീ-
ലാവിരാടനഗരത്തിലൊരാളും. 56

സുന്ദരൻ നകുലനാകുലഭാവം
കുന്നിയും ഏദി പെടാതെ തരത്തിൽ
വന്നു പിന്നെയുടനേ പൃകഠാപൂണ്ടീ
ടുന്ന മത്സ്യനൃവരന്റെ ഗൃഹത്തിൽ. 57

അശ്വലക്ഷണവിചക്ഷണനായോ-
രശ്വിപുത്രനവനാദരവോടെ
വിശ്വവിശ്രുതഗുണങ്ങളിണങ്ങു-
ന്നശ്വവൃന്ദമതു നോക്കി വസിച്ചാൻ. 58

പാർത്തലത്തിലവിടെപ്പുരമേവം
പാർത്തിടും നകുലനെത്തെളിവോടെ
പാർത്ഥിവപ്രവരനന്നൊടു തൃക്കൺ-
പാർത്തു കീർത്തിയുടയോരു വിരാടൻ. 59

അൺടകോന്റെ മഹിമാവു കുറച്ചും-
കൊണ്ടു മിന്നുമവനുള്ളൊരു ദേഹം
കണ്ടു മത്സ്യനൃപനത്ഭുതമെങ്ങും-
കൊണ്ടു സേവകരൊടേവമുരച്ചു. 60

"പൌരുഷത്തിനൊരിരിപ്പിടമാമീ-
പ്പൂരുഷപ്രവരസത്തമരൂപൻ
ആരു ദേവപതിയോ? സുഭഗശ്രീ-
മാരനോ? മനുജനല്ലിതു നൂനം. 61

വിണ്ണിലുള്ള വരവൈദ്യരിലേകൻ
പുണ്യമേറുമിവനൊന്നതു നൂനം
എണ്ണമറ്റഗുണമുള്ളൊരിവൻതൻ-
കണ്ണു വാജികളിലാണിതു കാൺക. 62

ഇത്ഥമോർത്തിട്ടകിലിപ്പുരുഷൻതൻ–
തത്വമൊക്കെയറിവാൻ പണിയത്രേ
ഉത്തമത്വമണയുന്നിവനെച്ചെ–
ന്നത്ര കൊണ്ടുവരുവിൻ ജവമോടെ.'' 63

തമ്പുരാനിതരുളിച്ചെയ്തോരു നേര–
ത്തമ്പിനൊത്ത ജവമുള്ള ഭടന്മാർ
വമ്പനാം നകുലനെ ക്ഷിതിപൻതൻ–
മുമ്പിലാദരവൊടാശു വരുത്തി. 64

ഹന്ത! സർവ്വസുരസത്തമർതന്നിൽ–
ച്ചിന്തുമുത്തമഗുണങ്ങളശേഷം
ചന്തമോടു കലരുന്ന ഭവാനാ–
രെന്തിനാണിവിടെ വന്നതു? പാർത്താൽ. 65

കേമനായൊരു ഭവാൻ സുഖമായി–
ത്താമസിച്ച ധരണീതലമേതോ?
നാമമെന്തു തവ? ചൊൽക സമസ്തം
കാമമുണ്ടതറിവാൻ മമ ചിത്തേ''. 66

ചിത്തരംഗമതിലേറിയ മോദാ–
ലിത്തരം നൃപതി ചൊല്ലിയ ശേഷം
സത്വരം ബഹുമനോഹരമായി–
ട്ടുത്തരം നകുലനിങ്ങനെ ചൊന്നാൻ. 67

"കല്യനാകുമൊരു ധർമ്മസുതൻതൻ
ചൊല്ലെഴും നഗരിയിൽ ചിരകാലം
നല്ലൊരശ്വപരിപാലകനായി–
ട്ടല്ലലെന്നിയെ വസിച്ചവനീ ഞാൻ. 68

ഗ്രന്ഥികാഖ്യകലരും മമ ദാമ–
ഗ്രന്ഥ'യെന്നുമറികുണ്ടൊരു നാമം
ഹന്ത! ധർമ്മസുതനാങ്ങളിതു രണ്ടും
ചന്തമോടുമരുളിച്ചെയ്തീടുമല്ലോ. 69

അശ്വരക്ഷണചികിത്സകളാൽ ഞാൻ
വിശ്വവിശ്രുതനയേ! നൃപമൌലേ!
വശ്യമാം ഝടിതി ദുഷ്ടതകളുറ്റ-
ന്നശ്വസംഘമഖിലം മമ നൂനം. 70

വാജിപോലെ ജവമോടു പറക്കും
രാജമൌലിവര! നമ്മുടെ വാഹം
വാജിനാമമതിനാൽ കുതിരസ്സു-
വ്യാജമായുലകിൽ വന്നു ഭവിച്ചു. 71

പാർത്ഥിവേന്ദ്ര! ഭവദശ്വകുലത്തെ-
ക്കാത്തുകൊണ്ടു തവ സേവകനായി
പാർത്തുകൊൾവതിനു ഞാനിഹ വന്നേ-
നോർത്തുകൊൾക പരമാദരവോടെ. 72

കാണിയും കുതിരകൾക്കിഹ ശാഠ്യം
കാണുകില്ലറിയുകെന്റെ ഗുണത്താൽ
പ്രാണനുള്ളവരെ വാജികളൊട്ടും
ക്ഷീണമെന്നിയെ പറന്നിടുമല്ലോ''. 73

പേർത്തുമിങ്ങനെ യുധിഷ്ഠിരസേവൻ
പാർത്തുചൊല്ലിയതു കേട്ടൊരുശേഷം
കീർത്തിപൂണ്ടൊരുയുധിഷ്ഠിരനെത്താ-
നോർത്തുകൊണ്ടിതു പറഞ്ഞു വിരാടൻ. 74

''ധർമ്മനിഷ്ഠനതിനിർമ്മലചിത്തൻ
ധർമ്മപുത്രനഖിലക്ഷിതിപേന്ദ്രൻ
ശർമ്മമറ്റു വലയുന്നതു പാർത്തെൻ-
മർമ്മമിപ്പൊളതിയായ് തകരുന്നു. 75

കേടകന്നരികളെക്കൊലചെയ്തി-
ട്ടാടൽവിട്ടിനിയുമാ യമപുത്രൻ
നാടുവാണരുളിടുന്നതു കാണാൻ
കൂടിടുന്നു കുതുകം മമ ചിത്തേ. 76

ദുഷ്ടനായ ധൃതരാഷ്ട്രതനൂജൻ
പൊട്ടയാം നശനിയുള്ളൊരുരത്നം
ശിഷ്ടനായൊരു യുധിഷ്ഠിരഭൂപൻ
പുഷ്ടസൽഗ്ഗുണമെഴും ശുഭരത്നം. 77

കർണ്ണനൊത്ത കുരുടൻെറ മകൻ ദു-
ഷ്പർണ്ണപങ്കമയമായ തടാകം
നിർണ്ണയം വിജയനൊത്തു വിളങ്ങും
വർണ്ണ്യനാം യമജനർണ്ണവമല്ലോ. 78

അല്പരാം മനുജരൊത്തമരുന്നാ-
ശ്ശപ്പനാം കുരുകുലപ്രഭു മോഴ
കെൽപുകൂടിയ വൃകോദരനൊക്കും
സൽപ്രമാണി യമജൻ കുലകൊമ്പൻ. 79

ഏവമാകിലുമുദിച്ചിതു ചിത്തം
വേവുമാറു യമപുത്രനനർത്ഥം
ആവതല്ലിതു നിനപ്പതിനാക്കും
ദൈവദുർഗ്ഗതികളാർക്കറിയാവൂ? 80

ദേവദേവനിഹ സജ്ജനപാലൻ
ദേവകീതനയനാകിയ കൃഷ്ണൻ
സേവനായ യമപുത്രനു ചേരും
ദൈവദുർഗ്ഗതികൾ തീർത്തരുളട്ടെ. 81

ഉത്തമക്ഷിതിപനാം യമപുത്ര-
ന്നൊത്തു ചേർന്നൊരു തുരംഗമപാലൻ
ചിത്രമെൻ തുരഗപാലകനായി-
ട്ടത്രവന്നതൊരു ഭാഗ്യവിശേഷം. 82

ഭാഗ്യമേറിയൊരു ഭൂപതിയായാ-
രോഗ്യലക്ഷ്മികളൊടൊത്തു വസിപ്പാൻ
യോഗ്യനായൊരു ഭവാനിഹ തെല്ലും
യോഗ്യമല്ല കുതിരപ്പണി നൂനം. 83

എങ്കിലും രുചി ഭവാനിഹ ചിത്ത-
ത്തിങ്കലുണ്ട കുതിരപ്പണിതന്നിൽ
എങ്കിലായതിനിതാ നിയമിച്ചേൻ
ശങ്കവിട്ടതു ഭരിക്കുക ധീമൻ!" 84

വീരനാം നകുലനാ ക്ഷിതിപൻതൻ-
ചാരുവാക്യമതു കേട്ടൊരു ശേഷം
സ്വൈരമങ്ങനെ വസിച്ചു ധരിച്ചീ-
ലാരുമായവനെഴും പരമാർത്ഥം. 85

കീർത്തിപ്പെട്ടൊരു പാർത്ഥിവേന്ദ്രരഖിലം കമ്പിട്ടു കുപ്പീടുമാ-
പ്പാർത്ഥന്മാർ ബത! മത്സ്യഭൂമിപതിയെസ്സേവിച്ചുകൊണ്ടീവിധം
പാർത്താരങ്ങു വിരാടരാജപുരിയിൽ കർമ്മങ്ങളാം ജന്തുക്കളിൽ
ചേർത്തീടും ഫലമിങ്ങു പാർത്തറിയുവാൻപൊയ്യല്ല വയ്യാർക്കുമേ.

പാണ്ഡവോദയം പുരപ്രവേശമെന്ന
മൂന്നാം സർഗ്ഗം സമാപ്തം.

# നാലാം സർഗ്ഗം

ശ്രീതിങ്ങിടുന്നൊരു വിരാടസഭാജനത്തി
നാതങ്കമെന്നിയെ മഹാപ്രഭുവായ്‌വിളങ്ങി
നീതിക്കുചേൎന്ന മതിയുള്ളൊരു ധൎമ്മപുത്രൻ
ജ്യോതിൎഗ്ഗണത്തിനു ദിനേശ്വരനെന്നപോലെ. 1

ശൎമ്മാൎത്ഥമക്ഷഹൃദയം മുനി നൽകിയോരു
ധൎമ്മാത്മജൻ സദസി ദ്യൂതു കളിച്ചു ഭംഗ്യാ
നിൎമ്മായമാസ്സഭയിലുള്ള ജനത്തെയെല്ലാം
നൎമ്മാത്ഭുതക്കടലിൽ മുക്കി മയക്കിയേററം 2

വാദിച്ചു ദ്യൂതു പൊരുതിച്ചതിനാൽ ധനം സ-
മ്പാദിച്ചിട്ടും ഖലരെ വെന്നഥ ധൎമ്മപുത്രൻ
ഖേദിച്ചിടാതവരിൽനിന്നൊരുപാടു വിത്തം
മോദിച്ചു ലോകർ തെളിയും പടി നേടി ധീമാൻ. 3

ചിന്തിച്ചപോലെ കളവെന്നിയെ വീഴുമെണ്ണം
പന്ത്രണ്ടുതൊട്ടവകൾ കങ്കനു നല്ലവണ്ണം
"മന്ത്രപ്രയോഗമിതു നിൎണ്ണയമാക്കിവണ്ണം
സന്ധിക്കു"മെന്നഥ കഥിച്ചു ജനങ്ങൾ തിണ്ണം. 4

ദ്യൂതിൽ ചതിക്കുമവർ കങ്കനുചേൎന്നനാമ-
മോതുമ്പൊൾ ഞെട്ടുമുടനങ്ങനെ തൽപ്രഭാവം:
ദൈതേയവൈരിയുടെ നാമമുരച്ചിടുമ്പോൾ
ഭീതിപ്പെടാതെ വരുമോ യമകിങ്കരന്മാർ? 5

നത്സാരമായ ബഹുദുൎഘടശാസ്ത്രതത്വ-
മുത്സാഹമോടുടനതിക്ഷമവന്റെ മുമ്പിൽ
മത്സ്യാവനീന്ദ്രസഭയൊത്തമരും ബുധൌഘം
ഭീസ്സായി ശേഷസവിധേ പുഴവെന്നപോലെ. 6

മന്ത്രിപ്രധാനികളവന്റെ ഗഭീരരാജ്യ-
തന്ത്രപ്രയോഗമതിലങ്ങിളകിച്ചമഞ്ഞു
ചന്തത്തിൽ മിന്നുമൊരു സൂത്രധരന്റെ നല്ല-
യന്ത്രത്തിരിപ്പിലിഹ പാവകളെന്നപോലെ. 7

എല്ലായ്പൊഴും കഠിനശാസ്ത്രവിവാദമൂലം
കല്ലാതതിൽ പടുതചേർന്നൊരു പണ്ഡിതന്മാർ
ചൊല്ലാന്ന കങ്കനുടെ കർക്കശതർക്കമോർത്തു
ചെല്ലാതെയായിതു വിരാടസദസ്സിലപ്പോൾ 8

ശാസ്ത്രം തികഞ്ഞു വിലസുന്നൊരു കങ്കബുദ്ധി-
മാത്രം വിരാടനഖിലാർത്ഥമുടൻ വരുത്താൻ
ശസ്ത്രാസ്ത്രധാരി ബലമന്ത്രി പുരോഹിതാപ്ത-
മിത്രാദിയൊക്കെയെഴകൊന്നിനുതന്നെയായി. 9

പാരാതെ മത്സ്യനൃപനും സുതനും സദസ്യ-
ന്മാരായവർക്കുമഥ മന്ത്രിഭടാദികൾക്കും
പാരായതിങ്കലഖിലർക്കുമഹോ! ഗുണത്താൽ
നേരായ് സ്വജീവനുസമം പ്രിയനായി കങ്കൻ. 10

ദേവാരിരാജസഭയിൽ കവിയെന്നപോലെ
ദേവാധിരാജസഭയിൽ ഗുരുവെന്നപോലെ
ശ്രീവാച്ചിടുന്നൊരു വിരാടസഭാസ്ഥലേ സൽ-
ഭവാനുകൂലഗുണമോടു വിളങ്ങി കങ്കൻ. 11

മാനിച്ചു മത്സ്യധരണീപതി നൽകിടും സ-
ന്മാനങ്ങളായ വിഭവങ്ങളെ വേണ്ടപോലെ
ദീനത്വമോടു മരുവും നിജ സോദരർക്കാ-
യൂനംവിനാ ശമനസൂനു കൊടുത്തു ശുദ്ധം. 12

താൻചെയ്ത ചൂതുകളികൊണ്ടു പിണഞ്ഞ താപാൽ
ചാഞ്ചല്യമോടു നിജസോദരരും വിശേഷാൽ
പാഞ്ചാലിയും കഠിനമായ്വലയുന്ന കണ്ടു
വാഞ്ഛാവിരോധമൊടു വെന്തിതു ധർമ്മപുത്രൻ. 13

KOTTAYAM PUBLIC LIBRARY KOTTAYAM.

വെന്താശു നീറിയുരുകുമ്പടി വാച്ചിടുന്നീ-
സ്സന്താപമാസകലമാശു നശിച്ചുപോവാൻ
ചിന്താമണിക്കു ശരിയാകിയ ദുർഗ്ഗതന്റെ-
ചെന്താരടിത്തളിരു ധർമ്മജനോർത്തു പാർത്തു. 14

കട്ടിത്തമുള്ള പതിനായിരമാനകൾക്കു
പെട്ടോരുശക്തികലരും ഗുണമൂർത്തി ഭീമൻ
ചട്ടററ സൽഗ്ഗുരു വിരാടമഹാനസസ്ഥ-
രൊട്ടുക്കു ശിഷ്യർ പരമിങ്ങനെയായ് ചമഞ്ഞു. 15

ലക്ഷം ജനങ്ങളൊരുമിച്ചു കഴിച്ചിടേണ്ടു-
ന്നക്ഷയ്യമായൊരു മഹാനസകർമ്മമെല്ലാം
ലക്ഷ്യംവെടിഞ്ഞനിലസൂനു നടത്തിടുന്ന-
തക്ഷീണവിസ്മയരസത്തൊടു ലോകർ കണ്ടു. 16

തിണ്ണം പയോധിപകരാമിതിലെന്നു തോന്നും-
വണ്ണം വിളങ്ങിന ചരക്കുകൾ ഭീമസേനൻ
ദണ്ഡംവെടിഞ്ഞു പെരുമാറുകയാൽ പ്രണീത-
ക്കിണ്ണങ്ങളാണിവകളെന്നു നിനച്ചു ലോകം. 17

താനേ വൃകോദരനടുക്കളയിൽ കഴിക്കും
നാനാമഹാക്രിയകൾ മററു ഗുണൌഘമെല്ലാം
നൂനം നടത്തുവതിനായ്മതിയായതില്ല-
ന്നാനപ്പുണിക്കുടനുറുമ്പുകൾ പാക്കിലാമോ? 18

വെപ്പിന്നുവേണ്ട ഗുണമാസകലം തികഞ്ഞോ-
രപ്പൂരുഷേന്ദ്രനുടെ പാകഗുണങ്ങളാലേ
കയ്പുള്ളസാധനവുമങ്ങമൃതായ് ചമഞ്ഞു
കൈപ്പുണ്യമെന്തുപറയേണ്ടു മഹാവിശേഷം. 19

ആ വഹ്നിബന്ധുസുതനങ്ങു ചമച്ചവക്കു
വേവെന്നുതൊട്ടു ഗുണമൊക്കയുമൊക്കയാലേ
ആവുന്ന മട്ടു ഭുജിച്ച ജനത്തിനെല്ലാം
നാവെന്നപോലെ തനുവാസകലം തെളിഞ്ഞു. 20

വാതാദിദോഷമഖിലം സമമായ്ഭവിക്കും
ധാതുക്കളും സാമ്യമൊട്ടു വേണ്ടവിധം തടിക്കും
വാതാത്മജന്റെ കറിചോറിവ ഭുക്തിചെയ്താ-
ലാതങ്കമാസകലമാശു നശിച്ചുപോകും. 21

താലീസപത്രമരിചാദികൾകൊണ്ടു തീർത്താ-
രാലേഹചൂർണ്ണവടകാദി ഭുജിച്ചിടാതെ
മാലൊത്തരോചകികൾ വല്ലവസിദ്ധമന്നം
ശീലിക്കയെന്ന പതിവായ് വരവൈദ്യവാക്യാൽ 22

പല്ലങ്ങുപോയ് ഞത്തുലസങ്ങൾ പുറപ്പെടാതെ
ചൊല്ലിക്കഴങ്ങുമൊരു മൂത്തുനരച്ച ലോകം
ചൊല്ലാർന്ന വല്ലവകൃതാന്നരസായനത്തെ
മെല്ലെബ് ഭുജിച്ചവിടെ നല്ല യുവാക്കളായി. 23

വമ്പൊത്ത വല്ലവകൃതാന്നരസം കൊതിച്ചു
സമ്പത്തു തിങ്ങിയ വിരാടപുരത്തിലപ്പോൾ
നമ്പൂരിപോററി പരദേശികളായപട്ട-
രെമ്പ്രാൻതുടങ്ങിയവർ വന്നുനിറഞ്ഞു പാരം. 24

ഏദൃതമുള്ളവിഭവങ്ങൾ ചമച്ചുനൽകി-
സ്സദൃക്സമീരസുതനൂട്ടമശേഷലോകം
സദൃക്ഷന്നമതുനാൾമുതൽ സദ്യയെന്നു
വിദഗ്ദ്ധതമേറിയവർ ചൊല്ലിവരുന്നു നാമം. 25

കാലത്തുതൊട്ടു പുനരന്തിവരെക്കനത്ത
വേലക്കു നില്ക്കിലുമവന്നു വിയർക്കയില്ല
മേലേൽക്കയില്ല കരിയും പൊടിയും ധരിച്ച
ശീലക്കുതെല്ലുമൊരുലച്ചിൽ ഭവിക്കയില്ല. 26

അന്നാ വിരാടപുരിയിൽ സരസം ഭുജിച്ചു
ചെന്നങ്ങുമിങ്ങുമണയും ജനഘോഷമൂലം
നന്ദിച്ചു വല്ലവനിൽനിന്നഥ പാകശാസ്ത്രം
നന്നായറിപ്പതിനു പാചകർ വന്നുകൂടി. 27

പാകങ്ങളെത്രവിധമുണ്ടതിലൊക്കെവേണ്ട-
താകുംഗ്ഗുണം ഗ്ഗുണഗണത്തിലവൻ വരുത്തി
മാഴ്കാതെ മത്സ്യനൃപകല്പന പിന്നിലിട്ടും
വൈകാതവന്റെ മൊഴി പാചകർ ചെയ്തുവാണു. 28

ദണ്ഡംവിനാ നൃപതി വല്ലവനങ്ങു ദേഹ-
ദണ്ഡത്തിനുള്ളൊരു വിശേഷഗ്ഗുണങ്ങളാലേ
വർണ്ണിക്കയല്ല വെറുതേ വിലയേറിടും സൌ-
വർണ്ണാംഗദാദിപലതും പതിവായ്ക്കൊടുക്കും. 29

വന്മാനമോടഴകിയോരു വിരാടഭൂപൻ
സമ്മാനമേകിയ ധനങ്ങളെ വേണ്ടപോലെ
നിർമ്മായമാം പ്രണയമോടു കൊടുത്തു ശുദ്ധം
ധർമ്മാത്മജാദിസഹജർക്കു സമീരപുത്രൻ. 30

അന്നന്നു രാജകുലഭുക്തികഴിഞ്ഞു ശേഷി-
ച്ചന്നങ്ങളും കറികളും മുതലായതെല്ലാം
മന്ദിച്ചിടാതെ വലയും നിജസോദരർക്കായ്
നന്ദിച്ചുനൽകി പവമാനസുതൻ നിഗൂഢം. 31

ശ്രീവാച്ച മാത്സ്യനൃപനെപ്പരമിപ്രകാരം
സേവിച്ചുകൊണ്ടൊളിവിലങ്ങു വസിച്ച ഭീമൻ
ആവുന്ന ഭക്തിയൊടു നല്ല സുമംഗളങ്ങൾ
കൈവന്നിടാൻ ഭഗവതീസ്മൃതിയോടുകൂടി. 32

ഗന്ധർവ്വരാജനഴകേറിയ ചിത്രസേനൻ
സന്ധിച്ചു നൽകിയൊരു വിദ്യകളാൽ കിരീടി
അന്തഃപുരത്തിൽ മരുവുന്ന ജനത്തെയെല്ലാം
ചന്തംവരുമ്പടി രസങ്ങളിലിട്ടുമുക്കി. 33

പാട്ടൊന്നു സർവ്വവുമലിച്ചിടുമാശു തൽക്കൂ-
ത്താട്ടം ജനങ്ങളെ രസാബ്ധിയിലിട്ടുമുക്കും
കൊട്ടിങ്ങിളക്കമതികുട്ടികളേയുമീ നൽ
ചട്ടററ വിദ്യകളിണങ്ങുകിലെന്തുപിന്നെ? 34

പ്രദ്യുമ്നസാത്യകിമുഖപ്രബലക്ഷ്മാപ-
വിദ്യോപദേശമതു ചെയ്ത മഹാൻ കിരീടി
അദ്രിക്കിലുള്ളബലമക്ഷ്ഴകോട്ട വീണാ-
വിദ്യോപദേശമതു ചെയ്തു വസിച്ചു ഗൂഢം. 35

ചൊല്ലാർന്ന ഗാണ്ഡിവഗുണാരവംകൊണ്ടു ലോക-
മെല്ലാം ഭയാലുടനിളക്കിയ സവ്യസാചി
നല്ലോരു വീണയുടെ കമ്പികളാംതൻ നിനാദാൽ
മെല്ലെജ്ജനത്തിനു രസാലൊരിളക്കമേകി. 36

കള്ളംവിനാ പടയിലുൽക്കടമായ്കബന്ധം
തുള്ളിച്ചുകൊണ്ടു പുകഴ്പൂണ്ട കിരീടമാലി
ഉള്ളംതെളിഞ്ഞു ലളിതാകൃതി മങ്കമാരെ-
ത്തുള്ളിച്ചുകൊണ്ടൊളിവിലായവിടത്തിൽ വാണു. 37

പെട്ടന്നു രാജനിവഹത്തെയടച്ചു ചെണ്ട-
കൊട്ടിച്ചു പാർഷതിയെ വേട്ടൊരു ലോകവീരൻ
പെട്ടന്നു മദ്ദളമെടുത്തതു മങ്കമാരെ-
ക്കൊട്ടിച്ചു പാർഷതി തപിച്ചുട്ടലുംപ്രകാരം. 38

തള്ളാത്ത പാർത്ഥിവകുലങ്ങളാം ഭയാൽ വിറച്ചു-
തുള്ളിത്തൊഴും സകലമാനിതനായ പാർത്ഥൻ
കള്ളത്തമെന്നിയെ വിരാടനൃപന്റെ മുമ്പിൽ
തുള്ളിത്തെളിഞ്ഞുതൊഴുതാഭരണാദിവാങ്ങി. 39

ഗോപീജനത്തെ വരവേണുരവാലലിച്ച-
ഗോപാലമൂർത്തിയുടെ നതസഖിയായ പാർത്ഥൻ
ഭൂപാംഗനാകുലമടച്ചു മനോജ്ഞരാഗാ-
ലാപങ്ങളാംകൊണ്ടുടനലിച്ചവിടത്തിൽ വാണു. 40

ഗന്ധർവ്വരാജവരനാകിയ ചിത്രസേനാൻ
ഗാന്ധർവ്വവേദമതിനൊത്തൊരു സത്തശേഷം
ചന്തത്തിലേകിയ ബൃഹന്നളയെ ഭ്രമിച്ച-
ങ്ങന്തഃപുരം മുഴുവനൊന്നിളകിച്ചമഞ്ഞു. 41

കോട്ടം വെടിഞ്ഞൊരു ബൃഹന്നളതൻെറ നല്ല
നാട്യംഭ്രമിച്ചു പലരും പലതും പറഞ്ഞു
പാട്ടിന്നു ചേൎന്ന പല ദിവ്യമഹാഗുണങ്ങൾ
കേട്ടിട്ടു മററപലരും പലവാക്യമോതി. 42

രാമൻെറ വേഷമൊടരങ്ങിലണഞ്ഞു സീത–
പ്രേമം നടിച്ചൊരു ബൃഹന്നള തൻെറ വേഷം
കേമം മനോജ്ഞമിഹ ഷണ്ഡനിവൻ നമുക്കും
കാമം വളൎത്തിയതു പാൎക്കിലഹോ വിചിത്രം! 43

ചട്ടററതൻ ജടപറിച്ചു ധരാതടത്തിൽ
പെട്ടന്നടിച്ചൊരു ഭയാനകരുദ്രനാട്യം
കാട്ടും ബൃഹന്നളയെ നിശ്ചയമിന്നിമേലിൽ
കാട്ടേണ്ട ഗൎഭിണികളെക്കളിയല്ല തെല്ലും. 44

ഞാൻ പാൽകൊടുത്തതു ബൃഹന്നള താൻ കുടിച്ചു
സമ്പൂൎണ്ണമായ് മുഴവനിന്നലെ നന്ദിയോടെ
താൻ പാൽ കൊടുത്തതു കുടിച്ചതിലുണ്ടു ശേഷം
താൻ പാൽ കൊടുത്തൊരതിലും മിനിഞ്ഞാന്നുമിന്നും. 45

മോടിക്കു ചേൎന്നിഹ ബൃഹന്നള ഭംഗിയോടു
പാടുമ്പൊളുള്ള ലയമെങ്ങനെ ചൊല്ലിടേണ്ടു
കേടററ കോളിളകിടും സുഖസാഗരത്തിൽ
നാടൊക്കെയും നിലമൊടിങ്ങു ലയിച്ചിടുന്നു. 46

ഞാൻ താളമായതിനു മദ്ദളമൊത്തു കൊട്ടാൻ
ഞാൻതാൻ ശ്രുതിക്കഴകിൽ ഞാനരികത്തിരിപ്പാൻ
എന്നും രസത്തൊടു ബൃഹന്നളയെ സ്മരിച്ചും–
ഭ്രാന്താൽ ജനങ്ങൾ പലതിങ്ങനെയങ്ങുചൊല്ലി. 47

ഉല്പന്നകൌതുകമുടുപ്പു നടപ്പിരിപ്പു
നില്പൊച്ചയെന്നു മുതലാകിയ വസ്തുവെല്ലാം
ചൊല്പൊങ്ങിടുന്നൊരു ബൃഹന്നളതൻെറപോലെ
നൽപ്രേമമോടവിടെയുള്ളവരൊക്കെയാക്കി. 48

ഇമ്മാതിരിക്ക വിജയൻെറ ഗുണങ്ങൾമൂലം
ചെമ്മേ ജനങ്ങളതിയായിളകു ദശായാം
വന്മാനമക്ഷിതിപനാണു ബൃഹന്നളയ്ക്കു
സമ്മാനമേകിടുകിലിങ്ങനെയായിവന്നു. 49

ഇത്ഥം ഭ്രമിച്ചു രമണീഗണരൂപമാമാ-
പൃത്ഥ്വീശ്വരൻെറ നഗരേ ശുഭമായ്വസിച്ചു
പ്രത്യക്ഷനായ്പുരഹരൻ വരമേകിയോരു
സത്യക്ഷമാദ്ധൃതിശമാദിമയൻ കിരീടി. 50

അത്യാദരത്തൊടുടനുത്തരതൊട്ടവൎക്കു
നൃത്താദികൾക്കു വിരുതെത്രവരുത്തിയോർത്താൽ
സത്തായ പാണ്ഡുതനയൻ പരമായവൎക്കു
ചിത്താദിശുദ്ധിയതിലേറെ വരുത്തവെച്ചാൻ. 51

മത്സ്യാവനീന്ദ്രനഗരത്തിൽ വിളങ്ങിടുന്ന
മത്സ്യാക്ഷിമാരുടയ ലോചനപങ്കജങ്ങൾ
നത്സാരമേറുമമരേന്ദ്രജവൈഭവത്താ-
ലുത്സാഹമോടു കളിയാടി രസാൎണ്ണവത്തിൽ. 52

നൃത്താദികൊണ്ടു തെളിവോടു വിരാടഭൂപ-
നത്യാദരത്തോടു കൊടുത്ത ധനങ്ങളെല്ലാം
നിത്യം തപിച്ചുമരുവും നിജസോദരൎക്കാ-
യത്യന്തശുദ്ധമമരേന്ദ്രസുതൻ കൊടുത്താൻ. 53

അമ്പാടിയിൽ പശുപബാലകനായൊളിച്ചു
മുമ്പിൽകളിച്ച ഹരിതൻ സഖിയായ പാൎത്ഥൻ
ഇമ്പംകലൎന്നൊരു നപുംസകമായിവണ്ണം
വമ്പിച്ച മത്സ്യനഗരത്തിലൊളിച്ചുവാണു. 54

വിശ്വം സമസ്തമിഹ കാക്കുവതിന്നുവേണ്ടും
നിശ്ശേഷസൽഗുണമെഴും നകുലൻ മഹാത്മാ
വിശ്വൈകവീരമണിയന്നു വിരാടനുള്ളോ
രശ്വവ്രജത്തെയഴകാംപടികാത്തുപാൎത്തു. 55

അശ്വങ്ങളിൽ കളവുപേടികയക്കലെന്നി-
ദ്ദുശ്ശീലമുള്ളതഖിലം കടകെട്ടുപോയി
വിശ്വാസവുംപ്രണയവും ഭയവും ജനിപ്പി-
ച്ചശ്വാവ്രജം നകുലനങ്ങുഭരിക്കമൂലം. 56

തിന്നീടുവാൻ കുതിരകൾക്കഭിലാഷമേറി
തിന്നാലവക്കതിനു ദീപനശക്തികൂടി
എന്നല്ല നിജ്ജരഭിഷക്ക്സുതനാമവൻതൻ
നന്നായ രക്ഷണഗുണാൽ ഗദമൊക്കെ മാറി. 57

ഓട്ടങ്ങളുണ്ടു പലമട്ടതിലും കുതിച്ചു
ചാട്ടങ്ങളുണ്ടു പലമട്ടതിലും വിശേഷാൽ
കോട്ടംവിനാ കുതിരകൾക്കതിഭംഗികൂടി
വാട്ടം വെടിഞ്ഞ ജവമോ പറയാവതല്ല. 58

മങ്ങാതെ സൂതനിവഹം നകുലോക്തികൈക്കൊ-
ണ്ടങ്ങാകവേ നിയമമോടു തുടങ്ങുമൂലം
തുംഗത്വമാൎന്ന സുരനാഥഹയത്തിനേക്കാ-
ളംഗങ്ങളിൽ കുതിരകൾക്കു ഗുണം തികഞ്ഞു. 59

കായത്തിനൂക്കധികമായി മദിച്ചു പാരം
ലായത്തിൽനിന്നു കുതിരപ്പുറമേറി വേഗാൽ
ആയത്തിലാ നകുലനങ്ങു വിടുമ്പൊൾ നല്ല
ഞായത്തിലീക്ഷിതിതലം ചെറുതെന്നുതോന്നും. 60

ദുഷ്ടാശ്വജാലമഖിലം നകുലൻെറ ശബ്ദം
കഷ്ടിച്ചുകേൾക്കുകിലടങ്ങിയൊതുങ്ങിയേററം
ദുഷ്ടത്വമാസകലമങ്ങു വെടിഞ്ഞു നല്ല
മട്ടായ്നടക്കമവിടെപ്പുരമേവമായി. 61

ചട്ടറെറാരശ്വഹൃദയജ്ഞതയമാശ്ശു ഞെട്ടും-
മട്ടുള്ള ദുഷ്ടതകലൎന്ന ഹയങ്ങൾതന്നിൽ
ഒട്ടെന്നിയേ നകുലശിക്ഷകളാൽ കരേറി
മട്ടൊത്തവാണികൾ കളിച്ചിടുമേവമായി. 62

എന്തത്ഭുതം തുരഗശിക്ഷയലിന്നു ദാമ-
ഗ്രന്ഥിക്കതുല്യനൊരുവൻ ക്ഷിതിതന്നിലില്ല
ചന്തത്തിലിങ്ങനെ ജനസ്തുതിയാൽ ജഗത്തിൽ
ചിന്നുന്നയന്ത്രഹയസംഘമശേഷമങ്ങായ് 63

ഭൃത്യത്വമുള്ളൊരു മനുഷ്യജനം നടത്തും
കൃത്യങ്ങളാസകലവും നകുലോപദേശാൽ
കൃത്യത്തിൽ വാജികളും നടത്തിവരുന്ന കണ്ടി-
ട്ടത്യത്ഭുതാലിളകി മത്സ്യമഹീന്ദ്രരാജ്യം. 64

വാഹങ്ങളെന്നു ഭുവി പേർ പുകഴുന്നൊരശ്വ-
വ്യൂഹങ്ങളിൽ ബഹുഗുണം നകുലോപദേശാൽ
മോഹം വെടിഞ്ഞർണകകൊണ്ടു ഗതാഗതത്തി-
ന്നാഹന്ത! സൗഖ്യമവിടെപ്പരമുത്ഭവിച്ചു. 65

മുട്ടാളരാമരികളെപ്പിടിപെട്ടിടാനി-
പ്പട്ടാളമൊന്നുമതിയെന്തിനു മററു സൈന്യം?
ചട്ടററിടുന്ന കലവാജിഗണങ്ങളെക്ക-
ണ്ടിട്ടങ്ങു സൂതബലനായകരേവമോതി. 66

ഗന്ധർവ്വസംഘവിനയത്തിനു ഹന്ത! ദാമ-
ഗ്രന്ഥിക്ക ചേന്നൊരു മിടുക്ക വിരാടഭൂപൻ
ചന്തത്തിലായവിടെയങ്ങനെ കണ്ടു പാരം
സന്തുഷ്ടനായവനു ഭൂരിധനം കൊടുത്താൻ. 67

ചട്ടറെറാരാ ക്ഷിതിപതിപ്രവരങ്കൽനിന്നു
കിട്ടുന്ന വിത്തമഖിലം നകുലൻ തദാനീം
കഷ്ടപ്പെടുന്ന സഹജർക്കതിശ്രദ്ധമായി-
ട്ടിഷ്ടംകലർന്നഥ കൊടുത്തവിടത്തിൽ വാണു. 68

ഇവ്വണ്ണമാരുമറിയാതെ വിരാടഭൂമീ-
ദേവേശ്വരന്റെ നഗരേ നകുലൻ മഹാത്മാ
മേവീടിനാനശുഭമാസകലം നശിക്കാൻ
ദേവിപദാംബുജയുഗസ്മൃതിയോടുകൂടി. 69

മുമ്പിൽ കരുത്തുടയ കംസഭയാൽ മുകുന്ദ-
നമ്പാടിയിൽ പശുപനായി വസിച്ചപോലെ
അമ്പിൽ സുയോധനഭയാൻ സഹദേവനങ്ങു
വമ്പേറിടുന്ന പശുപാലകനായ്വസിച്ചാൻ. 70

കോട്ടംവെടിഞ്ഞൊടുവിലുള്ളൊരു പാണ്ഡവൻതൻ
നോട്ടംനിമിത്തമഥ ഗോനിവഹത്തിനപ്പോൾ
കാട്ടിൽ തരക്ഷുമൃഗബാധയൊഴിഞ്ഞു സർവ്വം
നാട്ടിൽ ഖലപ്രകരബാധകളോടുകൂടി. 71

തെല്ലെന്നിയേ ചരമപാണ്ഡവരക്ഷണത്താൽ
മെല്ലെന്നു ഗോനിവഹമങ്ങു തെളിഞ്ഞു പാരം
എല്ലെന്ന സാധനമിവറ്റിനു മെയ്യിലൊട്ടു-
മില്ലെന്നുതോന്നുമഴകോ പറയാവതല്ല. 72

ദേഹത്തിനാൽ സകലമിങ്ങു ഭരിക്കുമാറാം-
സ്നേഹം നിറഞ്ഞഥ വഴിഞ്ഞൊഴുകുംപ്രകാരം
മാഹാത്മ്യമേറിയൊരു ഗോനിവഹത്തിനുള്ള
ദേഹം തെളിഞ്ഞു സഹദേവഗുണങ്ങളാലേ. 73

നല്ലോരുമട്ടു സഹദേവനു കാളതൻെറ
സല്ലക്ഷണങ്ങളറിയാമതുകാരണത്താൽ
ചൊല്ലാനിടുന്നൊരു പശുക്കളിൽ മച്ചിയെന്ന-
തില്ലാതെയായിതു വിരാടനൃപൻെറ നാട്ടിൽ. 74

പാലിങ്ങു ഗോക്കളിലൊടുങ്ങുകയില്ല തന്ത്രീ-
പാലൻെറ പാലനഗുണാലതുതന്നെ പോരാ
ശീലത്തിനുണ്ടതിഗ്ഗുണം കളവില്ലഹോ! ഗോ-
പാലകമെന്നു പരസമ്മതമായി നാട്ടിൽ. 75

ഹവ്യാദികൊണ്ടു മനുജത്രിദശാദികൾക്ക-
ങ്ങവ്യാജമോദമുളവായ് സഹദേവനേവം
ചൊവ്വായി നിത്യമൊരു ഗോക്കൾ നിമിത്തമങ്ങു
സർവ്വാർത്ഥവും കൃഷിതെളിഞ്ഞു തികഞ്ഞു നാട്ടിൽ. 76

പാലേററവും വയർ നിറച്ചു കുടിച്ചു പായും
കാലിക്കിടാങ്ങളുടെ പിന്നിലമന്ദവേഗം
കോലാഹലാലകിടുവീർത്തണയും പശുക്കൾ
പാലാൽ വിരാടധരണിക്കഭിഷേകമാക്കി. 77

ഇന്നിത്രിഗർത്തകുരുനായകർ മത്സ്യരാജ്യ-
മിന്നുന്ന ഗോകുലമതിൽ കൊതികൊണ്ടു കവ്വാൻ
വന്നെത്തുമാറു സഹദേവനതിൽ ഗുണങ്ങൾ
നന്നായ്വരുത്തി പുനരെന്തു പറഞ്ഞിടേണ്ടു? 78

വേഗത്തിനശ്വമൊടുമുൽക്കടഭാരമേന്താൻ
നാഗത്തിനോടുമെതിരായ് വൃഷഭങ്ങളെല്ലാം
രോഗിത്വമില്ലവയിലന്നു വിരാടധാത്രീ-
ഭാഗത്തിലങ്ങനെ സദാ സഹദേവവാസാൽ 79

ചേലൊത്ത ഗോകുലമതിൽ പടുവായ തന്ത്രീ-
പാലൻ വരുത്തിയ മഹാഗുണമിപ്രകാരം
മാലററു കണ്ടു തെളിവോടു വിരാടധാത്രീ-
പാലൻ കൊടുത്തു ധനമായവനിച്ഛപോലെ. 80

മാനിച്ചു മത്സ്യധരണീപതി നൽകിയോരു
മാനംവെടിഞ്ഞ ധനമാസ്സഹദേവനപ്പോൾ
ദീനത്വമോടു മരുവും നിജ സോദരർക്കാ-
യൂനംവെടിഞ്ഞൊളിവിലേകി ഘൃതാദിയേയും. 81

അന്യൂനംതാനിവണ്ണം പ്രതിഭടപടലോ-
    ച്ചണ്ഡരാം പാണ്ഡവന്മാ-
രന്യോന്യം നൽസഹായം പ്രണയഭരമെഴും
    ചേതസാ ചെയ്തുകൊണ്ടും
മിന്നീടും കൃഷ്ണതന്നെത്തരമൊടു സതതം
    പാർത്തു പാലിച്ചുകൊണ്ടും
ധന്യശ്രീപൂണ്ട മത്സ്യക്ഷിതിപനഗരിയിൽ
    പാർത്തുഗാഢം നിഗൂഢം. 82

പാണ്ഡവോദയം സമയപാലനമെന്ന
നാലാം സർഗ്ഗം സമാപ്തം.

## അഞ്ചാം സർഗ്ഗം

അഞ്ചായൊരാപ്പാണ്ഡവർതന്റെ നല്ല
നെഞ്ചായ പാഞ്ചാലനരേന്ദ്രപുത്രി
അഞ്ചാതെ മത്സ്യക്ഷിതിപന്റെ പത്നി-
തഞ്ചാരവേ പാർത്തു നിഗൂഢമായി. 1

സൈരന്ധ്രിയായ് ദാസികളെന്നപോലെ
പാരം തദാനീം ഗൃഹകൃത്യജാലം
ഓരോന്നു ചെയ്താളവിടത്തിൽ മുന്നം
പാരിന്നു മുഖ്യശ്വരിയായ കൃഷ്ണ. 2

തുടുത്ത നൽ താമരസത്തിനുള്ളം
മടുത്ത കൈകൊണ്ടൊരു ചൂലു കൃഷ്ണ
പിടിച്ച നേരത്തിതയോഗ്യമെന്നോ-
ർത്തടിച്ചുമട്ടായവിടം സമസ്തം. 3

മാണിക്യരത്നോപമകാന്തി ചിന്തും
പാണിദ്വയത്താൽ ദ്രുപദേന്ദ്രപുത്രി
ചേണാർന്ന ഭംഗ്യാ മെഴുകുംദശായാം
ചാണം പരം കുങ്കുമമായ്ച്ചമഞ്ഞു. 4

വിളഞ്ഞ ഭംഗ്യാ കലശങ്ങളേറ്റം
തെളിഞ്ഞ തൻ കൈത്തളിർകൊണ്ടു കൃഷ്ണ
കളങ്കമെന്യേ കലശങ്ങളേന്തി
വിളങ്ങിനാൾ വൃക്ഷഗണം നനയ്ക്കാൻ 5

സ്വൈരം തപിച്ചപ്പൊളപർണ്ണപോലെ
പാരം തദാ പാർഷതരാജകന്യ
സൈരന്ധ്രിയായിട്ടവിടെക്കുടത്തിൽ
നീരേന്തി വൃക്ഷാദി നനച്ചുവല്ലോ. 6

ഘടങ്ങൾതൻ നന്മുതൽ നഷ്ടമാക്കി–
ക്കടെങ്ങൾക്കൂട്ടം മുലയുള്ള കൃഷ്ണ
ഘടങ്ങളെത്താത്തി ജലങ്ങളിൽ ദ്ദ–
ഘടങ്ങളാകുംപടി നീരെടുപ്പാൻ. 7

എന്നും നടക്കാത്തൊരു ദിക്കതിൽതാൽ
നിന്നാടൽതേടും ലതകൾക്കശേഷം
മന്നിൽ ചരിക്കെന്നൊരു വല്ലിയായി
മിന്നുന്ന പാഞ്ചാലി ജലം കൊടുത്താൾ. 8

പണ്ടാഴി സർവ്വൌഷധിനാഥനൊന്നി–
ച്ചുണ്ടാക്കിയോരാ മലർമങ്കതന്റെ
രണ്ടാം പിറപ്പാകിയ യാജ്ഞസേനി
കൊണ്ടാടി നൽ പുഷ്പവനം വളർത്താൾ. 9

മായം വിനാ നന്ദനനിർവ്വിശേഷ–
മായിട്ടു പാഞ്ചാലി വളർക്കയാലേ
ഞായത്തിൽ നൽ പൂവനമങ്ങു പാരം
ശ്രീയൊത്തുടൻ നന്ദനതുല്യമായി. 10

---

ചൊല്ലൊങ്ങിടും പാർഷതിതൻ കുചത്തിൻ
നൽബ്ഭംഗികാട്ട്ക്കളിയാടിയേറ്റം
പുഷ്പങ്ങൾതൻഗന്ധരസങ്ങൾ തേടി
നൽഭൃംഗപോതാളി മദിച്ചുമോദാൽ. 11

അതിപ്രമാണാശനമങ്ങു ചെയ്തു
മതിപ്രമോദാലിളകി ദ്വിജൗഘം
രുതപ്രഭേദാലഥ കൃഷ്ണതൻ നൽ
സ്തുതിപ്രയോഗങ്ങൾ തുടങ്ങി മെല്ലെ. 12

പുത്തൻമഴക്കാർകുഴൽ ദേവി കൃഷ്ണ–
യെത്തുംവിധൌ കോകിലഗാനമോടെ
അത്യന്തമാണൈമലുകളങ്ങു ചെയ്താർ
നൃത്തം തദാ നർത്തകരെന്നപോലെ. 13

പാരം മരുൽപ്രേരണയാൽ തരുക്കൾ
ചേരുംവിധം പൌരജനങ്ങൾ പോലെ
നേരററിട്ടും പാണ്ഡവപത്നി ചെല്ലു-
ന്നേരം നമിച്ചാർ തലതാഴ്ത്തി നന്നായ്. 14

പാരാതെ പാഞ്ചാലി പലാശികൾക്ക
നീരങ്ങു നൽകുമ്പൊളളിവ്രജങ്ങൾ
പൂരിച്ച ഝങ്കാരമിഷാൽ സ്തുതിച്ചാർ
പരേഷ്ടദാനേഷു ജനങ്ങൾപോലെ. 15

നന്മാതിരിക്കിന്ദിരയൊത്ത കൃഷ്ണ
സമ്മാൎജ്ജനാലംകൃതി ചെയ്കയാലേ
സമ്മോദമുൾക്കൊണ്ടു സുദേഷ്ണതൻെറ
സന്മന്ദിരത്തിൽ കുടികൊണ്ടു ലക്ഷ്മി. 16

തരത്തിലാപ്പാൎഷതി തൽഗൃഹത്തിൽ
നിരത്തിവെക്കും വിഭവങ്ങൾ കണ്ടാൽ
പെരുത്ത കൌതുഹലമുത്ഭവിക്കാ-
തൊരുത്തനും ഭൂമിയിലില്ല നൂനം. 17

പെരുത്തു ലാവണ്യമെഴുന്നവററിൻ
ഗുരുത്വമുള്ളാ ദ്രുപദേന്ദ്രപുത്രി
തരത്തിലേററം മുകുരാദികൾക്ക
വരുത്തിനാളങ്ങമലസ്വഭാവം. 18

ലക്ഷ്മീവിലാസത്തൊടു രത്നകുഡ്യ-
മക്ഷീണമാക്കൃഷ്ണ തുടച്ചിടുമ്പോൾ
അക്ഷിക്കു ചേരും സുഖമെന്തു ചൊല്വൂ
ലക്ഷ്മീമയം തൽഗൃഹമെന്നു തോന്നും. 19

സുദേഷ്ണമെല്ലെന്നെഴുനള്ളിടുമ്പോൾ
സുദക്ഷയാം പാൎഷതി ഭംഗിയോടെ
വിദഗ്ധനീലോല്പലമാല തോൽക്കും
സ്വദൃഷ്ടിയാൽ തോരണമാല ചേർത്താൾ. 20

ക്ഷിതിപ്രഭുപ്രേയസി വന്നിടുമ്പോ-
ളുത്പ്രഗൽഭം ദ്രുപദേന്ദ്രകന്യ
ചിതപ്പെട്ടും വെണ്മലരൊത്തിടും തൻ-
സ്മിതപ്രകാശം ഭുവി തൂകിടുന്നു. 21

പാഞ്ചാലിയാം ദാസിയൊടൊത്തു രാജ്ഞി
ചാഞ്ചാടി മോദാലെഴുന്നള്ളിടുമ്പോൾ
പാഞ്ചാലി താൻ രാജ്ഞി, സുദേഷ്ണ ദാസി
ചാഞ്ചല്യമില്ലെന്നതു പാന്ഥരോർത്താർ. 22

പാഞ്ചാലികാത്യത്ഭുതദിവ്യരൂപം
വാഞ്ഛരിച്ചു നൽ പാവകളെജ്ജനങ്ങൾ
ചാഞ്ചല്യമററാവിധമാക്കി പിന്നെ-
പ്പാഞ്ചാലികാനാമമവയ്ക്കു വന്നു. 23

ഭൂപാർഹമായീടിന രത്നമഞ്ച-
ദീപാസനച്ഛത്ര കടാദിയെല്ലാം
ശ്രീപാർഷതീസ്പർശസുഖത്തിനാല-
ങ്ങാപാദചൂഡം നിതരാം തെളിഞ്ഞു. 24

വീശീടുവാൻ മാരുതിജായ കൃഷ്ണ
വീശം മടിക്കാതെ തുടങ്ങിടുമ്പോൾ
കേശാദിപാദാവധി രാജ്ഞിതൻ നൽ-
ക്ലേശം ജവാൽ തീർത്തിതു മന്ദവാതം. 25

പാഞ്ചാലി വഞ്ചാമരമോടിതോടും
പൂഞ്ചായൽപൂണ്ടവളൊട്ടു വീശിടുമ്പോൾ
വെഞ്ചാമരങ്ങൾക്കു വരുന്നു താനേ
ചാഞ്ചല്യമെന്നങ്ങനെ തോന്നുമാർക്കും. 26

ചൊല്ലൊങ്ങിടും ദ്രൗപദി തൊട്ടുകൊണ്ടു
നല്ലട്ടുടപ്പിച്ചിടുമദ്ദശായാം
ഇപ്പട്ടു നിർമ്മിച്ചതു കല്ലുകൊണ്ടെ-
ന്നുൾപ്പൂവ്വിലോർത്താളുടനേ സുദേഷ്ണ. 27

പരം മൃദുത്വത്തിനു നന്മ ചേർത്ത
കരങ്ങളാൽ ദ്രൗപദി തൊട്ടിടുമ്പോൾ
തരംപെടുംനൻമൃദു പട്ടുശേഷം
ചിരം പ്രകാശിച്ചു ചുളിഞ്ഞിടാതെ. 28

വെടുപ്പിലാപ്പാർഷതി നിശ്ചയിച്ചോ-
രുടുപ്പുകൾക്കുള്ളൊരു സമ്പ്രദായം
പഠിപ്പതിന്നായ്‌വനിതാജനങ്ങ-
ളടുത്തരാജ്യങ്ങളിൽനിന്നു വന്നാർ. 29

നന്നാക്കിനാളൊക്കെയുമങ്ങു തത്ത
മന്ദിക്കുമോമന്മൊഴിയുള്ള കൃഷ്ണ
എന്നാൽ കളിത്തത്തകൾതൻ വചസ്സു
നന്നാക്കുവാൻ ഹന്ത! കഴിഞ്ഞതില്ല. 30

പാലിക്കുവാൻ വേണ്ട ഗുണങ്ങളുള്ള
പാലൊത്തിടും നന്മൊഴിയായ കൃഷ്ണ
പാലിക്കയാൽ കുട്ടികളങ്ങുവേണ്ട
ലീലാശുകങ്ങൾക്കുടനേവമായി. 31

പഞ്ചാരവാക്കഞ്ചിതപുഞ്ചിരിപ്പാ-
ലഞ്ചാതകണ്ടിങ്ങിനെ സൽഗുണങ്ങൾ
തഞ്ചുന്ന പാഞ്ചാലിയൊടൊത്തിണങ്ങാൻ
നെഞ്ചിൽ കിളിക്കുഞ്ഞുകൾ വാഞ്ഛ പൂണ്ടാർ. 32

നേരായ്‌വിനോദത്തിനു താൻ വളർക്കു-
ന്നോരോതരം പക്ഷിമൃഗാദിയെല്ലാം
ചാതുര്യസൽപാർഷതിതൻ ഗുണത്താൽ
പാരം വിനോദത്തൊടുമങ്ങിണങ്ങി. 33

മിന്നുന്നൊരീ മാലിനിതൻ പ്രഹാര-
ത്തിന്നുണ്ടു കാമം ഹൃദി പന്തിനേററം
എന്നങ്ങു തോന്നുംപടി പന്തടിച്ചാൾ
നന്നായ്‌ഗുണംപൂണ്ടൊരു യാജ്ഞസേനി. 34

പാരിച്ചീടും കാഴ്ചകൾ മററശേഷം
പാരം വെടിഞ്ഞതങ്ങു വധൂജനങ്ങൾ
സൈരന്ധ്രീതൻ കന്ദുകലീലകാണ്മാൻ
നീരന്ധ്രമാഴ്ന്നു നിറഞ്ഞു നിത്യം. 35

ശ്രീമൽകരംകൊണ്ടിവൾ തല്ലിയാലു-
മീമട്ടുടൻ പന്തുയരുന്നു കാൺക
പ്രേമാന്വിതം പാർഷതി പന്തടിക്ക-
മാമട്ടു കണ്ടീങ്ങനെ ചൊല്ലി ലോകം. 36

മാലെന്നിയേ മാലിനി രാജ്ഞിതന്റെ
ലീലാരവിന്ദത്തെയെടുത്തിടുമ്പോൾ
ചേലൊത്ത നാരീജനമത്ഭുതശ്രീ-
കോലാഹലത്താൽ പലതേവമോതി. 37

"ചെന്താമരപ്പൂ മധുപങ്ങൾ ചേർക്കും
സന്താപശാന്തിക്കതിമംഗളാംഗി
ചെന്താമരപ്പൂവിനൊരീശ്വരത്വം
ചിന്തുന്ന നിൻ കയ്യോടിണങ്ങിടുന്നു. 38

ചെന്താരിൽമാതിന്നടയാളമായ
ചെന്താമരപ്പൂവിതെടുക്കൊലാ നീ
ഗന്ധർവ്വവീരർക്കണയുന്ന നിൻ സം-
ബന്ധം ഹരിക്കും ഹരി ദേവദേവൻ. 39

കഞ്ജത്തിനേക്കാളഴകുള്ള കയ്യിൽ
കഞ്ജാക്ഷി! നീയേവമെടുക്കമൂലം
കഞ്ജത്തിനിപ്പോളഖിലം നശിച്ചു
മഞ്ജുത്വമത്യന്തവുമുത്ഭവിച്ചു. 40

പങ്കത്തിൽനിന്നുത്ഭവമെന്നുവെച്ചാൽ
നിങ്കയ്യിലിത്താമര കേറുകില്ല
ശങ്കിച്ചിടേണ്ടായതുകൊണ്ടു പുണ്യ-
സംഘത്തിൽനിന്നുത്ഭവമെന്നുറയ്ക്കാം". 41

ഘോരാക്കരോചിസ്സകലുംവിധത്തി–
ലാരാജ്ഞിതൻ ഛത്രശശാങ്കബിംബം
പാരാതെ പാഞ്ചാലി പിടിച്ചു നൽ ശ്രീ
ചേരും കരംകൊണ്ടതി ഭംഗിയോടെ. 42

തണ്ടാരിണങ്ങും രവിരശ്മിതാപം–
കൊണ്ടാസ്സുദേഷ്ണക്കുഴൽ വന്നിടായ്വാൻ
തണ്ടാർകരത്താൽ കുടയെന്നു ചൊല്ലും
തണ്ടുള്ള തണ്ടാരു പിടിച്ചു കൃഷ്ണ. 43

ഗന്ധം വളർന്നംഗനമാക്കു മെയ്യിൽ
ചിന്തും മൃദുത്വം കവരും സുമൌഘം
ചന്തത്തിലാകുന്നവിധം ഗുണത്താൽ
ബന്ധിച്ചു പാഞ്ചാലനരേന്ദ്രപുത്രി. 44

പാരാതെ മൂർദ്ധാവിലെടുത്തുവെപ്പാ–
നാരും നിനക്കുംപടി നൽഗുണത്താൽ
ഓരോതരം പുഷ്പഗണങ്ങൾകൊണ്ട–
ങ്ങോരോമലാൾ മാലിനി മാല കെട്ടി 45

വർണ്ണങ്ങൾ നന്നാക്കിയ ധർമ്മപുത്രൻ
വർണ്ണിച്ചിടും മാനിനിയായ കൃഷ്ണ
വർണ്ണപ്രകാശം വരുമാറു മാല
തിണ്ണം ചമച്ചാൾ പല പൂക്കളാലേ. 46

മല്ലപ്രസൂനാദികൾകൊണ്ടു കൃഷ്ണ
മാല്യങ്ങളെത്ര ചമച്ചനേരം
ചൊല്ലാർന്ന മുക്താദികൾകൊണ്ടു തീർത്ത
മാല്യവ്രജം സജ്ജനമുക്തമായി 47

ഭൃംഗങ്ങൾ സാരം കവരും സുമൌഘം
ഭംഗംവിനാ പാർഷതി ചേർത്തിണക്കി
മങ്ങാതുടൻ കെട്ടിയ മാലയങ്ങു
ഭൃംഗംതൊഴും വേണിയിൽ വെച്ചു രാജ്ഞി. 48

ചട്ടററ നൽ പൂമലർകൊണ്ടു മാല
കെട്ടീടുവാൻ മാലിനിതന്നെ വേണം
വെട്ടെന്നു രാജ്ഞിക്കതു തൻ കചത്തിൽ
കെട്ടിക്കുവാനും പുനരേവമായി. 49

പാണിദ്വയംകൊണ്ടവൾ തൻനഖശ്രീ–
മാണിക്യരോചിസ്സയതും പ്രകാരം
ചേണാർന്നു ചേർക്കും മലർമാലയങ്ങു
മാണിക്യരത്നോത്തമമാലയായി. 50

തന്മേനി തൊട്ടാൽ സുരഭിത്വമുണ്ടാ–
മണ്മട്ടെഴും പാഷ്തിതന്റെ കയ്യിൽ
ചെമ്മേ ധരിക്കും നവരത്നമൊത്ത
പൊന്മാല നൽ പൂമലർമാലയായി. 51

മാണിക്യമോടും നഖരങ്ങൾ മിന്നും
പാണിദ്വയത്താൽ ദ്രുപദേന്ദ്രപുത്രി
റാണിക്കെഴും വാർകുഴൽ ചിക്കിടുമ്പോൾ
മാണിക്യചൂഡാമണിയങ്ങൊഴിച്ചു. 52

പാഞ്ചാലി ചെന്താമരയെജ്ജയിച്ച
തഞ്ചാരുകൈകൊണ്ടു സുദേഷ്ണതന്റെ
പൂഞ്ചായൽ ചിക്കുമ്പൊഴുതങ്ങു ചോട്ടി–
ലഞ്ചാതെ പോയ് ചൂടിയ പൂക്കളെല്ലാം. 53

റാണിക്കഹോ! മാലിനിതൻ ശുഭശ്രീ–
പാണിദ്വയം ചൂട്ടുകിലാഭ കൂട്ടും
മാണിക്യപത്മാദികളെന്തിനെന്നു
കാണുന്നവർക്കൊക്കെയുമങ്ങു തോന്നി. 54

സ്വർല്ലോകവൈദ്യാത്മജപത്നിതന്റെ
നല്ലോരു തൈലോത്തമസംപ്രയോഗാൽ
ചൊല്ലാർന്ന രാജ്ഞിക്കു നരച്ച കേശ–
മെല്ലാം കറുത്തഞ്ജനവർണ്ണമായി. 55

ചിക്കന്നു ചീപ്പാൽ തലവാരി നന്നായ്
ചികുരമൊഴാപ്പാഷ്തിതൻ ഗുണത്താൽ
ഉൾക്കാമ്പിലുണ്ടായ വികാരമൂലം
തൃക്കണ്ണിടസ്ഥ്യാതമരില്ല രാജ്ഞി. 56

ചെന്താമരപ്പൂവെതിർകൈകൾകൊണ്ടു
ചിന്തും രസാൽ ദ്രൗപദി തൊട്ടിടുമ്പോൾ
അന്തിച്ചുമപ്പേറെറാരിരുട്ടിനുള്ള
ചന്തം സുദേഷ്ണാചികുരം ധരിച്ചു. 57.

പെട്ടെന്നു വൻകുന്നിളകുന്ന കൊങ്ക-
യ്ക്കൊട്ടെന്നിയേ കമ്പമണച്ചു കൃഷ്ണ
പെട്ടാത്തിടും പാണികൾകൊണ്ടു നിത്യം
ചട്ടററ നൽ ചന്ദനമങ്ങരച്ചാൾ. 58

ചാലേ പുതുത്താമര തൻ മൃദുത്വ-
ത്താലേ മടങ്ങുന്നൊരു കൈകളാലേ
മാലേററ ലോകങ്ങൾ മയങ്ങുമാറു
മാലേയമാപ്പാഷ്തിയങ്ങരച്ചാൾ 59

പരം പതിഞ്ഞങ്ങു തഴമ്പു കയ്യിൽ
വരുംപ്രകാരം ബഹുചന്ദനത്തെ
അരച്ചു ധർമ്മാത്മജപത്നി ദൈവം
വരച്ച ഫാലാക്ഷരമാരു മായ്ക്കും? 60

കസ്തൂരികാചന്ദനകുങ്കുമാദി-
വസ്തുക്കളെ ദ്രൗപദി വേണ്ടപോലെ
ചേർത്തിട്ടു തീർത്തോരു വിലേപനത്തെ-
ച്ചാർത്തിത്തെളിഞ്ഞാളധികം സുദേഷ്ണ. 61

എല്ലാ നിറങ്ങൾക്കുമിണക്കമോട-
ട്ടുല്ലാസമോടാ ദ്രുപദേന്ദ്രപുത്രി
മെല്ലെച്ചമച്ചോരു വിലേപനത്താൽ
നല്ലാർജനം സർവ്വമുടൻ തെളിഞ്ഞു 62

നിശേശശങ്കനാകളംമുഖി കൃഷ്ണ ചേർക്കും
നിശേശദപ്പ്രാദിവിലേപനത്തിൽ
അശേഷസമ്മോഹനമാം സുഗന്ധം
വിശേഷമായങ്ങുളവായി വന്നു. 63

ചാഞ്ചല്യമെന്യേ പല ഭാഷയായി-
പ്പാഞ്ചാലി ചേർക്കും കുറിഭംഗിയാലേ
നെഞ്ചിൽ ജനങ്ങൾക്ക പതിഞ്ഞു ബാണ-
മഞ്ചമ്പനങ്ങെയ്തു ഞെരുങ്ങിടാതെ. 64

നാഗാദിവല്ലീദളചൂർണ്ണപക്വ-
പൂഗങ്ങളിൽ പാർത്തി രക്തഹസ്തം
വേഗേന വെച്ചാസ്സമയത്തിലേതാൻ
രാഗേണ സർവ്വം പരിപൂർണ്ണമായി. 65

സാരസ്യമേറും വിശദത്വമേറും
സൌരഭ്യമേറും സുഭഗത്വമേറും
പാരാതെ പാഞ്ചാലി തെറുത്ത വീടി-
ക്കാരാജ്ഞിയങ്ങന്നധികം കൊതിച്ചു. 66

ഏലയ്ക്ക ജാതിക്ക തുടങ്ങിയുള്ള
ചേലൊത്ത വസ്തു[illegible]ം പൊടിച്ചുകൂട്ടി
ചാലേ മുറുക്കുന്നതിനങ്ങു ചേർച്ച-
പ്പോലേ ചമച്ചാളവൾ നല്ല യോഗം. 67

ഓരോതരം വർത്തികൾ തീർത്തു കൃഷ്ണ
പാരം പുകയ്ക്കുന്നതു കാരണത്താൽ
സൌരഭ്യമേറും നൃപപട്ടണത്തിൽ
ചേരില്ല ദംശാദികളേവമായി. 68

അത്യന്തരമ്യാകൃതി വർണ്ണഭേദാൽ
നിത്യം തദാ പാണ്ഡവധർമ്മപത്നി
കത്തിച്ച ദീപാവലി തൽപുരിക്ക-
ങ്ങൊത്തോരു നൽ പൊന്മണിമാലയായി. 69

കരത്തിനാൽ പാൎഷതിയങ്ങു തല്പി
നിരത്തി നന്നായി വിരിച്ച ശേഷം
വിരിപ്പിനുള്ളോരു വെളുത്ത കാന്ത്യാ
ചിരിപ്പതോ മെത്തകളെന്നു തോന്നും. 70

മുരാരിതൻ നിൎമ്മലകീൎത്തിയേയും
നിദ്രാഖ്യദേവീസ്മിതകാന്തിയേയും
ഛരിദ്രം വിനാ വെന്നു നൃപാലയത്തി-
ലദ്രൗപദീശയ്യ വിളങ്ങി ഭംഗ്യാ. 71

മാഹാത്മ്യമേറുന്നൊരു കൃഷ്ണയോടു
ഗേഹാദികൃത്യങ്ങളൊരാളുമോതാ
ഗേഹാദികൃത്യങ്ങൾ ഗുണം ലഭിപ്പാൻ
മോഹിച്ചുവന്നായവളോടു ചേൎന്നു. 72

നിത്യം തദാ പാൎഷതി തത്ര ഗേഹ-
കൃത്യങ്ങൾ ചെയ്യുന്നതു കാൺകമൂലം
ചിത്തത്തിലുണ്ടായ് ഗൃഹവേല ചെയ്വാ-
നത്യന്തകാമം നൃപവല്ലഭയ്ക്കും. 73

ചെന്താരിൽമാതിന്റെ ഗുണങ്ങളെല്ലാം
ചിന്തുന്ന പാഞ്ചാലി വസിക്കയാലേ
ചന്തത്തിലാ മത്സ്യമഹീശ്വരൻത-
ന്നന്തഃപുരം മംഗളമായ് ചമഞ്ഞു. 74

ശ്രീവാച്ച രാജപ്രിയമാരശേഷം
സേവിച്ചൊരാ പാൎഷതി ദാസിയായി
മേവുന്ന കണ്ടിട്ടഥ പാണ്ഡവന്മാർ
വേവുന്ന ചിത്തത്തൊടു തത്ര വാണു. 75

നതസാൎവ്വഭൗമത്വമൊടങ്ങു വാണോ
സത്സേവ്യനാം ധൎമ്മജനെത്തദാനീം
മത്സ്യാവനീശന്റെ സദസ്യനായി
മത്സ്യാക്ഷിയാം പാൎഷതി കണ്ടു കേണാൾ. 76

നേക്കും നൃപന്മാർക്കഴലായ വൻതീ-
ഷേക്കുന്നൊരാ വൻഗദയുള്ളഭീമൻ
തീക്കൊള്ളിയേന്തുന്നതു തത്ര കണ്ടു
ഷീക്കും വിഷാദേന കുഴങ്ങി കൃഷ്ണ. 77

തിണ്ണം മഹാപൌരുഷസിന്ധുവായ
വിണ്ണോർവരൻതൻ സുതനെത്തദാനീം
ഷണ്ഡസ്വഭാവത്തൊടു യാജ്ഞസേനി
കണ്ണാലഹോ! കണ്ടു വിഷണ്ണയായി. 78

നാരായണൻതന്നുടെ മുഖ്യസഖ്യം
നേരായെഴും ഫൽഗുനനദ്ദശായാം
നാരീജനത്തിൻ സഖിയായ് ഭവിച്ച-
താരാലഹോ! പാർഷതി കണ്ടു കേണാൾ. 79

വിനീതരാജവ്രജമധ്യഭാഗേ
വിളങ്ങിയോരാ നകുലന്റെ രൂപം
വിനീതവാജിവ്രജമധ്യഭാഗേ
വിഷണ്ണയായ്ക്കണ്ടിതു യാജ്ഞസേനി. 80

ഭൂപാലർ ചൂഴും സഭയിൽ തെളിഞ്ഞോ-
രാഭാസമേതം സഹദേവദേഹം
ഗോപാലർ ചൂഴുന്ന പശുത്തൊഴുത്തി-
ലാഭാസമായ്പ്പാർഷതി കണ്ടു കേണു 81

മയ്യണ്ണാരംമൌലിയാളാം ദ്രുപദതനയയും പാണ്ഡവന്മാരുമേവം
മുക്കണ്ണൻതമ്പുരാൻതൻ ദയിതയുടെ ദയാമോക്ഷദക്ഷാൽ
കടാക്ഷാൽ
പൊല്ലൊണ്ടീടും വിരാടക്ഷിതിപതിനഗരംതന്നിലജ്ഞാതവാസം
കൈക്കൊണ്ടാർ പണ്ടു മാതാവിനുടയ ജഠരേ ഗർഭവാസം
കണക്കേ.

പാണ്ഡവോദയം സമയപാലനമെന്ന
അഞ്ചാം സർഗ്ഗം സമാപ്തം.

# ആറാം സൎഗ്ഗം

സ്ഫുരിക്കും വിരാടന്റെ നൽ പട്ടണത്തിൽ
തരക്കേടൊഴിഞ്ഞവ്വമപ്പാണ്ഡവന്മാർ
ഇരിക്കുംവിധൌ മൂന്നുമാസം കഴിഞ്ഞു
തെരിക്കന്നു നല്ലുത്സവം വന്നണഞ്ഞു. 1

തടിക്കും രസംചേരുമിയ്യുത്സവത്തിൽ
ചെടിക്കുംവരയ്ക്കുങ്ങു മൃഷ്ടാന്നമുണ്ണാം
അടിക്കാമടിക്കാശയുള്ളോൎക്കൊട്ടുക്കം
മിടുക്കൎക്കു സമ്മാനമൊട്ടേറെ വാങ്ങാം. 2

വിരാജിക്കുമേണോത്സവംപോലെ നന്നായ്
വിരാടൻ നടത്തീടുമീയുത്സവത്തിൽ
ധരാചക്രമൊക്കെക്കുലുക്കിദ്ധരിത്രീ–
ധരാകാരമൊത്തോരടിക്കാരണഞ്ഞാർ. 3

പനയ്ക്കൊത്ത കാൽകൈകളും വജ്രത്തിനേററം
പനിക്കുംവിധം നല്ലുറപ്പുള്ള ദേഹം
എനിക്കെത്രമാമെന്നൊരുങ്ങുന്നിതെല്ലാം
കനക്കുംവിധം തല്ലുകാൎക്കണ്ടവൎക്ക്. 4

തടിച്ചാററരക്കോൽ വിരിഞ്ഞുള്ള മാറും
പിടിച്ചാലൊതുങ്ങുന്നരക്കെട്ടുമായി
ചൊടിച്ചെത്തുമാ മല്ലരെക്കണ്ടുവെന്നാൽ
പിടിച്ചീടുമേററം ഭയം ഭാസ്സുരിക്കും. 5

അടിക്കാനുമൊക്കെത്തടുക്കാനുമൊട്ടും
മടിക്കാതകണ്ടങ്ങു പന്ത്രണ്ടു വൎഷം
മുടക്കാതെ നന്നായ്പ്പഠിച്ചുൾക്കപൂണ്ടോ–
രടിക്കാർ മദിച്ചങ്ങു തുള്ളിത്തുടങ്ങി. 6

തരത്തിൽ ജയിക്കുന്നൊരാത്തല്ലുകാർതൻ-
കരത്തിൽബലത്തിൻെറ മാഹാത്മ്യമോർത്താൽ
കരുത്തുള്ള പൌരസ്ത്യരക്ഷോവരന്മാർ
കരത്തെക്കൊടുക്കേണമെന്നങ്ങു തോന്നും. 7

കളത്തിങ്കൽ വന്നെത്തി മല്ലേശ്വരന്മാർ
കളിത്തല്ലു കാണ്മാൻ ജനത്തെസ്സമസ്തം
വിളിക്കുംപ്രകാരം ത്രിലോകത്തിലെല്ലാ-
മിളക്കിച്ചമച്ചങ്ങു ഘോഷിച്ചു വാദ്യം. 8

തദാ കേമമായുള്ളവാദ്യപ്രണാദം
മുദാ കേട്ടു മാലോകരാലോകനാർത്ഥം
സദാരാത്മജാനേകമിത്രാഢ്യരായി-
ട്ടുദാരസ്വഭാവേന രംഗത്തിലെത്തി. 9

പ്രഹാരക്കളിക്കുള്ളരങ്ങിൻെറ ചുററും
മഹാരമ്യമായ്ത്തീർത്ത മഞ്ചങ്ങൾതന്നിൽ
മഹാരാജമന്ത്രിപ്രഭുശ്രേണിയെല്ലാം
വിഹാരാശയാൽ വന്നുകേറിത്തുടങ്ങി. 10

നിറഞ്ഞു ജനംവന്നു രംഗസ്ഥലത്തിൽ
കുറഞ്ഞൊന്നു തിക്കും തിരക്കും തുടങ്ങി
അറിഞ്ഞോരു മല്ലപ്രഭാവങ്ങളപ്പോൾ
പറഞ്ഞാർ മഹാലോകരോരോന്നിവണ്ണം. 11

"അരക്കാലുമില്ലിങ്ങകില്ലംബുജത്തേ-
ലിരിക്കുന്ന ദേവൻ വിചിത്രപ്രഭാവൻ
സ്ഫുരിക്കും കടീകന്ധരാസ്കന്ധമെല്ലാം
ഹരിക്കുള്ളനീത്തല്ലുകാർക്കൊക്കിന്നൂനം. 12

കരിങ്കല്ലുതാൻ മെയ്യിവർക്കിങ്ങു തുമ്പി-
ക്കരംതാൻ കരം കാൽ പനക്കുററിതന്നെ
തരത്തിൽ പരന്നുള്ള വക്ഷസ്തടം ഗോ-
പുരത്തിൻെറ വിസ്തീർണ്ണമാം വാതിൽതന്നെ. 13

വരാഹാദിമാംസം ഘൃതം കള്ളിതെല്ലാം
വരാഹാരമായോരിവൎക്കുള്ള ദേഹം
ജരാബാധയെന്യേ കനത്തും മിനുത്തും
നിരാബാധമായിട്ടു മിന്നുന്നു കാണ്ക. 14

അരഞ്ഞങ്ങുപോയ് മൂക്ക ചോരപ്രവാഹം
ചൊരിഞ്ഞംഗമെല്ലാം ചുമന്നായ്ചമഞ്ഞു
മുറിഞ്ഞു പരം മെയ്യിലെന്നാലുമമ്പോ!
കുറഞ്ഞാന്നു പിൻവാങ്ങുകില്ലീയടിക്കാർ 15

പുകഴ്ന്നോരു വമ്പൊക്കമീത്തല്ലുകാർതൻ
ചുകന്നോരു കൺ കാണ്ക തീക്കട്ടപോലെ
തകൎന്നീടുമേ ശൈലവും തെല്ലു ഭാവം
പകൎന്നീയടിക്കാരടിക്കുന്നതാകിൽ. 16

പടുത്വത്തൊടങ്ങൊട്ടുപത്താളുകൂടി–
ട്ടടുത്താഞ്ഞടിച്ചാലുമീമല്ലരെല്ലാം
തടുത്തീടുമീത്തല്ലുകാർ തല്ലിയെന്നാൽ
തടുത്തീടിലും സാധ്യമില്ലങ്ങു പൊട്ടും. 17

പിടിച്ചാലൊതുങ്ങാത്ത വേഗേന പൊട്ടൻ
കടിച്ചാൎത്തികൊണ്ടുഗ്രമായുള്ള കുണ്ഡിൽ
ഇടുത്തങ്ങു പാടുന്നൊരശ്വത്തെയെത്തി–
പ്പിടിച്ചാനിവൻ സിന്ധുരാജ്യത്തിൽവെച്ചു്. 18

ഗളിച്ചോരു ദാനാംബുധാരാഢ്യത്തിൽ
കുളിച്ചാൎത്തു നേർത്തോരു നാൽക്കൊമ്പനാന
പുളച്ചീടുമീയാളൊരംബോഢവത്തിൽ
കളിച്ചൊന്നടിച്ചപ്പൊഴേ കൊമ്പുകുത്തി. 19

മുറിച്ചീടുവാൻകൂടി വയ്യാത്ത വേടൊ–
ത്തുറച്ചങ്ങു നില്ക്കുന്ന പേരാൽമരത്തിൽ
കുറച്ചാഞ്ഞിവൻ തല്ലിയപ്പോളതേററം
വിറച്ചിട്ടു വേരററു താഴത്തു വീണു. 20

അവന്തിക്ഷിതീശന്റെ സമ്മാനവുംകൊ-
ണ്ടിവൻതാൻ ഗമിക്കുംവിധൌ തസ്കരന്മാർ
ജവത്തോടെറിഞ്ഞുള്ള കല്ലൊക്കെ വഞ്ചി-
ച്ചവററങ്ങൾതൻ ചാറു ഞെക്കിപ്പിഴിഞ്ഞു. 21

ചൊടിച്ചങ്ങിരിമ്പായ കൂടാഞ്ഞുതല്ലി-
പ്പൊടിച്ചിട്ടു ചാടിക്കയെക്കുന്ന സിംഹം
കടിക്കാതവൻതന്റെ വൻകാലു നാലും
ഞൊടിക്കുന്നതിന്മുമ്പിവൻ കെട്ടിയിട്ടാൻ. 22

ഇവൻ കാട്ടുപോത്തിന്റെ കൂട്ടത്തിലൂടപ്പെ-
ട്ടവററങ്ങളെത്തച്ചു പായിച്ചവെല്ലാം
ജവം തേടി നൽകൈതരിപ്പോന്നു മാററാ-
നിവൻ തയ്ക്കയാൽ പണ്ടു കുന്നൊന്നുടഞ്ഞു. 23

കിളർത്തോരു വൈരിക്ഷിതീശക്കു ശല്യം
വളർത്തീടുമാ മദ്രരാജാവു ശല്യൻ
കളിത്തല്ലിലെല്ലാം ജയിക്കുന്നിവന്നായ്
വെള്ളത്തുള്ളൊരീപ്പട്ടു സമ്മാനമേകി. 24

കുരുപ്രൌഢരോടൊത്തു ദിക്കൊക്കെ വെന്ന-
ങ്ങിരീപ്പോരു ദുര്യോധനൻ ധാർത്തരാഷ്ട്രൻ
തരിപ്പുള്ളിവൻതൻ കരപ്രൌഢികണ്ടി-
ട്ടരിപ്പൊൻവളക്കൂട്ടമപ്പോൾ കൊടുത്തു. 25

ജരാസന്ധിതൻ നിർജ്ജിതാശേഷഭൂപൻ
ജരാസന്ധനെന്നുള്ളൊരാ മാഗധേന്ദ്രൻ
ധരാഭൃത്തിനോടൊത്തിവന്നായ് കൊടുത്താൻ
ധരാഭൃത്തിനൊത്തോരു രത്നാംഗുലീയം. 26

ഹിടുംബൻ ബകൻ തൊട്ടരക്കക്കു ചേരും
കുടുംബങ്ങളെക്കൊന്നൊടുക്കുന്ന ഭീമൻ
കൊടുത്താനിവന്നായടിക്കുള്ളൊരുക്കം
പടുത്വങ്ങളും കാൺകയാൽ കങ്കണത്തെ. 27

KOTTAYAM PUBLIC LIBRARY KOTTAYAM

ബലംകൂട്ടമീ മല്ലലോകേശ്വരൻതൻ
വലങ്കയ്യിനുള്ളൂക്ക കണ്ടറംപ്രസാദാൽ
"ബലേ കേമ"മെന്നൊന്നുരച്ചിട്ടു സാക്ഷാൽ
ബലൻ രൌഹിണേയൻ മണിക്കാപ്പു നൽകി. 28

തരം നോക്കി നൽചേരിയിൽ ചേൎന്നു നേരേ
നിരന്നു മദോന്മത്തമല്ലേശ്വരന്മാർ
പരന്നോരു ലോകം യഥായോഗ്യമായി-
ട്ടിരുന്നു കളിത്തല്ലിനെന്തിന്നമാന്തം? 29

നടിക്കുന്നു തൻ വീൎയ്യമേററം തരിച്ചി-
ട്ടടിക്കുന്നു കയ്യാഞ്ഞു കയ്യാങ്കളിക്കാർ
അടിക്കിന്നു വൈകുന്നുവെന്നിജ്ജനൌഘം
നടിക്കുന്നു തല്ലിത്തുടങ്ങാത്തതെന്തോ?" 30

നിറഞ്ഞോരു ലോകങ്ങളോരോന്നിവണ്ണം
പറഞ്ഞീടുമപ്പോൾ വിരാടാജ്ഞയാലേ
മറിഞ്ഞാൎത്തു കുമ്പിട്ടടിക്കാർ തരം ക-
ണ്ടറഞ്ഞാമുറസ്സൂങ്ങു തല്ലിത്തുടങ്ങി. 31

കരുത്തേകനേരം മിടുക്കന്യനേരം
തരത്തിൽ തടുത്തിട്ടു പെട്ടെന്നടിക്കാൻ
പരക്കെജ്ജനം കണ്ടു കൊണ്ടാടിയേററം
ചിരിക്കുന്ന മട്ടീയിണത്തല്ലു ചേർന്നു. 32

ഒരാളിട്ടിമുട്ടൻ കുറുങ്കയ്യനാണ-
ങ്ങൊരാളാം നീണ്ടു നീൾന്നുള്ളൊരാജാനുബാഹു
ചിരം ഗാഢമാത്സൎയ്യമോടിയ്യിണത്ത-
ല്ലുരങ്ങായതങ്ങൊന്നിളക്കിച്ചമച്ചു. 33

ഒരാൾക്കെത്രകൊണ്ടെങ്കിലും കൂസലങ്ങി-
ല്ലൊരാൾക്കൊട്ടുമേ തല്ലു കൊള്ളില്ല മെയ്യിൽ
നിരാക്ഷേപമായത്ഭുതം ചിത്തരംഗേ
നിരീക്ഷിപ്പവൎക്കീയിണത്തല്ലിണക്കി. 34

പരം നേക്ക് പാഞ്ഞൊഞ്ഞുടൻ കേറമേകൻ
തരം നോക്കി മെല്ലന്നൊഴിഞ്ഞീടുമന്യൻ
ചിരം നമ്മമോടിയ്യ്ണത്തല്ലു കണ്ട-
ങ്ങിരുന്നോരു മാലോകരൊക്കെച്ചിരിച്ചു. 35

അടിച്ചാലൊരുത്തൻ പൊടിക്കും കരിങ്ക-
ല്ലിടിച്ചാലൊരുത്തൻ പൊടിച്ചീടുമേവം
മിടുക്കുള്ള മല്ലദ്വയം തമ്മിൽ നേർത്ത-
ങ്ങടുക്കുമ്പൊളാക്കാണിലോകം നടുങ്ങി. 36

സമപ്രായസാമർത്ഥ്യദേഹസ്വഭാവ-
ക്ഷമാഭ്യാസവേഗാദി ചേർന്നോരടിക്കാർ
സമംനിന്നു തല്ലുംവിധൌ കാണിലോകം
സമസ്തം രസംപൂണ്ടു കൊണ്ടാടിയേററം. 37

പെരുത്താളിണങ്ങീടുമാ രംഗദേശേ
തരത്തിൽ തദാ രണ്ടുപേർ തല്ലിടുമ്പോൾ
ഒരുത്തന്റെ പക്ഷത്തിലാം യോഗമൊന്ന-
ങ്ങൊരുത്തന്റെ പക്ഷത്തിലാമന്യയോഗം. 38

കരുത്തുള്ളൊരുത്തന്റെ കൈനീട്ടുകൊണ്ടി-
ട്ടൊരുത്തന്റെ മൂക്കിന്റെ പാലം തെറിച്ചു
പെരുത്താളുകൾക്കാംഭ്രമം കൂട്ടമാററാ-
ധരിത്രീതലേ ചോര ചാടിത്തുടങ്ങി. 39

തരത്തിൽ തദാ തല്ലു ചെപ്പിക്കുകൊണ്ടി-
ട്ടൊരുത്തന്റെ പല്ലൊക്കെ മന്നിൽ കൊഴിഞ്ഞു
ചിരിച്ചീടുമാ ലോകർതൻ പല്ലുശേഷം
ശരച്ചന്ദ്രവക്ത്രങ്ങൾതന്നിൽ തെളിഞ്ഞു. 40

ദൃഢം കൈത്തലത്തല്ലു ശംഖത്തിലേററി-
ട്ടുടൻ കണ്ണൊന്നൊരുത്തന്റെ പൊട്ടിത്തെറിച്ചു
നടുങ്ങീ തദാ കാണിലോകങ്ങളെല്ലാ-
മടങ്ങീലവൻ തല്ലിൽനിന്നിട്ടു തെല്ലും. 41

കരുത്തോരു ഭാവം കലൎന്നിട്ടൊരുത്തൻ
വെറുത്തങ്ങൊരുത്തന്റെ നാഭിക്കടിച്ചു
നിറത്താൽ നിണം വെന്ന നാവപ്പോൾ
നാൽച്ചാൺ പുറത്തേക്കു ചാടീ ജനാസ്യങ്ങൾ വാടി. 42

കടുത്താഞ്ഞുവന്നോരു വെട്ടങ്ങു കേറി-
ത്തടുത്തിട്ടൊരുത്തന്റെ കൈത്തണ്ടു പൊട്ടി
ചൊടിച്ചായവൻ പിന്നെ മറ്റെക്കരംകൊ-
ണ്ടിടിച്ചാശു മാറ്റാന്റെ പൂണെല്ലൊടിച്ചു. 43

തടയ്ക്കേറെ വമ്പുള്ള രണ്ടാം പരം ത-
ച്ചടിക്കാനിറങ്ങാത്തവണ്ണം പിരിഞ്ഞു
കടുക്കുന്നമർഷേണ വല്ലാതെ തെല്ലേ-
റ്റൊടുക്കം സമം വീണു വേറിട്ടുരണ്ടാൾ. 44

അടിക്കാർ നടിക്കുന്ന നാട്യങ്ങൾ കാണാം
പൊടുക്കെന്നഹോ! തത്ര കാണും ജനത്തിൽ
അടിക്കാൎക്കു കേടൊക്കെയും ഹന്ത! മെയ്യിൽ
തടിച്ചോരു കൂർകൊണ്ടു ലോകൎക്കതുള്ളിൽ. 45

"അവൻ കേമനാ"ണെന്നൊരുത്തൻ പറഞ്ഞ-
"ലിവൻ കേമനാ"ണെന്നു ചൊല്ലീടുമന്യൻ
നവാക്ഷേപതത്തത്സമാധാനചിത്രം
വിവാദം പരം കാണികൾക്കുത്ഭവിച്ചു. 46

ഭയം പോരിലില്ലാതെ തല്ലിത്തരത്തിൽ
ജയംപൂണ്ടവൎക്കുള്ള സമ്മാനമേറ്റം
വ്യയം പാൎത്തിടാതാശു നൽകീട്ടുടൻ വി-
സ്മയം പാരമുണ്ടാക്കി ലോകൎക്കു ഭൂപൻ. 47

ചിലൎക്കൊക്കെയും നൽകിനാൻ സാല്വ പിന്നെ-
ച്ചിലൎക്കൊക്കെയും മന്നവൻ പട്ടു നൽകി
പലൎക്കും മടക്കും കൊടുക്കുന്നവൎക്കായ്
വിലയ്ക്കേറ്റമറ്റംഗുലീയങ്ങൾ നൽകി. 48

ചിരം ചിത്രമായെത്രയും ഘോരമായി–
ത്തരംചേൎന്നു തല്ലിജ്ജയിപ്പോക്കു ഭൂപൻ
പരം ചാരുഹാരാദി സമ്മാനമേകി
സ്ഥിരം ചേവകസ്ഥാനവും കൂടി നൽകി. 49

"സഭയ്ക്കത്ഭുതംകൂട്ടമാറിത്ര മാനം
ലഭിക്കുന്നപക്ഷം മരിച്ചാലുമെന്തോ"
ശുഭശ്രീരസാൽ തല്ലുകാരേവമോൎത്താ-
വിഭുശ്രീവിരാടന്റെ മുമ്പിൽക്കളിച്ചു. 50

അടിക്കാരിവണ്ണം തരംചേൎന്നു നിന്നി–
ട്ടടിക്കുമ്പൊളങ്ങൊന്നു കേൾക്കായിവന്നു
ഇടിക്കും വെടിക്കും കടുക്കും കടൽക്കും
മടക്കം തടിക്കുന്ന ഘോരാട്ടഹാസം. 51

സമത്വം വെടിഞ്ഞുള്ളൊരിയ്യൊച്ചകേട്ടാ–
സ്സുമത്തേൻതൊഴുംവാണിമാരൊക്കെ വീണാർ.
സമസ്തൎക്കുമുണ്ടായി വിക്ഷോഭമേററം
സമൎത്ഥൻ നൃപൻതാനുമൊന്നുള്ളിൽ ഞെട്ടി. 52

ഇതിക്രൂരമായുള്ള തന്നട്ടഹാസാൽ
ശ്രുതിക്കവന്നും കേട്ടചേൎത്താത്തഗൎവ്വം
അതിപ്രൌഢനായൊരു ജീമൂതമല്ലൻ
ഗതിപ്രാഭവംപൂണ്ടരങ്ങത്തണഞ്ഞാൻ. 53

അവന്തന്റെ നിശ്ലാതനിശ്ലാഷമൊത്താ–
രവന്നത്ര പാരം ഭയം ചേൎത്തപോലെ
അവന്തന്റെ ജീമൂതസങ്കാശദേഹം
ജവന്തേടിയോട്ടംവിധം ഭീതി ചേൎത്തു 54

നടുങ്ങീ മഹാമല്ലരെല്ലാം പതുങ്ങി–
ത്തുടങ്ങീ കളിത്തല്ലതെല്ലാമൊതുങ്ങി
അടങ്ങീ മദം "ഞങ്ങളീ ദുൎഗ്ഗലടത്തിൽ
കുടുങ്ങീ ജവാലെ"ന്നു നാടും നടിച്ചു. 55

തിളച്ചോരു വീൎയ്യം സഹിക്കാഞ്ഞു ചാടി-
കളിച്ചാൎത്തു കമ്പിട്ടു ജീമൂതമല്ലൻ
പുളച്ചോരു ഗൎവ്വത്തിനാൽ മല്ലടിക്കാൻ
വിളിച്ചാനവൻ തത്ര കണ്ടോരെയെല്ലാം. 56

“തെരിക്കെന്നെനിക്കുള്ള മാലിയ്യരങ്ങ-
ത്തിരിക്കുന്ന മാലോകർ കേട്ടീടവേണം
കരിക്കുള്ള തുമ്പിക്കരം തോൽക്കുമെങ്കെ
തരിക്കുന്നുവല്ലാതെ ഞാനെന്തു ചെയ്വൂ? 57

വെടിച്ചൊല്ലിതല്ലേ തരംചേൎന്നു ഞാനൊ-
ന്നടിച്ചിട്ടഹോ! പത്തുകൊല്ലം കഴിഞ്ഞു
പഠിച്ചഭ്യസിച്ചോരു സദാചീദൃയ്യം മേ
തടിച്ചോരു കയ്യും വൃഥാ കഷ്ടമയ്യോ! 58

മൃഗേന്ദ്രൻ മദിച്ചാൎത്തടുക്കുന്ന നേരം
മൃഗക്കുഞ്ഞുകൾക്കുള്ള കൂട്ടം കണക്കേ
അഗൎവ്വം ഭയപ്പെട്ടു മണ്ടുന്നുതേ ഞാൻ
സഗൎവ്വം വരുന്നേരമീ മല്ലസംഘം. 59

പടക്കുളക്കൂട്ടം ത്രിഗൎത്തൻ ഭയപ്പെ-
ട്ടടുക്കാത്തൊരീ മത്സ്യഭൂപന്റെ നാട്ടിൽ
അടിക്രീഡ നമ്മോടു നേരിട്ടു ചെയ്വാൻ
മിടുക്കുണ്ടൊരാൾക്കെങ്കിലായാൾ വരട്ടെ.” 60

മഹാന്മാരിരിക്കുന്ന മഞ്ചത്തിലേക്കാ-
യഹങ്കാരിയായീക്കടാക്ഷിച്ചിവണ്ണം
മഹാമല്ലനായോരു ജീമൂതനോതി-
സ്സഹാസം കളിച്ചങ്ങു തുള്ളിത്തുടങ്ങി. 61

അവൻ നിന്നു തുള്ളിക്കളിച്ചേററമോരോ-
ന്നിവണ്ണം കടന്നങ്ങു ചെല്ലുന്ന നേരം
അവസ്ഥോചിതം തത്ര പാൎക്കുന്ന ലോകം
ജവത്തോടിതോരോന്നു ചൊല്ലിത്തുടങ്ങി. 62

“അടിക്രീഡ കാണേണമെന്നാലിവൻത-
ന്നടിക്രീഡതാൻ കാണണം തക്കമില്ല
കടുക്കുന്ന കാറേററവും കൂലം കടക്കും
കടൽക്കുള്ള ഗാംഭീര്യമന്യത്തിനുണ്ടോ? 63

രവം തീക്ഷ്ണഗംഭീരമൊട്ടല്ലിടിക്കു-
ക്കെവൻ തെല്ലിതെല്ലുന്നിതായാൽ മരിക്കും
ജവം താണതല്ലഞ്ജനംപോലെതാൻ മെ-
യ്യിവന്തന്നെ ജീമൂതനാമപ്രസിദ്ധൻ. 64

ഞെളിഞ്ഞീട്ടമീമല്ലനുള്ളോരു ഗർവ്വം
കളഞ്ഞീടുവാനാരുമില്ലെന്നുമെന്നോ?
ഇളപ്പം വിരാടക്ഷിതീശനുമുണ്ടി-
ക്കളിപ്പോരിലിയ്യാളിവണ്ണം പുളച്ചാൽ.” 65

“കടുക്രൂരനായോരു ജീമൂതനോടേ-
ററടിക്കുന്നതിന്നാരുമില്ലായ്കമൂലം
പൊടുക്കുന്നു ഞാൻതന്നെ ചെന്നെങ്കിലോ”യെ-
ന്നൊടുക്കം തദാ കീചകൻതാൻ കഥിച്ചാൻ. 66

“സുവിഖ്യാതജീമൂതനോടൊന്നടിക്കാ-
നിവക്കാർക്കുമേ ഹന്ത! യോഗ്യതയില്ല
ഭവൽപ്പാചകൻ വല്ലവൻ തല്ലിയാലീ-
യവിഖ്യാതിപോ” മെന്നു കങ്കൻ പറഞ്ഞു. 67

അറിഞ്ഞോരുവൻ വമ്പനാം കങ്കനേവം
പറഞ്ഞോരു വാക്യം ശ്രവിച്ചോരുശേഷം
നിറഞ്ഞോരു മോദാൽ വിരാടൻ കടക്ക-
ണ്ണെറിഞ്ഞാനുടൻ വല്ലവൻതന്റെ നേരെ. 68

മടിച്ചൊട്ടു നിന്നിട്ടുടൻ സൂദഭാവം
നടിച്ചോരു ഭീമൻ കളത്തിൽക്കടന്നു
അടിച്ചീടുവാൻ വന്നൊരായാളെയുള്ളിൽ
പിടിച്ചീല തൽക്കാലമക്കാലമാക്കും. 69

"കടകൊള്ളിയുന്തുന്നൊരിപ്പൊണ്ണനോ നേ-
ർത്തടിക്കുന്നതെന്നോടു ചിത്രം! വിചിത്രം!!"
മിടുക്കുള്ള ജീമൂതനീമട്ടു ഹാസ്യം
നടിക്കും മുഖം തെല്ലു ചാച്ചൊന്നു നോക്കി. 70

മുറയ്ക്കൊന്നടിക്കാനരക്കച്ച ഭീമൻ
മുറുക്കുന്നൊരാഭാവവും മട്ടുമെല്ലാം
തുറിച്ചങ്ങു നോക്കുന്ന ലോകങ്ങൾ കണ്ടി-
ട്ടുറച്ചാനിവൻ തല്ലുവാൻ പോരുമെന്നു്. 71

പുളച്ചോരു ഗർവ്വത്തിനാൽ കൂട്ടു തല്ലി-
പ്പൊളിച്ചോരു ശാർദ്ദൂലരാജൻകണക്കേ
കുളിച്ചാർത്തു ചാടീട്ടു ജീമൂതനെത്താൻ
വിളിച്ചാനടിപ്പോരിനായ് ഭീമസേനൻ. 72

"ജവം കാററിനോളം ഭുജം മുട്ടിനോളം
രവം കാലരുദ്രൻെറ രൂപം തഥൈവ
ഇവൻ നന്നു തല്ലിന്നു സാമാന്യനല്ലെ-"
ന്നിവണ്ണം വിചാരിച്ചു ജീമൂതമല്ലൻ. 73

മദാലാഞ്ജനേയാനുജക്രീഡ കണ്ടി-
ട്ടുദാസീനനായത്ര നിന്നില്ലൊരാളും
തദാ മല്ലവാദ്യൌഘഘോഷം തകർത്തു
മുദാ കാണിലോകങ്ങൾ കൈകൊട്ടിയാർത്തു. 74

വളർന്നോരമർഷേണ ജീമൂതനാസ്യം
വിളർന്നൊന്നു രണ്ടാർത്തു പാഞ്ഞെത്തി നേർത്തു
തുളുമ്പും രസാൽ ഭീമനും നേർത്തടുത്തു
കളം പാരമപ്പോൾ കുലുങ്ങിച്ചമഞ്ഞു. 75

കടത്തിൽപരം നീർ നിറഞ്ഞിട്ടമർഷം
കടുത്തിട്ടു രണ്ടാന നേർക്കുന്നപോലെ
പടുത്വേന ജീമൂതനും ഭീമനും നേ-
ർത്തടുത്തീടിനാർ തങ്ങളിൽ സ്പർദ്ധയോടേ. 76

പരക്കും മഹാവജ്രശൈലദ്വയം ചേ–
ന്നുരക്കെപ്പുരം കൂട്ടിമുട്ടുന്ന പോലെ
കുറയ്ക്കാതെ ജീമൂതനും ഭീമനും ന–
ന്നുറയ്ക്കങ്ങുമിങ്ങും പ്രഹാരം തുടങ്ങി. 77

മഹാരൌദ്രവിച്ഛിദ്രനാനാപ്രകാര–
പ്രഹാരാപഹാരാദി സാമർത്ഥ്യസാരം
മഹാരംഗദേശത്തിലാ രണ്ടുപേരും
വിഹാരപ്രിയന്മാർക്കു കാട്ടിക്കൊടുത്തു. 78

"ജയിക്കേണമിപ്പോളെനിക്കെന്നു മല്ലൻ
ജയിക്കേണമിപ്പോളെനിക്കെന്നു ഭീമൻ"
ഭയപ്പെട്ടിടാതോർത്തടിക്കുംവിധൌ വി–
സ്മയപ്പെട്ടു ലോകങ്ങളേററം തെളിഞ്ഞു. 79

അതിപ്രൌഢമാമക്കളിത്തല്ലു കണ്ട–
ത്ഭുതപ്പെട്ടു മാലോകരോരോന്നു ചൊന്നാർ
ഇതുംവണ്ണമത്യത്ഭുതാകാരമാം ത–
ല്ലിതിൻമുമ്പൊരാളും നിനച്ചിട്ടുമില്ല. 80

മുരദ്വേഷിയും കൈടഭൻതാനുമായി–
ത്തരത്തിൽ പുരാ ചെയ്ത പോരിന്നുശേഷം
പരം മല്ലനും വല്ലവന്താനുമായി–
ച്ചിരം ചെയ്യുമിപ്പോരു കണ്ടോരു കണ്ടു. 81

ചിലർക്കിങ്ങു കാണ്കെററമാക്കാതെ വയ്യാ
ചിലർക്കിങ്ങുടൻ കയ്യു കൊട്ടാതെ വയ്യാ
ചിലർക്കിപ്പൊളോരോന്നുരയ്ക്കാതെ വയ്യാ
പലർക്കും വികാരം വിചിത്രപ്രകാരം. 82

"ക്രമം തെററിടാ ചൊരമീ രണ്ടു പേർക്കും
സമം തല്ലിതെന്നാകിലും പാർത്തുകൊൾവിൻ
ശ്രമം തെല്ലഹോ! വല്ലവന്നുണ്ടിദാനീം
ശ്രമം തെല്ലു പോരിന്നു ജീമൂതനോർത്താൻ." 83

പ്രീതന്മാരായിവണ്ണം പലമൊഴി പലരും
 വിസ്മയപ്പെട്ടു പെട്ടെ-
ന്നോതുന്നേരത്തിലുഗ്രപ്രതിഭടപടലീ-
 ഭീമനാം ഭീമസേനൻ
ജാതോത്സാഹേന ജീമൂതനെയുടനെ പിടി-
 ച്ചിട്ടു തന്മസ്തകത്തിൻ-
മീതേ പൊക്കിപ്പിടിച്ചത്ഭുതരസമതൊലി-
 പ്പിച്ചു ചുററിച്ചു വേഗാൽ. 84

കററക്കാറൊത്ത ജീമൂതനെ വടിവിലുടൻ
 വല്ലവൻ പൊക്കിയേവം
ചുററിക്കും മട്ടു കണ്ടാസ്സഭമുഴുവനുമൊ-
 ന്നാംഭ്രമിച്ചത്ഭുതത്താൽ
"തെററന്നീ വല്ലവൻതാൻ നരഹരിഭഗവാ-
 നന്യഥാ കാലരുദ്രൻ
ചെററം നമ്മാംക്ക കില്ലില്ലിതിലിതി വിനയാ-
 ലൊപ്പമായക്കളപ്പിയാത്തു." 85

ഈവണ്ണം നൂറുവട്ടം പവനജനലറി-
 ക്കൊണ്ടു ചുററിച്ചു നേര-
ത്താവണ്ണം ചേൎന്ന ജീമൂതനുടെയുടലിലെ-
 സ്സന്ധിബന്ധങ്ങളെല്ലാം
ജീവൻപോമട്ടഴിഞ്ഞു ജയമദമൊട്ടുടൻ
 ബോധമെല്ലാമൊഴിഞ്ഞു
പോവും പ്രാണൻ പിടഞ്ഞു ഭുവി പല വഴിയായ്
 ചോര പാരം ചൊരിഞ്ഞു. 86

ഭീമന്മഹാട്ടഹസിതങ്ങളുടൻ മുഴക്കി-
ജ്ജീമൂതനെജ്ഝടിതി ഭൂമിയിലൊന്നലക്കി
ഭൂമിന്നലുള്ള ഘനമൊത്തൊരവന്റെ ദേഹ-
മാമന്നിലപ്പൊഴുതുടഞ്ഞു പൊടിഞ്ഞു ചിന്നി. 87

ആനന്ദവിസ്മയരസാബ്ധിയിൽ മുങ്ങി നീത്തു-
മാ നന്ദ്യസത്സഭയിൽവെച്ചുടനേ വിരാടൻ
ദാനം ചുരുക്കമെറിയാത്തവനാത്തഹർഷം
മാനിച്ചു വല്ലവനു ഭൂരിധനം കൊടുത്തു. 88

ഇത്ഥം ബദ്ധമദോദ്ധതാരിനികര
പ്രധ്വംസകർമ്മം മഹാ-
യുദ്ധേ വല്ലവനാങ്ങുടൻ ബഹുസഹ-
സ്രാവർത്തിയായ് സാഹസാൽ
മർത്ത്യന്മാരിലൊരുത്തനില്ലെതിരവ-
നീമട്ടിലായപ്പൊഴേ
മത്തദ്വീപിഹരിദ്വീപാദിയൊടവൻ
നേർത്താൻ നരേന്ദ്രാജ്ഞയാ. 89

ശങ്കിക്കാതഥ വല്ലവൻ കളിരസം
ചിന്തീടുമന്തഃപുര-
ത്തിങ്കൽ തിങ്ങിന തിങ്കൾനേർമുഖികൾതൻ
മദ്ധ്യേ സമിദ്ധോത്സവം
ഹുങ്കാരം ഹരിവാരണർക്ഷമഹിഷ-
വ്യാഘ്രാദി ജന്തുക്കളോ-
ടങ്കംവെട്ടി രസം വളത്തു വിരുതേ-
റീടും വിരാടാജ്ഞയാ. 90

ഇത്യാദി ക്രീഡചെയ്താ നരവരനഗരേ
പാർത്തിടുന്നോരു മർത്ത്യ-
ക്കത്യാനന്ദാത്ഭുതംചേർത്തതിബഹുലബലോ-
ച്ചണ്ഡരാം പാണ്ഡവന്മാർ
സത്തായീടുന്ന ദുർഗ്ഗാവരബലമതിനാൽ
സൌമ്യമായ്പ്പാണു ഗൂഢം
പത്തായീ മാസമേവം ഭഗവതി കനിയു-
ന്നോക്ക മാലോകരിലെന്തോ. 91

പാണ്ഡവോദയം ജീമൂതവധമെന്ന
ആറാം സർഗ്ഗം സമാപ്തം.

# ഏഴാം സർഗ്ഗം

ഒളിവിലവിടെയേവം പാണ്ഡവന്മാർ വസിക്കു-
ന്നളവിലൊരുദിനത്തിൽ തത്ര രാജ്ഞീഗൃഹത്തിൽ
മിളിതരസമണഞ്ഞാൻ സോദരീദർശനാർത്ഥം
ലളിതസുഭഗവേഷൻ കീചകൻ നീചചിത്തൻ. 1

കടലിനൊടെതിരാട്ടം ശ്രീവിരാടന്റെ ഭീമ-
പ്പടയുടെ പതിയാമാ വീരനാരാൽ വരുമ്പോൾ
അടിതളികൾ കഴിക്കും ചേടിമാരൊക്കെയോടീ
വടിവൊടു സഖിമാരും നന്നെ മാനിച്ചു മാറി. 2

കുഴൽകുയിൽകിളിവീണാവേണുരമ്യസ്വനങ്ങൾ
ക്കഴലധികമണച്ചും മാരനാരാൽ തുണച്ചും
അഴകിലമൃതസാരം തത്ര ധാരാളമായി-
ട്ടൊഴുകിടുമൊരുഴിഞ്ഞാൽപാട്ടവൻ കേട്ടിതപ്പോൾ. 3

കരളിലുടനെ പൊങ്ങും കാമതാപാബ്ധിധൈര്യ-
ക്കര ഝടിതി പൊടിച്ചു സജ്ജ്വരൌർവ്വൻ ജ്വലിച്ചു
പരമപരമനോരാജ്യങ്ങളെല്ലാം നശിച്ചു
ചിരമവനു മഹാശാപാശബന്ധം ഭവിച്ചു. 4

നിപുണയൊരുവളപ്പോൾ സൂതജൻതൻ വികാരം
സപദി ദൃഢമറിഞ്ഞാൾ പിന്നെയേവം പറഞ്ഞാൾ
"ഉപവനമതിലാടീടുന്നു നൽ പൊന്നുഴിഞ്ഞാൽ
നൃപതിമഹിഷിയിപ്പോളിപ്രദേശത്തിലില്ല." 5

ഒളിവിലവളിതോതുന്നേരമേ സൂതപുത്രൻ
ജളനുടനവിടത്തിൽ ചെന്നു നോക്കുന്ന നേരം
തെളിവിനൊടഥ കണ്ടാൻ പൊന്നുഴിഞ്ഞാലിലേറി-
ക്കളമൊടു കളിയാട്ടം ദ്രൌപദീരൂപരത്നം. 6

ജലധരസദൃശശ്രീപങ്കജാക്ഷന്റെ വക്ഷ-
സ്ഥലമതിലതിരാഗാൽ നിത്യവാസത്തിനാലേ
മലർമകളവളേവം കൃഷ്ണയായെന്നു കൃഷ്ണോ-
ജ്വലതനുരുചികണ്ടന്നേരമാ വീരനോർത്താൻ. 7

ലളിതകനകഡോളാകിങ്കിണീസഞ്ചയത്തിൻ-
കളകളമൃദുഘോഷം കേട്ടവൻ കോട്ടമെന്യേ
തളിർടിയിവളം വെക്കം പൊന്നുഴിഞ്ഞാൽ ചിരിക്കും
കിളികിളിതമിതെന്നങ്ങോർത്തു ചീത്തോരു രാഗാൽ. 8

മുടിമുതലടിയോളം കൃഷ്ണതൻ സുന്ദരശ്രീ-
പെടുമവയവമെല്ലാമെപ്പോഴും നൽപ്രമോദാൽ
വടിവിലവനു കാണ്മാൻ കാംക്ഷ വർദ്ധിക്കയാലും-
ത്തടമുടനെ പരുങ്ങീ കണ്ണു തിണ്ണം കുഴങ്ങി. 9

ചലിതനയനചിത്തം സൂതജന്നദ്ദശായാം
തലമുടിതിമിരത്തിൽ പെട്ടുപോമൊട്ടുനേരം
അലയുമമലഹാസംതന്നിൽ നേത്രാന്തലീലാ-
വലയിൽ വലയുമേവം കൃഷ്ണയാൽക്കൃഷ്ണമായീ. 10

അഴകൊഴുകിന കൃഷ്ണാംഗങ്ങളിൽ കീചകന്ത-
ന്മിഴികരളിവരണ്ടും തെണ്ടിമണ്ടിക്കുഴങ്ങി
വഴിയിലഖിലദിക്കിൽ ദക്ഷിണസ്സദ്യകിട്ടു-
ന്നൊഴുതു ദൂരമുഴന്നുള്ളോരു വാധ്യാരുപോലെ. 11

സ്വയമഴകിടതിങ്ങും കൃഷ്ണതന്നത്ഭുതശ്രീ-
മയതനുലത നന്നായ് ദൃഷ്ടിയിൽ പെട്ട നേരം
ജയമൊടു പടശീലിച്ചപ്പോളഷ്ടാവധാന-
ക്രിയകളവനു ശീലിക്കാഞ്ഞതിൽ കാഞ്ഞു ചിത്തം. 12

കിമപി ഫലമുദിക്കാ സർവ്വദാ സർവ്വകാര്യ-
ഭ്രമളിയെഴുമവന്നെന്നോർത്തവൻ ചീർത്ത ധൈര്യാൽ
ഭ്രമരസദൃശമാകും കൃഷ്ണതൻ കുന്തളാദി-
ക്രമമൊടു നിജചിത്തം നിർത്തി നോക്കിത്തുടങ്ങി 13

ചടുലമിഴിയെഴുന്നീത്തന്വതൻ ചിന്നി മിന്നും
മുടിയിതിരുളിണക്കം കക്കടക്കാറുതന്നേ
പടുതയൊടിതു പാരിൽ ചാരുശൃംഗാരസാര-
ക്കടലിനൊരു വലിപ്പം പൂർത്തിയായ് ചേർത്തിടുന്നു. 14

ചപലനയനയാമിക്കാന്തതൻ കുന്തൾഭാരം
തപമറതിവരുമ്പോൾ കണ്ടിടും കൊണ്ടൽതന്നേ
ചപലകളിരുപാർശ്വത്തിങ്കലും തങ്കഡോളാ-
കപടമൊടിത ചാഞ്ചല്യത്തൊടിഞ്ഞൊത്തിടുന്നു. 15

നിരുപമഗുണമുള്ളീ ബാലതൻ വേണി വണ്ടിൻ-
നിരകളുടെ കറപ്പാളുന്ന കാളിന്ദിതന്നേ
തരണി സപദി നീട്ടീടുന്നു കെട്ടിപ്പിടിപ്പാൻ
തരളകരയുഗത്തെ സ്വർണ്ണഡോളച്ഛലത്താൽ. 16

അഖിലഭുവനപത്മോന്മീലനം ചെയ്തു പാരിൽ
സുഖമുടനെ മുടിച്ചീടുന്നു ഘോരാന്ധകാരം
അകലുഷവിപുലാമോദാലിവൾക്കുള്ള കേശം
സകലനയനപത്മോല്ലാസമുണ്ടാക്കിടുന്നു. 17

കുവലയമലർ തൊട്ടിട്ടുള്ള ബാണങ്ങളെല്ലാ-
മവികലമിഹവിട്ടാക്കേമെന്നാം കാമദേവൻ
ഇവളുടെ കചമാകുന്നോരു പാഞ്ചജന്യമസ്ത്രം
ഭുവനവിജയകാമാൽ സമ്പ്രയോഗിച്ചിടുന്നു. 18

മയിലുകളിവൾതൻ നൽ കുന്തളൌഘം മഴക്കാ-
റയതുമളവു ഹർഷത്തോടു കൂത്താടിടുന്നു
ജയമൊടു നൃവരന്മാർ വന്നിടുമ്പോൾ നടന്മാർ
നിയമമൊടുപചാരത്തിന്നു തുള്ളുന്നപോലെ. 19

സകലഗുണമെഴുന്നീ കുന്തൽതൻ കാന്തിയേററം
തികയുമിവിടെയിപ്പോൾ കെല്ലൊടിഷ്ഷൾപദൌഘം
അകലുഷമണയുന്നു നാണവും മാനവും ചെ-
റ്റകമതിൽ മധുപൌഘത്തിന്നു ചേരുന്നതാണോ? 20

വരമൊഴിയിവൾതൻ നൽ കേശപാശം ജവാലെൻ-
കരളിലിഹ കടന്നിട്ടിന്നു തുള്ളുന്നു പാരം
ചിരമുടനിനിയേറെക്കത്തുവാനായ്ത്തുടങ്ങും
സ്മരഹുതവഹനൻതൻ ഭീമധൂമംകണക്കേ. 21

മതിമുഖിമണിയാമിബ്ബാലതൻ ഫാലദേശം
മതിയിൽ മമ തറച്ചിട്ടേററമായേററിടുന്നു
രതിപതിഭഗവാൻതൻ മൂർച്ചയുള്ളർദ്ധചന്ദ്രാ-
കൃതിയുടയൊരു ബാണംപോലെ വന്മാലിദാനീം. 22

ഇവളുടെ രുചിരശ്രീഫാലസാമ്യം വിളങ്ങും
നവധവളകരൻതൻ മൂർത്തിയെപ്പാർത്തിടുമ്പോൾ
സവിനയമിഹ കൈകൂപ്പുന്നു മാലോകരെല്ലാം
ശിവനുമിതു ശിരസ്സിൽ ചേർത്തുടൻ ചാർത്തിടുന്നു 23

സരസിജശരനും തൽഭാര്യയും ഭംഗിയുള്ളീ-
ത്തരുണിയുടയ കണ്ണിൽ ചേർന്ന ശൃംഗാരസിന്ധൌ
സരസമിഹ കളിക്കും കാലമൊട്ടൊട്ടു പൊങ്ങും-
തിര പുരിയമതായിത്തീർന്നുവെന്നെൻറ പക്ഷം 24

വടിവിലഴകമിന്നിച്ചിന്നുമിത്തന്വിതൻ നൽ
ചടുലലളിത ചില്ലീവല്ലിയാൽ നല്ലവണ്ണം
മടുമലർവിശിഖാഖ്യൻ വ്യാധനിസ്സാധുവാമെ-
ന്നുടയ ഹൃദയമാം മാൻകുട്ടിയെക്കെട്ടിടുന്നു. 25

ഇവളുടെ മുഖമാകും ചന്ദ്രനാം മാതുലൻത-
ന്നവനമതിനുമേററം മണ്ഡനത്തിന്നുമായി
ഭുവനവിജയി ലക്ഷ്മീനന്ദനൻ വിന്യസിച്ചാ-
നിവിടെയഴകെഴും തൻ വില്ലു ചില്ലിച്ഛലത്താൽ. 26

പരമിവളുടെ നേത്രംപോലെയങ്കത്തിനൊന്നും
തരമുടയതു കാണുന്നില്ല കില്ലില്ലതെല്ലും
കരളിലിതുമനോജൻ പാർത്തിതിൻ ഭംഗിചേരു-
ന്നൊരു സുരുചിരമീനം ശങ്കവിട്ടങ്കമാക്കി. 27

അവികലഗുണമേറും വിഷ്ണുനേത്രങ്ങളാകും
രവിശശികൾ തെളിഞ്ഞീടുന്ന തേജോമയന്മാർ
ഇവളുടെ ശുഭതേജോനേത്രമോടൊത്ത പത്മം
കുവലയമിവ കാമംപൂണ്ടു കൈക്കൊണ്ടിടുന്നു. 28

സരസിജമതിലും നല്ലോരു ശൃംഗാരമുള്ളി-
ത്തരുണിയുടയ നേത്രം രണ്ടിലും രാഗമോടേ
സരസിജശരനാകുന്നോരു ശൃംഗാരയോനി-
ക്കരിയ ജനനി ലക്ഷ്മീദേവിമേവുന്നു നിത്യം. 29

കുവലയമഴകേറും കൈതകം കഞ്ജമെന്നു-
ള്ളിവകൾ സപദി തങ്ങൾക്കുള്ള താപങ്ങൾ തീർപ്പാൻ
ഇവളുടയകടാക്ഷഭ്രാന്തി ചേർക്കുന്നാളിക്കായ്
നവമധുരസസാരം നൽകരം നൽകിടുന്നു. 30

പരമപജയമെല്ലാമീനിനും ചേർത്തിടുന്നി-
ത്തരുണിയുടയ കണ്ണിൻ ലീലതാൻ ജാലമോർത്താൽ
അരവരിതു നിനച്ചിട്ടിങ്ങു മത്സ്യവ്രജത്തെ-
പ്പരിചിൽ വലകൾ വീശി കൈക്കലാക്കുന്നു ലാക്കിൽ. 31

നലമൊടു മദനൻതൻ ബാണമീബാലതൻ നൽ-
ചലിതനയനപാതംതന്നെ മറ്റൊന്നുമല്ല
മലർമകളുടെ പുത്രൻ താമരപ്പൂതുടങ്ങി-
പ്പലമലരഴകിന്നായ്ത്തന്നെയേന്തുന്നു കയ്യിൽ 32

ഭുവി സകലഹൃദന്തേ ശ്രീഭവാനന്ദസാരം
ജവമൊടിഹനയിപ്പാനമ്പിൽ വമ്പൻ പ്രജേശൻ
അവികലഗുണമെല്ലാം നല്ലമട്ടുല്ലസിക്കു-
ന്നിവളിലഴകെഴുന്നീ നേത്രയുഗ്മത്തെ വെച്ചാൻ. 33

ധരണിയിലിഹ വംശം നവ്യമേന്തുന്നു ചന്തം
വരുവതിനു വരശ്രീയൊത്തിടും മുത്തു നിത്യം
പരമിവളുടെ നാസാവംശമേവന്നുമുള്ളിൽ
സരസമനിശമുണ്ടാക്കുന്നു മുത്തെന്നതേറാം. 34

ഉലകിലമിതരാഗം നിത്യവും ചേർത്തിടുന്നീ–
ച്ചലമിഴിമണിയാൾതൻ ഘ്രാണമാം വേണുരൂപം
വിലസിതരുചികണ്ടോ വിസ്തരിക്കുന്നു രാഗം
നലമൊടു ബഹുലോകം ചേണെഴും വേണുവാലെ. 35

അതിജവമൊടു കത്തിച്ചീടണം രാഗമാകും
ഹുതവഹനെ നമുക്കെന്നോർത്തുടൻ ചീർത്തമോദാൽ
അതിനു സതതമൂതാനിക്ഷുചാപൻ ചമച്ചാൻ
കുതുകമൊടിവൾതൻ നൽ ഘ്രാണമാം വേണു നൂനം. 36

രതിപതിഭഗവാനും ചാരുശീലങ്ങൾ ചേരും
രതിയുമിതുവിധംതാൻ ഡോളയിൽ കേളി ചെയ്വാൻ
കുതുകമൊടു തുടങ്ങീടുന്നു വെന്നിങ്ങു തോന്നും
ചിതമെഴുമിവൾതൻ നൽ കർണ്ണപാശങ്ങൾ കണ്ടാൽ. 37

മികവെഴുമിവൾ തൻ നൽ ഗണ്ഡയുഗ്മാഖ്യ ചേരും
മുകുരയുഗമിതിങ്കൽ പാർത്തു തന്മൂർത്തിതന്നിൽ
തികവിലഴകു ചേർത്തിട്ടംഗജൻ കാന്തയോടൊ–
ത്തകമതിലതിമോദം വാച്ചു ഗർവ്വിച്ചിടുന്നു. 38

കലകളുടയ നാഥൻ മധ്യമൻ മധ്യമതാം
കലരുമുടനിവൾക്കുള്ളോരു നൽ ചാരുഗണ്ഡം
കലിതരുചി നിരീക്ഷിച്ചെങ്കിലപ്പോളിരിപ്പ–
ക്കലികകളലിയൊടേററങ്ങോടി വൻകാടു കേറും. 39

സകലജനനി ലക്ഷ്മീദേവിരത്നാകരത്തിൻ–
മകൾ നിജസുതനേററം മംഗളം മടങ്ങിടാതെ
തികയുവതിനുവേണ്ടിത്തീർത്തു രത്നത്തിനാൽനാ–
ന്മുകുരയുഗമിവൾക്കുള്ളച്ഛഗണ്ഡച്ഛലത്താൽ. 40

ബലഭരമൊടിവൾക്കുള്ളോരു നൽ ചുണ്ടു ബിംബീ–
ഫലമതിനുടെ സാരം സർവ്വവും ചൂന്നെടുത്തു
നലമൊടതു നിമിത്തം തൊണ്ടുതാൻ ശിഷ്ടമായി–
ട്ടുലകിലതിനു നാമം തൊണ്ടിയെന്നായി വന്നു. 41

ഇവളുടെ ചൊടി രണ്ടും കണ്ടു പാരം ചുമപ്പാൻ
കവിയുമൊരഭിലാഷം പൂണ്ടു കൈക്കൊണ്ടിടുന്നു.
നവകിസലയമൊക്കന്നാരിമാർ തന്നടിച്ചോ-
ടവികലമിഹ ലാക്ഷാച്ചാറിതാ മാറിടാതെ. 42

ജവമൊടധരകാന്ത്യാ ലോകസംരഞ്ജനം ചെ-
യ്തിവളഴകിൽ വിളങ്ങും മട്ടു കണ്ടിട്ടു കാമാൽ
അവനിപതിസമൂഹം ലോകസംരഞ്ജനത്തി-
ന്നവികലമതിയത്നം നീതിയിൽ ചെയ്തിടുന്നു. 43

നിരുപമബഹുരാഗാൽ വിശ്വസമ്മോഹനം ചെ-
യ്തരുളിടുമിവൾതൻ നൽ ചുണ്ടുകണ്ടിണ്ടലെന്യേ
സരസമഖിലചേതോമോഹനത്തിന്നു ഗാനം
സുരുചിരബഹുരാഗംതന്നെയായ്പ്പന്നിടുന്നു. 44

തരുണികൾമണിയാമിക്കാന്തതൻ ചന്തമേന്തു-
ന്നരുണരദനവസ്ത്രം പാർത്തു ചീർത്താർത്തിയാലേ
അരുണരുചിനിമിത്തം ഗർവ്വം കുന്നിച്ച കുന്നി-
ക്കുരുവിനുടെ മുഖശ്രീ കഷ്ടമേററം കറുത്തു. 45

നലമൊടഖിലഹർഷാകാരമായിപ്രകാരം
വിലസിടുമിവൾതൻ നൽ ദന്തസാമ്യം തരത്തിൽ
കലരുമമലമുക്താസന്തതിക്കൊക്കെ മുത്തെ-
ന്നുലകിലൊരഭിധാനം നൂനമുണ്ടായി നൂനം. 46

തെളിവിനൊടവൾതൻ നല്ലാനനേ ശുക്ലദന്താ-
വലിപരമിതു കണ്ടാൽ തോഷമോടോഷധീശൻ
നളിനശരയശസ്സാകുന്ന കല്പദ്രുമത്തിൻ
മുളകളിഹ വഹിച്ചീടുന്നതാണെന്നു തോന്നും. 47

വിരുതൊടഖിലലോകം വെല്ലുമാമല്ലബാണൻ-
തിരുവടിയുടെ മൊട്ടമ്പിൻെറ നൽചങ്ക്തിപോലെ
പരമിവളുടെ ദന്തശ്രേണി ഹാഹന്ത! വേഗാൽ
കരളിൽ മമ തറച്ചിട്ടാർത്തിയെച്ചേർത്തിടുന്നു. 48

ഇനിവിടരുമുടൻതാനേനവമാം മുല്ലമൊട്ടി-
ങ്ങനെ രദനമിഷാലിത്തന്വിയാം വല്ലിതന്നിൽ
അനുപമരുചി കണ്ടിട്ടെന്റെ കണ്ണായ കാർവ-
ണ്ടനവരതമതിങ്കൽ ചെന്നു ചേരുന്നു ഗാഢം. 49

ജലരുഹമിഴിയാമീക്കാന്തതൻ മന്ദഹാസോ-
ജ്ജ്വലകുളുർമതിശോഭാവൃന്ദമേൽക്കുന്നതാകിൽ
അലിയുമഖിലലോകം നന്ദിയോടിന്ദുകാന്തോ-
പലമൊട്ടു സമമായിത്തെല്ലുമിങ്ങില്ല വാദം. 50

ധവളധവളകാന്ത്യാ ലോകമങ്ങൊക്കെ മുക്ക-
ന്നിവളുടെ മൃദുലശ്രീഹാസമാം പാൽസമുദ്രം
ഭുവനജനനി ലക്ഷ്മീദേവി കൈവിട്ടിടാതി-
ങ്ങവിരതമതിമോദത്തോടു കൂത്താടിടുന്നു. 51

പരിമൃദുഹസിതശ്രീയല്ല ചൊല്ലാന്നിടുന്നി-
ത്തരുണിയുടെ മുഖത്തിൽ തൂമയിൽ കാണ്മതോർത്താൽ
പരിഭവഭയമൂലം തിങ്കൾതാൻ കാഴ്ചവെച്ചു-
ള്ളൊരു കരചയമെന്നാണെന്റെ ബോധം വിബാധം. 52

പരമിവളുടെ വക്ത്രത്തിങ്കൽ നിന്നിപ്പുറത്താ-
യ്വരുമൊരു ചിരിതോല്പിച്ചൊരു നൽ ക്ഷീരസാരം
സരസമിഹ കൊതിക്കും ഹന്ത! വല്ലാതെ തത്തും
സ്വരഗുണമുടയോരീ മാനിനീഗാനമോർത്താൽ. 53

ലയമെഴുമിവൾതൻ നൽ പാട്ടിനാൽ കാകയേക്കാൾ
കുയിലിനൊരു വിശേഷം തെല്ലുമില്ലാതെയായി
നിയതമതുനിമിത്തം കോകിലത്തിന്നരണ്യ-
പ്രിയത സതതമുണ്ടായ്വന്നു മന്ദാക്ഷമൂലം. 54

സ്ഫുടമിവളുടെ ഗാനം കേട്ടു ചിത്രപ്രമോദ-
ക്കടൽ കരകവിയുമ്മാറിങ്ങു പൊങ്ങുന്നമൂലം
വടിവിനൊടിഹ ചിത്രാകാരമായ് സ്തബ്ധമായി-
ട്ടുടനിനിയുലകെല്ലാം ഭദ്രമായാർദ്രമാകും. 55

ഇവളുടെയ ശിവാഭാസ്ഥാനമാമാനനത്തിൽ
കവിജനനി കളിച്ചീടുന്നു കാളുന്ന കാന്ത്യാ
അവിരതമതുമട്ടിൽതന്നെ താൎമങ്ക വിശേഷാ–
ത്ഭവലയസുഖദാനങ്ങൾക്കേതേകം നിദാനം. 56

വലിയൊരഴകെഴുന്നീത്തന്വിതൻ വക്ത്രസാമ്യം
കലരുമൊരു പദാൎത്ഥം തീൎപ്പതിന്നായ് പ്രജേശൻ
കലകളനുദിനം ചേൎത്തിന്ദുബിംബം ചമയ്ക്കും
നലമൊടുടനുടയ്ക്കും മഞ്ജുവാകാഞ്ഞു ഖേദാൽ. 57

സുമുഖികൾമണിയാമീത്തന്വിതമിൻ നന്മമാസ്യ–
ഭ്രമമൊടു ജനമെല്ലാം നല്ലൊരുല്ലാസശക്ത്യാ
വിമലമുകുരബിംബം നോക്കി നോക്കിത്തരത്തിൽ
സ്വമുഖമതിനതിശ്രീ പൂൎത്തിയായ് ചേൎത്തിടുന്നു. 58

മദനനുടയ സൎവ്വാധാരമാമീനതാംഗീ–
വദനരുചിവിശേഷം കണ്ടു തണ്ടേറുമബ്ജം
മദനവിശിഖമാം ഞാൻ തുച്ഛരെന്നായ് സഹസ്ര–
ച്ഛദനതയൊടു നാണം നന്ന തേടുന്നു നൂനം. 59

കളമൊഴിമണിയാമീക്കാന്തൻ ചന്തമേന്തും
ഗളമൊടു സമഭാവം തങ്കിടും ശംഖമിപ്പോൾ
വിളിയെഴുമൊരു മൎത്ത്യാമൎത്ത്യദൈത്യാദിസംഘം
തെളിവൊടു ശുഭകാമം പൂണ്ടു കൈക്കൊണ്ടിടുന്നു. 60

സ്വരമധുരതകൊണ്ടും വൎണ്ണസൽഭംഗികൊണ്ടും
സുരുചിരരുചികൊണ്ടും തുഷ്ടനായിട്ടനംഗൻ
വിരവിൽ വരകൾ മൂന്നെന്നുള്ള കള്ളത്തൊടേവം
വിരുതുകളിവൾതൻ നൽ കന്ധരയ്ക്കായിനൽകി. 61

ചിതമെഴുമിവൾതൻ നൽ ബാഹു നേന്മേനിവാക–
പ്പൂതുമലർമയമാലയ്ക്കുള്ളിൽ മാലേറമേറ്റം
ക്ഷിതിയിലിഹ ജനത്തിൻ കണ്ണുഭ്രമയ്ക്കു മറ്റൊ–
ന്നിതിനു സദൃശമായിട്ടിപ്പു കില്ലില്ല തെല്ലും. 62

കുവലയശരഡോളയ്ക്കുള്ള പാശത്തെ വെല്ല-
ന്നവികലരുചിയുള്ളിബ്ബാഹുയുഗ്മത്തിനാലേ
ഇവളഴകൊടു തൊട്ടീടുന്നൊരീ പൊന്നുഴിഞ്ഞാൽ
ജവമൊടധികമായിട്ടാടൽ തേടുന്നിതേവം. 63

ഇവളുടെയ കരത്തിൽ കള്ളമററുള്ള രാഗം
നവനളിനതതിക്കുണ്ടില്ലിതിൽ കില്ലു തെല്ലും
അവികലമിഹ കാണാം സ്പഷ്ടമായിട്ടു ശോണ-
ച്ഛവിനഖകപടത്താൽ പത്മരാഗങ്ങളാം ഭംഗ്യാ. 64

അലർശരഭഗവാനിത്തന്വിതൻ കൊങ്കയാകും
കലശമധികസാന്നിധ്യത്തെ നൽകുന്നതെല്ലാം
വലിയവരിഹ കണ്ടിട്ടീശ്വരന്മാർക്കശേഷം
കുലശമതു നടത്തീടുന്നു സാന്നിധ്യവൃദ്ധ്യൈ. 65

കല പുലിമുതലായീടുന്ന ദുർജ്ജന്തുവർഗ്ഗം
പലതുമുടയ കാടായുള്ള മാടൊക്കെയെങ്ങോ?
വലിയൊരു രസികന്മാർ വാഴ്ത്തുമിത്തന്വിയാളാം തൻ
മുലകളിവകളെങ്ങോ? തെല്ലുതാനല്ല ഭേദം. 66

പരമിവളുടെ ലക്ഷ്മീരംഗമാകും കുചത്തോ-
ടരുതരുതു വഴക്കെന്നോർത്തു മാർത്താണ്ഡദേവൻ
സരസിജകുലമിത്രം സോദരേ ഭേദമേററം
സരസിജമുകുളങ്ങളാക്കൊക്കെയുണ്ടാക്കിടുന്നു. 67

രതിപതിഭഗവാനാം ദേവനും ദേവിയാകും
രതിയുമിഹ കളിക്കും പന്തുതൻ ചന്തമെല്ലാം
ചിതമൊടു കവരുന്നീമങ്കതൻ കൊങ്കചേപ്പാ-
നതിസുകൃതമെഴുന്നോരാൾക്കുതാൻ ലാക്ക കിട്ടും. 68

സരസിജശരനും തൻ കാന്തയും ചന്തമേററം
വരുവതിനണിയുംനിർദ്ദോഷമാം ഭൂഷണൗഘം
നിരുപമരുചിവെക്കും നല്ല ചെപ്പെന്നു തോന്നും
പരമിവളുടെ ദാർഢ്യം തങ്കമീക്കൊങ്കകണ്ടാൽ. 69

നദിയൊടു സമയാമിത്തനൂദിയോടൊത്തു മിന്നും
ഹൃദയജ നവചക്രദ്വന്ദ്വമത്യന്തയുക്തം
മദനതപനദേവന്നേറെ രാഗം വരുമ്മാ–
റുദയമഴകിലുണ്ടാക്കുന്നു ചിക്കന്നു നിത്യം. 70

ഇവളുടെ ജഠരത്തെക്കണ്ടു മൂന്നായിടുന്നീ–
ഭുവനമതിൽ വസിക്കും ലോകർ വെവ്വേറെയായി
അവികലമിഹ ചേർത്തീടുന്നൊരാ ശ്ലാഘയെല്ലാം
ത്രിവലികപടമോടിങ്ങുണ്ടിതാ കണ്ടിടുന്നു. 71

പരമഴകിയ പേരാലിന്റെ പത്രേ കിടക്കും
ഹരിയുടെ ജലദശ്രീപൂണ്ട പൂമേനിപോലെ
പരിചൊടു പരിശോഭിക്കുന്നു തുന്ദത്തൊടൊത്തീ–
ത്തരുണിയുടെ തമാലശ്യാമമാം രോമരാജി. 72

ഇവളുടെ ശുഭനാഭീകോശരന്ധ്രത്തിൽനിന്നി–
ട്ടവനിതലമശേഷം വെല്ലുവാൻ മുല്ലബാണൻ
അവികലമുടനൂരും വാളു രോമാളിയാണെ–
ന്നിവിടെ മതികുറഞ്ഞോർ നീതിവിട്ടോതിടുന്നു. 73

ഇവളുടെ സുഭഗശ്രീ നാഭികൂപത്തിൽനിന്നി–
ട്ടവിരതമഴകാം നീർ കക്കുവാൻ ശക്രവാക്യാൽ
നവഘനരതിരോമാളിച്ചൂലാൽ വന്നിടുമ്പോൾ
ത്രിവലി നവഗുണത്താൽ ബദ്ധയായ്മധ്യമാഭ്രേ. 74

മിഴിയുടയൊരു നാഭീവാപിയിൽ തിങ്ങിയേററം
വഴിയുമൊരഴകാംനീരൊട്ടു മേല്പോട്ടു ചാമ്പാൻ
അഴകിൽ വലിഗുണത്താൽ കെട്ടി രോമാളിയാകും
കുഴലിവളുടെ മധ്യേ വെച്ചുറപ്പിച്ചു കാമൻ. 75

ഇവളുടയ നിതംബം മാരനാം മന്നവൻ ത–
ന്നവനിവലയതുല്യം ഭൂരിവിസ്താരരമ്യം
ഇവിടെ വിലസിടുന്നിച്ചന്തമുള്ളന്തരീയം
ധവളതരമവൻതൻ സദൃശോഹൃദ്യശോഭം. 76

മലമകളാംസുതനാകും ഹസ്തിതൻ ഹസ്തമാമീ-
ച്ചലമിഴിമണിയാളാം തന്നുരുവാമൂരുമൂലം
ഫലമൊടു സമമായിദ്ദേഹനാശം വരുത്തും
കുലകദളികളാംതന്നിൽ സ്പഷ്ടമായ്പ്പെട്ടിടുന്നു. 77

കരിതിലകകരത്തിന്നുള്ളിലുള്ളോരു സാരം
തരമെഴുമിവളാംതൻ നൽ ചാരുവാമൂരുയുഗ്മം
പരിചൊടപഹരിച്ചു ഹന്ത! തുമ്പിക്കരത്തി-
ന്നിരുതുളതൊലിയെന്നല്ലാതെയൊന്നില്ല തെല്ലും. 78

സ്മരനുടെ വിജയശ്രീസ്തംഭമാമിത്തുടക്കൊ-
ത്തൊരു ബഹുഗുണമേറും മുട്ടുതാൻ മുട്ടിതോർത്താൽ
പരമിതിനുടെ താഴത്തിപ്പദത്തിങ്കലായി-
പ്പുരയുവതികൾ ശീഘ്രം മുട്ടണം മുട്ടിടാതെ. 79

സുചിരമഴൽ മനസ്സിൽ കൈതമൊട്ടിന്നു തട്ടും
രുചിയെഴുമിവളാംതൻ നൽ ജംഘയെക്കാൺകമൂലം
രുചിരസുമശരൻതൻ തൂണു നാണം മുഴുത്തി-
ട്ടുചിതമിഹ പതുങ്ങീടുന്നു പെട്ടെന്നു പിന്നിൽ. 80

പരിചൊടു ജലപങ്കം പോക്കുവാനിക്കൃശാംഗീ-
ചരണയുഗളമാകും മഞ്ജുകഞ്ജദ്വയത്തെ
സരസിജപതിസൂര്യൻ ഹേമദോളാഖ്യമാം തൻ-
കരയുഗമതിലാക്കിക്കൊണ്ടു കൊണ്ടാടിടുന്നു. 81

സുവദനകമലത്തിൽ കുന്ദഹാസങ്ങളുള്ളി-
ക്കുവലയമിഴിയാളാം തൻ കാളകേശാളിജാലം
ജവമൊടുടനുഴിഞ്ഞാലാടിട്ടമ്പാളഴിഞ്ഞീ
നവപദനളിനത്തിൽ ചെന്നു ചേരുന്നു ഭംഗ്യാ. 82

മദനതരുവളർത്തിക്കൊണ്ടുടൻ വാണിടുന്നീ-
മദിരനയനയാളാംതൻ പത്തുകണ്ടാത്തഹർഷം
മദനസഖിവസന്തം മാവിലച്ഛായ ചേരും
മൃദുലകിസലയത്തെപ്പേർത്തുടൻ ചേർത്തിടുന്നു. 83

ചരണമിവൾ പതിക്കുന്നിവ്വഴിഞ്ഞാൽ പടിക്കു–
ള്ളൊരു സുകൃതവിശേഷം പോഷിതാശേഷതോഷം
പരമിഹ മമ നെററിയ്ക്കൂററമേററമുണ്ടാ–
യ്‌വരണമതിനിദാനീം ഹന്ത! ഞാനെന്തുചെയ്‌വൂ. 84

നലമൊടഖിലലോകേ മാനസത്തിങ്കലെല്ലാം
ചലമിഴിമണിയാമിത്തന്വിതൻ പാദപത്മം
കലിതരുചി വിളങ്ങുന്നുണ്ടഹോ! രാജഹംസാ–
വലിയിതു കരുതിത്താൻ മാനസം സ്ഥാനമാക്കി. 85

കോട്ടം വിട്ടീപ്രകാരം സ്മരവിവശനവൻ
    ദ്രൌപദീരൂപസാരം
പാട്ടിൽ പാർക്കുന്നനേരം പകലതു കഴിവാ–
    നല്പമായ്‌വന്നു നേരം
വട്ടംപൂണ്ടാപ്പടിഞ്ഞാറുടനെ ദിനകരൻ
    തൂങ്ങിയപ്പോളുഴിഞ്ഞാ–
ലാട്ടം മെല്ലെക്കഴിഞ്ഞു തരുണികൾ തരമൊ–
    ത്തങ്ങുമിങ്ങും പിരിഞ്ഞു. 86

പാണ്ഡുവാദയം അംഗവർണ്ണനം എന്ന
ഏഴാം സർഗ്ഗം സമാപ്തം

## എട്ടാം സർഗ്ഗം

ഹാഹാകാരത്തൊടത്തല്ലുട്ടുമവനു പുരാ
യജ്ഞജം യാജ്ഞസേനീ
ദേഹാകാരാമൃതപ്പൊങ്കുടമതിസുഭഗം
ദൂരെയായോരു ശേഷം
മോഹാകാരപ്രധൂമവ്യസനദഹനനിൽ
കാമഹോതാവുടൻതാൻ
സ്വാഹാകാരം കഴിച്ചാൽ പരമവനുടെ മെ-
യ്യുന്നു നെയ്യെന്നപോലെ. 1

വെക്കം മേല്പോട്ടു നോക്കും വ്യസനമൊടുടനേ-
തന്നെ കീഴ്പോട്ടു നോക്കും
നില്ക്കും മെല്ലെന്നിരിക്കും വികടമഥ നട=
ക്കും കിടക്കും വിയർക്കും
മുഖ്യശ്രീപൂണ്ട കൃഷ്ണാവിരഹവിവശനാ-
യിട്ടവൻ കഷ്ടമേവം
ചക്രശ്വാസം വലിക്കുന്നതിനു സദൃശമു-
ഷ്ണിച്ചു കഷ്ണീച്ചു പാരം. 2

സത്തായ്സർവ്വവധൂജനങ്ങളും മുടിയിൽ
ചേർത്തങ്ങു ചാർത്തുന്ന ന-
ന്മുത്താം ദ്രൗപദിതൻ കളേബരലസ-
ദ്രത്നം പ്രയത്നം വിനാ
ചിത്തോൽഭൂതശിലീമുഖോത്ഭവമഹാ-
രന്ധ്രങ്ങളന്നും വെടി-
ഞ്ഞാത്തോരുദ്ധതകീചകോദരമതിൽ
പ്രത്യക്ഷമായക്ഷണം. 3

ധ്യാനത്തിൽ സ്മരശിഷ്യനായിട്ടുമവൻ
തൻചിത്തമാമുത്തമ-
സ്ഥാനത്തിൽ ദ്രുപദക്ഷിതീന്ദ്രസുതയെ-
ക്കണ്ടാശ്ശു കൊണ്ടാടിനാൻ
മാനത്തോടിളകും മനസ്സിലുടനാ-
ശ്രുപം മറഞ്ഞതപ്പൊഴേ
വേനൽത്തീയെതിർകാമനാൽ കരാംകരി-
ഞ്ഞേററം കരഞ്ഞീടിനാൻ. 4

ഏവം സൂതസുതൻ സുമാന്ദ്രസുമഹാ-
തങ്കാബ്ധിതങ്കൽ പതി-
ച്ചാവോളം ബത! മുങ്ങി മുങ്ങി നിലകി-
ട്ടാഞ്ഞുള്ളലഞ്ഞങ്ങനെ
ഭാവം ചേർന്നു കരേറിനാനഴകിലാ-
സ്സൈരന്ധ്രി പാരം മുദാ
മേവുന്നോരു സുദേഷ്ണതന്റെ രുചിരാ-
ഗാരാന്തരീപാന്തരേ. 5

കരുണരസവിഷത്തിൻ ജ്വാല തട്ടീട്ടുമന്തഃ
കരണമവനു നീറി കായികച്ഛായ മാറി
തരുണികളവിടത്തിൽ പാർത്തിട്ടുന്നോരിതെന്തോ
മരണവികൃതിയാണെന്നോർത്തു കണ്ണീരു വാർത്തു. 6

സഹജദ്യുതിതികഞ്ഞീടുന്ന വന്മാനിയാ മ-
സ്സഹജദ്യുതികാം വല്ലാതങ്ങു കണ്ടോരു നേരം
ദഹനസദൃശചിന്താക്രാന്തമായ്പ്പുന്നുഭൂഭൃ-
ന്മഹിഷിയുടെ ഹൃദന്തം ഹന്ത! താന്തം നിതാന്തം. 7

പലതരമഥ ചിഹ്നംകൊണ്ടഹോ! രാജ്ഞി തണ്ടാർ-
മലർശരപതിതാപംതാനിതെന്നൂനമെന്യേ
നലമൊട്ടുടനറിഞ്ഞിട്ടങ്ങു പാരം നിഗൂഢ-
സ്ഥലമതിലവനോടായമ്പിലേവം പറഞ്ഞാൾ, 8

“നയമുടയ ഭവാനെന്താധിയോ വ്യാധിയോ ചൊൽ-
കയിസുമുഖ! പരം നിൻ ഛായയും പോയിതല്ലോ
സ്വയമരിനികരത്തെക്കൊന്നൊടുക്കും ഭവാനും
ഭയമിതെവിടെനിന്നിട്ടിപ്പോൾ വന്നുതഭവിച്ചൂ?” 9

ചാഞ്ചല്യത്തൊടുമാ സുദേഷ്ണയുടെ വാക്കേതും ശ്രവിച്ചീല ഭ്രു-
കാഞ്ചിക്കൊത്തൊരു മാരമാലിലധികം മുങ്ങിക്കുഴങ്ങുന്നവൻ
പാഞ്ചാലീരുചിരാംഗരത്നമവിടത്തിൽക്കണ്ടു കിട്ടീടുവാൻ
ചാഞ്ചാടീക്കുതുകം പരം ഹൃദി കലർന്നോരോന്നുയർന്നോതിനാൻ. 10

“അമ്പമ്പാ! തവ ദാസിയാകുമിവൾതൻ
സൌന്ദര്യമുള്ളിൽസ്മര-
ക്കമ്പം പാരമുദിക്കുമേവനുമിതൊ-
ന്നക്ഷീണമീക്ഷിക്കുകിൽ
വമ്പൻ പാരുകൾ വെന്നുവെന്നഥ പതി-
ന്നാലും പിടിച്ചോരു പൂ-
വമ്പൻ പാട്ടുകൾപെട്ടു നേടിയ ജയ-
ശ്രീയാണു പൊയ്യല്ലിവൾ. 11

നന്നായിപ്പെണ്ണിനൊപ്പം പറവതിനൊരുപെ-
ണ്ണിപ്പ വല്ലാതിളപ്പം
വന്നീടുന്നുണ്ടനല്പം പരയുവതിജന-
ത്തിന്നഹോ! നിർവ്വികല്പം
അന്യൂനശ്രീവലിപ്പം കുലരുമമരിമാ-
രിങ്ങുനൽകുന്ന കപ്പം
പിന്നെ പ്രായം ചെറുപ്പം മിനുസമിതിവൾതാൻ
വൃഷ്ണബാണത്തപ്പരുപ്പം. 12

മുല്ലപ്പൂ പിച്ചകപ്പൂ പഴകിയ പനിനീർ-
പിച്ചകപ്പൂ വിളങ്ങു-
ന്നല്ലിപ്പൂ ചെമ്പകപ്പൂവിവകൾ പലതരം
ഭംഗിയിൽ ഭംഗമെന്യേ

മെല്ലെപ്പൂർണ്ണാദരംപൂണ്ടിവളിതുസമയം
മാലകെട്ടുന്ന മട്ടെൻ
നല്ലൾപ്പൂവും പിടിച്ചിട്ടതിദൃഢമിഹ പെ-
ട്ടെന്നു കെട്ടുന്നു കഷ്ടം! 13

ഏതെല്ലാമക്ഷരം നല്ലൊരു ശുഭതപസാ
നാകികൾക്കേകിവന്മാ-
ലേതെല്ലാമക്ഷരത്താൽ സ്മരനുടയയഃശാ
മൂലമാം മൂലമന്ത്രം
നീ തെല്ലാനന്ദമേകീടണമതിനിതിനിങ്ങു-
ത്തരം സത്വരം ചൊൽ-
കേതെല്ലാമക്ഷരംകൊണ്ടിവളുടെ സുഭഗ-
ശ്രീമയം നാമധേയം? 14

ആയി! ഭൂതലലക്ഷ്മിയാകുമിവളെ-
ദ്ദാസ്യം പ്രവർത്തിക്കുവാ-
നായിട്ടിങ്ങനെ നിശ്ചയിച്ചതു മഹാ
കഷ്ടം! മഹീഭൃൽപ്രിയേ!
ഈയ്യൂഴീവലയത്തിലാരിഹ പദ-
പ്രക്ഷാളനത്തിന്നു നൽ-
പീയൂഷം നിയമിക്കുമീപ്പണിതൊടാൻ
മേലിന്നിമേലിങ്ങിവൾ. 15

വമ്പത്തംപൂണ്ട ജംഭാന്തകനുടെ ഭവന-
ത്തിന്നുമുൾക്കൊമ്പിലേററം
കമ്പത്തെഃവൃത്തിടും നമ്മുടെ കനകമഹാ-
രമ്യമാം ഹർമ്മ്യദേശേ
സമ്പത്തായോരു സമ്പത്തിനു മുഴുവനഹോ!
നാഥയായ് വാണിടേണം
നിൻഭൃത്യാസ്ഥാനമൊത്തോരിവൾ തരികതിനായ്
സമ്മതം സന്മതേ! നീ. 16

പുള്ളിപ്പേടമൃഗാക്ഷിയാകുമിവളെ–
　　കണ്ടിട്ടുടൻ കാമമാ–
ലുള്ളിൽപെട്ടു വിരാടനാം മമ വരൻ
　　തൻഭാര്യയാക്കാ ദൃഢം
ഭള്ളപ്പോഴുമെഴുന്ന കീചകനിവൻ
　　കൈക്കൊൾകിലെന്നുള്ളരേ–
ക്കള്ളപ്പോരൊടിതാസ്സദേഷ്ണ സഹസാ
　　താൻ സമ്മതിച്ചീടിനാൾ. 17

തൃഷ്ണാർത്തൻ ജലമെന്നപോലെ സഹജാ–
　　താസമ്മതം കൃഷ്ണയിൽ
തൃഷ്ണാവേശവശാലവൻ ബത! കുടി–
　　ച്ചുൾത്താർ കുളുർത്താദരാൽ
കൃഷ്ണാനന്തഗുണങ്ങളോർത്തു കവനം–
　　ചെയ്തങ്ങു പാർക്കുന്നൊര–
കൃഷ്ണാസന്നിധിതന്നിലേക്കു പരമാ–
　　നന്ദാൽ നടന്നാനുടൻ. 18

　　മാല നീളമൊട്ടു കെട്ടിവാഴുമാ–
　　മാലിനീമൃദുലമേനി കീചകൻ
　　ജാലവീഥിവഴിയായ് സ്മരൻെറ നൽ–
　　ജാലവിദ്യയതുപോലെ കണ്ടുതേ. 19

ചൊല്ലൊന്നു കൃഷ്ണപദഭക്തി കലർന്നു കൃഷ്ണ
ചൊല്ലുന്നൊരാസ്സരസകോമളപദ്യബന്ധം
മെല്ലെന്നു കേട്ടതിലതിസ്പൃഹപൂണ്ടവൻതാൻ
തെല്ലൊന്നൊളിച്ചു ചുമരൊത്തു ലയിച്ചുനിന്നാൻ. 20

"മന്ദിച്ചീടാതെ കുഞ്ഞിക്കുടവയറിൽ മുല–
　　പ്പാൽ നിറച്ചിട്ടു പൂർണ്ണാ–
നന്ദാലങ്കേ കിടക്കും പരമപുരുഷനാ–
　　കുന്ന തന്നന്ദനൻെറ

കുന്ദശ്രീമന്ദഹാസോല്ലസിതമുഖശര-
ച്ചന്ദ്രനെക്കണ്ടുകണ്ടാ-
നന്ദിക്കും നന്ദജായാനയനകുവലയ-
ത്തിൻെറ പുണ്യം ന ഗണ്യം. 21

അത്യന്തം ശുഭ്രമുള്ള ഗോപികാം മഹാ-
ഭക്തിപ്പുഴക്കത്തിനാൽ
നൃത്തം തത്തിരസിച്ചു കൃഷ്ണചരിത-
ത്തേമ്പാട്ടുമമ്പാടിയിൽ
സത്യം കെട്ടവവെന്ന പേരതു സഹി-
ച്ചുംകൊണ്ടു ഭക്തപ്രിയൻ
നിത്യം കട്ടിട്ടുമുണ്ടുവെണ്ണതരണം
സൌഭാഗ്യഭാഗ്യങ്ങളാമേ. 22

വിണ്ണിൽബ്ഭംഗിയീൽ വാഴ്ത്തീടും പൂകളെഴും
കണ്ണൻ കളിച്ചങ്ങനേ
മണ്ണപ്പങ്ങളെ വാർത്തുതിന്നു തളിരോ-
ടൊക്കുന്ന തൃക്കൈകളാൽ
പുണ്യപ്പെൺകൊടിലക്ഷ്മീതൻ കുളുർമുല-
പ്പന്തങ്ങു വിട്ടേന്തീടും
വെണ്ണപ്പന്തിനു കൈതൊഴുന്നു ബത! ഞാൻ
ചാവോളമാവോളവും. 23

നീലക്കാർവെന്ന പിലിത്തിരുമുടി വടിവിൽ
ഗോപി ഗോരോചനത്താൽ
കാലിക്കോലൊത്തൊരോടക്കുഴൽ തള വളയി-
ത്യാദിപൂണ്ടാദരേണ
ലീലയ്ക്കൊക്കും തരക്കാരൊട്ടുമുടനിടചേ-
ന്നങ്ങു പാൽവെണ്ണ കക്കാൻ
ശീലിക്കും ബാലഗോപാകൃതി ഹരിവികൃതി-
ത്തം പവിത്രം വിചിത്രം. 24

അയ്യയ്യോ! വെണ്ണ പോരേ ചെറുവയറു നിറ-
ഞ്ഞതില്ല നന്നായുറക്കം
പയ്യുണ്ടല്ലോ സഹസ്രം തവ തരികിനിയും
വെക്കമെന്നൊക്കെയായി
പയ്യെശ്ശാഠ്യംപിടിക്കുന്നൊരു ശിശു പശുപാ-
കാരനാം വിഷ്ണുതൻ തൃ-
ക്കയ്യിൽത്താൻ വെണ്ണ വെക്കും പശുപഗൃഹിണിതൻ
കൈത്തളിക്കായ് തൊഴുന്നേൻ. 25

ആപത്തൊന്നു വരുമ്പവെന്നതു പറ-
ഞ്ഞീടുന്നിതുണ്ണുന്ന കൈ
സ്വാപത്തിന്നു പരം രമാകുചഭരം
പുൽകുന്ന പുണ്യാംബുധേ!
താപത്തെത്തളിരൊത്ത തൃക്കഴൽ നമി-
പ്പോർക്കൊക്കെയും പോക്കുവോൻ
ഗോപത്വത്തെ യിടുത്തിടുന്നൊരു ഭവാ-
നിങ്ങാശ്രയം നിശ്ചയം." 26

"രൂപത്താൽ ത്രിജഗദ്ധീമോഹനമുടൻ
മോദിച്ചുചെയ്യും നിന-
ക്കാപത്തെങ്ങനെ വന്നിടും നിയതമായ്
സമ്പത്തുതാൻ സർവ്വദാ
ഗോപസ്തോത്രമൊഴിച്ചുകൊൾകിതുമഹാ-
നർത്ഥം വരുത്തും പ്രിയേ!
കോപത്തെക്കളെ"കെന്നുരച്ചവനുടൻ
പ്രത്യക്ഷനായക്ഷണം. 27

മുല്ലാസ്ത്രാമയതന്മയാകൃതി കല-
നുംകൊണ്ടു തന്നന്തികേ
ചൊല്ലാർന്നോരു വിരാടഭൂപതിപട-
ത്തലീശൻ തദാ കീചകൻ

ഉല്ലാസത്തോടു വന്നിട്ടന്നീശു സമീ-
ക്ഷിച്ചിട്ടു പാഞ്ചാലിതാൻ
വല്ലാതുള്ളൊരു സംഭ്രമത്തൊടെഴുന്നീ-
റ്റങ്ങോററവും മാറിനാൾ. 28

"മാറന്നതെന്തിനയി! നിൻകഴൽസേവചെയ്വാ-
നേറുന്ന കാമമൊടു ഞാനണയും വിധൌ നീ"
മാറുന്ന മാലിനിയൊടേവമുരച്ചുകൊണ്ടു
നീറും സ്മരാഗ്നിയൊടു സൂതനടുത്തുചെന്നാൻ. 29

കനക്കുമാപത്തിതുതന്നെയെന്നു
മനക്കരുന്നിൽക്കരുതിത്തദാനീം
തനിക്കുതാങ്ങാനരുതാത്തൊരത്തൽ
ജനിക്കയാൽ സ്തംഭിതയായി കൃഷ്ണാ, 30

പാഞ്ചാലിതന്നോടുടൻ സൂതപുത്രൻ
വാഞ്ഛാനുരൂപം വടിവോടു ചൊന്നാൻ
പഞ്ചാനനസ്ത്രീയൊടു കാട്ടിൽവെച്ചി-
ട്ടഞ്ചാതഹോ! ജംബുകനെന്നപോലെ. 31

"പേടിക്കണ്ട ജഗത്ത്രയത്തിൽ വിലസും
നാരീഗണം സർവ്വവും
പേടാക്കുന്നൊരു പേടമാൻമിഴിമണേ!
ചിക്കെന്നു നില്ക്കുന്ന നീ
നാടൊക്കെസ്സഹസാ ജയിച്ചു മഹിത-
ശ്രീമത്സുഭ്രൂമീന്ദ്രനെ-
പ്പാടേ കാപ്പവനേഷഞാൻ ഭവതിതൻ
ദാസൻ വിലാസാലസേ! 32

ചൊല്ലാർന്നീടും സുരസ്ത്രീമണിഗണമണിയു-
ന്നോരുനൽചാരുവൈര-

ക്കല്ലാം കല്യാണി! നിയ്യാരതു പറക മഹാ-
    ലക്ഷ്മിയോ പക്ഷ്മളാക്ഷി.
വല്ലാതുള്ളോരു വാത്സല്യമൊട്ടടൽ പരിചിൽ
    പാതിനൽകി പ്രിയത്താൽ
മുല്ലാസ്ത്രാരാതി ലാളിച്ചിട്ടമഴകിയ ശ-
    ർവ്വാണിയോ വാണിയോ നീ? 33

സ്വതോ ഭാഗ്യംകൂട്ടം ഭവതി ഹരിതൻ ലാളനകളാൽ
സ്മിതോല്ലാസം ചേരും വദനശശിയോടൊത്ത ശചിയോ?
അതോ സാക്ഷാൽ ലോകത്രയവിജയിയാംപഞ്ചവിശിഖൻ
സതോഷം മാനിക്കും സരസമതിയോടൊത്ത രതിയോ ?
34

മട്ടമലർവിശിഖൻെറ മഞ്ജുദേഹം
നിടിലതടാക്ഷിയിൽ വെന്തൊരീശ്വരനും
കഠിനതരമനോഭവാർത്തി വല്ലാ-
തുടനെ വളർത്തൊരു വിഷ്ണുമായയോ നീ? 35

നൽ ചന്ദ്രബിംബമതിസൌഖ്യകരം വസന്തം
മെച്ചപ്പെട്ടം മലയമാരുതനെന്നിതെല്ലാം
ഉൾച്ചേർച്ചപൂണ്ടമരുമംഗജനാശു സമ്പാ-
ദിച്ചോരു മോഹനജഗജ്ജയലക്ഷ്മിയോ നീ? 36

മാനങ്കംവെട്ടിമണ്ടും പൃഥുതരമിഴി! കേ-
    ളെൻെറ തത്വം കഥിക്കാം
മാനംകൂട്ടം വിരാടക്ഷിതിപനുടെ പട-
    യ്ക്കീശനാം കീചകൻ ഞാൻ
ഊനംകൂടാതെകണ്ടിയ്യലകുകളുടനേ
    വെന്നു സവ്വൈകമാന്യ-
സ്ഥാനം കേറിക്കളിക്കുന്നവനിവനയി! നിൻ
    ദാസനുല്ലാസശീലേ! 37

നേരൊക്കാത്തുള്ള ദേവവ്രതകൃപകലശീ
ജാതകണ്ണാദി വീര-
ന്മാരൊക്കന്നോരു ദുൎയ്യോധനനുടയ സഖാ-
വായ ധൂൎത്തൻ ത്രിഗൎത്തൻ
പാരാതെന്നേബ് ഭയപ്പെട്ടമിതഗുണഗണം
ചേൎന്നിടുന്നീ വിരാട-
ശ്രീരാജ്യം കൈക്കലാക്കാൻ കിമപിച തുടരു-
ന്നില നീലാളകാന്തേ! 38

ചന്ദ്രൻ നിന്മുഖഭംഗിയോൎത്തു സതതം
പേടിച്ചിട്ടുംപോലെതാ-
നിന്ദ്രൻ നാമ്മുടെ വീൎയ്യമോൎത്തവിരതം
പേടിച്ചിടുന്നുണ്ടയേ!
എന്നേക്കാം കുറയും ബലം ത്രിഭുവന-
സ്ഥന്മാൎക്ക സൎവ്വക്ഷമ-
ഞ്ഞെന്നാൽക്കാമനതേറിടും ഭവതി ന-
ന്നായിസ്സഹായിക്കയാൽ. 39

നന്നാക്കീടുന്നു യോഗാൽ സകലവുമമിത-
പ്രാഭവതാൽഗ്ഗുണൌഘം
പിന്നെത്തദൈപരീത്യാലതിനുടെ വിപരീ-
തം പ്രവൎത്തിച്ചിടുന്നു
ധന്യേ! നാസ്ത്യേവമന്യൊന്നിനുമഴകധികം
ചേൎന്നിടും നിൻഗ്ഗുണത്തിൻ
പിന്നാലേ പോകുവാനും വിരുതു തവ ഗുണം-
തന്നെ സൎവ്വൈകസേവ്യം. 40

നീളെസ്സൎവ്വജനങ്ങളും ഭുവി മഹാ-
മായേതി വാഴ്ത്തും മഹാ
കാളിക്കാത്തു ജഗദപിമോഹനകലാ-
ഭ്യാസത്തിലാസക്തിയാൽ

കേളിപ്പെട്ടൊരു നിൻ കചത്തിനരികിൽ
പാപ്പൃത്തുവിച്ചിട്ടു താൻ
കാളാംഭോധരകാന്തിയേവമുളവായ്
ഭംഗ്യാഖിലാംഗങ്ങളിൽ. 41

സൂത്രംകൊണ്ടിത്രിലോകഭ്രമകരനലർബാ-
ണാഖ്യനായോരുകുട്ടി-
ച്ചാത്തൻ കൂത്താടിമെല്ലെപ്പലകളികൾ തക-
ത്തിടുവാൻ തക്കമായി
മൈത്രിക്കോളാന്ന നിന്നാനനശശികരയു-
ശത്തിലേപ്പൊഴുമേന്തും
മാത്രക്കോൽപോലെ നിൻ ചില്ലിയിതഴകിൽ വിള-
ങ്ങുന്നു വിശ്വൈകരമ്യേ! 42

തണ്ടാർനേർകണ്ണി! മുമ്പങ്ങതിവിഷമവിഷാ-
ദാഖ്യമാകും വിഷത്തെ-
ക്കൊണ്ടാടിക്കൊണ്ടു പിന്നെബ്ബ്രഹ്മസുഖമയപീ-
യൂഷയൂഷദ്രവത്തെ
ഉണ്ടാക്കീടുന്നു സവ്വാശയമതിലിളകും
മാരവാരാശി നന്നായ്
കണ്ടാലും വേണ്ടമട്ടായതിഹ കടയുവാൻ
ദക്ഷമീ നിൻകടാക്ഷം. 43

പാരം പാരൊക്കെ വെല്ലാൻ വിരുതുടയൊരു നിൻ
രണ്ടു കണ്ണുള്ള വെള്ള-
ത്താരമ്പൻ രണ്ടു കണ്ണൻ ശിശുജനമതിനെ-
പ്പോലെ നമ്മെപ്പിടിക്കും
നേരംപോക്കല്ല നീ ദചത്തിടുമമിതമഹാ-
മോഹമാം കൂരിരുട്ടിൽ-
ഭാരം പൊങ്ങുന്നു മന്നിൽ സകലവുമനിശം
രാത്രിതൻ ചാരുഗാത്രി. 44

കൌടില്യം തൈക്ഷ്ണ്യമിത്യാദികറം പലതധികം
തങ്കീടും നിങ്കടാക്ഷം
നാടെല്ലാം ശൂന്യമാകുംപടി യുവതതിതൻ
ജീവനെക്കൈവശത്തിൽ
കേടില്ലാതേ വരുത്തുന്നിതു പരമതിനാ-
ലുണ്ടിതാ പങ്കജാത-
ത്തോട്ടല്ലാസാലിന്നങ്ങും മിഴിയിതിലതിയായ്
ജ്ജീവനിന്ദീവരാക്ഷി! 45

നിന്നാസ്യച്ഛായതേടും നിശയുടെപതിയെ-
സ്സന്തതം ബന്ധുവാക്കി
പിന്നെപ്ഫുല്ലാംബുജത്തെപ്പുതുമലർവിശിഖൻ
ചേണെഴും ബാണമാക്കി
ധന്യശ്രീധൈൎയ്യദേവാസുരമുഖസുമഹാ-
ലോകസമ്പൂൎണ്ണമാമീ-
മെന്നെല്ലാം വെന്നു സൎവ്വോന്നതപദമതിലെ
ത്തുന്നു നിസ്തുല്യശോഭേ! 46

ചന്ദ്രകാന്തഭവദാനനം മഹാ
നന്ദമാംപടി തെളിഞ്ഞു കാണ്കയാൽ
സുന്ദരാംഗി! യുവമാനസവ്രജം
ചന്ദ്രകാന്തസമമായ്യുരുന്നുതേ. 47

രാജാവായോരു ചന്ദ്രൻ നിജകരമഖിലം
നിൻെറ നിസ്തുല്യഭംഗ്യാ
രാജിച്ചീടും മുഖത്തിന്നധികഭയവശാൽ
നമ്രനായ് നൽകി നൂനം
രാജീവാന്തൎഗ്ഗളശ്രീവിലസിതനയനേ!
സന്തതം ദന്തകാന്തി-
വ്യാജാൽ കാണുന്നതുണ്ടായതിഹ ഭവതിതൻ-
നൂനമററാനനത്തിൽ. 48

ഭാൎയ്യക്കും സോദരിക്കും നിയതമെവിടെയും
　　ച്ചേൎച്ചയില്ലായ്മ കണ്ടി-
ട്ടായ്‌ത്വം കൂട്ടമംഭോരുഹഭവഭഗവാൻ
　　സൎവ്വവിദ്യാവിദഗ്ദ്ധൻ
കാൎയ്യജ്ഞൻ ഹന്ത! ദോഷം പുനരിതു കളവാൻ
　　താവകാസ്യം ചമച്ചാൻ
ഐക്യത്തോടിങ്ങുതാനായവരതിസുഭഗേ!
　　ചേൎന്നു വാഴുന്നു നിത്യം. 49

മെല്ലെക്കുമ്പും കളിത്താമരയിൽനിശയിലും
　　കാന്തിയെല്ലാം നശിച്ചി-
ട്ടല്ലൽപ്പെട്ടീടുമേണാങ്കനിലിഹ പകലും
　　വാഴുവാൻ വയ്യതെല്ലും
വല്ലാതേവംകഴക്കത്തൊട്ടു പകലിരവും
　　തെണ്ടിമണ്ടുന്ന ലക്ഷ്മി-
ക്കെല്ലായ്പ്പോഴും വസിപ്പാൻ കമലജനിഹ നി-
　　ൎമ്മിച്ചു നിൻമുഖവക്ത്രം. 50

ശൃംഗാരസാരസുരലോകമഹീരുഹത്തിൽ
ഭംഗ്യാ വിളങ്ങുമൊരുപല്ലവതല്ലജത്താൽ
ശൃംഗാരയോനിഭഗവാൻ തവ ചുണ്ടു രണ്ടും
ഭൃംഗാളികേശിനി! ചമച്ചു വിവാദമില്ല. 51

മാണിക്യം താണുപോകും പവിഴമഴൽ മുഴു-
　　ത്തേറെ നിസ്സാരമാകും
നാണിക്കും ചെമ്പരത്തിപ്പൂമലർ നിലവി-
　　ട്ടന്ധയായന്തിയോടും
കാണിക്കും കള്ളമല്ലേവന്നുമുടനതിയായ്
　　രാഗമുള്ളത്തിലേകും
ചേണൊക്കും നിന്റെ ചുണ്ടിൻനിരുപമഗുണമോ-
　　ൎക്കുമ്പോളൂറും കൌതുകമോടേ 52

അന്തർമ്മുഖേ തവ തെളിഞ്ഞു വിളങ്ങിടുന്ന
ദന്താളിയാം മദനകീർത്തി മനോഹരാംഗി!
ചന്തത്തിലേറ്റുമൊരു മാന്തളിരൊത്ത വർണ്ണം
ചിന്തുന്ന വസ്ത്രയുഗമാണിതുവാസ്തവം കേൾ. 53

ദേവന്മാർക്കു നിജോത്സവത്തിലമൃതാ
യിടുന്നു പേയം ധരാ-
ദേവന്മാർക്കു മധുദ്രവാദി പലതും
ദേവാരികൾക്കാസവം
പൂവമ്പൻ ഭുവനത്രയീവിജയിയാം
കാമൻ സ്വകീയോത്സവേ
ഭാവമ്പൂണ്ടൊരു പേയമീയധരമാ-
ണാക്കുന്നതോർക്കും വിധൌ. 54

സത്തായൊരാകൃതിഗുണാദികൾകൊണ്ടു നല്ല
മുത്തായ ദന്തനിരയോടിഹ വേർവ്വിടാതെ
ഒത്തേററവും വിലസുമീത്തവ ചുണ്ടുരണ്ടും
മുത്തേകിടുന്ന ഹൃദി പാക്കമവർക്കു പാരം. 55

കേടെന്യേ താമരപ്പൂമുകുളമിഹ പൊളി-
ക്കുന്നു നൽതാമരപ്പൂ-
വോടൊക്കും ചക്രവാകദ്വിജമിഥുനമിണ-
ക്കാതെയാക്കുന്നു നിത്യം
മാട്ടം കണ്ടാൽ മയങ്ങും തവ മുലയിണയോ-
ടുള്ള മാത്സര്യദോഷം
പാടേ പോക്കുന്നതിന്നായ് കമലകുലമഹാ-
മിത്രമാം മിത്രദേവൻ. 56

മാൻ നേത്രൊടിടുമായതാക്ഷി! മദന-
ശ്രീദേവനെന്നും മഹാ
സാന്നിദ്ധ്യം തവ കൊങ്കയാം കലശമേ-
കീടുന്നൊരുടൊക്കെയും

മാന്യത്വം കലരുന്ന തന്ത്രിനിവഹം
പാര്‍ത്തിട്ടിതാ ദേവതാ-
സാന്നിദ്ധ്യത്തിനു ചെയ്തിടുന്ന കലശം
രാകാകലേശാനനേ! 57

മലമണച്ച മഹാജ്വരമേവനും
മലകളിങ്ങു തരുന്നു നിരന്തരം
മലര്‍ശരജ്വരശാന്തി തരുന്നു നീ-
ന്മുലകളാം മുഗ്ദ്ധമുഖീമുടിരത്നമേ! 58

കണ്ടാല്‍ ഭംഗി ഭവല്‍കുചത്തിനു സമം
മറ്റൊന്നിനില്ലെന്നു താന്‍
കണ്ടാച്ഛായപിടിച്ച പൂങ്കുലകളെ-
ച്ചേര്‍ത്തോട്ടു പൂവാടിയില്‍
ഉണ്ടാക്കുന്നു ജഗത്ത്രയീജയമഹാ-
സമ്പത്തു കൈക്കൊണ്ടൊരാ-
ത്തണ്ടാരമ്പനിണങ്ങുമാറതിഗുണം
ചിന്തും വസന്തം പ്രിയേ! 59

പാഷാണഘനമദത്തെ-
ദ്ദോഷമകന്നൊരു തന്റെ വീര്യത്താല്‍
ശോഷിപ്പിക്കും തവ കുച-
മേഷ കൊതിക്കുന്നു സ്വജ്വരഹരന്‍ ഞാന്‍ 60

ഉരസി സപദി തിങ്ങിത്തങ്ങളില്‍ താഴ്ച കൂടാ-
തുരസി വിലസിടും നിന്‍പൊങ്കടക്കൊങ്ക രണ്ടും
അരസികനിവനെന്നീ നാട്യമില്ലാതെ വേഗാല്‍
സരസിജമിഴി! നീയെന്‍ മാര്‍ത്തിടേ ചേര്‍ത്തടേണം 61

തുരുതുരെ മലര്‍ബാണന്‍ഹന്ത! തൂകുന്ന ബാണം
കരുതുക കരംതന്നില്‍ ചെറവു കാരുണ്യമെന്നില്‍
വിരുതുടയൊരു നീയെന്‍ പ്രാണസന്ത്രാണനം ചെ-
യ്യരുതു ചെറുതമാന്തം വെന്തുപോമെന്‍ഹൃദന്തം 62

ബിലശയനസമാനൻ ചിത്തജൻ നേർത്തു ചീറി-
ക്കലശലധികമായിക്കൂട്ടുമേ കൂട്ടമെന്യേ
ബലശമമവനല്പം ചേർക്കുവാനോർക്കിലോ നിൻ
കലശഗുരുകുചം താൻ വേണമിങ്ങേണനേത്രേ! 63

കളിവചനമിതല്ലേ തെല്ലുമേ മുല്ലബാണ-
ക്കളി വടിവൊടു ചെയ്യാനിന്നു വൈകുന്നു കാന്തേ!
തെളിവധികമെഴും നിൻ നെററി മങ്ങും പ്രകാരം
ചുളിവതിലതിപാരം കഷ്ടമെന്തീ വികാരം! 64

സുകൃതിസുലഭയാം നീ യിങ്ങിണങ്ങീടുമെന്നാൽ
വികൃതികലരുവോൻതാനെങ്കിലും പങ്കജാസ്യൻ
പ്രകൃതിഗുണമൊടേററം സാന്ദ്രമാനന്ദസാരം
തകൃതിതകൃതിയായിത്തൽക്ഷണം തന്നിടും മേ.” 65

നിർത്താതെകണ്ട പലതിങ്ങിനെ സൂതപുത്രൻ
പൊയ്ത്താർശരാർത്തി സഹിയാഞ്ഞു പറഞ്ഞിടുമ്പോൾ
സത്താകെയോർത്തു ചിതമായിടുമുത്തരത്തെ
നൽത്താമരാക്ഷിമണിമാലിനി ചൊല്ലി മെല്ലെ. 66

“സ്വൈരം തനിച്ചുലകിലിങ്ങിനെ സഞ്ചരിക്കും
സൈരന്ധ്രിഞാനധമജാതിയിലെന്റെ ജന്മം
ഓരുന്നനേരമഖിലോത്തമനാം ഭവാനു
ചേരുന്നതല്ല പരമാഗ്രഹമെന്നിലേവം. 67

ഗുരുതരഗുണമാലാഭംഗിതിങ്ങും ഭവാൻതൻ
നിരുപമശയനത്തിൽ കേറി വാണീടുമീ ഞാൻ
കരുതുക നൃപചൂഡാരത്നമായ്‌വെച്ച കുന്നി-
ക്കുരുവിനുശരിയായിത്തീരുമേ ചാരുകീർത്തേ! 68

ഭാവാനുകൂലമൃഗനാഭിസുഗന്ധമേന്തും
ദേവാംഗനാസമവധൂവരനാം ഭവാനും
ഈ വാച്ചകാമമിഹ ചാണകനാററമൊട്ടും
പോവാത്തൊരെന്നിലുടനെങ്ങിനെ വന്നുകൂടി. 69

ചെടിച്ചിടും മാനസമങ്കണങ്ങ-
ളടിച്ചിടും ഞാൻ തവ ഭാൎയ്യയായാൽ
അടിച്ചിടും ചൂല്യ തലയ്ക്കൽ വെക്കാൻ
മടിച്ചിടും മാന്യരശേഷമല്ലൊ. 70

നൎമ്മംവിനാ പറയുവൻ മമ ശുദ്ധവൃത്ത-
മൎമ്മം പ്രഭോ! പരപരിഗ്രഹമാണഹോ! ഞാൻ
ശൎമ്മംവരുത്തുമൊരു ശാശ്വതമായ സാക്ഷാൽ
ധൎമ്മം നിനക്കുക പരം മഹനീയബുദ്ധേ! 71

ഹന്തശ്രീയൊടു ധൎമ്മരക്ഷണവിധി-
ക്കായ്ത്തന്നെ ജീവിച്ചിടും
ചന്തംപൂണ്ട ഭവാദൃശാത്മബലവാ-
ന്മാർതന്നെ വാദംവിനാ
അന്തം ധൎമ്മമതിന്നു ചെയ്കിലവിടെ-
പ്പിന്നെജ്ജനങ്ങൾക്കു ചൊൽ
കെന്തയ്യോ! ഗതി 'വേലിതന്നെ വിളവൊ-
ക്കെത്തിന്നു' മെന്നാലഹോ! 72

സ്ഥിരമായയശസ്സുകൊണ്ടുനൽ സു-
ന്ദരമായുള്ള യശസ്സിനെക്കെടുത്താൻ
പരദാരപരിഗ്രഹത്തിനേക്കാൾ
പരമാം കാരണമെന്തു ഹന്ത! മന്നിൽ. 73

ധ്രുവമായ യശശ്ശരീരമിച്ഛി-
ച്ചവബോധം കലരും മഹാജനങ്ങൾ
ജവമോടു വെടിഞ്ഞിടുന്നുവല്ലൊ
ധ്രുവമല്ലാത്തൊരു മാംസപിണ്ഡദേഹം. 74

നിശമയ പരജായാകാമുകന്മാൎക്കതെല്ലും
കുശലമിഹ ഭവിക്കാ നഷ്ടമാമിഷ്ടമെല്ലാം
ദശരഥതനയൻതൻഭാൎയ്യയിൽ കാമമേറും
ദശമുഖനുടെ വൃത്തം ഹന്ത! ചിന്തിച്ചുകൊൾക. 75

ചൊല്ലാൻ സൽപുരുഷലോകമഹാകിരീട-
ക്കല്ലാംഭവാൻ സകല തത്വവുമിപ്രകാരം
ഉല്ലാസമോടു നിരൂപിച്ചിനിമേലിൽ നല്ല-
തല്ലാത്ത വാക്കിതുരചെയ്യരുതേ മഹാത്മൻ!". 76

സാരംതികഞ്ഞ നവയുക്തിയൊടേവമോതും
സൈരന്ധ്രിയിൽ തദനു സൂതസുതന്നുചിത്തേ
പാരം തടിച്ച ബഹുമാനരസം നിമിത്തം
മാരൻ തഴച്ച വളമിട്ട മരംകണക്കെ. 77

ചൊല്ലീടിനാനുടനെ കീചകനേവ "മല്ലേ
മല്ലിശരോത്സവമഹാജയവൈജയന്തി!
ചില്ലീയുഗക്കൊടിവളച്ചതുകൊണ്ടു മെല്ലെ-
ത്തല്ലീടൊലാ തവ പദങ്ങൾ വണങ്ങുമെന്നെ. 78

ക്ഷീണിക്കുമത്തലൊടു പൂമകൾ കൂടി നിന്റെ
കാണിക്കുദോഷമണയാത്തൊരു കാന്തി കണ്ടാൽ
വാണീക്കുമിത്തവ മനോഹരവാക്കു കേട്ടാൽ
നാണിക്കുവാനിടവരും മമ വാദമില്ല. 79

ഓരോതരം രുചിരയുക്തികൾചേർത്തിവണ്ണ-
മാരോതുമീയുലകിൽ നീയുരചെയ്തപോലെ
നേരോർക്കിൽ നിന്നൊടെതിരായുരവാൻതുനിഞ്ഞാ-
ലാരോമലേ! സദസി ഗീഷ്പതിയും മടങ്ങും. 80

ലാവണ്യസാരമയിയായ് വിലസുന്ന നിന്നി-
ലീവണ്ണമാം വചനപാടവമൊത്തതോർത്താൽ
കേൾവിപ്പെട്ടും കനകമാലയിൽ നത്സുഗന്ധ-
മാവിർഭവിച്ചതിലുമത്ഭുതമുത്തമാംഗി! 81

ഏവം ഗുണവ്രജമിണങ്ങിയ നിന്നെ മാന്യ-
ഭാവം വിനാ വിടുപണിക്കിഹ വെച്ച മൂഢൻ

ദേവേന്ദ്രദന്തിഗമനേ! മടിയാതെകണ്ടു
രാവെള്ളമാക്കമഴകുള്ള സുധാരസത്തെ. 82

ഉച്ച്യസ്ലള്ള ദിനേശബിംബമൊടെതി–
ത്തീടുന്ന മാണിക്യമ–
ങ്ങിച്ചിക്കപ്പയതിൽക്കിടക്കിലുമതിൻ
നൽഭംഗി മങ്ങീട്ടുമോ
പച്ചിക്കാതെ മഹീശരായതു കിരീ–
ടാഗ്രത്തിൽ വെച്ചീട്ടുവാ
നിച്ഛക്കുന്നു ശുഭാംഗി! നിയ്യതു വിധം
നീചത്തിൽ നിന്നീടിലും. 83

വിഹിതമിദമെങ്കിലും മമ
മഹിതേ! ചെയ്യാമതല്ലയെന്നാലും
മഹിയിതിലെല്ലാം ചെയ്യാം
മഹതാമെന്നല്ലയോ പഴഞ്ചൊല്ലിൽ. 84

മാനത്തിന്നായി മത്സോദരിയുടെപതിയാം
വൃദ്ധനെത്തനപി! രാജ–
സ്ഥാനത്തിൽ കേററിവെച്ചെങ്കിലുമറിയുകഞാ–
നേകനീ ലോകനാഥൻ
മീനത്തിന്നത്തൽനൽകുംമിഴി! മമ മഹിമാ–
വേവമോരോന്നു പാർത്തി–
ട്ടൂനതപംപൂണ്ടു വാഴുന്നിതു സുമുഖി! സുശ–
ർമ്മാവു ശർമ്മങ്ങളെന്യേ. 85

തരുണി ശൃണു നിനക്കു വേണ്ടതെല്ലാം
തരുവനഹം മമ ഭാര്യയാവുകായ്കേ!
അരുവയർകുലമൌലിമാലികേ! ചൊ–
ല്ലുരുതരുതേതുമിതിന്നു നീ തടസ്സം 86

മതിരുചികലരുന്ന മുത്തുമാല-
തതിരുചിരാംഗദകുണ്ഡലാദിയെല്ലാം
അതിരസമൊട്ടടൻ തരാം നിനക്കാ-
യതിരു കവിഞ്ഞഴകുള്ള മംഗളാംഗി! 87

ജലതയൊടിനിമേൽ മഹീന്ദ്രപത്നീ-
കളരുചിവേണി വിടർത്തു ചിക്കിടേണ്ട
കളിയൊടു നൃപപത്നി തോഴിയാം നി-
ന്നളികുഴൽ ചിക്കിടുമെൻെറ ഭാര്യയായാൽ 88

അതിവചനമുരയ്ക്കയില്ല സാക്ഷാൽ
ക്ഷിതിപതിയായ് വിലസുന്ന കീചകൻ ഞാൻ
മതിമുഖി! മമ ഭാര്യയാം നിനക്കീ-
ക്ഷിതിയുമഹോ! സഖിയായ് ഭവിക്കുമല്ലോ". 89

ഖലമതികലരുന്ന സൂതപുത്രൻ
ബലമതിയായതുകൊണ്ടു പൂണ്ടഗർവ്വാൽ
പലതിവ പറയുമ്പൊളാശു സാദ്ധ്വീ-
കുലമണി പാഷ്ദി കോപമോടു ചൊന്നാൾ. 90

"പോരും പോരും പറഞ്ഞീടരുതധികബലോ-
ന്മത്തനായിത്തരം നീ-
യോരുംനേരം ഭവാൻതാൻ ദൃഢമുലകിലധ-
മ്മിഷ്ഠരിൽ ശ്രേഷ്ഠനിപ്പോൾ
ആരും ചൊല്ലീടുമാറില്ലറിക നിജഗുണം.
ലോകരോതുന്നുവെന്നാൽ
പോരും പിൻവാങ്ങി, ദൂരസ്ഥനു തവ പറവാൻ
കാണിയും നാണമില്ലേ? 91

അന്ധതചമേറിയ ഭവാനറിയേണമഞ്ചു
ഗന്ധർവ്വവീരർ മമ ജീവിതനായകന്മാർ

ചന്തം കലൎന്നെഴുമവൎക്കു മഹാഗുണങ്ങ-
ളന്തംവെടിഞ്ഞു വിലസുന്നു കളങ്കമെന്യേ. 92

ഹന്ത! പാൎക്കിലവരും ഭവാന്നു മാ-
യന്തരം വളരെയുണ്ടു ദുൎമ്മതേ!
ദന്തിനാഥരവർ, നീയൊരീച്ചതാ-
നെന്തിനിങ്ങിനെ നിജസ്തവം തവ. 93

അവരതിബലവാന്മാർ സത്യവാന്മാർ മഹാന്മാ-
രവരുടെ ഗതിയാക്കും പാൎക്കുവാൻ ശക്യമല്ല
അവരിലൊരുവനീ നീ ചൊന്നതല്പം ഗ്രഹിച്ചാൽ
തവ തടി തവിടാക്കും തൽക്ഷണം തൎക്കമില്ല. 94

തുംഗത്വം കൂടിടും മൽ പതികളഴകില-
ത്യുന്നതസ്ഥാനമേററി-
ബ്ഭംഗ്യാ ലാളിക്കുമെന്നോ ചപലേ! പിടിപെടാൻ
നീ തുടങ്ങുന്നതോൎത്താൽ
തേങ്ങാപ്പൂളെന്നുറച്ചിട്ടഥ ശശികലയെ-
ത്തങ്കരത്താൽ പിടിപ്പാൻ
പൊങ്ങും വൃക്ഷാഗ്രമേറി കപിയുടനവിടു-
ന്നൊന്നു ചാടുന്ന പോലെ. 95

മിന്നും തങ്കനിറം കലൎന്നു വിലസും
പെൺപാമ്പിനെബ്ബാലകൻ
പൊന്നുമ്മാലയിതെന്നുറച്ചുടനണി-
ഞ്ഞീടാൻ തുടങ്ങുന്നതും
എന്നെദ്ദുൎമ്മതിയായ നീ ഗ്രഹിണിയാ-
ക്കാനായൊരുങ്ങുന്നതും
പിന്നെയ്ക്കല്ലുടനെ ഫലം സദൃശമായ്-
ത്തന്നീടുമെന്നോൎക്കണം 96

ഒരിക്കലും നമ്മോടു ചേൎന്നു മോദി-
ച്ചിരിക്കുവാൻ നീ കൊതി വെച്ചിടേണ്ട
ധരിക്കണം നിന്നുടെ ജീവനാശു
ഹരിക്കുമീഞാൻ തവ കാളരാത്രി. 97

കല്യാണാശയരായെഴും മമ വരന്മാരാമവൎക്കീവിധം
വല്ലാതുള്ളപരാധമുൽക്കടമദാൽ പെട്ടെന്നു ചെയ്തിട്ടു നീ
സ്വൎല്ലോകത്തിലൊളിക്കിലുംഭുജഗലോകത്തിൽ
പതുങ്ങീടിലും
തെല്ലോളം തടവില്ല നിന്നെയുടനേകൊല്ലാതിരിക്കില്ലവർ"
98

ഭാവം പകൎന്നു ഭയമല്പമണഞ്ഞിടാത-
ന്നേവം പറഞ്ഞു സതിയാം ദ്രുപദേന്ദ്രപുത്രി
ആവുന്ന വേഗമൊടു ഭൂപതിധൎമ്മപത്നി
മേവുന്ന സൌധശിഖരത്തിനകത്തു പുക്കാൾ. 99

ക്രുദ്ധിച്ചു മാലിനി പറഞ്ഞ വചസ്സുകേട്ടു
ബുദ്ധിക്ഷയത്തൊടതി ദുൎമ്മതി സൂതപുത്രൻ
വൎദ്ധിക്കുമുൽക്കടമനോരഥമോടു കാൎയ്യ-
സിദ്ധിക്കു വേണ്ടവഴി പാൎത്തു തിരിച്ചു പോയാൻ.

പാണ്ഡവോദയം കാവ്യത്തിൽ എട്ടാം സൎഗ്ഗം സമാപ്തം

## ഒൻപതാം സർഗ്ഗം

ദ്യൂതായുധക്കണകൾകൊണ്ടു മനം പിളൎന്ന
സൂതാത്മജൻ തദനു പാരമധൎമ്മശീലൻ
സ്ഫീതാഭമായ നിജസൌധതലത്തിലേറി
വീതാന്യചിന്തമവിടത്തിലിരുന്നുമന്ദം 1

രാഗം നിജപ്രഭകൾകൊണ്ടു സമസ്തലോക-
ഭാഗങ്ങളിൽ പാരമഹോ! പരിപൂർണ്ണമായി
രാഗം വളൎക്കുമലർബാണനു താങ്ങലായി
വേഗം തദാസ്തമനസന്ധ്യ വിളങ്ങി ഭംഗ്യാ. 2

ചൊൽക്കൊണ്ട പത്മിനിയൊടൊത്തു രമിച്ചിരിപ്പാ-
നുൾക്കൊണ്ട കാമമിതിനിഷ്ടഫലമാകയാലെ
അൎക്കൻ പ്രഭാരഹിതനായ് ചരമാദ്രിസൌധം
പുക്കങ്ങു വാണു പരമോൽക്കടരാഗമോടെ. 3

വാദിച്ചിടേണ്ട മദകാരണസേവകൊണ്ടു
ഖേദിച്ചിടുംവിധമധഃപതനം ഭവിക്കും
ഭേദിച്ചിടാതെയിതു വാരുണിയെന്ന് ഭജിക്ക-
മാദിത്യനാത്മകഥകൊണ്ടു തദാ കഥിച്ചു. 4

പാരം ജ്വാലധികമായി വളൎന്നു രാഗ-
ഭാരം വഹിച്ചു മരുവും ഖഗലോകനാഥൻ
സ്വൈരം വിനാശമണയും ദ്രുതമെന്നുറച്ച-
ന്നേരം ഖഗാവലി കരഞ്ഞുതുടങ്ങിയെല്ലാം. 5

വല്ലാതകണ്ടു ഭുവനങ്ങളിലൊക്കെ രാഗം
നില്ലാതെ ഹന്ത! വളരുന്നതു കാൺകയാലേ
ചൊല്ലാർന്ന വിഷ്ണുപദസേവകസദ്വിജൌഘ-
മെല്ലാം കരഞ്ഞുടനൊളിച്ചുതുടങ്ങി മന്ദം. 6

കൂടീതളച്ചിയൊടു താമരസം വിയോഗം
കൂടീടുമാൎത്തരുടെ മാനസമെന്നപോലെ
ചൂടീ പരം ദ്യുമണിയെച്ചരമാദ്രി മോടി-
കൂടീടുമാറു ദയിതാനുചിതനെന്നപോലെ. 7

സ്ഥായൽപ്രഭാഗണമെഴും തപനൻ മറഞ്ഞു-
പോയപ്പൊളാഭകൾവളർന്നനലൻ ജ്വലിച്ചു

39434



സായാഹ്നകോമളസമീരസഹായമൂലം
ആയാസമററ മദനാനലനെന്നപോലെ. 8

മാലിന്യമെന്നിയെ വിളങ്ങി നഭസ്ഥലത്തിൽ
പാലിൻനിറം തടവിടും ബഹുതാരജാലം
നീലാഭയുള്ള തരുണീചികുരത്തിൽ മുല്ല-
മാലാകലാപമഴകായ്‌വിലസുന്നപോലെ. 9

ചാലെ മനോജഭഗവാനനുകൂലമാമ-
ക്കാലേ പരന്ന തിമിരങ്ങൾ ജഗത്തിലെല്ലാം
കാലേയഗുൽഗുലുസിതാഭ്രകുരംഗനാഭി
മാലേയവർത്തിഭവധൂപചയങ്ങൾപോലെ. 10

ദേഹം ദഹിച്ച ഹരവൈരി വളർത്തിടുന്ന
മോഹം കണക്കിലതിയായിരുൾതിങ്ങി ലോകേ
ഹാഹന്ത! ശുദ്ധമലിനാദിസമസ്തവും സ-
ന്ദേഹം വിനാ സദൃശമായി നശിച്ചു കാഴ്ച. 11

ശൃംഗാരയോനിദഹനൻ പിടിപെട്ടു സർവ്വ-
മാംഗാരമായ് പ്രഥമമൊട്ടിട പോയനേരം
ഇംഗാലമായി പുനരെന്നു നിനച്ചു സന്ധ്യ
ഭംഗ്യാ കഴിഞ്ഞിരുളണഞ്ഞളവിൽ ജനങ്ങൾ 12

കൊണ്ടാടി നൽ കുവലയാസവമാസ്വദിച്ചു
വണ്ടാർത്തിടും കളതളം ഭുവനേ മുഴങ്ങി
തണ്ടാർശരൻ തെരുതെരെക്കണതൂകിടുമ്പോ-
ളുണ്ടായ്‌വരുന്ന ചെറുഞാണൊലിയെന്നപോലെ. 13

ഏണാക്ഷിമാരുടയ ഭൂഷണഭൂരിഘോഷം
ചേണാർന്ന മദ്ദളഘനധ്വനിവേണുനാദം
വീണാരവങ്ങൾ പലതെന്നിവ യൊക്കെമെല്ല-
ബാണാനുകൂലമവിടത്തിൽ മുഴങ്ങിയപ്പോൾ 14

മോദം വരുംപടി തണപ്പു കലർന്നു നാനാ–
മോദം വഹിച്ചു മൃദുമാരുതനങ്ങു വീശി
സാദം വെടിഞ്ഞു മദനാഗ്നി യുവവ്രജത്തിൻ
സ്വേദം നശിച്ചു തനുവിന്റെ തളർച്ച തീർന്നു. 15

ദീപാളികൊണ്ടഴകിനോടു വിളങ്ങി മാത്സ്യ–
ഭൂപാലകന്റെ പുരി തത്സമയത്തിലേറ്റം
ആപാദചൂഡമണിയും മണിമാലകൊണ്ടു
രൂപാതിഭംഗികലരും വരനാരിപോലെ 16

സത്തുള്ള കേളികളിലാശവളർത്തു നന്നായ്
കത്തും ശുചിസ്ഫടികദീപമഹാപ്രകാശാൽ
ഉത്തുംഗസൌധഗണമങ്ങു വിളങ്ങി ചന്ദ്ര–
നെത്തുന്നവാറുദയശൃംഗഗണംകണക്കെ 17

ഏവം രതിക്കു രസമേവനുമേകിടുന്ന
രാവങ്ങു വന്നു വിളയാടിടുമദ്ദശായാം
ദേവന്മനോജനുടനെയ്തിടുമമ്പുകൊണ്ടു
ജീവൻ പിടച്ചുഖലകീചകനിത്ഥമോർത്താൻ. 18

"ചാരത്തു മാലിനി തെളിഞ്ഞു വരായ്കമൂലം
ധീരതയുള്ളതഖിലം മമ നഷ്ടമായി
തീരാത്തവണ്ണമുയരുന്ന മനോജതാപ–
മീരാത്രിയെങ്ങിനെ കരഞ്ഞു കഴിച്ചിടേണ്ടൂ 19

കുന്നും കുലുക്കമെണയുംപടി കാമതാപം
വന്നുല്ലസിച്ചു തളരുന്ന നമുക്കിദാനീം
ഒന്നും വിനോദകരമായ്ഭുവനത്തിലെങ്ങും
തോന്നുന്നതില്ല വിഷമം നിമിഷംകഴിപ്പാൻ 20

മയ്ക്കണ്ണിയാകുമവൾതന്നതികാന്തി കണ്ടോ–
രക്കണ്ണുകൊണ്ടിവിടെയിങ്ങിനെ നോക്കിടുമ്പോൾ

KOTTAYAM PUBLIC LIBRARY KOTTAYAM

ചൊൽക്കൊണ്ട നമ്മുടെയ വല്ലഭമാർ വനത്തി-
ലുംകൊണ്ട വാനരികളെന്നിഹ തോന്നിടുന്നു. 21

മാനം കലൎന്ന നൃപവല്ലഭതന്റെ ദാസീ-
സ്ഥാനം വഹിക്കുമവൾതൻ നിനദാമൃതത്തെ
പാനംകഴിച്ചുമരുമെന്റെ ചെവിക്കു കാന്താ-
സ്ഥാനം സുഭസ്സഹമഹോ! വിഷമെന്ന പോലെ. 22

സ്വൎഗ്ഗത്തിൽ വാണരുളിടും വരവാണിമാർതൻ
വൎഗ്ഗത്തെ വെല്ലുമവൾതൻ കുളുർമേനിതന്റെ
നൽഗ്ഗന്ധമേററ മമ നാസികകൾക്കു പൂയ-
ദുൎഗ്ഗന്ധസന്നിഭമഹോ! ദയിതാംഗഗന്ധം. 23

എന്താപമൂലമറിവാൻ പണി നന്നെ ചെയ്തു
സന്താപമോടുതറിയാഞ്ഞു കരഞ്ഞിവണ്ണം
ചിന്താവിഷാദഭരമേന്തിയ കാന്തമാരോ-
ടെന്താകിലും കിമപി മേ പറവാൻ പ്രയാസം. 24

ദേഹംനിനയ്ക്കിലിഹ രണ്ടഥ ജീവനൊന്നെ-
ന്നൂഹം ജനത്തിനുളവാംപടി തമ്മിലേററം
സ്നേഹം തുടിച്ചു മമ വല്ലഭമാരശേഷം
ഹാഹന്ത! വൈരിണികളായ്പരുമിത്രരായാം 25

ഉല്ലസിച്ച കാന്തിഭരമോടിവിടത്തിലുള്ള
ശില്പങ്ങളെന്റെ നയനത്തിനു കാളകൂടം
അല്പം മനസ്സിൽ മമ സംശയമില്ല പുഷ്പ-
തല്പം സുമാസ്ത്രശരതല്പമസഹ്യമേററം. 26

വല്ലന്തിതന്നെ മമ വല്ലകി പാൎത്തുകണ്ടാൽ
തെല്ലല്ല മേ കുഴൽ തരുന്നു കുഴക്കമേററം
വല്ലാതസഹ്യതരമത്തലിതത്തൽതന്നെ
ചൊല്ലാവതല്ല പനിനീർ പനിനീരുതന്നെ. 27

തണ്ടാർശരന്റെ ശരമേററുളവാം വ്രണത്തി-
ലുണ്ടായ്‌വരുന്ന പുഴുതാൻ പുഴു തക്കമില്ല
തണ്ടാളിടും വിഷധരങ്ങൾ സദാ വസിക്ക-
കൊണ്ടാശ്രുചന്ദനമഹോ! വിഷപൂർണ്ണമായി. 28

ദർപ്പം മനോഭവമഹാഗജനായകന്നു
ദർപ്പം ത്രിലോകഹനനത്തിനു കൂടിടുന്നു
സർപ്പവ്രജത്തിനു സമം മമ ഹേമരത്ന-
പുഷ്പങ്ങളാൽ വിഹിതമാകിയ മാല്യജാലം. 29

ഒട്ടേറെ മന്മനസി സങ്കടമിന്നു ചെണ്ട-
കൊട്ടേകിടുന്നു പരമെന്തുരചെയ്തിടേണ്ടു
ഞെട്ടാനെനിക്കൊരിടയായി വരുന്നു ശുദ്ധം
ഞെട്ടായ്ക്കിടക്കമൊരു വെററിലകൊണ്ടുമിപ്പോൾ. 30

പൊള്ളുന്നു ദേഹമഖിലം മമ മന്ദവാതം
കൊള്ളുന്നനേരമിതുതാൻ വിഷമില്ല വാദം
കള്ളം കഥിച്ചിടുകയല്ലിതുനിത്യമുണ്ടി-
ട്ടുള്ളത്തിലേററമഹികൾക്കു വിഷംപെടുന്നു. 31

സ്തോക പ്രയാസമണയാതെ ഗുണേന ദേവ-
ലോകം ജയിച്ചമരുമീ മമ രമ്യഹർമ്മ്യം
ശോകം നമുക്കധികമിങ്ങുതരുന്നു കുംഭീ-
പാകം കണക്കിലിതിനെന്തു നിവൃത്തി പാർത്താൽ. 32

മന്നുള്ളതൊക്കെ രുചികൊണ്ടു വശീകരിച്ചു
മിന്നുന്ന മാലിനി മുഷിഞ്ഞമരുന്ന മൂലം
എന്നുള്ളിലിന്നഴൽ തരുന്നു പരം ജഗത്തി-
ലിന്നുള്ള വസ്തുമുഴുവൻ പുനരെന്തുചെയ്‌വൂ. 33

ആടുംമയൂരനികരങ്ങൾ മഹാഭയംപൂ-
ണ്ടോടുംവിധം ഗുണമെഴും ബഹുകാന്തിഭാരം

തേടുന്ന കുന്തൽനിരകൊണ്ടു നിതാന്തമുണ്ടാ-
ക്കീടുന്ന മാലിനി മനോജഫണിക്കു വീര്യം 34

നാരായണപ്രണയമേന്തിടുമിന്ദിരയ്ക്കു
നേരായ മാലിനി നിജോത്തമഫാലഭംഗ്യാ
മാരാരിമൌലിമണിയാം മതിതന്റെ സാരം
പാരാതകണ്ടപഹരിച്ചു ജയിച്ചിടുന്നു. 35

ഭംഗ്യാവിളങ്ങുമൊരു മാലിനിതന്റെ ഫാല-
രംഗാന്തരാളനടിയാം കുനുചില്ലി പാർത്താൽ
ശൃംഗാരസാരരസമായ മഹാർണ്ണവത്തിൽ
തുംഗാഭയോടുമറിയും തിരമാലപോലെ. 36

ഗോത്രങ്ങൾപോലെധൃതിയുള്ളവർതന്റെയും ഹൃൽ-
പാത്രങ്ങളിൽ പരമരാഗരസം നിറപ്പാൻ
സൂത്രങ്ങളുള്ളസുമസായകനിങ്ങു തീർത്ത
നേത്രം നിനയ്ക്കിലിഹ മാലിനിതന്റെ നേത്രം 37

നീക്കാതെ സൽഗുണമിടുക്കുമവൾക്കുചേർന്ന
മൂക്കാഭപൂണ്ടു വിലസുന്നതു പാർത്തുകണ്ടാൽ
ഊക്കാളിടും മദനനാം ഭഗവാന്റെ തൂക്കെ-
ത്തോക്കാണിതെന്നഖിലരും ഹൃദി നിശ്ചയിക്കും. 38

ചേണററ കാന്തിയെഴുമായവൾ തന്റെ നാസ
വേണുക്കളെപ്പരിഹസിച്ചു തുണീകരിച്ചു
വേണുന്ന ബോധമുടയോർ തൃണജാതിതന്നിൽ
കാണുന്നു നൂനമതുകൊണ്ടിഹ വംശവംശം. 39

സൈരന്ധ്രിതൻ വിമലകണ്ഠയുഗത്തിനോടു
നീരന്ധ്രമത്സരമുദിക്കുക കാരണത്താൽ
സ്വൈരം സമസ്തജനവും മുകുരവ്രജത്തെ
വൈരം മുഴുത്തു ബത! കൂട്ടിലിടുന്നു നൂനം. 40

കഞ്ജാക്ഷിയാകുമവൾതന്നധരോഷ്ഠകാന്തി-
പുഞ്ജാതിരാഗമിഹ കാണുകകാരണത്താൽ
സഞ്ജാതമാമഴൽ സഹിക്കരുതാഞ്ഞു കേണു
ഗുഞ്ജാഫലങ്ങൾ ബത! കൃഷ്ണമുഖങ്ങളായി. 41

താഴുന്ന ദാസ്യപദമൊത്തവർ തന്മുഖത്തിൽ
വാഴുന്ന ദന്തനിരതന്നഴകോർത്തു നിത്യം
കേഴുന്ന മുത്തുകളുടൻ മതിവിട്ടു കെട്ടി-
ത്താഴുന്നു സാമ്പ്രതമലക്കുകളായി ലോകേ. 42

ഊനങ്ങൾ ചന്ദ്രകമലാദികളായ പൂർവ്വ-
സ്ഥാനങ്ങളെന്നു കരുതിബ്ഭഗവാൻ മനോജൻ
സാനന്ദമാരമണിതന്മുഖമാം നവീന-
സ്ഥാനം ചമച്ചു ജനനിക്കു രസിച്ചിരിപ്പാൻ 43

സ്ഥൂലാഭയുള്ള മണിജാതിയിൽവെച്ചു മുഖ്യം
പാലാഴിതന്നിലുളവാകിയ കൌസ്തുഭംതാൻ
ചേലാർന്നിടുന്ന ദരജാതിയിൽവെച്ചു മുഖ്യം
നീലാക്ഷിയാകുമവൾതൻ ഗളമായ ശംഖം. 44

വീരത്വമുള്ള സുരകാലസഖൻ സുമാസ്ത്രൻ
ധീരത്വമേറുമവർ തൻ ഹൃദയങ്ങൾ കെട്ടാൻ
സ്വൈരം ചമച്ച സുമമാലകളെന്നു തോന്നും
സ്ത്രീരത്നമാകുമവൾതന്റെ ഭുജങ്ങൾ കണ്ടാൽ. 45

ഉല്പന്നഗർവ്വമവൾതന്റെ മുലത്തടത്തോ-
ടല്പം മനസ്സിലിഹ വൈരമുദിക്കമൂലം
നല്പമ്പരം ജഗതി പാരമലാതചക്ര-
കല്പം തിരിഞ്ഞനിശമത്തലൊടൊത്തിടുന്നു. 46

തിങ്കൾപ്രസന്നമുഖിയാമവൾതന്റെ നല്ല-
ക്കൊങ്കത്തടങ്ങൾ വലിസുന്നു വിശേഷകാന്ത്യാ

അങ്കത്തിൽ മന്നുകൾ ജയിച്ചരുളും സുമാസ്ത്രൻ-
തങ്കയ്യിലേന്തിയ നവസ്തബകങ്ങൾ പോലെ. 47

കുണ്ടാന്ന നാഭിവിലമായ കയത്തിൽനിന്നി-
ട്ടുണ്ടായ രോമതതിയാകിയ തണ്ടതന്മേൽ
വണ്ടാറണിക്കുഴലിതന്റെ കുചങ്ങളായ
തണ്ടാരിനുള്ള മുകുളങ്ങൾ വിളങ്ങിടുന്നു. 48

ദേവവ്രജങ്ങൾ മരുവുന്നു നിജോത്സവത്തിൽ
ാവന്നെളിഞ്ഞു കരിനായകമസ്തകത്തിൽ
ഭാവവ്രജം മുഴവനാശു ജയിച്ച കാമ-
ദേവൻ വസിപ്പതിവൾതൻ ജഘനത്തിലല്ലോ. 49

അല്പതമെന്നിയെ ജനത്തിനു കാമമേകും
കല്പദ്രുവല്ലിനവപല്ലവസഞ്ചയത്തെ
ഉല്പന്ന ഭംഗിഭരമോടണിയുന്നപോലെ
നല്പട്ടു മാലിനിയണിഞ്ഞു വിളങ്ങിടുന്നു. 50

തത്തിക്കളിക്കുമഴകേന്തുമവൾക്കു ചേരും
പത്തിൻലവങ്ങൾ ദൃഢമിയ്യണിപല്ലവങ്ങൾ
ചത്തിങ്ങു മങ്കൊതിയർ മന്നവർ വീണിടുന്നു
വൃത്തിക്കു മണ്ണൊടിതുടച്ചുകളഞ്ഞിടുന്നു. 51

ഏവം മനോഹരതരാകൃതികൊണ്ടു കാമ-
ദേവന്നു വീയ്യമുളവാക്കുമവൾക്കിദാനീം
ഭാവം പിഴച്ചതുവശാലഴൽമൂലമെന്റെ
ജീവൻ തപിച്ചിത കിടന്നു പിടച്ചിടുന്നു. 52

ആക്കാതരാക്ഷിമണിയെ ദ്രുതമിങ്ങധീന-
യാക്കാതെകണ്ടു കഴിയാ നിമിഷം കഴിപ്പാൻ
ഈ കായ്യമെത്ര വിഷമം മമ സാധു സാമ-
വാക്കാലവൾക്കൊരലിവില്ലകതാരിലയ്യോ! 53

വാടുന്നു മാലിനിസുധാരസമാം വചസ്സു
കൂടുന്ന ഭംഗിയൊടു ഞാൻ മൊഴിയും ദശായാം
തേടുന്ന കാന്തികലരും ശശി നൽകരം തൂ-
കീടുന്ന നേരമഥ പത്മിനിയെന്നപോലെ. 54

തണ്ടാരിൽമങ്ക മടിവിട്ടു ശിരസ്സുതാത്തി-
ക്കൊണ്ടാശു കൂപ്പുമവൾതൻ മനസി പ്രസാദം
ഉണ്ടാക്കുവാനഖിലമോഹനമായ ദാനം-
കൊണ്ടാരുമേ കഴികയില്ലഹമെന്തുചെയ്‌വൂ. 55

മോദം വളൎത്തു സകലത്തെയുമിങ്ങിനേകും
സാദം വെടിഞ്ഞ ഗുണമൊക്കെയുമുൾക്കടേഷരം
പാദം ഭജിക്കുമവളെന്നുടെ സൎവ്വമൎമ്മ-
ഭേദം വരുത്തി വചസ്സുന്നു വിരോധഭാവാൽ. 56

മാനം വളൎന്ന മമ സോദരീരാജഭാൎയ്യാ-
സ്ഥാനം വഹിക്കുമവൾ കല്പനചെയ്തുവെന്നാൽ
നൂനം മദീയഭവനത്തെയലങ്കരിക്കു-
മൂനം വിനാ സപദി മാലിനിദാസിയല്ലോ. 57

ചേരാത്ത മാലിനിയിലൻപൊടു ദാസ്യമെന്നു
പേരായിടുന്നനുചിതക്രിയ വെച്ചിടുന്നോൻ
വൈരാഗ്യമാമനുചിതം സഹസാ ശമിപ്പാൻ
നേരായ്‌വിഷത്തിനു മരുന്നു വിഷം നിനച്ചാൽ. 58

ആൎയ്യത്വമുള്ള മമ സോദരിയോടു ചെന്നി-
ക്കാൎയ്യം കഥിച്ചിടുകയെന്നതയുക്തമല്ലോ
ധൈൎയ്യംകലൎന്നവനിലാക്കുകയില്ല യുക്തം
സൂൎയ്യന്റെ ശോഭിതവപുസ്സിലിരുട്ടുപോലേ. 59

പ്രാണപ്രയാണമധുനാ മമ പഞ്ചബാണൻ
ബാണപ്രയോഗനിരതൻ സഹസാ വരുത്തും.

നാണംവെടിഞ്ഞു മരണവ്യസനത്തിലാത്മ-
ത്രാണത്തിനെന്തുമതിമാന്യരുമാചരിക്കും. 60

നേരററ നല്ലഴകെഴുന്നവളാദരാലെൻ
ചാരത്തു ശീഘ്രമണവാനതിശുദ്ധമായീ
മാരപ്രതാപമിതു സോദരിയോടു ചെന്നു
ധീരത്വമെന്നിയെ കഥിക്കുകതന്നെയെല്ലാം". 61

അസ്വാസ്ഥ്യചിത്തനവനേവമുറച്ചു ഭൂരി-
ദുസ്സ്വപ്നദർശനമൊടൽപ്പമുറങ്ങി പിന്നെ
ഭാസ്വത്സഹസ്രകിരണം ധരണീതലത്തിൽ
ഭാസ്വൽപ്രതാപമൊടണഞ്ഞളവങ്ങുണർന്നാൻ. 62

ആവശ്യകാര്യമഖിലം മദനാർത്തികൊണ്ടു
വൈവശ്യമേറുമവനാശു കഴിച്ചുപിന്നെ
ഭൂവല്ലഭപ്രണയിനീഭവനേ വിനീത-
ഭാവത്തൊടെത്തിയഥ സോദരിയേ വണങ്ങി. 63

പാരം തളർച്ച കലരും സഹജന്റെ ദുർവ്വി-
കാരങ്ങളും കണ്ടു ഗതവാസരവൃത്തമെല്ലാം
സാരംഗ്രഹിക്കുമവനീപതിപത്നിയോർത്ത-
ന്നേരം ക്ഷണസ്തിമിതയായുടനേവമോതി 64

"നൽപോരിൽ വൻപടുതയിപ്പടകൾക്കു ചേരാ-
നെപ്പോഴുമാശപെരുകിക്കഴിനീ പ്രയത്നം
കെൽപ്പോടു ചെയ്തു മരുവുന്ന ഭവാൻ പുലർച്ച-
യ്ക്കിപ്പോളുഴറൊടിഹ വന്നതിനെന്തു ബന്ധം? 65

ഹാഹന്ത! വജ്രസമമായ്‌വിലസും ഭവാന്റെ
ദേഹം ഭൃശം തളരുവാൻപുനരെന്തു ബന്ധം?
മോഹം നിനക്കു സുഖസാദ്ധ്യമശേഷമെന്നാ-
ണൂഹം ജനത്തിനതിവിക്രമവാരിരാശേ! 66

ധൈൎയ്യപ്രബോധഗുണമുള്ളഭവാനയുക്ത-
കാൎയ്യപ്രവേശമൊരുനാളുമുദിക്കയില്ല
സൂൎയ്യന്നു പാൎക്കിൽ വരുമോ തിമിരപ്രവേശ-
മാൎയ്യന്നു ഹന്ത! വരുമോ ദുരിതപ്രവേശം”? 67

വൎയ്യാംഗനാമണി സുദേഷ്ണ പരം വിഷാദാ-
ശ്ചൎയ്യാതിരേകമിടചേൎന്നിവ ചൊല്ലിടുമ്പോൾ
മൎയ്യാദവിട്ടു വളരുന്ന മനോജബാധാ-
പൎയ്യാകുലൻ സപദി സൂതസുതൻ പറഞ്ഞാൻ 68

“ഈമട്ടെനിക്കു പിടിപെട്ട വികാരതത്വം
പ്രേമപ്പെട്ടും ഭവതിയോടുരചെയ്തിടുന്നേൻ
ഈമൽജ്വരപ്രശമനൌഷധിവല്ലി യുഷ്മൽ
ശ്രീമൽഗൃഹത്തിൽ വിലസുന്നു വിരാടജായേ! 69

നിന്മഞ്ജുവേണിയിതിലുള്ളൊരു രോമമായാൽ
ജന്മം മഹാ സഫലമായ് മമ തൎക്കമില്ല
സന്മംഗളാംഗിമണിമാലിനി തങ്കരംകൊ-
ണ്ടിമ്മട്ടിലായതിനു ലാളനചെയ്യുമല്ലോ. 70

ഈടുള്ള മംഗളഗുണാൽ മമ ബന്ധനം ചെ-
യ്തീടുന്ന മാലിനിയെ മഞ്ജുളലീലയാലേ
ആടുന്ന നല്ല പുരികക്കൊടികൊണ്ടു ബന്ധി-
ച്ചീടുന്നു നീ ഭഗിനി!ഭ്രൂവലയേന്ദ്രഭാൎയ്യേ! 71

സൈരന്ധ്രിയാകുമവൾതൻ പരമേശ്വരീത്വം
പാരം തൃണത്തിനുസമം തവ ഭാഗ്യരാശേ!
സൈരന്ധ്രിതന്നുടയ ദാസ്യമഹോ! നമുക്കു
സാരംകലൎന്ന ജനനൈകഫലം നിനച്ചാൽ. 72

നിൻദാസിതൻ ഗുണഗണങ്ങൾ തുണയ്ക്കുമൂലം
കുന്ദാസ്ത്രുഗർ ബലമിയന്നുവധിക്കുമെന്നെ

സന്ദേഹമില്ലിതിനു സമ്പ്രതി കണ്ടുകൊൾക
മന്ദേതരം വളരുമീ മദനാമയം മേ. 73

ധന്യേ! പരം ഭവതിയെങ്ങിനെ ചെയ്യുവെന്നാ-
ലെന്നെബ്ഭജിക്കുമവളങ്ങിനെ ചെയ്യുവേഗാൽ
ജന്യാങ്കണേ ഹരിയെ വെന്നമരും നമുക്കി-
ല്ലന്യാശ്രയം ഭവതിതൻ പദപത്മമെന്യേ". 74

മാരോരുതാപഭരമേററു വലഞ്ഞിവണ്ണ-
മോരോന്നുരയ്ക്കുമവനോടവനീന്ദ്രപത്നി
വേരോടറുത്തുകളയേണമനംഗതാപം
സാരോക്തികൊണ്ടുടനെയെന്നു നിനച്ചു ചൊന്നാൾ. 75

"പാരം വിപത്തുകൾ വരുത്തിടുമീബ്ഭവാർത്തി-
ന്നാരംഭമാശു മമ സംശയമില്ലതെല്ലും
സ്വൈരം മഹാഗ്നിശിഖയിൽ കൊതിപൂണ്ടു ചാടു-
ന്നേരം ജവേന ശലഭം ദഹിയാതെയാമോ? 76

സൈരന്ധ്രിതൻ മഹിമകൂട്ടമകത്തുചെന്നു
സാരം പുറത്തുടനെടുത്തു നിരത്തുവാൻ ഞാൻ
ധീരൻ ഭവാനതു വിവേകദിനേശശക്ത്യാ
താരമ്പനാകിയ തമസ്സു കളഞ്ഞു കാൺക. 77

ഭംഗംവെടിഞ്ഞറിക മാലിനിതൻ പുറത്തു-
ള്ളംഗത്തിലുള്ള ഗുണമാസകലം സ്ഫുടം താൻ
വ്യംഗം മഹാമഹിമപൂണ്ടവൾതന്നകത്തു-
ള്ളംഗത്തിലുള്ള ഗുണമെത്ര മഹാവിശേഷം. 78

നിത്യം വധൂഗുണഗണോത്തമമായ പാതി-
വ്രത്യം മഹാത്ഭുതമവൾക്കപരൈരലഭ്യം
സത്യം നിറഞ്ഞ ബഹുമാനമരുന്ധതിക്കു-
മത്യന്തമായവളിലുണ്ടതുകൊണ്ടു നൂനം. 79

അത്യന്തലോകഹിതമാം കിരണവ്രജത്തെ
നിത്യം തെളിഞ്ഞ രവിമണ്ഡലമെന്നപോലെ
സത്യംവിടില്ലറിക മാലിനി സവ്വകാലം
പ്രത്യക്ഷസിദ്ധമിതെനിക്കു ധരിക്ക ധീമൻ! 80

എന്നും സുസാദ്ധ്യമമിതപ്രതിഭാവിലാസം
ചിന്തും മഹാവിദുഷിയാകുമവൾക്കു നൂനം
ചന്തം കലന്ന ഗുണമുള്ള നൃപേന്ദ്രനീതി-
ക്കെന്നുള്ളപാക്കിലസാദ്ധ്യമഹഹാ! ജഗത്തിൽ? 81

പോഷംപെടും ത്രിദിവലക്ഷ്മിയോടത്ര നിവ്വി-
ശേഷം കലന്നു വിലസുന്നവളെൻ ഗൃഹത്തിൽ
ദോഷം വരുന്നവിധമിങ്ങിനെ ഹന്ത! ദാസീ
വേഷം ധരിച്ചമരുവാനൊരുമൂലമെന്തോ? 82

ഞാഞ്ഞൊന്നതാശ്രു പരമാദരഭക്തിപൂണ്ടു
താഞ്ഞൊയ്യമായവളശേഷവുമത്രപോരാ
ഞാഞ്ഞൊല്ലിടാതെയുമഹോ! വിടുവേലയെല്ലാം
ചാഞ്ചല്യമററവൾ നടത്തിവരുന്നുവല്ലൊ. 83

അന്ധത്വമെന്തിതു ഭവാനറികാത്തു പഞ്ച-
ഗന്ധവ്വവീരരുടെ മാനിനി മാലിനീകൾ
ഗന്ധദ്വിപത്തിനിഹ പഞ്ചമുഖേന്ദ്രജായാ-
ഗന്ധം സഹിപ്പതിനുമെങ്ങിനെ ശക്തിയുണ്ടാം? 84

ധൈയ്യപ്രഭാവജലധേ! ബഹുദുഷ്ടമാമി-
ക്കായ്യംത്യജിക്ക മമസോദര സാദരം നീ”
ആയ്യ്ത്വമോടിതു സുദേഷ്ണ പറഞ്ഞിടുമ്പോൾ
ശൌയ്യപ്രധാനി പൃതനാപതി ചൊല്ലി മെല്ലെ. 85

“സൈരന്ധ്രിതൻ ഗുണഗണങ്ങൾ പറഞ്ഞതെല്ലാം
പാരം യഥാത്ഥമതിനില്ലൊരു കില്ലു തെല്ലും

സൈരന്ധ്റിതൻെറ പതികാംക്ഷ കലൎന്ന വിശ്വ-
സാരങ്ങൾ ചൊന്നതയഥാൎത്ഥമശേഷമോൎത്താൽ 86

അന്ധത്വമില്ല പടയിൽ പടുവാം നമുക്കു
ഗന്ധൎവ്വകോടിശതകംതൃണമെന്നപോലെ
എന്തിപ്രകാരമരുൾചെയ്യുതു രാജഭാൎയ്യേ!
ചിന്തിച്ചുകാൺക മമ ചിത്ത മഹാപ്രതാപം. 87

ദേവസുരാദിവിജയം കളിയായ്ക്കഴിക്കും
ദേവവ്രതാദികളൊടൊത്ത സുയോധനൻെറ
സേവൻ ത്രിഗൎത്തനിഹ വന്നു കയൎത്തിടാതെ
മേവുന്നതെന്നിലതിഭീതിനിമിത്തമല്ലേ? 88

ഏതരിപുരപശ്രീയ്ക്കാമീക്കീചകൻെറ വധംസ്വര-
ശ്രുതിനിപുണരാം ഗന്ധൎവ്വന്മാർ സഹോദരി! ചെയ്യുമോ?
അതിപരിചയസ്നേഹംപൂണ്ടോരൊഴിഞ്ഞിഹ മററൊരാ-
ളിതുപറയുമോ ഹൎയ്യക്ഷത്തെശ്ശശങ്ങൾ വധിക്കുമോ? 89

അററംവിനാ ചേൎന്നു സദാവസിപ്പോർ
ചെററും ധരക്കാ ഗുണവൽഗുണത്തെ
മുററത്തെ മുല്ലെക്കൊരു നാററമില്ലെ-
ന്നൊററുള്ള ലോകങ്ങൾ കഥിപ്പതില്ലേ? 90

ഞാൻ ചൊന്നാലതു ഭക്തിപൂണ്ട സതിയാം
സൈരന്ധ്റി പാരം ജവാൽ
താൻ ചെയ്യും ദൃഢമെന്നയേ! ഭവതിതാ-
നിപ്പോൾ പറഞ്ഞീലയോ?
വഞ്ചരാസിദ്ധിവരുത്തുമേ ദൃഢമെനി-
ക്കീമാലിനിസൽഗുണം
ചാഞ്ചല്യംകലരാതെ നിൻകൃപ നമു-
ക്കൊട്ടിന്നു കിട്ടീടുകിൽ. 91

ശരണം തവ പല്ലവാഭമാമീ-
ച്ചരണംതന്നെ നമുക്കു രാജഭാഗ്യേ!
തരണം തരസാ, ഭയ മമാന്തഃ-
കരണം തട്ടിയുടച്ചിടുന്നുമാരൻ. 92

പരവശതയൊടേവം കീചകൻ ചൊല്ലിടുമ്പോൾ
നരപതിവരപത്നീരത്നമാമസ്സുദേഷ്ണ
കരളിലിതു നിനച്ചാൾ വീതനാമിച്ചമൂപൻ
സുരദനുജജയാർത്ഥം പോരുമേ പോരിലേകൻ. 93

നല്ലാർനന്മണിയായമാലിനിയെമൽ ഭർത്താവു് ചീർത്താദരം
നില്ലാതേ നിജ മാന്യപട്ടമഹിഷീസ്ഥാനത്തിലേററീടുമോ
എല്ലായ്പോഴുമെനിക്കിവണ്ണമുയരും ശോകാഗ്നികെട്ടീടുമീ-
മല്ലാക്ഷീമണിയെച്ചമൂവരനിവൻ ചിക്കന്നു കൈക്കൊള്ളുകിൽ. 94

അതിനാലിവനാശു കാമസിദ്ധി-
ക്കതിയത്നം കളവററു ചെയ്തുതന്നെ
ഇതി താൻ കരുതിസ്സുദേഷ്ണ ചൊന്നാൾ
മതിതാഴും മുഖഭംഗിപൂണ്ടിവണ്ണം. 95

എന്നാലങ്ങിനെതന്നെ നിന്നുടെ മനോ-
രാജ്യങ്ങൾ സാധിക്കുവാൻ
നന്നായ്വേണ്ട പരിശ്രമങ്ങൾ മുഴുവൻ
കയ്യേററു ചെയ്യാമഹം
ഒന്നാകെക്കരുതിക്കഥിപ്പതു കേൾ
വേഗത്തിൽ നീ മന്ദിരേ
ചെന്നാരാൽ സരസം ചമയ്ക്കു നൃവരാ-
ഹാരംമഹാരമ്യമായു്. 96

പിന്നെപ്പകർന്നതിഹ കൊണ്ടുവരാൻ ഗുണങ്ങൾ
മിന്നുന്ന മാലിനിയെ ഞാനവിടെയ്ക്കയയ്ക്കാം

എന്നാൽ ഭവാനവളെ നൻമൃദുസാന്ത്വനത്താൽ
നന്നായ്സ്വശത്തിലുടനാക്കി രമിച്ചുകൊൾക". 97

ഇതി നരപതിപത്നിഭാഷിതം കേട്ട ശേഷം
ക്ഷിതിപൃതനേശൻ സൂതജൻ പ്രീതനായി
അതിസുമശരതാപം തിങ്ങിവിങ്ങും ഹൃദന്തം
കുതിരുമതിരസം കുന്നിച്ചു വന്ദിച്ചു പോയാൻ, 98

മന്നിൻനാഥനു വേണ്ടതായ രുചിരാ-
    ഹാരങ്ങൾ പിറേറദ്ദിനം-
തന്നിൽ സൽഗുണയുക്തനാമവനിതി
    ക്ഷിപ്രം ചമപ്പിച്ചഹോ!
തന്നെത്തന്നെ രസാൽ മറന്നു തരസാ
    രാജ്ഞീക്ഷണം ചെയ്തുടൻ
പിന്നെപ്പാണ്ഡവപത്നിതൻ വരവുതാൻ
    പാൎത്തങ്ങു പാൎത്തീടിനാൻ. 99

പാണ്ഡവോദയം ഒൻപതാം സൎഗ്ഗം സമാപ്തം.

★

## പത്താം സൎഗ്ഗം.

സോദരൻെറ ശുഭഭക്ഷണക്ഷണം
സാദരം സദസികേട്ടനന്തരം
ആദരാഗ്രഹിണി രാജ്ഞി ഭക്ഷണേ
മേദുരാശകൾ നടിച്ചു ചൊല്ലിനാൾ 1

“നന്നു നന്നു പരമീക്ഷണം വിശ-
പ്പിന്നു നന്നെ വളരുന്നു ദാഹവും
അന്നപാനവിഭവം സദാ മഹാ-
സന്നമാം മമ സഹോദരാലയേ. 2

വല്ലഭത്വമൊട്ടു കീചകാലയേ
വല്ലവൻെറ പെരുമാററമുണ്ടുപോൽ
നല്ല ഭോജ്യവിഭവം ചമയ്ക്കുവാ-
നില്ലവൻെറ കിടയാരൊരുത്തനും. 3

തിങ്ങുമുത്തമഗുണാൽ സുധാരസം
മങ്ങുമന്നഘൃതപായസാദികം
ഇങ്ങു കൊണ്ടുവരുവാനൊരുത്തിതാ-
നങ്ങുപോകണമമാന്തമെന്നിയേ. 4

അല്പകാൎയ്യകരണത്തിനായ് മഹാ-
നല്പഭൃത്യവിനിയോഗമോൎക്കുകിൽ
നിഷ്ഫലം ജഗതി ലോകമാന്യരാൽ
നിഷ്ഫലക്രിയ നിഷിദ്ധമല്ലയോ? 5

സാരമോൎക്കുക ലഘുക്രിയാൎത്ഥമായ്
പാരമാളുകളെവിട്ടുവെങ്കിലോ
ഭാരമാൎക്കുമുളവായ് വരായ്കയാൽ
സ്വൈരമാപ്പണിവെട്ടപ്പിലാകുമോ? 9

കൂട്ടുകാരൊരു പണിക്കൊരുങ്ങിയാൽ
കൂട്ടമേ കുസൃതി തമ്മിലീൎഷ്യയാൽ
വീട്ടുവേലകളിലും പരസ്പരം
വീട്ടുമിങ്ങു ചില ചേടിമാർ പരം. 7

ചുററമേററവുമനേകഭൃത്യരെ-
ച്ചെററു കാൎയ്യകരണത്തിനാക്കിയാൽ

തെററു കാണ്കിലതിനാക്കു കുററമെ-
ന്നോററുകാക്കുമറിവാനസാദ്ധ്യമാം. 8

ഏകകാൎയ്യകരണത്തിനായിഹാ-
നേകഭൃത്യരെയയയ്ക്കിലിങ്ങിനെ
നൈകദോഷമുളവായ്വരുന്നതീ-
ലോകർതന്നനുഭവാലതിസ്ഫുടം. 9

ഇപ്പറഞ്ഞ ബഹുകാരണങ്ങളാ-
ലിപ്പുകഴ്ച്ചയിവിടെക്കഴിക്കുവാൻ
അല്പവും മടിപെടാതെ പോണമെൻ
കല്പനപ്പടിയൊരുത്തിതാനുടൻ 10

നന്ന താമസമെഴുന്ന ദാസിമാ-
രിന്നു വേണ്ടതഥ നാളെയാക്കിടും
നന്ന ജാഗ്രത കലന്ന ദാസിമാ-
രിന്നു വേണ്ടതു കഴിക്കുമിന്നലേ. 11

വ്യക്തിപൂണ്ട നിജ ദോഷവും കുട-
യ്യുക്തികൊണ്ടു മുഴുവൻ മറയ്ക്കുവാൻ
ശക്തിയോടു തുനിയുന്നു സന്തതം
ഭക്തിവിട്ടു ചില ദുഷ്ടചേടിമാർ. 12

നല്ല വൃത്തിയൊടുകൂടി വേല ചെ-
യ്യില്ലതെത്രകുറി ചൊൽകിലും ചിലർ
നല്ല വൃത്തിയിലെടുത്തെടുത്തു തീ-
രില്ല മററു ചിലർ തൻെറ വേലകൾ. 13

സാരമുള്ള പണിയൊക്കെ വിട്ടു നി-
സ്സാരമായ പണിയൊന്നു ചെയ്തുതാൻ

നേരമാസകലവും കഴിച്ചിടും
പാരമജ്ഞത കലന്ന ചേടിമാർ. 14

ഒന്നു ചൊൽകിലതു കേട്ടിടാതെ മ-
റെറാന്നു ചെയ്യുമിഹ ചേടിമാർ ചിലർ
ഒന്നുമേ ചിലർ മടിച്ചു ചെയ്യയി-
ല്ലെന്നു മെപ്പൊഴുമുറങ്ങിടും ചിലർ 15

ഭക്തിയുണ്ടു ചില ചേടിമാർക്കഹോ!
ശക്തിയില്ല പണിയൊന്നിനെങ്കിലും
ശക്തിയുണ്ടു ചില പേർക്കു തെല്ലുമേ
ഭക്തിയില്ല സകലം വൃഥാഫലം. 16

ചോറശിപ്പതിന്നു ഹാജരാവ്വരും
വേറെയെപ്പൊഴുമൊളിച്ചിരുന്നിടും
പീറനായ്ക്കളിലുമേറെ നിന്ദ്യമി-
ക്കൂറകന്ന ചില ചേടിമാർഗണം 17

നിദ്രകൊണ്ടു നിജ കർമ്മമൊക്കയും
ഭദ്രമാക്കുമിഹ ചേടിമാർ ചിലർ
ഛിദ്രമേഷണികൾകൊണ്ടുടൻ മഹോ-
പദ്രവത്തിനിടയാക്കുമന്യമാർ 18

ചേടിമാർ ചിലർ വെടുപ്പിലെപ്പൊഴും
മോടികൂടി മരുവുന്നു ഭംഗിയിൽ
പേടി വിട്ടു വിടുവേല ചെയ്യുവാൻ
ധാടിയുള്ളവരൊടാരു ചൊല്ലിടും? 19

വെന്തുനീറുമഴൽപൂണ്ടു നാഥതാ-
നെന്തുചൊൽകിലു മതെന്തുചൊൽകിലും
ഹന്ത! വിദ്യ പലമട്ടെടുത്തതി
നന്തരായമുളവാക്കിടും ചിലർ 20

ഭംഗമററിഹ പകച്ച് ചെയ്യുവിൻ
നിങ്ങളെന്നു ചിലരോടു ചൊല്ലിയാൽ
അങ്ങുചെന്നവർകൾ സദ്യയേവനും
പൊങ്ങുമാററ കവച്ച് ചെയ്തിടും? 21

ഭൃത്യദോഷമിനിയുണ്ടനേകധാ
കൃത്യമായതു സമസ്തമോതുവാൻ
സത്യമായൊരുവനും കഴിഞ്ഞിടാ
നിത്യമായതിനു വേലചെയ്കിലും 22

ഭൂഷണോപമഗുണം സമസ്തവും
ദോഷമെന്നിയെ ധരിച്ചിടുന്നവൾ
യോഷമാർമണിയൊരുത്തിതാനിനി-
ത്തോഷമോടു പകരാൻ ഗമിക്കണം". 23

എന്നിവണ്ണമവനീന്ദ്രപത്നിതാൻ
വന്നിണങ്ങിയ വധുക്കൾ കേൾക്കവേ
അന്നുരച്ചളവു ചേടികൾക്കുടൻ
വന്നുദിച്ചു പല ഭാവഭേദവും. 24

മർമ്മഭേദകരമായ് നൃപന്റെ നൽ-
ധർമ്മപത്നി പറയുന്നിതെന്തഹോ!
നമ്മളെത്ര ലഘുവിപ്പകച്ച്യാം
കർമ്മമെന്നൊരുവളോർത്തു തൽക്ഷണേ. 25

ഇച്ഛ പൂണ്ടഖില ചേടിമാരിലും
പുച്ഛമാണു നൃപതിപ്രിയയ്ക്കഹോ!
സ്വച്ഛമല്ല നൃപവല്ലഭാശയം
തുച്ഛമെന്നൊരുവളോർത്തു നിന്ദയാൽ 26

ആർക്കുമില്ലൊരപരാധവുംപരം
പാർക്കുകിൽ ക്ഷിതിപപത്നിതന്നുടെ

വാക്കു ഘോരമിതു സർവ്വസാക്ഷിതൻ
നോക്കുമെന്നൊരുവളോർത്തൊതുങ്ങിനാൾ 27

തൊററുതാനഖിലചേടിമാർക്കുമീ–
ക്കൊററു വേണ്ട തരസാ ഗമിക്കു നാം
മററു തെല്ലു ഗതിയില്ല പോകിലും
തെററുമെന്നു പലരും പറഞ്ഞിനാർ 28

പല്ലു പോയ് തല നരച്ചു വൃദ്ധരും
ചൊല്ലു പൂണ്ട സുമഹാപ്രഭുക്കളും
ചൊല്ലു മെന്നുമിഹ സാരമില്ലതിൽ
തെല്ലുമെന്നു ചിലരോർത്തടങ്ങിനാർ. 29

നിന്നെയല്ല പകരാൻ വിടുന്നതീ–
യെന്നെയാണു നൃപപത്നി നിശ്ചയം
എന്നു തങ്ങളിൽ നടിച്ചു നോക്കിനാ–
രൊന്നുരണ്ടുകുറി ചേടിമാർ ചിലർ. 30

എൻെറ സൽഗുണഗണങ്ങളൊക്കയും
നിൻെറ ദോഷനിവഹങ്ങളൊക്കയും
ഉണ്ടു ദേവിയുടെ വാക്കിലെന്നുടൻ
രണ്ടു ചേടികൾ നടിച്ചു തങ്ങളിൽ. 31

നാണമോടിഹ വിശപ്പിനാൽ നൃപ–
പ്രാണനാഥ തളരുന്നു സാമ്പ്രതം
ക്ഷീണമാർന്നു പകരാനുടൻ ഗമി–
ക്കേണമെന്നൊരുവളോർത്തൊരുങ്ങിനാൾ. 32

മൂർത്തിയാം നൃപതിവല്ലഭയ്ക്കുതി–
ക്ഷുത്തിനാലധികമുണ്ടു സങ്കടം
സത്വരം പകരണം സമസ്തമെ–
ന്നിത്തരം ചിലരുരച്ചു സംഭ്രമാൽ. 33

ഹന്ത! ദേവിയുടെവാക്കിനാടിയാ—
യന്തരംഗമഖിലം ഗ്രഹിച്ചുടൻ
വെന്ത ചേതസി നിതാന്തമേന്തിടും
ചിന്തയോടരികിൽ നിന്നു മാലിനി. 34

ഛത്രചാമരമിണങ്ങുമക്ഷമാ—
വൃത്രവൈരിയുടെ പത്നിതാൻ തദാ
മിത്രഭാവമധികം നടിച്ചുടൻ
തത്ര മാലിനിയൊടേവമോതിനാൾ. 35

“മംഗളാംഗി” ശൃണു ഭംഗിചൊൽകയി—
ല്ലംഗനാകുലമണേ! ധരിക്ക ഞാൻ
ഭംഗമററ ഗുണപുഷ്ടിയാൽ മനോ—
രംഗമെന്നുടെ ഹരിച്ചിടുന്നു നീ. 36

ദോഷമില്ല തവ ലേശവും ഗുണം
പോഷമോടു വിലസുന്നു സർവ്വവും
തോഷമാർന്നു വിധി സൃഷ്ടയായി നീ
യോഷമാർകുലമലങ്കരിക്കുവാൻ. 37

പാരമുണ്ടു മമ ദാഹമത്രയും
പോര നല്ലൊരു വിശപ്പുമുണ്ടിഹ
സൈ്വരമായി നിരുപിക്കിലെന്തിതിൻ
കാരണം കിമപി രൂപമില്ലഹോ! 38

രക്ഷണത്തിനൊരുഹേതുവായിടും
ഭക്ഷണത്തിനിഹ വൈകിടുന്നു മേ
ഇക്ഷണത്തിലഴകോടതിന്നുതാൻ
നൽ ക്ഷണം സപദി കിട്ടി ഭാഗ്യമായ്. 39

അന്നപാനമിഹ കീചകാലയം—
തന്നിൽനിന്നു പകരുന്നതിന്നുടൻ

പിന്നെയെന്നു കരുതാതെ കണ്ടു നീ-
തന്നെ പോയി വരികെൻെറ മാലിനി! 40

കർമ്മസഞ്ചി മുഴുവൻ വരുത്തി നീ
ശർമ്മമേററമനിശം തരുന്നു മേ
നർമ്മമായിട്ടുമൊരപ്രിയം നമു-
ക്കോർമ്മയില്ല തവ ചേഷ്ടിതം ശുഭേ! 41

നന്നെ ജാഗ്രതയിൽ വേണ്ടതൊക്കെയും
നിദ്രയിൽ ഭവതി തന്നെ ചെയ്കയാൽ
ഒന്നുമില്ല പണി മററു ദാസിമാ-
രൊന്നിനും പരമതന്ത്രമിങ്ങിനെ. 42

പല്ലവാംഗി! വലുതായ വേല നീ
നല്ലപോലെ പലതും കഴിക്കിലും
അല്ലലെന്നതണുമാത്രവും നിന-
ക്കില്ല പാർക്കിലിതെന്തു വിസ്മയം. 43

ആടൽതീർന്നു വിലസുന്ന നീ തൊട്ടു-
ന്നാട പാള കയർ കുംഭമെന്നിവ
കേട്ടുപാടുകളകപ്പെടാതെ ന-
ല്ലീട്ടു പൂണ്ടു ബഹുനാളിരുന്നിടും. 44

എന്നശേഷസുഖസാധനം സദാ
നിന്നധീനമിവിടത്തിലാകയാൽ
ഇന്നു നമ്മുടയ നല്ല നാഥയാ-
കുന്നു നീ കുവലയാക്ഷിമാർമണേ! 45

കൃത്യമായിവിടെ വേണ്ടതായ്‌വരും
കൃത്യമാസകലവും കഴിക്കയാൽ
അത്ര നമ്മുടയ ശാസനം നിന-
ക്കിത്രനാളുമുളവായതില്ലഹോ! 46

ചിന്തയെന്തു നെടുവീർപ്പിതെന്തു നി-
ന്നന്തരംഗമതിലെന്തു സംഭ്രമം?
ഹന്ത ഹന്ത! പകരാൻ ഗമിക്കുവാ-
നൊന്തമാന്തമിതു പോക നീ ജവാൽ." 47

പാരമിങ്ങിനെ പറഞ്ഞടങ്ങിയ-
ന്നേരമാ നൃപതിപത്നി മാനിനി
സാരമൊക്കയുമറിഞ്ഞു തൽക്ഷണം
വീരപത്നിയുരചെയ്തു പാഷ്തി. 48

"അല്പമെന്നിയെ മഹാധികാരമി
യ്യല്പമാരിലലിവെന്നിതോർത്തഹോ!
കല്പവല്ലിസമയായെഴുന്ന നിൻ
കല്പനയ്ക്കു തടവാരു ചെയ്തിടും. 49

സർവ്വദേ! തവ മനസ്സറിഞ്ഞുടൻ
സർവ്വകർമ്മവുമെടുത്തു ദാസിമാർ
നിർവ്വിശങ്കമമരുന്നു ഭക്തിപൂ-
ണ്ടുർവ്വിയോടു സമയാം നൃപപ്രിയേ! 50

അന്നപാനമിഹ കൊണ്ടുവന്നിടാ-
നെന്നെ മാത്രമവിടയ്ക്കയയ്ക്കുകിൽ
കുന്നുപോലെ വലുതാം വിപത്തുടൻ
വന്നുകൂടുമതിനില്ല സംശയം. 51

എന്നിലുൽക്കടതരാഗ്രഹം മനം-
തന്നിലുണ്ടു വൃതനാപതിക്കയേ!
ഉന്നതപ്രതിഭയുള്ളവക്കമീ-
ഛന്നവൃത്തമറിയാമശേഷവും. 52

എന്നെയങ്ങവനു തന്നെ കിട്ടിയാൽ
പിന്നെയെന്തു കഥ മന്നവപ്രിയേ!

ഇന്നു നാസ്തി ഭുവി കാമികൾക്കു ക-
ണ്ണെന്നു ലോകർ പറയുന്നതില്ലയോ? 53

ദുഷ്ടമായ് വ്യഭിചരിക്കയില്ല ഞാൻ
ശിഷ്ടയെന്നിവിടെ വന്നിടുംവിധൌ
സ്പഷ്ടമായ് ഭവതിയോടു ചൊന്നതും
കഷ്ടമേ ബത! മറന്നുപോയിതോ? 54

ജാരസംഗമൊരുനാളിലെങ്കിലും
സ്വൈരമായൊരുവൾ ചെയ്തുവെങ്കിലോ
ഘോരപാതകമവൾക്കു ചേരുമ-
ന്നേരമായവൾ പതിച്ചുപോം ദൃഢം. 55

ധൂർത്തോടന്യനരസംഗശങ്കയും
ചീർത്തൊരുഗ്രവിഷസന്നിഭം മമ
പാർത്തു ഞാനിഹ ഭവൽഗുണങ്ങളെ-
ച്ചാർത്തുതാൻ സമയപൂർവ്വമാദിയിൽ. 56

ധന്യയാം ഭവതിയെ തൊടുന്നത-
ല്ലന്യപൂരുഷനൊരിക്കലും ശുഭേ!
എന്നിതല്ലറികതിന്റെ ശങ്കയും
വന്നിടാതെ കനിവോടു കാക്കുവാൻ. 57

അപ്രമേയഗുണയാകുമങ്ങുമു-
മ്പീപ്രകാരമുരചെയ്തതില്ലയോ?
അപ്രതിജ്ഞയുടെ ഭംഗമീവിധം
ക്ഷിപ്രമിന്നു നൃപപത്നി ചെയ്യൊലാ. 58

യോഷമാർകുലമണേ! പരം മഹാ-
ദോഷമുണ്ടിനിയുമായതോർത്തുവാൻ
ഭീഷണിക്കു പറയുന്നതല്ല ഞാ-
നീഷലില്ലതു വരാതിരുന്നിടാ. 59

മുന്നമേ ഭവതിയോടു ദേവി! ഞാൻ
ചൊന്ന മൽപതികൾ ദിവ്യരഞ്ചുപേർ
ദുർന്നടപ്പിതു ധരിക്കിലിങ്ങുടൻ
ദുർന്നയങ്ങൾ പലതും വരുത്തിടും. 60

ദേവപുത്രരവരഞ്ചുപേർ മഹാ-
ദേവവിഷ്ണുപദഭക്തിയുള്ളവർ
ദേവരാജനെയുമാശു വെല്ലുവാൻ
കേവലം മതി പരാക്രമത്തിനാൽ. 61

മൂഢകീചകനിവണ്ണമെന്നിലാ-
രൂഢമാകിയ മഹാദുരാഗ്രഹം
പ്രൗഢരാം പതികൾ കേൾക്കിലിക്ഷണം
ഗാഢകോപമവനന്തമേകിടും. 62

നാടിനീശനുടെ പത്നിയായ നീ-
കൂടിയിങ്ങിനെയിതിന്നൊരുങ്ങിയാൽ
പേടിയും കരുണയും വെടിഞ്ഞുടൻ
നാടിതെൻ പതികൾ നഷ്ടമാക്കിടും. 63

നൂനമെൻ പതികളോടെതിർക്കുവാ-
നൂനമറ്റൊരുവനില്ല ഭൂമിയിൽ
വാനിലില്ല പുനരെങ്ങുമില്ലയേ!
മാനിനീകുലമണേ! ധരിക്കണം. 64

ആഴിയൊക്കെ മരുഭൂമിയാക്കുമി-
യൂഴിയൊക്കെയുടനാഴിയാക്കിടും
പാഴിൽ ഞാൻ പറകയില്ല പർവ്വതം
പൂഴിപോലെ പൊടിയാക്കുമായവർ. 65

ധന്യഭാവമതിമാത്രമുള്ളൊരീ–
യന്യദാസികളിലേതൊരുത്തിയും
അന്നപാനമിഹ കൊണ്ടുവന്നിടാൻ
ഛിന്നവാദമതിയായ്മതിസ്ഫുടം. 66

പിന്നെയെന്തിനു വൃഥാ വിപത്തിനാ–
യെന്നെമാത്രമവിടയ്ക്കയപ്പതും?
ഛന്നഭാവമകലുന്ന സൌഹൃദാൽ
നിന്നൊടിത്ര പറയുന്നു ഞാൻ ശുഭേ!" 67

സേവ വിട്ടു നരദേവപത്നിയോ–
ടേവമാ വിദുഷി ചൊല്ലിടുംവിധൌ
ഭാവശുദ്ധികലരുന്ന ദാസിമാർ
കേവലം തെളിവുപൂണ്ടു സർവ്വരും. 68

അക്ഷണത്തിലിതു ശിക്ഷയായ്മഹാ–
ദക്ഷയാമവരാൾ പറഞ്ഞനന്തരം
അക്ഷമാപരിഭവങ്ങൾ പൂണ്ടുകൊ–
ണ്ടക്ഷമാരമണപത്നി ചൊല്ലിനാൾ. 69

"സത്തശേഷമറിയുന്ന നീയുത–
ക്തതരങ്ങൾ പറയുന്നതെന്തഹോ!
ഉത്തമാംഗി! ഭവതിക്കു ചേർച്ചയ–
ല്ലിത്തരം മമ വിരോധഭാഷിതം. 70

ഉൽക്കടപ്രതിഭയുള്ളവർക്കുടൻ
മർക്കടപ്രകൃതി വന്നുകൂട്ടുകിൽ
നൽഘടസ്തനി! ധരിച്ചുകൊൾക നീ
ദുർഘടം പുനരതങ്ങു മാററുവാൻ. 71

മോഹനാംഗി! ശൃണു കീചകനു വ–
ന്മോഹമുണ്ടു ഹൃദി നിന്നിലെങ്കിലും

സാഹസങ്ങളവനാചരിക്കയി-
ല്ലഹമെന്തിനുനിരർത്ഥകം തവ. 72

എന്റെ ദാസിയിലുപദ്രവം ബലാ-
ലെന്റെ സോദരനവൻ വരുത്തുമോ?
എന്റെ കല്പനയതിക്രമിക്കുമോ
തന്റെ ജീവനിലൊരാശയുള്ളവൻ. 73

ശിഷ്ടനായ ധരണീശ്വരന്റെ ന-
ല്ലിഷ്ടയാം മഹിഷി ഞാൻ ധരിക്ക നീ
വിഷ്ടപം സകലവും മദാശ്രയം
കഷ്ടമെന്തു തവ ശങ്കയിങ്ങിനെ? 74

മംഗളാംഗി! ഭവദീയമിന്ദ്വലാ-
ത്സംഗമത്ര ശശ്വാംഗസന്നിഭം
ഭംഗമററ ധൃതിപൂണ്ടുകൊൾക ന-
ല്ലംഗനാകുലമണേ! ഗമിക്ക നീ. 75

എന്നു രാജ്ഞിയരുൾചെയ്ത നേരമ-
ഞ്ഞൊന്നുകൂടിയറിവിച്ചു മാലിനി
നന്നു നിന്മൊഴികളിക്കസംശയം
വന്നു മന്മനസി ഭീതിയാൽ പരം. 76

തേടുമാടലനിശം ബലക്ഷയം-
കൂട്ടമല്പജനകല്പകാരണാൽ
ആട്ടമേ ലതകൾ മന്ദവാതമേ-
ററീടുമപ്പൊഴുതിലും മഹീശ്വരി! 77

സാരമേററവുമെഴുന്നവർക്കു നി-
സ്സാരമാണഖിലഭീതിഹേതുവും
പാരിനീശ്വരി! ഭയാർത്തരക്ഷണം
ഭൂരിവീര്യമുടയോരു ചെയ്യണം 78

ഞെട്ടുമെൻറ പരിപാലനാത്മമ-
ഞ്ഞെട്ടു സൽഭടരെ വിശ്വനായികേ!
വിട്ടുകൊൾക ദയപൂണ്ടു ദോഷമി-
ങ്ങൊട്ടുമോർക്കിലതിനാൽ ഭവിക്കുമോ?" 79

ശോകഭീതികൾ മുഴുത്തിവണ്ണമാ-
ലോകനാഥയൊടുരച്ചു പാർഷതി
കൈകൾകൂപ്പി വിനയത്തൊടെന്തഹോ!
ചെയ്യുവേണ്ടതിനിയെന്നു മാഴ്കിനാൾ. 80

അഞ്ചിതാംഗിയവളേവമാർത്തയാ-
യഞ്ചിനിന്നു വിറപൂണ്ടിടും വിധൌ
കുഞ്ചിതഭ്രൂകുടിയാസ്സുദേഷ്ണ നൽ-
പുഞ്ചിരിപ്പുതുമ പൂണ്ടു ചൊല്ലിനാൾ 81

"അന്നപാനമിഹ കൊണ്ടുവന്നിടാൻ
സന്നതാംഗി! തവ വേണ്ടതൊക്കെയും
ഒന്നുകൂടിയുരചെയ്തിടേണമേ
നന്നു നിന്മൊഴി തെളിഞ്ഞു കേൾക്കണം. 82

ശങ്കവിട്ടു ഭവതിക്കു പോകുവാൻ
കിങ്കരപ്രവരർതന്നെ പോരുമോ?
തിങ്കളൊത്ത കുടചാമരങ്ങൾ മ-
റ്റങ്കവും മമ തവാർഹമല്ലയോ? 83

ഹാസമെന്നിലനിശം നിനക്കു വി-
ശ്വാസമില്ല മമ വാക്കിലേതുമേ
ദാസവൃത്തി തവ തള്ളലായതെൻ
ശാസനക്കുറവുകൊണ്ടുതാൻ ദൃഢം. 84

മാത്രനേരമിഹ നിന്നിടേണ്ട നൽ-
പാത്രമൊന്നു മടിവിട്ടെടുക്ക നീ

സൂത്രമൊക്കെയുമറിഞ്ഞു ഞാൻ മമ
ക്ഷാത്രമപ്രതിമമോൎത്തു പോവണം”. 85

നാട്ടിനീശയുടെ വാക്യമീവിധം
കേട്ടിളക്കമിയലുന്ന തന്മനം
കാട്ടിടാതെയവൾ വീരപത്നി കൈ-
നീട്ടിവേഗമൊടെടുത്തു ഭാജനം. 86

വിശ്വനാഥപദപങ്കജം പരം
വിശ്വസിച്ചു നിരൂപിച്ചു തൽക്ഷണം
നിശ്വസിച്ചു ബഹു ഭക്തിപൂണ്ടു തെ-
ല്ലാശ്വസിച്ചു നടകൊണ്ടു പാൎഷതി. 87

ധൎമ്മജാദി ഹൃദയേ വിളങ്ങുമാ-
നിൎമ്മലാംഘ്രിപരിതപ്തപാംസുവിൽ
ശൎമ്മഹാനിയൊടമൎന്നു സൌതിതൻ
ദുൎമ്മനസ്സിലമരുംവിധം തദാ. 88

കുംഭിനീവലയതുല്യമാകുമാ-
ക്കുംഭിയാനയുടെ നൽ കടീതടം
സംഭ്രമിച്ചു നടകൊണ്ടിടുംവിധൌ
സംഭ്രമിച്ചു കുചപൎവ്വതങ്ങളും 89

ദുഷ്ടകീചകതമോവികാരമുൽ-
ക്കൃഷ്ടമായ്വളരുമദ്ദശാന്തര
ശിഷ്ടയക്കാകുമവൾതൻ മുഖാംബുജം
കഷ്ടമേ! സപദി വിട്ടു ശോഭയെ. 90

മന്നിലുള്ള മഹിതാംഗനാജനം-
തന്നിൽവെച്ചധികപുണ്യമുള്ളവൾ
പിന്നിലിട്ട തിമിരാഭകുന്തളം
ചിന്നിടുംവിധമഴിഞ്ഞു തൽക്ഷണേ. 91

ദേവഭക്തി ഹൃദയേ നിറഞ്ഞിട്ടം
ദേവപുത്രരുടെ പതി പാൎത്ഥി
ഏവമാസ്തികം പുറഞ്ഞു മിത്രനാം
ദേവനെത്തൊഴുതുകൊണ്ടു വാഴ്ത്തിനാൻ. 92

“ശോകമോടതിതമസ്സിൽ മുങ്ങുമീ-
ലോകർതന്നുദയമുത്ഭവിക്കുവാൻ
ശ്രീകരോദയമഹപ്പതേ! ഭവാൻ
സ്വീകരിച്ചു വിലസുന്നു നിത്യവും. 93

സൂരിലോകർ തൊഴുമിഭവാന്റെ നൽ-
ഭൂരിശോഭയണയാതിരിക്കുകിൽ
പാരിലേററമശുഭം വരുത്തുമീ-
ക്രൂരിരുട്ടുകൾ നശിപ്പതെങ്ങിനെ? 94

സർവ്വവേദമയവിഗ്രഹൻ ഭവാൻ
സർവ്വദേവമയവിഗ്രഹൻ ഭവാൻ
സർവ്വകൎമ്മമയനീശ്വരൻ ഭവാൻ
സർവ്വകൎമ്മഫലരൂപകൻ ഭവാൻ. 95

താരകാധിപതി ഹവ്യവാഹനൻ
താരജാലമിവർതന്മഹസ്സുകൾ
സാരമോൎക്കിലിഹ നിന്മഹസ്സുതാൻ
സൂരദേവ! ഭഗവൻ! ത്വിഷാംപതേ! 96

തങ്കഴൽക്കു തൊഴുമായവൎക്കെഴും
സങ്കടങ്ങൾ മുഴുവൻ കെടുത്തുവാൻ
പങ്കജങ്ങളുടെ ബന്ധുവാം ഭവാൻ
പങ്കമാശു കളയുന്നു സർവ്വവും. 97

നിത്യനിസ്തുലമഹസ്സിണങ്ങുമാ-
ദിത്യദേവ! തവ സേവചെയ്കതാൻ

സത്യമായ്ത്തടവിടുന്ന സജ്ജന-
സ്തുത്യരാമവരുമിഷ്ടമാം ഫലം 98

ഭാവശുദ്ധിയൊടഗസ്ത്യഗീതയാം
താവകസ്തുതിജപിക്ക കാരണാൽ
രാവണന്റെ വധമാശു ചെയ്തു സൽ-
സേവനീയഗുണനായ രാഘവൻ. 99

വന്ദനീയപരമർഷിസിദ്ധർതൻ-
വൃന്ദവും തൊഴുമഹസ്കരപ്രഭോ!
നന്ദസൂനു തവ പാദസേവയാൽ
നന്ദനന്റെ ഗദമാശു പോക്കിനാൻ. 100

വിപ്രസംഘപരിസേവിതൻ സദാ
നൽപ്രതാപനിധിധർമ്മനന്ദനൻ
തൽപ്രസാദപരിലബ്ധപാത്രമൊ-
ത്തുൾപ്രമോദമൊടു വാണു കാനനേ. 101

സങ്കടങ്ങളുളവായിടുംവിധൌ
നിൻകഴൽത്തളിരുടൻ നിനയ്ക്കുകിൽ
ശങ്കയില്ലവനു ലേശവും മന-
സ്സിങ്കലത്തലണയാ ജഗൽപതേ! 102

യുക്തികൂട്ടമൃഷിവര്യസഞ്ചയം
ഭുക്തിയിൽ ബഹുവിരക്തിപൂണ്ടുടൻ
മുക്തിമാർഗ്ഗ! ഭഗവൻ! ഭവൽപദം
ഭക്തിയോടു കരുതുന്നു നിത്യവും. 103

ധർമ്മനാശഭയസംഭ്രമത്തിനാൽ
മർമ്മഭേദമുളവായ്വരുന്നു മേ
ശർമ്മമോടുടനെ കാത്തുകൊൾക മാം
കർമ്മസാക്ഷിഭഗവൻ! നമോസ്തു തേ". 104

ഗാത്രകമ്പപുളകാശ്രുമിശ്രയായ്
സ്തോത്രമിങ്ങിനെ പഠിച്ചു പാൎഷതി
നേത്രഗോചരദിനേശമണ്ഡലം
മാത്രനേരമഥ നിന്നു കൂപ്പിനാൾ. 105

തത്ര താപമൊടു താണു കൂപ്പുമാ-
ക്ഷത്രവൎയ്യസുതതന്റെ ഭക്തിയാൽ
ചിത്രഭാനുഭഗവാൻ പ്രസന്നനാ-
യെത്രയും കരുണപൂണ്ടു മാനസേ. 106

ആൎയ്യയാകുമവൾതന്റെ രക്ഷണം
സ്ഥൈൎയ്യമോടുടനെ നിൎവ്വഹിക്കുവാൻ
സൂൎയ്യനമ്പിനൊടയച്ചു ഭൃത്യനാം
വീൎയ്യമേറിയൊരു രാക്ഷസേന്ദ്രനെ. 107

മായകൊണ്ടു നിജ കായവും മറ-
ച്ചായവൻ ദ്രുപദരാജപുത്രിയെ
ഞായമോടുടനെ കാത്തുകൊള്ളുവാ-
നായടുത്തനുഗമിച്ചു തൽക്ഷണം. 108

കൂട്ടംതെററിപ്പരുങ്ങിപ്പകയൊടു ബത! മാൻ-
പേട പേടിച്ചു സിംഹം
വാട്ടം കൈവിട്ടു വാഴുന്നടവിയിലണയും-
പോലെ പാഞ്ചാലപുത്രി
കോട്ടംകൂടാതെ സൂതാത്മജനവനമരും
മന്ദിരത്തിൽ കടന്നാൾ
നോട്ടം തെററാതെചെന്നാനവളുടെ പിറകേ
ശൂരനാസ്സൂരദാസൻ. 109

സൈരന്ധ്റിയാമവൾ വരുന്നതു കണ്ടു സൌതി
പാരം രസത്തൊടെഴുനേറെറതിരേററു ചെന്നാൻ



സ്വൈരം തരത്തിലൊരു തോണി വരുന്ന കണ്ടു
പാരം ഗമിപ്പതിന്നിരിപ്പവനെന്നപോലെ. 110

സാരാംഗകാന്തികലരുന്നവരാം വന്നിടുമ്പോൾ
ക്രൂരാശയുള്ള പൃതനേശനെതിർത്തടുത്തു
പാരാതെ സാത്ഥതി വന്നണയും ദശായാം
ഘോരാത്ഥകാംക്ഷയൊടു ഘോരരണംകണക്കേ. 111

ബാലഭരമെഴും കൌന്തേയന്മാർ ഭരിച്ചു വിളങ്ങുമാ-
ച്ചലനയനയെസ്സേനേശൻ കണ്ടണഞ്ഞു തദന്തികേ
ജ്വലനശിഖയെബ്ഭംഗ്യാ കണ്ടിട്ടതീവ കുതൂഹലാൽ
ശലഭമധികം ചാപല്യംപൂണ്ടടുത്തണയും വിധം. 112

കാമൻഗുണത്തിനു സദാപി ഭജിച്ചിടുന്ന
ഭീമന്റെ കാന്തയൊടു ദുർമ്മതി സൂതപുത്രൻ
കാമന്റെ ബാണഗണമേററു വലഞ്ഞു പാരം
സാമത്തിലിങ്ങിനെ പറഞ്ഞു തുടങ്ങിയപ്പോൾ. 113

പാണ്ഡവോദയം പത്താം സർഗ്ഗം സമാപ്തം

## പതിനൊന്നാം സർഗ്ഗം.

“ഹേരാമേ! രാജരാജന്മുഖി! ശിഖിസഖികേ-
    ശേ! വധൂവർഗ്ഗവന്ദ്യേ!
വാരസ്ത്രീരത്നരമ്യേ! കരുതരുതുരുശോ-
    കേന മാനം മനസ്സിൽ
പാരന്താരമ്പരമ്മേ രതിപതിമതിയിൽ
    കോരിവാരിച്ചാരിഞ്ഞി-
ന്നാരാന്നേരാസ്വരാസ്വാൻ വരു വരു കരുണാ-
    ധാമമേ! മന്ദമന്ദം. 1

മങ്ങാതെൻ മികവു ഹരിച്ചു നീയൊരുത്തി
തിങ്ങുന്നിൻ ച്ഛവിയഹമെണ്ണി ലജ്ജ ചിത്ത
ത്തുംഗാഭാംഗി! കൊട്ടു ഹാൽ സുനിഷ്പ്രയാസം
സംഗം മന്മതി കുതുകത്തിനാത്തഹാസം. 2

വിലപിടിച്ചു സുവർണ്ണസുമാല്യ ന–
ല്ലലംഘ്യ നിഷ്ക്കമിതൊത്തു തരുന്നു ഞാൻ
നലമൊടങ്ങു തരുന്നതിനുണ്ടിനി–
പ്പലതയേലതയേററൊഴിയുംതന്നോ! 3

കൊതിരമസ്സുളവാം ബാഹുഭൂഷണം
മതിവരുംപടി ഞാൻ തരുവൻ തവ
സുതനു! വാങ്ങുക മൽകൃതമായൊരീ–
വിതരണംതരണം കനിവിങ്ങു നീ. 4

വിരവിൽ നിൻ വിരൽതന്നിലണിഞ്ഞിടാൻ
പരമിണക്കമെഴും മണിമോതിരം
അരുചിയെന്നിയെ കാങ്ക മൃഗാക്ഷി! നീ
സുരുചിരംരുചിരഞ്ജിതമാണിത്. 5

പ്രണയമോടു ധരിക്കുക നാരിമാർ–
ഗണമണേ! ഘനമാം ജഘനത്തിൽ നീ
ഘണഘണക്വണിതത്തൊടുമേഖലാ–
ഗുണമിതാണമിതാഭ തരാൻ തവ. 6

അവികലപ്രഭയോടണിയേണമീ–
യവയവങ്ങളിലൊക്കെ വിഭൂഷണം
ചെവിയിൽ നിന്മിഴിതന്നഴകുള്ള നൽ
കുവലയംവലയം മൃദുപാണിയിൽ. 7

മടിവെടിഞ്ഞെഴുതീടുക കണ്ണു നീ
മുടിയിൽ വെക്കുക പൊന്മണിശേഖരം

ചടുലമാമ്മിഴി! കാലിണയിൽ ചില-
മ്പിടുക ചൂടുക ചൂർണ്ണകചേ! സുമം. 8

അതിസുഗന്ധമെഴും നവ ചന്ദനം
മതിതൊഴുംമുഖി! തേക്കുക കൊങ്കയിൽ
രതിരസേന ധരിക്കുക കണ്ണിമ-
പ്പതിലകംതിലകം നിടിലസ്ഥലേ. 9

അരുതലങ്കരണത്തിനു താമസം
തരുണി! താവക സുന്ദരവിഗ്രഹം
ഉരുരസത്തൊടണിഞ്ഞിഹ കാണുവാൻ
സുരുചിരോരുചിരോത്സുകനേഷ ഞാൻ. 10

കപടമററ ലതാസുമപല്ലവാ-
ദ്യുപമിതാംഗി! നമുക്കു കളിക്കുവാൻ
കൃപയൊടേകുക നിന്നുടലായൊരീ-
യുപവനാമ്പരമിന്നു നിരള്ളുവൻ. 11

അകലുഷാംഗി! സുരദ്രുലതാദിയായ്
സകലവും തവ സമ്പ്രതി നൽകുവാൻ
വികലഭാഷിതമല്ലിതു നാകമെ-
ന്തകലയോകലയോടിടയുംമിഴി! 12

നരകമെന്നതു നാസ്തി ബലിഷ്ഠനാം
നരനു ദുർബ്ബലനാണതു നിർണ്ണയം
വരികയില്ല നമുക്കസുഖത്തിനായ്
ദുരിതമാരിതമാലസമാളകേ! 13

പടുതയോടു നിനയ്ക്കുക മൂഢർതൻ
വിടുവചസ്സുകൾ കേട്ടുഴലേണ്ട നീ
കടുതരാർത്തി തരുന്ന സതീവ്രതം
വിടുക തേടുക തേന്മൊഴി! മന്മഥം. 14

വലരിപുജ്വലനാദിദിഗീശരും
വലയുമെന്നൊടെതിർത്തമർചെയ്യുകിൽ
ഉലകിടം സകലം ദൃഢമെന്മഹാ-
ബലവശംലവശങ്കയുമില്ലിതിൽ. 15

അമരനായകനും ജലനാഥനും
ശമനനും ബത! പുണ്യജനേശനും
കിമപി സംശയമില്ലവരുത്തിടും
മമരണംമരണം മഹിളാമണേ! 16

ഹിമമഹാഗിരിയെ പ്രഹരത്തിനാൽ
ഭ്രമരകേശി! പൊടിപ്പതിനും മതി
സമരപാടവധാടികൾക്കൂട്ടമീ
മമകരംമകരന്ദസുഭാഷിണി! 17

ബകഹിടുംബജടാദിവധത്തിനാൽ
പ്രകടമായി മദിച്ചൊരു ഭീമനും
മികവൊടെന്നൊടെതിർക്കിൽ മരിച്ചുപോം
പികരുതേകരുതേണമിതാശയേ. 18

കബളമല്ലിതു കല്യജനങ്ങളിൽ
പ്രബലനാകിയ നമ്മൊടെതിർക്കുകിൽ
അബലമാർമുടിമുത്തണിമാലികേ!
വിബലനാംബലനാമവനും ദൃഢം. 19

വികൃതിയാമവനിൽ ബാഹുനിർദ്ദയ-
പ്രകൃതിയാം മമ വിക്രമവൈഭവാൽ
ശുകസുവാണി! ജഗത്രിതയസ്ഥരാം
സകലരുംകലരും ഭയമേററവും. 20

പരപുമാൻെറ പരിഗ്രഹമാകിലോ
നരകമാം പരമെന്നു നടുങ്ങൊലാ

പരമവിക്രമവാരിധി ഞാൻ മഹേ-
ശ്വരസമൻരസമൻപൊട്ട നൽകുവൻ. 21

വിരവിൽ വമ്പടയിൽ പരമന്യരാം
സുരവരക്ഷമടക്കമെണയ്ക്കുവൻ
സരസിജാസ്ത്രഗനോട്ടടനംഗനാ-
ഭരണമേരണമേററമസാദ്ധ്യമാം. 22

വിശദഹാസിനി! നീ കനിയായ്കയാൽ
ഭൃശമുഴന്നിട്ടമെന്നെ മഹാജവാൽ
കുശലനാം മദനൻ നിജവിക്രമാ-
കൃശഹുതാശഹുതാശയനാക്കിടും. 23

സരസമാം ഭവദോഷ്ഠസുധൌഷധം
പരമദുല്ലഭമായതു കാരണം
പരമസഹ്യമഹോ! മമ മന്മഥ-
ജ്വരവികാരവികാസമിതുൽക്കടം. 24

പകകലന്നു മനോഭവനെന്മനം
ശകലമാക്കിടുമമ്പു പൊഴിച്ചുടൻ
വികലധൈര്യമഹോ വലയുന്നു രാ-
പ്പകലഹംകലഹം കരുതൊല്ല നീ. 25

തവ പദാംബുരുഹങ്ങളിലാദരാ-
ലവനമിച്ചിടുമെന്നെ വധിക്കുവാൻ
ജവമിയന്നു വരുന്നു ഖലൻ മനോ-
ഭവനിതാവനിതാകുലമാലികേ! 26

അതിസുദുസ്സഹമാസനചംക്രമ-
സ്ഥിതി തുടങ്ങിയതാസകലം മമ
രതിപതിജ്വരമൂലമുദിക്കമീ-
യരതിയാൽരതിയാലതു തീക്ക നീ. 27

മഹിളമാർമണിയാം തവ വൈഭവാൽ
മഹിമ കൂടിയ നിർജ്ജരനാരിവൻ
സഹജസർവ്വഗുണേ! വദ രുദ്രനോ
നൃഹരിയോഹരിയോഹരി! തൽബലം 28

സകലദിഗ്ജയിയാം മദനൻ ഭയാ-
ലകലുമാറു ബലം മമനേട്ടുവാൻ
ശുകസുഭാഷിണി! നിന്നധരാമൃതം
ന്‌കരണംകർണ്ണങ്ങൾക്കു തുടങ്ങണം. 29

അതന്തതാപമഹാബ്ധിനിമഗ്നനായ്
സ്തതമേററമഹോ! വലയുന്നു ഞാൻ
സുതനു! നിൻ കുചകുംഭയുഗാലതിൻ
പ്രതരണംതരണം തരസാ മമ. 30

വികചകേതകപുഷ്പദളാക്ഷിയെ
ക്രകചമാക്കിയറുക്കമരക്ഷണാൽ
അകരുണസ്ഥിതിയാൽ തവ മന്മനം
തകരുവാൻകരുവാനെന്നതിർമന്മഥൻ. 31

അമൃതഭാഷിണി! കത്തിവരുന്നൊരീ-
യമിതമാമനുരാഗമഹാഗ്നിയിൽ
ഭ്രമരകേശിനി! ചെയ്തിടുമേ സസം-
ഭ്രമമഹോമമഹോമമനന്യജൻ. 32

ശുകമനോഹരഭാഷിണിയെന്നിൽ നീ-
യകമതിൽ കനിയാതെയിരിക്കുകിൽ
പ്രകടദുഃഖമിടുക്കെന്മനിക്കതി-
പ്രകണിയാംകണിയാം മദനന്നിത്. 33

വദനധൂതസുധാകരമണ്ഡലേ
രദനകാന്തിജിതാമലചന്ദ്രികേ!
പദനമസ്കൃതീയിങ്ങിനെ ചെയ്യുമെ-
ന്മദനവേദനവേരൊടറുക്ക നീ. 34

സകലസൽഗുണമണ്ഡിതയായ നീ-
യകലെയാക്കുക കോപരസം പ്രിയേ!
അകമലിഞ്ഞഥ മാമകമന്മഥ-
പ്രകടസംകടസംഹൃതി ചെയ്കയേ! 35

അതിരുഷാ മദനൻ മലയാനിലൻ
മതി സുമാകരനെന്നിവരൊക്കയും
മതിയിലേററവുമത്തൽ തരുന്നു മേ
മൃതിവരാതിവരാരുമൊഴിച്ചിടാ. 36

സരസമാമുപവണങ്ങളിൽ വാണിടും
പരഭൃതാവലിതന്നൊലി കേൾക്കയാൽ
സ്മരശരാർത്തിതമീ ഹൃദയം മഹാ
പരവശംരവശങ്കിതകോകിലേ! 37

സഹനശക്തി തികഞ്ഞ നമുക്കുമി-
ന്നഹഹ! തപനി തരുന്നു ഭൃശാർത്തിയെ!
ഇഹ മധുവ്രതമാർത്തുളവാക്കുമി
ലഹളകാഹളകാരവസന്നിഭം. 38

രമണി! നിന്നുടെ പോർമുല പുൽകുവാൻ
കിമപി കല്പനയിന്നു തരുന്നു മേ
അമരനാം മദനൻ മദവിഭ്രമൽ
ഭ്രമരകോമരകോമളവാണിയാൽ. 39

അസമബാണനുയന്നു വരുന്നു നൽ
കിസലയവ്രജഭംഗികൾ കാണ്കയാൽ

വ്യസനമിങ്ങു തരുന്നു സുമം മധു-
പ്രസരകേസരകേളിമനോഹരം. 40

കമലനേർമുഖി മാലിനി! കേൾക്ക നീ
മമ മിഴിക്കതിമാത്രസുദുസ്സഹം
സമവനം പവനാഗമനാൽ ബഹു
ദ്രുമലതാമലതാണ്ഡവമണ്ഡിതം. 41

അസമബാണന്റെ വൃദ്ധി കൊടുത്തുടൻ
വ്യസനമിങ്ങു തരുന്നു നമുക്കയേ!
കിസലയാധരി! ചന്ദനപർവ്വത-
ശ്വസനവാസനവാഞ്ഛിതമേക മേ. 42

കനിവു നീയിവനിൽ കലരായ്കയാൽ
ഇനി യമാലയമെന്നതിലാക്കിടും
മുനിമനസ്സിളകുംപടി ചേരുമീ-
യനിലനെൻനിലനെഞ്ചിലിതോർക്കയേ! 43

അശ്മമിങ്ങിനെ കാററണയും വിധൌ
കൃശതനോ! കരയാതെയിരിക്കുമോ
കുശലകാമശിലീമുഖബാധയാൽ
ഭൃശതരംശ്രുതരന്ധ്രമൊടൊത്ത ഞാൻ. 44

അവിരതം നിശി താപഭരം പരം
ഛവികൾകൊണ്ടു തരുന്നു മമ പ്രിയേ!
അവികലാമൃതദീധിതിമണ്ഡലം
രവിസമംവിസമഞ്ജുതരസ്മിതേ! 45

ഹരശിരോമണികാന്തി വരുംവിധൌ
പരമഹോ! തൊലി ചുട്ടെരിയുന്നു മേ
ചിരമിതെങ്ങിനെ ഹന്ത! സഹിപ്പു ഞാൻ
സരസസാരസസാരഹരേക്ഷണേ! 46

മനസി നീ കനിവെന്നിയെ വാഴ്കയാൽ
മനസിജാർത്തി പെരുത്തു തരുന്നു മേ
ജനമനോഹരമഞ്ജുളകോകില-
സ്വനമിതാനമിതാഖിലസുന്ദരി! 47

ഭുവനസുന്ദരി! നീ കനിയുന്നതി-
ല്ലിവനിലല്പവുമെന്നതു കാരണാൽ
അവനിനാഥഗൃഹോപമമാകുമീ-
മ്പ്ഭവനവുംവനവുംസദൃശം മമ. 48

തവ ഗുണസ്മൃതി പൂണ്ട മമാന്തികേ
നവസുമാംഗികളന്യകൾ ചേരുകിൽ
ജവമൊടപ്പൊഴുതം മറിഞ്ഞിടുമിങ്ങു ഹാ!
ശിവമനംവമനംവരുമാറഹോ! 49

എവിടയോ ബഹുരൂപിണിയായ നീ-
യെവിടെയോ പുനരന്യവധൂജനം
ദിവിപെടും നദിയെങ്ങു ബകാളിയും
തവളയുംവളയുംകുളമെങ്ങഹോ! 50

കമലമേന്തുമടിത്തളിർഭംഗിയും
കമലമൊത്ത കരങ്ങളുമിങ്ങിനെ
വിമലമായ്വിലസും ശുഭമൂർത്തി നീ
കമലയോമലയോടിടയുംകുചേ! 51

ചപലമാന്മിഴി! നിൻ വിരഹാർത്തിയാൽ
സ്വപനമില്ലശന സ്പൃഹയില്ല മേ
കൃപയൊടേകണമീ മമ വേദനാ-
യ്ക്കുപരമംപരമംഗനമാർമണേ!" 52

കപടമേറിയ സൂതസുതൻ കട-
ന്നപകടം പലതും പറയുംവിധൌ

സപദി സാധുതരാത്മവിശിഷ്ടമായ്
ദ്രുപദജാപദജാലമിതോതിനാൻ. 53

"ഭുവനവീരസുരാത്മജഭാര്യയാ—
മിവളൊടീവിധമക്രമമോതിയാൽ
ജവമൊടൊട്ടൊഴിയാതെ നശിക്കുമീ—
തവസുഖംവസുഖണ്ഡിതവാസവ! 54

ജനനിയോടെതിരാംതവ സോദരി—
ക്കനശനാർത്തിശമത്തിനു ഭോജനം
ഘനരസാൽ തരികാത്മഭവാന്ധനാ—
യ്വിനയവുംനയവുംവെടിയൊല്ല നീ". 55

അവികലം ദ്രുപദാത്മജതന്മതം
ചെവികൾകൊണ്ടിതു കേട്ടഥ കീചകൻ
അവിനയത്തൊടു വാക്യമിതോതിനാൻ
സുവിഷമംവിഷമങ്ങൊഴുകുംവിധം 56

"നൃപതിതന്മഹിഷിക്കിഹ കൊണ്ടുപോയ്
സപദി നൽകിടുമന്നസുരാരസം
കപടമററമരും ബഹു ചേടിമാ—
രപരമാർപരമാർത്തി കെടുത്തുവാൻ 57

ഹരിണനേർമിഴി! നിൻപദപല്ലവം
പരിചരിക്കണമന്യവധൂജനം
പരിചിലാശു നമുക്കധരാമൃതം
തരികപോരികപോർമുലപുൽകുവാൻ". 58

സരസമേവമുരച്ചു തദാ ചമൂ—
വർനടുത്തു പിടിച്ചു മദാലസം
സരസിജോപമമാകിയ പാർഷതീ—
കരതലംരതലംപടനായുടൻ. 59

പ്രസഭമാഞ്ഞവരം കൈ കുതറംവിധൌ
രസയിൽ വീണ മദാന്ധനവൻ തദാ
കിസലയായധരി തൽക്ഷണമോടി നീ-
രസഭയാൽസഭയാൽ ഗതി നേടുവാൻ. 60

നൃപചമൂപതി വീണതുകാരണാൽ
ത്രപയൊടല്പമുഴന്നെഴുനേററഹോ!
സപദി വാതജവ്യാൽ പുരരോടിനാൻ
ദ്രുപദജാപദജാലവഴിക്കുതാൻ. 61

ദ്രുപദനന്ദിനിതൻ പിറകേ മഹാ
ചപലനാമവനോടിയടുത്തുടൻ
സപദി ചെയ്തു ഹതാശവളർത്ത നീ-
ഷ്ഠുപരുഷാപരുഷാക്ഷരഘോഷണം. 62

"നന്നെന്നോ നിന്ന നിന്നോ നീ
നിന്നനൃനാനനേ നന
നാന്നന്ന നിന്നേ, നിന്ദി നി-
ന്നന്നനൂനന്ന നോ ന ന". 63

ശുദ്ധശുന്യമയമാം വചസ്സിത-
ബുദ്ധിശൂന്യനരചെയ്തു കൃഷ്ണയെ
ബദ്ധമായനറിയാതഹോ! മഹാ-
ബദ്ധമായതിദൃഢം ചവിട്ടിനാൻ. 64

അപ്പോഠം കല്പാന്തകാലോൽക്കടവികടകടു-
ക്രൂരഘോരാനിലന്ത-
ന്നൊപ്പം കെല്പോത്തൊരല്പേതരമദമെഴുമാ-
യാതുധാനപ്രധാനൻ
കേപ്പോരും കേളിയുംവിട്ടപകടമതിയായ്
ചെയ്തോരാസ്സൂതജൻതൻ

വാച്ചേറും കുന്നിനൊത്തോരുടലുടനെ പിടി-
ച്ചിട്ടു മേല്പോട്ടെറിഞ്ഞാൻ, 65

ആരും കാണാതെകണ്ടീവിധമവനെ മഹാ
മായപൂണ്ടങ്ങെറിഞ്ഞി-
ട്ടാരാലാരാക്ഷസേന്ദ്രൻ പുനരപി ജവമാം-
കൊണ്ടുടൻ കൊണ്ടുപോയി
കാരുണ്യം തെല്ലുമില്ലാത്തുടലുടനുടനേ
ഞെക്കിയേററം മശക്കി-
ക്കാരക്കോടൊത്ത കട്ടിക്കഠിനശിലകമാന്ത-
ന്നുള്ളിലാഴ്ത്തു ള്ളിയിട്ടാൻ. 66

ജലനവനതിയായ് ചവിട്ടിയപ്പോൾ
തളിരൊളി നൻമൃദുഗാത്രി യാജ്ഞസേനി
പ്രളയപവനനേററ വാഴപോലൊ-
ന്നിളകിയലച്ചു പതിച്ചു പാരിടത്തിൽ. 67

അവനുടെ പനയൊത്ത കാൽച്ചവിട്ടേ-
ററവളതിമൂർച്ഛിതയായ്ക്കിടന്നു പാരം
അവനിയിൽ മുസലപ്രഹാരമേററി-
ട്ടവശതതേടിയ പുഷ്പമാലപോലെ. 68

പ്രഭ പെരുകിയ കൃഷ്ണയെച്ചമൂപൻ
വിഭയമടുത്തു ചവിട്ടുമക്രമത്തെ
ശുഭഗുണനിധി മത്സ്യഭൂവരൻതൻ
സഭയിലിരിപ്പവരൊക്കെയങ്ങു കണ്ടു. 69

മനമുരുകിടുമാസ്സഭയ്ക്കു പാരം
കനിവു കലർന്നഥ കണ്ണുനീരൊലിച്ചു
അനിലതനയനുഗ്രദൃഷ്ടികട്ട-
ക്കനലെതിരാമ്പടി കോപമുത്ഭവിച്ചു. 70

കുട്ടകുടെയുടലൊന്നു വേൎത്തൊലിച്ചു
കടകടയെന്നഥ പല്ലവൻകടിച്ചു
പടുതരമതിധൎമ്മപുത്രനപ്പോറം
കടമിഴികൊണ്ടരുതായതെന്നുരച്ചു. 71

തടവിതു ലവലേശവും ധരിക്കാ-
തുടനെഴുനേററ ജടപ്രമാഥിഭീമൻ
കടലടിപെട്ടമായവൻെറ കോപം
കടയൊടറുപ്പതിനപ്പൊളോതി കങ്കൻ. 72

"വിരവൊടു വിറകിങ്ങു ശേഖരിപ്പാൻ
മരമിതു സമ്പ്രതി സൂദ! നോക്കിടുന്നോ
പരമിതിവിടെനിന്നുടൻ പറിച്ചാൽ
കരളിൽ നിനയ്ക്കുക കാൎയ്യദോഷമുണ്ടാം. 73

പെരുകിയ തണൽകൊണ്ടു താപമെല്ലാം
തരുവിതു തീൎത്തു ജനത്തിനുറംപ്രമോദം
ഗുരുതരമുളവാക്കിടുന്നു ചെയ്തീ-
ടരുതിതിനത്ര വിനാശമാശു ധീമൻ! 74

ഉടനെ വിറകിനായ്പുറത്തുനില്ക്കും
വിടപികളെക്കരിപുംഗവൻകണക്കേ
ചടചടരടിതം പെടുംപ്രകാരം
കടയൊടുകൂടിയുലച്ചെടുത്തുകൊറംക". 75

ക്ഷിതിയിലൊരുവനും സ്വവൃത്തബോധം
മതിയിൽവരാതിരിക്കുവാൻ തദാനീ,
അതികരുതലെഴുന്ന ധൎമ്മജക്ഷ്മാ-
പതിവരനേവമുരച്ചു ഗൂഢമായി. 76

പുരുജവമൊടു കീചകൻെറ ഹിംസ-
യ്ക്കൊരുമരമായുധമായ്പറിച്ചെടുപ്പാൻ

കരുതിയതിനുതാൻ തുനിഞ്ഞ ഭീമൻ
ഗുരുവരവാക്കതു തത്ര കേട്ടിരിന്നു. 77

ബലപതിയുടെകാൽ ചവിട്ടുകൊണ്ടീ-
യലസതരാംഗി മരിച്ചുപോകയല്ലീ
പലരവളുടെയാ കിടപ്പുകണ്ടി-
ട്ടുലംലുവിഷാദമൊടിപ്രകാരമോത്തു. 78

ഒരു പുരുഷനെടുത്തെറിഞ്ഞ മട്ടിൽ
പുരുബലമുള്ളചമൂവരൻെറ ദേഹം
ഗുരുജവമൊടകന്നുപോയതോർത്തോ-
ത്തുരുരസവിസ്മയമാന്നു സഭ്യരെല്ലാം. 79

തലമുടി ചിതറിസ്സ്രീതോത്തരീയം
മുലകളിൽനിന്നകലെത്തെറിച്ചിവണ്ണം
മലർതനുവവരം വീണതത്ര കണ്ടി-
ട്ടുലകിലധീശനുമൊന്നു സംഭ്രമിച്ചു. 80

അവനിയിലൊരുമാത്ര ചേഷ്ടകൂടാ-
തവളതിമൂർഛിതയായ്ക്കിടന്നു പിന്നെ
ജവമൊടു മതിബോധമുത്ഭവിച്ചോ-
രവസരമായതിലേററ വീരപത്നി. 81

മഹിളകാംമണി യാജ്ഞസേനി കണ്ടാം
മഹിയുടെ നാഥനെയപ്പൊഴാസ്സദസ്സിൽ
അഹിതശമനനായ ഭീമനേയും
മഹിതഗുണം കലരുന്ന കങ്കനേയും. 82

തദനു കലുഷനേത്രവാരിചേരും
വദനസരോജമുടൻ തുടച്ചമഷ്ഠാൽ
സദസി വിലസുമാ വിരാടനോടായ്
പദഹതിപീഡിതയായ കൃഷ്ണ ചൊന്നാം. 83

"എവരുടെ രിപുവാരനാട്ടൂര-
ത്തവനിയിൽ വാഴ്കിലുമൊട്ടറങ്ങയില്ല
അവരുടെ ബഹുമാന്യഭാൎയ്യായായു-
ള്ളിവളെ മദത്തൊടു കീചകൻ ചവിട്ടി. 84

ജവമൊടഖിലമേകുമൎത്ഥികാൎക്കാ-
യെവരിഹ യാചന ചെയ്കയില്ല തെല്ലും
അവരുടെ ബഹുമാന്യഭാൎയ്യയായു-
ള്ളിവളെ മദത്തൊടു കീചകൻ ചവിട്ടി. 85

നവജലധരഗൎജ്ജിതംകണക്കാ-
യെവരുടെ ഞാണൊലി മന്നിളക്കിടുന്നു
അവരുടെ ബഹുമാന്യഭാൎയ്യയായു-
ള്ളിവളെ മദത്തൊടു കീചകൻ ചവിട്ടി 86

എവരിഹ ഗുരുദേവവിപ്രഭക്തി-
പ്രവണതയുള്ളവർ നല്ല സത്യവാന്മാർ
അവരുടെ ബഹുമാന്യഭാൎയ്യയായു-
ള്ളിവളെ മദത്തൊടെ കീചകൻ ചവിട്ടി. 87

എവരിലഴകെഴും ഗുണങ്ങളെല്ലാ-
മവധിവെടിഞ്ഞു സദാ വിളങ്ങിടുന്നു
അവരുടെ ബഹുമാന്യഭാൎയ്യയായു-
ള്ളിവളെ മദത്തൊടു കീചകൻ ചവിട്ടി. 88

എവരിഹ നിജ ധൎമ്മബന്ധമററാൽ
ഭുവനമശേഷവുമാശു സംഹരിക്കും
അവരുടെ ബഹുമാന്യഭാൎയ്യയായു-
ള്ളിവളെ മദത്തൊടു കീചകൻ ചവിട്ടി. 89

എവരരിഖലസഞ്ചയങ്ങൾചെയ്യു-
ന്നമവതിയെ ക്ഷണവും സഹിക്കയില്ല

അവരുടെ ബഹുമാന്യഭാൎയ്യയായു-
ള്ളിവളെ മദത്തൊടു കീചകൻ ചവിട്ടി. 90

ഇതി കിമപി കഥിച്ചുകൊണ്ടുതാൻ തൻ-
പതികളെ നോക്കി നിഗൂഢമത്യമഷാൽ
സതിയവളുടനേ വിരാടഭൂമീ-
പതിയൊടു ബാഷ്പമൊലിച്ചുകൊണ്ടുരച്ചാൾ. 91

"തിറമൊടു ശരണാൎത്ഥികൾക്കഭീഷ്ടം
കുറവുവെടിഞ്ഞു കൊടുത്തിടും മഹാന്മാർ
മറവൊടു ഭുവനേ നടന്നിടുന്നോർ
മറകളറിഞ്ഞവരിപ്പൊളെങ്ങു പാൎത്താൽ. 92

സമദമിഹ ചമൂപനേവമെന്നെ-
ക്കിമപി ചവിട്ടിയ ദാരുണാപരാധം
മമ പതികൾ സുരേന്ദ്രനന്ദനന്മാർ
ശമമൊടു ഹന്ത! സഹിപ്പതെന്തുകൊണ്ടോ. 93

സ്വദയിതയിലിവണ്ണമക്രമിക്കും
മദഭരമേറിയ കീചകന്റെ നാശം
വിദയമവർ വരുത്തിടാത്തതെന്തോ
സദസി വസിപ്പവരോൎപ്പിനീവിചിത്രം. 94

ഇതുപൊഴുതെവിടെക്കു പോയവൎക്കു-
ള്ളതുലഭുജാസ്ത്രബലാദിസൽഗുണങ്ങൾ
ഇതി മനസി വിശങ്കസൂതപാദാ-
ഹതിപരിപീഡിതയാമെനിക്കിദാനീം. 95

അതിശുഭമയധൎമ്മദൂഷണത്തെ
ക്ഷിതിപതിയായ വിരാടനിപ്രകാരം
മതിയിലറിവൊഴിഞ്ഞു ചെയ്തിടുമ്പോൾ
ഗതിയണവാൻ പരമെന്തു ചെയ്വതീഞാൻ 96

സ്വരപരവശനായ സൂതനൊന്നെ-
ധരണിയിലിട്ടു ചവിട്ടിടുന്ന കൃത്യം
നരപതി ബത! കണ്ടു രാജകർമ്മം
പരമവനിൽസ്സ്വം ടമാചരിച്ചതില്ല. 97

നലമൊടു വലുതായ പാർപ്പുകൊണ്ടോ
പലതരമിങ്ങുളവായ വേഴ്ചകൊണ്ടോ
ഖലമരികലരുന്ന സൂതനവ്വീ-
തലപതി ശിക്ഷ കൊടുത്തിടാത്തതെന്തോ? 98

സ്വധർമ്മമീ നാട്ടിൽ നടത്തിടായ്കയാ-
ലധർമ്മശീലൻ ഖലു മാത്സ്യമന്നവൻ
അധർമ്മവാനാമിവനെബ്ഭജിക്കയാ-
ലധർമ്മവാന്മാരിഹ സഭ്യരൊക്കയും". 99

സാരംചേർന്ന വചസ്സിവണ്ണമുരചെ-
യ്തുംകൊണ്ടു കേണീടിനാൾ
സാരംഗേക്ഷണയായ മാലിനി തദാ
കങ്കൻ പരം കാൺകവേ
പാരം വിശ്വസിതം കലർന്നഥ മഹാ
വൃദ്ധൻ വിരാടൻ സഭാ-
ഗോരംതന്നിൽ വിളങ്ങുമായവളൊടായ്-
മെല്ലെന്നു ചൊല്ലീടിനാൻ. 100

"അല്ലേ മാലിനി! നിന്നെ നമ്മുടെ സഭാ-
ഗോരത്തിൽവെച്ചീവിധം
മല്ലേറും പടനായകൻ ബത! ചവി-
ട്ടാനെന്തു ബന്ധം ശുഭേ!
ചൊല്ലേണം തെളിവും തരേണമതിൽ നീ
നിർദ്ദോഷയാണെന്നയേ!
ചൊല്ലേറീടിന നാമതൊക്കയെമറി-
ഞ്ഞീടാതെ ശിക്ഷിച്ചിടാ. 101

ഞങ്ങഠം കണ്ടറികയില്ല തത്വമായ്
നിങ്ങഠം തമ്മിലുളവായ വിഗ്രഹം
ഹന്ത! തത്വമഖിലം ഗ്രഹിച്ചിടാ-
തെന്തയേ! സപദി ചെയ്യിടേണ്ട ഞാൻ?" 102

ഏവം സൂത്രം പറഞ്ഞു നരപതിജരാൻ
മാത്സ്യനല്പം തെളിഞ്ഞു
സേവന്മാക്കും ചുളിഞ്ഞു മിഴകഠം സഭയുടൻ
ക്ഷുബ്ദ്ധയായിച്ചമഞ്ഞു
മേവും ഭീമൻ പിടിഞ്ഞുക്കൊട്ട പുനരെഴുന്നേ-
റ്റൊട്ടവാനായ്തുനിഞ്ഞു
വേവുംമട്ടുള്ളകാഞ്ഞു ശമനജനുവിയ-
പ്പാശ്രു കോപാൽ പൊടിഞ്ഞു. 103

പാണ്ഡവോദയമെന്ന കാവ്യത്തിൽ
പതിനൊന്നാം സർഗ്ഗം സമാപ്തം.

# പന്ത്രണ്ടാം സർഗ്ഗം.

അക്കാലം ദ്രുപദജതൻ മഹാത്തി പാത്തും
ധിക്കാരം പെരുകിയ സൂതകമ്മമോത്തും
തൽക്കാലം തരളിതരായ് സദസ്യർ ചൊന്നാർ
നിൽക്കാതാ ക്ഷിതിപതി കേഠക്കമാറിവണ്ണം. 1

"വമ്പേറം ബലപതിയെക്കിശോരിയാമി-
പ്പെൺ പേടിച്ചകലുമുപദ്രവിക്കയില്ല
തൻ പ്രാണവ്യസനഭയാലൊഴിഞ്ഞു മണ്ടും
പെൺ പ്രാവെങ്ങിനെ കഴുവെക്കടെ കൊത്തും. 2

ന്നല്ലാതേ ബലമദശാലിയാകമൂലം
മല്ലാളും ബലപതി മത്തദന്തിപോലെ
ഉല്ലാസാലതിലളിതാംഗിയാകയാലീ-
മല്ലാക്ഷീകുലമണി മുല്ലവല്ലിപോലെ. 3

ഞെട്ടിക്കാലനുമൊഴിയുന്ന സൌതിതൻ കൈ
കട്ടിത്തം കലരുമിരിമ്പുലയ്ക്കപോലെ
കുട്ടിപ്പെൺകുയിൽമൊഴിയാമിവൾക്കെഴും മൈ
കെട്ടിച്ചേർന്നഴകിയ പുഷ്പമാല പോലെ. 4

ഉണ്ടാകാമൊരു സമയത്തിലിങ്ങലഭ്യൻ
തണ്ടാരിൽ പിറവികലന്നവൾക്കു കൂടി
വണ്ടാർപൂങ്കുഴലികൾ ചൂടുമിശ്ശുഭാംഗി-
ക്കുണ്ടാകാ പുരുഷരിലേകനിന്നലഭ്യൻ. 5

കണ്ടാലും തലമുടി കാറുപോലെ താൻ കാർ-
വണ്ടാത്ത്യാ കുറനിരകൾക്കു കപ്പമേകും
തണ്ടാരിന്നിതളുകൾ കണ്ണുകൾക്കു കൂപ്പും
ചുണ്ടാളും പ്രഭയൊടു കണ്ടു തൊണ്ടി മണ്ടും. 6

കല്ലോലത്തൊടു മലർസായകന്റെ വമ്പാർ-
വില്ലോട്ടം വിലസിന ബാലചന്ദ്രനോട്ടം
തല്ലോടീ മധുമൊഴിതന്റെ ചില്ലി രണ്ടും
പുല്ലോളം ബഹുമതിവിട്ടെതിർത്തിടുന്നു. 7

മുത്തല്ലൽപ്പെട്ടമണിദന്തപങ്ക്തി മിന്നു-
ന്നിത്തന്വീമണിയുടെ വക്ത്രഭംഗി കണ്ടാൽ
വൃത്തത്തിൽ തെളിവൊടുദിച്ചിടുംശശിക്കും
ചിത്തത്തിൽദൃഢതരമത്തലുത്ഭവിക്കും. 8

വിക്ഷോഭം മുനിഹൃദയത്തിനും വരുത്തും
വക്ഷോജദ്വയമിതു കുംഭികുംഭതുല്യം

ഇക്ഷോണിക്കിവളൊരു ദിവ്യഭൂഷതാനാ-
രക്ഷോനാഥനൊടു സമാനനിച്ചനൃപൻ. 9

മററുള്ളോർക്കുടയ വധൂജനങ്ങളേയും
മുററും നൽ ദ്രവിണചയത്തെയും ഹരിപ്പാൻ
ചെററും സംശയമിഹ സൂതപുത്രനുള്ളിൽ
പററുന്നീലമിതബലാൻ മദിക്ക മൂലം. 10

വല്ലാതെ ചിരമുടമസ്ഥരായിടുന്നോർ
നില്ലാതെ നിലവിളികൂട്ടിടും ദശായാം
ചൊല്ലാർന്നീടിന ധനവനിതാദിയായിടും സ-
ത്തെല്ലാമീബ്ബലപതി കൊണ്ടുപോകുമല്ലോ. 11

വീരത്വം വിമതചമൂവിനാശകത്വം
ധീരത്വം പരവനിതാതികാമുകത്വം
ശൂരത്വം സുലളിതവേഷസുന്ദരത്വം
ക്രൂരത്വം പരമിവ കീചകസ്വഭാവം. 12

ഭീമത്വം കലരുമരിവ്രജത്തെ വെൽവാൻ
കേമത്തം കിമപി ച കീചകന്നു കൂടും
ഓമത്താർവിശിഖവിരോധിയെജ്ജയിപ്പാൻ
സാമർത്ഥ്യം ദൃഢമിവനില്ല തെല്ലുപോലും. 13

നീരാളപ്രഭകലരും വധൂഗണം നീർ
ധാരാളം വിലസിന പത്മിനീസമൂഹം
നേരാളററതിമദനാന്ധനിച്ചനൃപൻ
നീരാളും തൃഷിതമഹാമതംഗജേന്ദ്രൻ 14

വെയ്‌ലല്പം തടവുപെടാതെ മന്നിൽ മിന്നും-
കാലത്തിങ്കലുമഖിലം നിജേച്ഛപോലെ
നീലക്കാർകുഴൽമണിമാരൊടൊത്തു നാനാ-
ലീലയ്ക്കായ്' തുനിയുമലജ്ജമീചനൃപൻ. 15

മാനംചേൎന്നവർ പലരും തെളിഞ്ഞു കാണ്കെ-
ത്താനംഭോരുഹമിഴിമാരൊടൊത്തിണങ്ങി
സാനന്ദം പല ചപലതചമാചരിപ്പാൻ
നൂനം തന്മനസി ചമൂപനില്ല നാണം. 16

ചണ്ഡധൎമ്മജഭയമററ വിപ്രപത്നീ-
ചണ്ഡാലാംഗനകളെയും ഹഠാൽപിടിച്ചും
ഭണ്ഡാരം മുഴവനെ നൽകിയും മനോ ജാ-
ഖണ്ഡാൎത്ത്യാ വിവശനിവൻ പുണൎന്നിടുംപോൽ. 17

ഇന്നാടിന്നിതുഹൃദിപാരമപ്രിയം താ-
നെന്നാലും കിമപി കഥിക്കയില്ലതാരും
ഒന്നായിട്ടരികളെ വെല്ലുമീപ്പുമാൻതൻ
നന്നായീടിന ബലമോൎത്തു ചിത്ത ഭീത്യാ. 18

അത്യന്തം ചപലതയുള്ള സൈന്യപൻതൻ
കൃത്യം കേട്ടനിശമഹോ! മഹാഭയത്താൽ
നിത്യം നൽ ശുഭമയമായിടുന്ന പാതി-
വ്രത്യം ക്ലടിയ സതിമാർ തപിച്ചിടുന്നു. 19

ഓടുന്നു സുമുഖികൾ സൂതനന്ദനൻ വ-
ന്നീടുമ്പോൾ ത്വരിതമൊളിച്ചു നിന്നിടുന്നു.
മൂടുന്നു പലതരമംഗമായവൾക്കേ-
റീടുന്നു ഭയപരിഹാസ സംഭ്രമങ്ങൾ. 20

ഈമട്ടിൽ സുമശരചാപലങ്ങൾ ക്ലട-
ന്നീമന്നിൻപതിയുടെ സൈന്യപന്നു ചിത്തേ
കാമത്തെക്കഥമുളവാക്കിടാതിരിക്കും
ശ്രീമത്വം തടവി്യ മാലിനീസ്വരൂപം? 21

സാരസ്യം തികയുമിവൾക്കു ചേൎന്നിടുന്നീ-
സ്സൌരഭ്യം സരസസരോജഗന്ധതുല്യം

മാരത്തീപ്പൊരി വിതറിടുമീ വിലാസം
ധീരത്വം മുനിഹൃദയത്തിലും കെടുത്തും. 22

ഈവണ്ണം മനുജവധുക്കളിൽ ഭവിക്കാ
ലാവണ്യപ്രഭൃതിമനോജ്ഞസൽഗ്ഗുണങ്ങൾ
സേവയ്ക്കായ്പുറയുകയില്ല ഞങ്ങളെല്ലാം
ദേവസ്ത്രീമണിയിവളെന്നുറച്ചിടുന്നു. 23

സൈരന്ധ്രീവധമുടനേ കഴിക്കുവാനാ-
യാരംഭിച്ചലറിയടുത്ത സൂതജൻെറ
ഘോരത്വം തടവിയ ശുഷ്കശൂന്യവാക്കിൻ
സാരത്താൽ സകലരുമിങ്ങു സംഭ്രമിച്ചു. 24

കത്തീടും കരളൊടു സൌതി വൻപനയ്യോ-
ട്ടൊത്തീടും പദമതിനാൽ ചവിട്ടിയപ്പോൾ
ചത്തീടാതിവളെഴുനീററതിൻെറ മൂലം
തത്തീടും തവ ശുഭമൊന്നുതന്നെ രാജൻ!" 25

മായംവിട്ടഖില സദസ്യരൊത്തു ധർമ്മാ-
പായം തീർത്തഴകിലിവണ്ണമോതിടുമ്പോൾ
ന്യായത്തിൽ ബഹുവിധശാസ്ത്രസഞ്ചയാഭി-
പ്രായജ്ഞൻ നൃപതിപുരോഹിതൻ പറഞ്ഞാൻ. 26

"സ്ഥീതാഹസ്കരകരസഞ്ചയത്തിനന്തി-
ക്കാതാമ്രം നിറമിഹ കണ്ടിടുന്നു നിത്യം
ഏതായെങ്കിലുമൊഴിയാതെനില്ക്കമീയ-
ല്ലാതാൽ തേ ബലപതി നാശമുത്ഭവിക്കും. 27

ശ്രീമഞ്ജുപ്രഭ കലരും ചമൂപർവാഴം
ധാമങ്ങൾക്കുപരി മഹോൽക്ക വീണപോലും
സോമൻതൻ പരിധിയുഗാന്തരാളഭാഗേ
ഭൌമൻതൻ ഗതിയിവ സൈന്യപാന്തമേകം. 28

ഇന്നീടാന്നിഹ ചിരമമ്പലത്തിൽ നന്നായ്
നിന്നീടും ഗണപതിബിംബമഗ്രഭാഗം
വന്നീടും വിധമിളകിപ്പതിച്ചു ദിഷ്ട്യാ
കൊന്നീടും ബലപതിയെ ദൃഢം പരന്മാർ. 29

ന്യായത്തിൽ പറയുമശേഷലക്ഷണാഢ്യം
വായവ്യം ക്ഷിതിതലകമ്പമത്ര ജാതം
ആയതത്തെ ഝടിതി കെടുത്തു മത്സ്യരാജ്യാ-
പായത്തെക്കിമപി വരുത്തുമാശു രാജൻ! 30

മുപ്പാരിൻപതികളാം സുരാധിനായകന്മാർ
ഇപ്പാരിൽ പിറവി കലന്നവർക്കശേഷം
അല്പാധർമ്മജഫലമേകിടുമ്പൊളല്ലീ-
യല്ലാതവ്രജമുളവാക്കിടുന്നതോർത്താൽ. 31

സൈ്വരം നൽ സുരപതി പുത്രജായയാമീ-
സ്സൈരന്ധ്രിക്കുടയ വിശേഷവും സ്വബുദ്ധ്യാ
പാരം തൻ ബലപതിതൻ വിശേഷവും പാ-
ർത്താരംഭിക്കുക നൃപനീതിയിൽ സമസ്തം." 32

ചെന്തിയ്യാമപനയമങ്ങൊഴിക്കുവാൻ നൽ
പന്തിക്കായുലരുമിവണ്ണമോതിടുമ്പോൾ
എന്തിപ്പോൾ സമുചിതമെൻെറ കൃത്യമെന്നായ്
ചിന്തിച്ചാൻ ചിരമതിവൃദ്ധനാം വിരാടൻ. 33

സ്ഥൂലത്വം തടവിയ സൂതവീര്യമാകും
ജാലത്തിൽ ചിരതരമങ്ങു പെട്ടമൂലം
ആലസ്യാൽ കിമപി പുറത്തു വന്നതില്ല-
ക്കാലത്തിൽ ശുഭതരമാത്സ്യചിത്തമത്സ്യം. 34

ക്ഷോണീന്ദ്രാശയവുമശേഷമാന്യസഭ്യ-
ശ്രേണീഭാഷിതവുമുടൻ ഗ്രഹിച്ചു ധീമാൻ

വാണീവൈഭവമിയലുന്ന ധർമ്മപുത്രൻ
കേണീടും മഹിഷിയൊടിത്തരം പറഞ്ഞാൻ. 35

"വാഴുന്നൂ ഭവതി നിരർത്ഥമീസ്സദസ്സിൽ
കേഴുന്നൂ ബത! നടിപോലെതന്നെ കഷ്ടം!
വീഴുന്നൂ നരവരദേവനാദി നിന്നെ-
ച്ചൂഴുന്നൂ ബഹുജനമെന്തിതെന്നിവണ്ണം. 36

ശ്രീയാളും നൃപമഹിഷീഗൃഹത്തിലേക്കായ്
പോയാലും ദ്രുതമിവിടത്തിൽ നില്ലവേണ്ട
ആയാസം പലതിഹ വീരപത്നിയാം സ്ത്രീ-
യായാലുണ്ടവളതിനെസ്സഹിച്ചിടേണം. 37

വീരന്മാരുടെ പദസേവയാൽ കുഴങ്ങും
സ്ത്രീരത്നം വിലസിടുമങ്ങു വീരലോകേ
സാരജ്ഞേ! ചിരമവിടെസ്സുഖിച്ചുടൻ സം-
സാരത്തെ ക്രമമൊടതിക്രമിക്കുമല്ലോ. 38

അന്ധതാപം കിമപി കലർന്നിടാതെ വാഴും
ഗന്ധർവ്വാധിപതികളാം നിന്റെ വല്ലഭന്മാർ
ചന്തത്തിൽ തവ സകലേഷ്ടവും വരുത്തും
ചിന്തയ്ക്കെന്തയി! ഭവതിക്കു ബന്ധമോർത്താൽ. 39

ധീരന്മാർ മധുമൊഴി! നിന്റെ വല്ലഭന്മാർ
വീരന്മാർ ദൃഢമിവ നിൻ ചരിത്രമെല്ലാം
സാരത്തോടഖിലമറിഞ്ഞിടുന്നു വേണ്ടും
നേരത്തിൽ തരമൊടു പോക്കുമീയനർത്ഥം. 40

ആയതീ! നിൻനിലയിവിടത്തിലെത്ര നിന്ദ്യം
പോയീടാതിഹ പുനരെന്തു നിന്നിടുന്നു
നീയീമട്ടുഴലണയായ്ക വല്ലഭന്മാ-
രായീടുന്നവർ തവ കാമിതത്തെ നൽകും." 41

ഈവണ്ണം സദസി നിഗൂഢസാരമാം വാ-
ക്കാവർത്തിച്ചഴകിലുരച്ചു കങ്കനപ്പോൾ.
നാവല്പം ദ്രുപതജയോടിടഞ്ഞുകൊണ്ടീ-
ബ്ഭാവത്തെക്കുടമൊഴിയാൽ സ്ഫുടീകരിച്ചു. 42

"സത്യംപൂണ്ടതിദയയുള്ളവൎക്കു വേണ്ടി-
ട്ടത്യന്തം വ്യഥയൊടു ചെയ്തിടുന്നു ധൎമ്മം
നിത്യം ഞാൻ മമ രിപുതൻെറ ഹിംസയാകും
കൃത്യം താനവർ ജവമൊടു ചെയ്തിടട്ടെ." 43

എന്നീവാക്കതിഖലകീചകാക്രമത്താൽ
വന്നീടും പരിഭവമൊടുരച്ചു കൃഷ്ണ
നിന്നീടാതുടനെ നടന്നു സൌതിതന്നെ-
ക്കൊന്നീടാൻ വഴികൾ നിനച്ചുകൊണ്ടു വേഗാൽ. 44

അത്തവ്വിൽ ചപലചമൂപതിച്ചവിട്ടേ-
റ്ററത്തനപീതനുലത താന്തയായ് നിതാന്തം
മത്തേഭപ്രവരപദാക്രമാൽ പരുക്കോ-
ടൊത്തേറെക്കുടതീപെടും മൃണാളിപോലെ. 45

ശ്യാമാഭം ലുളിതകചം വഹിച്ചിടുന്നാ-
വാമാക്ഷീഗണമണി യാജ്ഞസേനിയപ്പോൾ
ധീമാന്മാൎക്കധികവിശങ്ക ചേൎത്തു ചിത്തേ
ധൂമാളീകലുഷിതയായ ദിക്കുപോലെ. 46

നീലക്കാർ കുഴലവൾ തൻെറ ചാരുമെയ്യാ-
ക്കാലത്തിൽ പൊടികൾ പുരണ്ടു മങ്ങിയേററം
തോലിക്കായതികൾ പുരട്ടിടും വിഷത്താൽ
മാലിന്യം തടവിയ രത്നമാലപോലെ. 47

ദ്രുപത്താൽ പുകഴുമവൾക്കു ചേൎന്ന നേത്രം
താപത്താൽ കലുഷതരാശ്രുമിശ്രമായി

ആപത്തായതു കളവാന്നുദിച്ചിട്ടും വൻ-
കോപത്താൽ തുടതുടെയേററവും ചുവന്നു. 48

വീണാലാപിനിമണിതൻ വരാനനത്തിൽ
ശോണാഭം നയനയുഗം തദാ വിളങ്ങി
ഏണാങ്കോദിതപരിപൂർണ്ണമണ്ഡലത്തിൽ
ശ്ശോണാംഭോരുഹദളയുഗ്മമെന്നപോലെ. 49

മാലേറീട്ടുടനൊഴുകുന്ന ബാഷ്പപൂര-
ത്താലേ താമസമയമവരംകെഴുന്ന വക്ത്രം
പ്രാലേയപ്രകരമണഞ്ഞ താമരപ്പൂ-
പോലെ തൻ പ്രകൃതിജകാന്തിയെ ത്യജിച്ചു. 50

മുല്ലപ്പൂ വഴകിയ വെണ്മകൊണ്ടു തോററി-
ട്ടല്ലൽപ്പെട്ടിടുമവരംതന്റെ വസ്ത്രയുഗ്മം
തെല്ലല്ലപ്പൊഴതിൽ മഹീരജസ്സു പൂണ്ടി-
ട്ടില്ലല്ലം ഗുണമിതിനെന്ന മട്ടിലായി. 51

രോഷം ചേർന്നൊരു വദനം വിവർണ്ണമാമീ-
വേഷംവാച്ചുഴലിവകൊണ്ടു മട്ടുമാറി
ദേഷം പൂണ്ടവളണയുന്ന കണ്ട നേരം
ശേഷം ദാസികളുടനൊന്നു സംഭ്രമിച്ചു. 52

അന്നേരം നരവരപത്നി സൌധദേശേ
നിന്നേതും തടവുപെടാതെ കണ്ടിതെല്ലാം
തന്നേത്രാൽ തെളിവൊട്ടു കണ്ടുഴന്നിറങ്ങി-
ച്ചെന്നേവം വ്യസനഭരം നടിച്ചു ചൊന്നാരം. 53

“പാരാതേ പറകയിതോഴി! നിന്നെ വല്ലാ-
താരാണീദ്ധരയിലുപദ്രവിച്ചു ദുഷ്ടൻ
ആരാണെങ്കിലുമവനിന്നു കഷ്ടകാലം
ചേരാറായതിനിഹ കില്ലുതെല്ലുമില്ല. 54

പൊട്ടുന്നു മമ ഹൃദയം തവാർത്തിപാർത്തി-
ട്ടൊട്ടുന്നീകരയുക വേണ്ട ധർമ്മശീലേ!
തട്ടുന്നു പരമിതുകൊണ്ടെനിക്കു ദോഷം
വെട്ടുന്നിന്നരിയുടെ കണ്ഠമാശു ഭൂപൻ· 55

കൊല്ലിക്കാം തവ പരിപന്ഥിയെ ദ്രുതം ഞാൻ
ചൊല്ലിക്കൊൾകവനുടെ ദുഷ്ടചേഷ്ടയെല്ലാം"
തെല്ലിത്ഥം നൃപമഹിഷീവചസ്സു കേട്ടി-
ട്ടല്ലിത്താർമിഴിയുരചെയ്തു യാജ്ഞസേനി. 56

"കേൾക്കാതെക്കഥ ഭവതിക്കു ഭോജ്യമെല്ലാ-
മുൾക്കാമ്പിൽ ത്വരയൊടു കൊണ്ടുവന്നിടാൻ ഞാൻ
നില്ലാതായവിടെയണഞ്ഞനേരമെന്നെ-
ധിക്കാരത്തൊടു ബത! കീചകൻ ചവിട്ടി. 57

ക്ഷോണീന്ദ്രൻ പരിജനസംഘമൊത്തു നന്നായ്
വാണീടും സഭയുടെ മുമ്പിൽവെച്ചുതന്നെ
വേണീസംഗ്രഹണനിരുദ്ധയാകുമെന്നെ-
ത്താണീടാതതിമദമാർന്നവൻ ചവിട്ടി. 58

തണ്ടാർനേർമിഴി! തവ സോദരാക്രമത്തെ-
ക്കണ്ടാർത്ത്യാ നൃപസഭയേററവും തപിച്ചു
കണ്ടാലും ഭവതിയുമായവൻ ചവിട്ടി-
ട്ടുണ്ടായീടിന പെരുതാം പരുക്കിതെന്നിൽ". 59

മാനാഢ്യ ദ്രുപദതനൂജയേവമോതി-
ട്ടീനാർത്തസ്വരമോടു ഹാ! കരഞ്ഞു മന്ദം
ആ നാരീമണിയുടെ വൻപരുക്കതപ്പോൾ
ഭൂനാഥപ്രിയസഖിമാരൊടൊത്തു കണ്ടു. 60

"അയ്യയ്യോ ശിവ! ഘോരമീ പ്രഹാരം
നിയ്യല്ലാതൊരുവരും സഹിക്കയില്ല പാരിൽ

വയ്യോതാനിതിനുടെ വൻകട്ടപ്പമീ നീ-
ന്നെയ്യോമതസ്സുമ" മെന്നു ചൊല്ലി രാജ്ഞി. 61

ആർത്തിപ്പെട്ടവളുടെ വൻപരുക്കതേററം
പാർത്തിട്ടാസ്സകലവധൂജനത്തിനുള്ളിൽ
പൂർത്തിപ്പെട്ടഴലുളവായുടൻ തദാ നൽ
കീർത്തിപ്പെട്ടരശവരൻെറ പത്നി ചൊന്നാൾ. 62

"ഞാനായ്യോ! തവ പരിപന്ഥിയാകയാലാ-
സ്സേനാനായകനെയുമുഗ്രകോപമോടെ
കീനാശാതിഥിവരനാക്കിടാം ക്ഷണത്താൽ
മാനാഢ്യേ! വദ ഭവതിക്കിതിഷ്ടമെങ്കിൽ". 63

ഈടേറം നരപതിപത്നി ദുഃഖഭാവ-
ത്തോടേവം പറവതു കേട്ടു യാജ്ഞസേനി
ചോടേറും പിഴകൾപെടാതെ തൻെറ ബുദ്ധ്യാ
പടേ പാർത്തധികമമർഷമോടുരച്ചു. 64

"ആക്കാണാഖലമതിചെയ്തതപ്രിയം ചെ-
റേറാക്കാതെ മദനബലാന്ധനായിവണ്ണം
ഊക്കാളുന്നവനതിരോഷമോടു കാലം
നീക്കാതാരിപുവെ വധിക്കുമെന്നു നൂനം". 65

ലോലാക്ഷീമണിയവളേവമോതി മന്ദം
ലീലാവാപിയിലുടനങ്ങണഞ്ഞു മുങ്ങി
മേലാകെക്കഴുകിയലമ്പി നൽ പടത്തിൽ
പാലാശപ്പെട്ടമഴകുള്ള കാന്തി ചേർത്തു. 66

മേലൊക്കെജ്ജലമൊഴിയുന്ന മട്ടു തോർത്തി-
ച്ചേലൊക്കുംവിധമുടനീറനങ്ങു മാറി
ആലോലായതമിഴി പിന്നെ വേണ്ടതെല്ലാ-
മാലോചിച്ചൊരുവിധമുള്ളുകൊണ്ടുറച്ചു. 67

"പ്രേമംപൂണ്ടിഹ മമദുഃഖമഞ്ജു പോക്കാൻ
ഭീമൻതാൻ സമുചിതനന്യനല്ല നൂനം
ക്ഷേമം ചേർപ്പതിനു നിശയ്ക്കെഴും തമിസ്രം
സോമൻതാൻ ജവമൊടു പോക്കുവാൻ സമർത്ഥൻ. 68

വല്ലാതേ ബലഭരമുള്ളസൌതിതന്നെ-
പ്പുല്ലാക്കിപ്പുരജനമിങ്ങറിഞ്ഞിടാതെ
കൊല്ലാനിന്നഴകിനൊടോർത്തിടും ദശായാം
ചൊല്ലാന്നീടിന ജടവൈരിതന്നെ വേണം". 69

എന്നേവം ദ്രുപദജ നിശ്ചയിച്ചു നന്നാ-
യ്പ്പന്നേറെത്തെളിവിൽ വിളങ്ങി സന്ധ്യയപ്പോൾ
കുന്നേലുംമുലയവൾതന്റെ കൃത്യമെല്ലാ-
മന്നേരത്തതിജവമൊടു ചെയ്തൊരുങ്ങി. 70

വല്ലാതേ തിമിരഭരം നിറഞ്ഞു വേഗാ-
ലെല്ലാരും സുദൃഢമുറങ്ങിനാർ തദാനീം
നില്ലാതേ പവനജമന്ദിരത്തിലേക്കായ്
മല്ലാക്ഷീമണിയവളേകയായ് നടന്നാൾ. 71

"ഇപ്പോൾതാൻ വരുമഴലെന്നൊടോതുവാനാ-
യിപ്പോൾതാൻ വരുമഴകുള്ള യാജ്ഞസേനി"
കെല്പോടാപ്പവനജനേവമോർത്തു പാർക്ക-
ന്നപ്പോൾതാൻ ദ്രുപദജ തൽഗൃഹത്തിലെത്തി. 72

രണ്ടാളും ത്വരിതമമർഷശോകഭാരം-
കൊണ്ടാടും ഹൃദയമൊടൊത്തിരുന്നു പിന്നെ
"ഉണ്ടായ്വന്നഴലിതിനെന്തുമൂല"മെന്നാ-
തണ്ടാർനേർമിഴിയൊടുരച്ചു ഭീമസേനൻ. 73

ഈവണ്ണം പരമദയാരസാർദ്രമാകും
ഭാവം പൂണ്ടനിലസുതൻ പറഞ്ഞ ശേഷം

ആ വല്ലാത്തഴലൊടു നിന്നു കൃഷ്ണയല്പം
നാവററീടിന മണിപോലെ മൌനമോടെ. 74

മന്നിൽചേൎന്നരശവധൂകളൊത്തശീഷം-
തന്നിൽ ചാൎത്തിയ മണിമാലയായ കൃഷ്ണ
തന്നെത്താനഴലതു ധൈൎയ്യമാൎന്നൊതുക്കി-
പ്പിന്നെത്താൻ പ്രിയതമനൊടു ചൊല്ലി മെല്ലെ. 75

"കണ്ടാമണ്ടികളണയാതിരിക്കുവാനാ-
യ്ക്കൊണ്ടോരാലൊരു ദിശി കോണിൽ വാഴുമെന്നെ
കൊണ്ടാടിക്കുതുകഭരേണ സൂതപുത്രൻ
കണ്ടാനങ്ങൊരു ദിവസം യദൃച്ഛയാലേ. 76

ക്രൂരാത്മാവവനുടനുള്ളിലുത്ഭവിക്കും
മാരാൎത്ത്യാ പരവശനായ് ചമഞ്ഞ് ദുഷ്ടൻ
പാരാതെന്നൊടു ബത! സാദ്ധ്വികാംക്ഷ തെല്ലും
ചേരാതേ പലതരമോതി ഭംഗിയോടെ. 77

ധിക്കാരത്തൊടു പരുഷം പറഞ്ഞു രോഷം
നിൽക്കാതെ ഝടിതിയിൽ ഞാനതൊന്നുമൊട്ടും
അക്കാലം ഖലമതി സൂതസൂനു കേൾക്കാ-
തുൾക്കാമ്പിൽ പ്രണയമൊടെൻെറ കാക്കൽ വീണു. 78

അന്ധത്വം കളക മദീയ വല്ലഭന്മാർ
ഗന്ധൎവ്വാധിപതികളഞ്ചുപേർ മഹാന്മാർ
അന്തം ചേൎത്തിടുമുടനേ ഭവാനിവണ്ണം
ചന്തം വിട്ടനുചിതകൎമ്മമാചരിച്ചാൽ. 79

വാക്കേവം മമ വടിവൊടു കേട്ടു പുച്ഛി-
ച്ചൂക്കേറും ബലപതിയാമവൻ ചിരിച്ചു
അക്കാലം വലിയ വെറപ്പൊടങ്ങു തെല്ലും
നിൽക്കാതാഖലനെ വെടിഞ്ഞു ഞാൻ നടന്നു. 80

സൈരന്ധ്രീവടിവുകലൎന്നു വാഴുമെന്നെ
സൈ്വരം ഭൂപതി നിജ ഭാൎയ്യയാക്കി വെക്കും
ഈ രാജപ്രിയമഹിഷിക്കിവണ്ണമുള്ളിൽ
തീരാതേ വലിയൊരു ഭീതിയുണ്ടു നിത്യം. 81

ചെന്തീയ്യാം ഭയമിതു ഹന്ത! ശാന്തമാവാ-
നെന്തിപ്പോഠ പരമൊരുപായമെന്നിവണ്ണം
ചിന്തിക്കുന്നളവഥ കീചകാഗ്രഹം നൽ
പന്തിക്കായ്ക്കരുതി നിജാൎത്ഥസാധനാൎത്ഥം. 82

മാനം ചേൎന്നരുമനീകിനീശനിപ്പെൺ-
മാനഞ്ചുംമണിയെപ്പരിഗ്രഹിച്ചാൽ
നൂനം മൽപതിനൃവരൻ പരിഗ്രഹിക്കി-
ല്ലൂനം വിട്ടിതുഗുണമെന്നുറച്ചു രാജ്ഞി. 83

പിന്നെത്താൻ കപടമൊടന്നമാനയിപ്പാ-
നെന്നെത്താൻ സഹജഗൃഹത്തിലെക്കയച്ചാഠ
നന്നല്ലിപ്പണി ദൃഢമെന്നു കേണുടൻ ഞാൻ
ചെന്നപ്പോഠ ഖലനവനേററമാദരിച്ചു. 84

പ്രേമഞ്ചേൎന്നടിതൊഴുതീടുമഃഖലൻതൻ
സാമം നിഷ്ഫലതരമായ ശേഷമപ്പോഠ
പൂമഞ്ഞും മമ മൃദു കൈ ബലാൽ പിടിപ്പാൻ
കാമംപൂണ്ടുടനെയടുത്തു വന്നു ദുഷ്ടൻ. 85

കേണീടും കരളൊടു തൽക്ഷണേ ഭയാൽ ഞാൻ
താണീടാത്തതിജവമോടുകൂടിയോടി
ക്ഷോണീന്ദ്രോത്തമമണിയായ ധൎമ്മപുത്രൻ
വാണീടും നൃപസഭതൻെറ മുമ്പിലെത്താൻ— 86

എങ്കൽപ്പെട്ടിടുമതികാമകോപശക്ത്യാ
ശങ്കിക്കാതവനുമഴറെറാടോടിയെത്തി

കങ്കൻതൊട്ടഖിലരുമൂക്കെഴം ഭവാനും
കാങ്കത്താനതി കഠിനം ചവിട്ടിയെന്നെ." 87

ഈവണ്ണം വചനമുരച്ചു വാച്ച ശോകാൽ
വൈവണ്ണ്യം സുദൃശമണഞ്ഞു യാജ്ഞസേനി
വൈവശ്യത്തൊടു വളരെക്കരഞ്ഞു മൂക്കിൽ-
കൈവെച്ചപ്പൊഴുതിലഹോ! തപിച്ചു ഭീമൻ. 88

സ്നേഹത്തോടുടനവളന്തൻെറ പൂവൊടൊക്കും
ദേഹത്തെപ്പവനസുതൻ തലോടി മന്ദം
മോഹംപൂണ്ടിതു പരമാപ്പുരുക്കു തൊട്ടി-
ട്ടാഹന്ത പ്രണയഭരാലവൻ തദാനീം. 89

ശോകാസ്രം കലരുന്ന തൻ ദയിതതൻ
കാന്താനനാംഭോരുഹം
വൈകാതേ നിജ മാനസേ ദയ തടി-
ച്ചാകെത്തുടച്ചാദരൽ
പകാരിപ്രതിമപ്രതാപനമലൻ
ഭീമൻ മഹാസങ്കടം
പോകാനായവളോടു സാന്ത്വവചനം
മെല്ലെന്നു ചൊല്ലീടിനാൻ. 90

പാണ്ഡവോദയം കാവ്യത്തിൽ
പന്ത്രണ്ടാം സൎഗ്ഗം സമാപ്തം.

# പതിമൂന്നാം സർഗ്ഗം.

"ദയിതേ! ശൃണുമാമകം വച-
സ്സയി! പാഞ്ചാലനരേന്ദ്രനന്ദിനി!
മയി തേടരുതപ്രിയം യശോ-
മയി തെല്ലെങ്കിലുമുത്തമോത്തമേ! 1

തവമെയ്ത്തളിരിൽ ദുരാശനാ-
മവനൂക്കോടു ചവിട്ടിയപ്പൊഴേ
ജവമോടെഴുന്നേററു കീചക-
പ്രവരൻതൻ കുലമൊടുക്കുവാനഹം. 2

അതുലപ്രതിഭൻ നയങ്ങളിൽ
ചതുരൻ ധർമ്മജനെന്റെ പൂർവ്വജൻ
അതുനേരമുടൻ നിഗൂഢമാ-
യിതുവെണ്ടെന്നു വിലക്കി സുന്ദരി! 3

അവനീപതി ധർമ്മജന്നെഴു-
ന്നവബോധാദികളെ സ്മരിച്ചുടൻ
ഇവനെന്തറിവെന്നുവെച്ചു ഞാൻ
നവനീതാംഗി! ജവാലടങ്ങിനേൻ. 4

ഗുരുവാക്കു വിടുന്നവന്നഹോ!
വരുമല്ലോ വലുതാം വിപത്തുടൻ
ഗുരുവൈദ്യവചസ്സു കൈവിടും
പുരുഷന്നുഗ്രഗദം കണക്കിനെ. 5

യുവതീമണിയാം സുകന്യയെ-
ന്നവരാം ശര്യാതിനരേന്ദ്രനന്ദിനി
ച്യവനാഖ്യമഹർഷിവൃദ്ധനെ-
ഭവനം വിട്ടു ഭജിച്ചു കേണു പോൽ. 6

അളവററഗുണങ്ങളൊക്കെയും
വിളയാട്ടും ദമയന്തിയെന്നവാം
നളനോട്ട പിരിഞ്ഞു കാനനേ
വളരെത്താപമൊടൊത്തുഴന്നു പോൽ. 7

അതിവൃദ്ധവിരൂപിരോഗിയാ-
യ്യതിധന്യഷി പരീക്ഷചെയ്യയാൽ
മതിയേററിട്ടമിന്ദ്രസേനയാം
സതിനാളായണി നന്നെ കേണുപോൽ. 8

അതി ദുർമ്മതിയാം ദശാനനൻ
ചതിയിൽ തന്നെ ഹരിക്കകാരണാൽ
പതിതൻ വിരഹാർത്തിവഹ്നിയിൽ
സതിയാം ജാനകി പണ്ടു വെന്തുപോൽ. 9

പ്രിയനായിക സത്യവാനെഴ-
ന്നുയർപോകും വഴി പോയ് കൃതാന്തനെ
സ്വയമങ്ങിനെ കണ്ടു ചൊല്ലി നി-
ർഭ്ഭയ സാവിത്രിസുഭാഷിതങ്ങളെ. 10

സ്തുതിയല്ലയി! ഞാൻ പറഞ്ഞൊരീ-
സ്സതിമാർപോലെ മനോഹരാകൃതേ!
ക്ഷിതിതന്നിൽ വിളങ്ങിടുന്നു നീ
ധൃതിതൊട്ടുള്ള മഹാഗുണങ്ങളാൽ. 11

പരമിങ്ങിനെ കണ്ണടച്ചു നീ
തരമോടൊന്നരമാസമോമലേ!
കരളിൽ ധൃതിപൂണ്ടു തെല്ലുമേ
കരയാതിങ്ങു കഴിച്ചുകൂട്ടണം. 12

അളിതാരകളുള്ളിലൊത്തിടു-
ന്നളിനത്താർമിഴിയാഞ്ഞടച്ചുടൻ

തെളിവെന്നിയെ രാവുപോക്കിടും
നളനീചേഷ്ടിതമാചരിക്ക നീ. 13

അഹിതവ്രജവഞ്ചനത്തിനീ
വിഹിതം കാലമുടൻ കഴിക്കുകിൽ
മഹിതേ! ശുഭ ചക്രവർത്തിതൻ
മഹിഷീപദം സ്ഫുടമായ്വരും തവ. 14

പരിസാന്ത്വനവാക്യമിത്തരം
ശരിയായ് ഭീമനുരച്ചനന്തരം
ഉരിയാടി വിഷണ്ണയായ് കൃശോ-
ദരിയാകും ദ്രുപദേന്ദ്രനന്ദിനി. 15

"ജനകൻ മമ സോമകോത്തമൻ
ജനനം വഹ്നിയിൽ നിന്നു വിസ്മയം
വിനയാദികൾ പൂണ്ട പാണ്ഡുതൻ
തനയന്മാരനുനാഥരായവർ. 16

പരനവ്യയനബ്ധിനന്ദിനീ-
വരനീശൻ ഹര ബന്ധുവായവൻ
പരമിങ്ങിനെയൊക്കെയാകിലും
ചിരമാപത്തു പിണഞ്ഞു കേണു ഞാൻ. 17

ശാസനാത്മജ നാട്ട ദുർജ്ജനം
ഹസനംചെയ്തു ചതിച്ചിട്ടത്തും
വസനം മമ ഹാ! ഹരിച്ചതും
വ്യസനംപൂണ്ടു സഹിച്ചു പണ്ടു ഞാൻ. 18

ജളനായ ജയദ്രഥൻ പുരാ
കളവായെന്നെ ഹരിച്ചിടുംവിധൌ
ഉളവാകിയ ദുഃഖസംഭ്രമം
തളരുംമെയ്യൊടഹോ! സഹിച്ചു ഞാൻ. 19

ഖലനായ ജടാസുരൻ മഹാ-
ബലവാൻ ഞങ്ങളെ നാലുപേരെയും
ഛലമോടു ഹരിച്ചിടുംവിധൌ
നിലവിട്ടരത്തൽ സഹിച്ചു ഭീമ! ഞാൻ. 20

കടുകണ്ടകശർക്കരാഗണം
കടുവാ പാമ്പുകൾ കീടമെന്നിവ
പെടുമുഗ്രവനത്തിൽ വാസവും
നെടുവീർപ്പിട്ടു കഴിച്ചുകൂട്ടി ഞാൻ. 21

ക്ഷിതിനാഥരശേഷമാദരാൽ
സ്തുതിചെയ്യുന്ന മഹാൻ യുധിഷ്ഠിരൻ
പതിവായിവിടെസ്സദസ്യനായ്
സ്തുതിചെയ്യുന്നു വിരാടഭൂപനെ. 22

പരിചിൽ സ്വപരാക്രമാഗ്നികൊ-
ണ്ടരിതൻ പാചകനായിടും ഭവാൻ
അരിവേവിനു കൊള്ളികൊണ്ടു തീ-
യെരിയിക്കുന്നു വിരാടമന്ദിരേ. 23

പുരുഹൂതസുതൻ ധനഞ്ജയൻ
പുരുഷന്മാർകളിലുത്തമോത്തമൻ
മരുവുന്നു ബൃഹന്നളാഖ്യപൂ-
ണ്ടുരുശോകത്തൊടു ഷണ്ഡനായിഹ. 24

നയശാലികൾ നത്സുഖാഹരാ-
കിയമാദ്രീസുതരാർത്തിപൂണ്ടിഹ
ഹയഗോകുല സാധുപാലന-
ക്രിയചെയ്യുന്നു മുടക്കമെന്നിയേ. 25

അഴലീവിധമേററവും കല-
ന്നുഴലും മൽപ്രിയരായ നിങ്ങളെ

അഴകററിഹ കാണുമെൻ ഗൃഹ-
പ്പിഴദോഷങ്ങൾ സഹിച്ചിടുന്നു ഞാൻ. 26

അതിദുസ്സഹദുഃഖമീവിധം
ധൃതികൈക്കൊണ്ടു സഹിക്കുമെന്നുടെ
മൃതിയിങ്ങു വരുത്തുമാശു ദു-
ർമ്മതിയാം കീചകനില്ല സംശയം. 27

പടനായകനായ കീചകൻ
സ്ഫുടമെന്നെ പ്രഹരിച്ചതൊട്ടുമേ
തടയാത്ത വിരാടമന്നവൻ
നടതുല്യൻ ഗതിയെന്തിനിക്കിനി? 28

കലഹപ്രിയനാമവൻ തിര-
ഞ്ഞിഹ കാണും സമയത്തിലൊക്കെയും
പ്രഹരിച്ചിടുമെന്നെ നിശ്ചയം
സഹസാ ഞാൻ മൃതയാകുമപ്പൊഴേ. 29

പടയിൽ പടുവായുധദിക്കുമീ-
ക്കടകെട്ടീടിന സൈന്യനാഥനെ
ജടനെക്കുലചെയ്തപോലെ താ-
നടനേ ഭീമ! വധിക്കണം ഭവാൻ" 30

മൊഴിയിങ്ങിനെ സാരമായുര-
ഞ്ഞൊഴിവില്ലാത്ത വിപത്തിതോർത്തുടൻ
മിഴിനീരതി സങ്കടത്തിനാൽ
വഴിയുമ്മാറു കരഞ്ഞു പാർഷതി. 31

ബലമുള്ള ബകാരിതന്നുര-
സ്ഥലമാകുന്ന വിശാലമെത്തമേൽ
അലസാംഗി നരേന്ദ്രപുത്രി ദു-
ർബ്ബലയായ്വീണു കിടന്നു തൽക്ഷണം. 32

പ്രധനപ്രിയനായ ഭീമനീ-
വിധമാപാഷ്തീതൻ വചസ്സിനാൽ
അധമാധമനായ സൌധിതൻ
നിധനം നിശ്ചിതമാക്കിമാനസേ. 33

ഒഴുകും മിഴിനീരിലേററവും
മുഴുകുന്നായവളാം തൻ കളേബരം
തഴുകീട്ടഥ മന്ദമന്ദമാ-
യെഴുന്നേററാൻ ബലവാൻ വൃകോദരൻ. 34

വടിവോടവളാംതൻ കളേബരം
മടിയിൽ ചേർത്തു പിടിച്ചുകൊണ്ടുടൻ
മുടിതൊട്ടനിലാത്മജൻ കനി-
ഞ്ഞടിയോളം മൃദുവായ്ത്തലോടിനാൻ. 35

വലയുന്നവളാംതൻെറ മാനസേ
കലരും ദുസ്സഹമായ സങ്കടം
പല സാന്ത്വവചസ്സുകൊണ്ടു തീ-
ർത്തലസാതേവമുരച്ചു മാരുതി. 36

"കരളിൽ സുഖമാർന്നുകൊൾക നീ
കരയൊല്ലേ കരിരാജഗാമിനി!
തരമോടയി ഭീരുചെയ്യുവൻ
തരസാ സൂതസുതൻെറ നിഗ്രഹം. 37

അതിശോകഭയാദി സംഭ്രമം
ധൃതികൊണ്ടൊക്കെ മറച്ചുവെച്ചുടൻ
ചതിയേറിയ സൌതിയോടു നീ
രതിസങ്കേതമുരച്ചുകൊള്ളണം. 38

മദനോത്സവസേവചെയ്യുവാൻ
സദനം നൎത്തന ഗേഹമാക്കണം.

മദമോടണയുന്ന സൌതിതൻ
കദനം ചെയ്യുവനങ്ങുവെച്ചു ഞാൻ. 39

മികവേറിയ കന്യകാജനം
പകലെല്ലാമിഹ നൃത്തമാടിടും
പികഭാഷിണി! രാത്രിയാകിലാ-
സകലം വന്നവഴിക്കു പോയിടും. 40

വിലയേറിയ നല്ല കട്ടിലും
മലരൊക്കും മൃദുവാം കിടക്കയും
വിലസുന്ന വിശാല രത്നന-
സ്ഥലമോത്താലുചിതം രതിക്കയേ! 41

തവമൈത്തളിരിൽ ചവിട്ടിയോ-
രവനെത്തത്ര ഞെരിച്ചു കൊന്നുഞാൻ
ജവമോടതി മർദ്ദനങ്ങൾ ചെ-
യ്തവസാനം ശവപിണ്ഡമാക്കുവൻ. 42

പ്രതിമല്ലരെ നിഗ്രഹിക്കുവാൻ
മതിഞാൻതന്നെ സഹായമെന്തിനോ
ക്ഷിതിജാക്രമണത്തിനീസ്സദാ-
ഗതിദേവന്നു സഹായമാരയേ! 43

കിളിനേർമൊഴി! കേണിടേണ്ട നീ
തെളിവാർന്നീടുക സൈന്യപാലനെ
ഒളിവായുഴിയാതിരിക്കിലോ
വെളിവായ്ത്തന്നെ വധിച്ചുകൊള്ളുവൻ. 44

പടനായകനായ സൌതിതൻ
പടയോടൊത്തു പരാക്രമിക്കിലും
ഉടനായവരെസ്സമസ്തവും
തടവില്ലാതെ തകർത്തുകൊള്ളുവൻ. 45

തരിയോട്ട വിരാടസൈന്യമാ-
മരിവർഗ്ഗം പൊടിയാക്കമേഷ ഞാൻ
കരിയൂഥവിമർദ്ദകാരിയാം
ഹരിയെങ്ങെങ്ങു ശശവ്രജം ശുഭേ!" 46

ഇതിമാരുതി ഭീതിതീരുമാ-
റതിരോഷാകുലചിത്തനായ്ത്തദാ
മതിവിട്ടുരചെയ്തിടുംവിധൌ
സതിയാം പാഞ്ചാലി മന്ദമോതിനാൾ, 47

"ശപഥം വെടിയൊല്ല നിന്ദ്യമീ-
യപഥം സത്യവതാം പരം പ്രഭോ!
നൃപസൈനികപാലനെബ്ഭവാ-
നപരന്മാരറിയാതെ കൊല്ലണം. 48

പല ഭംഗിവചസ്സുകൊണ്ടു ഞാൻ
ഖലനാകുന്നവനെത്തനിച്ചുതാൻ
ഫലമോടഴകുള്ള നർത്തന-
സ്ഥലമദ്ധ്യത്തിൽ വരുത്തുവൻ നിശി. 49

ജവമോടവിടത്തിൽവെച്ചുതാൻ
ലവലേശം കൃപയെന്നിയേ ഭവാൻ
അവനീപതിസൈന്യപാലനെ-
ശ്ശവമാക്കീടുക ശക്തിവാരിധേ! 50

ഭയശോകജസംഭ്രമങ്ങളെ
സ്വയമെല്ലാം ശിഥിലീകരിച്ചുടൻ
നയസാരമീവണ്ണമോതുമാ-
പ്രിയയോടോതിയുധിഷ്ഠിരാനുജൻ. 51

"വരനാരികൾമൌലിയായ നീ
പരമിന്നെന്നു പറഞ്ഞിടുന്നുവോ

കരൾതാരിലിളക്കമെന്നിയേ
തരസാ ഞാനതുതന്നെ ചെയ്യുവൻ. 52

അനിശം ജനസഞ്ചാരമാകയാ-
ലിനി നീ നില്ക്കരുതിങ്ങു തെല്ലുമേ
ത്വരിയേ നടകൊൾക പൊൽക്കുട-
സ്തനി! രാജ്ഞീഭവനത്തിലേക്കുടൻ". 53

അവരിങ്ങിനെ തങ്ങളിൽ പറ-
ഞ്ഞവസാനിച്ചു പിരിഞ്ഞു തൽക്ഷണം
പവമാനസുതൻ കിടന്നു തൽ-
ഭവനം വിട്ടു നടന്നു പാർഷതി. 54

ധരണീപതിപത്നിതൻ ഗൃഹേ
തരസാ പുക്കു കിടന്നുറങ്ങിനാൾ
പരനാരികളാക്കൃശാംഗിതൻ
വരവും പോക്കുമറിഞ്ഞതില്ലഹോ! 55

ദ്രുതമക്കനിയുക്ത രാക്ഷസൻ
നിതരാമ്മൃകൊണ്ടെറിഞ്ഞ കീചകൻ
പതനശ്രമപീഡകൊണ്ടു മൂ-
ർച്ഛിതനായ്‌ത്തത്ര കിടന്നു കിഞ്ചന. 56

പുനരുള്ള തെളിഞ്ഞു കാമനാ-
മനലൻതൻ വലുതായ ചൂടിനാൽ
മനതാരുരുകുന്നവൻ മഹാ-
ഖലനവും പൂണ്ടെഴുന്നേറ്റു പോയിനാൻ. 57

നിജഗേഹമണഞ്ഞു മേനിതൻ
മൃജചെയ്തന്യവിചാരമെന്നിയേ
വിജനത്തിൽ വസിച്ചു കൃഷ്ണതൻ
ഭജനീയാകൃതി പാർത്തുകൊണ്ടവൻ. 58

ഭൃശമേറിവരും സുമേഷുതൻ
വശനായീടിന സൂതനന്ദനൻ
അശനാദികളാഗ്രഹംവിനാ
നിശയിൽ തത്ര കഴിച്ചുകൂട്ടിനാൻ. 59

അഥ കീചകനങ്ങു മാലിനീ-
പ്രഥമാനാംഗഗുണങ്ങൾതങ്ങടെ
രഥ്യം ഘലനവും തുടങ്ങിമ-
ന്മഥനാം സൽഗുരുതന്റെ ശാസനാൽ. 60

ഞൊടിനേരമവന്നു കല്പമായ്
നെടിയോരത്തൽ മഹാസമുദ്രമായ്
വടിവോടുടലാശു നഷ്ടമാ-
ന്നടി കണ്ണീരിൽ നിമഗ്നമായ്ത്തദാ. 61

ഗുരുദുഷ്കൃതഹൃഷ്ടചിത്തനാ-
യ്യുരുവും സൂതസുതന്റെ ചേഷ്ടിതം
കരുതീട്ടു രസിച്ചു മൂളിനാ-
നിരുളിൽ കൺതെളിയുന്ന കൌശികൻ, 62

യമബാധ വരുമ്പടിക്കു ദു-
ശ്രമമുള്ളാലെ തുടങ്ങി കീചകൻ
സമനാമവനെത്തടുത്തുതൻ
സുമഹാഹംകൃതികൊണ്ടു പേചകൻ. 63

കുലചെയ്യുമവന്റെ ദൂതനാ-
യ്വിലസുങ്കോഴിയുടൻ ചുടുംവിധം
ഉലകൊക്കെ മുഴങ്ങുമാറഹോ!
പല കോലാഹലമോടു കൂകിനാൻ. 64

സവിധേ സതതം പതിച്ചിടും
വിവിധോൽകാശനിവഹനിദീപ്തിയാൽ

അവിടം മുഴുവൻ ദഹിച്ചുമ-
ട്ടുവിലംബേന ഭവിച്ച രാവതിൽ. 65

തടവെന്നിയെ പാംസുഘോഷ മാ-
ത്തുടനാവർത്തിയിൽ വീശി മാരുതൻ
കടയററു മഹാമരങ്ങളും ഭൂ-
തടകമ്പത്തോടു വീണു ഭൂമിയിൽ. 66

പല ദുശ്ശകുനങ്ങളും തങ്ങൾ തൻ
കുലമോടൊത്തിളകിത്തദാ ഭൃശം
ചലനം സകലർക്കുമേകിനാർ
പലമട്ടുഗ്രതരസ്വനങ്ങളാൽ. 67

തരമല്ലിരുളിത്രയാവുകിൽ
പരമുണ്ടാം ഭയമെന്നു മാനസേ
ചിരമോർത്തഥ ചോരവർഗ്ഗവും
സ്ഥിരമായ്‌രാവതിൽ വാണു തൻഗൃഹേ. 68

വലമോടഥ സന്ധ്യയെക്കിഴ-
ക്കലെസാതങ്ങു തെളിഞ്ഞു കണ്ടുടൻ
പലമാതിരിയിൽ തുടങ്ങി ദു-
ഷ്ഷലനാദം ശകുന്തജാലസഞ്ചയം. 69

കുറവററു പരന്ന ധൂളിയാൽ
മറവോടൊത്തുയരുന്ന ഭാസ്കരൻ
തരസാ നളിനീരസത്തിനാ-
ല്ലരമൊന്നാലെ തമസ്സമത്തിനാൻ. 70

രവിബിംബമുദിച്ചനന്തരം
കവിയുങ്കാമെഴുന്ന കീചകൻ
അവിവേകി തിരഞ്ഞു മാലിനീ-
സവിധേ ചെന്നവളോടു ചൊല്ലിനാൻ 71

വിധുരാജിതമണ്ഡലാനനേ!
മധുരാലാപിനി! മാലിനി പ്രിയേ!

അധുനാ തെളിവോടു കേൾക്കനീ
മധുനാഞ്ചിച്ചിട്ടുമെൻറ ഭാഷിതം. 72

"നൃവരേന്ദ്രസമക്ഷമിന്നലെ-
ത്തവ പൂമേനിയിതിൽ ചവിട്ടി ഞാൻ
ഭുവനപ്രഭു ഞാൻ പിണങ്ങിയാ-
ലവലംബം ഭവതിക്കു നാസ്തിയാം. 73

സകലോത്തരമെൻ ബലം നിന-
ക്കകതാരിൽ ബഹുമാനാഢ്യമാക്കുവാൻ
പികവാണി! ചവിട്ടി നിന്നെ ഞാൻ
മികവോടും നൃപസഭ്യർ കാണ്കവേ. 74

അതിനാലണുമാത്രമപ്രിയം
മതിയിൽ തേടരുതേ മഹാമതേ!
നതിചെയ്തു സദാ ഭജിച്ചിടും
രതിദാസൻ തവ ഞാൻ വരാനനേ! 75

അതിവിക്രമമൊത്തിടും ഭവൽ-
പതിഗന്ധർവ്വഗണത്തിനും ക്ഷണാൽ
മൃതിപോരിൽ വരുത്തുവാൻ ദൃഢം
മതി ഞാൻതന്നെ മനോഹരാകൃതേ! 76

കുസുമായുധകേളിചെയ്യുവാ-
നസുനാഥേ! തരികാശു സമ്മതം
വസുധാപതി ഞാനനുക്ഷണം
വസുകൊണ്ടീത്തവ മേനി മൂടുവൻ. 77

പ്രണയത്തിനു ഭംഗമാം പടി-
ക്കണയാ തന്വി! സപത്നിമാർ തവ
ഗുണമേറിയ നിൻറെ ചേടികാ-
ഗണമാകുന്നു മമപ്രിയാജനം. 78

ക്ഷിതിയിൽ പലരും ധരിക്കിൽ നി-
ന്നുതിയിൽ കുസലുദിക്കുമെങ്കിലോ

അതിശുദ്ധതരസ്ഥലം പ്രിയേ!
രതികർമ്മത്തിന്നു നിശ്ചയിച്ചിടാം. 79

മലർസായക ദേവനാണു നി-
ന്നുല കിട്ടാതെയൊഴിക്കയില്ല ഞാൻ"
പലകാവ്യമിവണ്ണമോതുമാ-
ഖലനോടോതി ചിരിച്ചു പാർഷതി. 80

"ഹരിയോഹരി! താവകം ബലം
ശരിയോതാനിതിനില്ല മററിഹ
മരിയോളവുമീജ്ജഗത്തിൽ നി-
ന്നരിയോർത്താൽ നിലനില്ക്കയില്ലഹോ! 81

മനതാരിളകുന്നുമേ മഹാ-
ജനഗന്ധർവ്വപതിപ്രഭീതിയാൽ
ഘനമായ തമസ്സിലിന്നു നി-
ർജ്ജനദേശേ വരികാദരാൽ ഭവാൻ 82

പണമേറിയ മത്സ്യഭൂവരൻ
പണി തീർപ്പിച്ചൊരു നർത്തനാലയം
ഗുണമാണുചിതക്രിയയ്ക്കു തെ-
ല്ലണയുന്നീലതിനിങ്ങു സംശയം. 83

മികവേറിയ കന്യകാജനം
പകലെല്ലാമിഹ നൃത്തമാടിടും
പ്രകടം നിശവന്നിടുമ്പൊഴാ-
സകലം വന്നവഴിയ്ക്കു പോയിടും 84

വിലകൂടിയ നല്ല കട്ടിലും
മലരൊക്കും മൃദുവാം കിടക്കയും
വിലസുന്ന വിശാലനർത്തന-
സ്ഥലമോർത്താലുചിതം രതിക്കയേ! 85

അവിടെപ്പുനരേകനായ് ഭവാ-
നവിളംബം നിശി വന്നു ചേരണം
വിവിധോൽക്കടദോഷമങ്ങു വെ-
ച്ചുവിശങ്കം ഹതമാപ്പുരും ദൃഢം. 86

പരമീക്കഥ മറെറാരുത്തനും
കരൾതാരിൽ ഗ്രഹിയാതിരിക്കണം
പരമാപ്തവയസ്യനോടുമീ-
സ്സരസോദന്തമുരയ്ക്കൊലാ ഭവാൻ". 87

കളവാണികൾമൌലി കൃഷ്ണ നൽ-
ക്കളവായേവമുരച്ചനന്തരം
പ്രളയാംബുധിയൊത്ത മുത്തിനാ-
ലിളകിക്കൊണ്ടുരചെയ്തു കീചകൻ. 88

"അതിഭാഗ്യമതീവഭാഗ്യമെൻ-
മതിയേററം തെളിയുന്നു സാമ്പ്രതം
രതിസുന്ദരി! നീ രതിക്കു സ-
മ്മതിയിങ്ങേകിയതെത്രയും ശുഭം. 89

കരുതീടണമിന്നുതന്നെ മ-
റെറാരുവൻപോലുമറിഞ്ഞിടാതെ ഞാൻ
ഇരുളേറിവരുമ്പോളേകനായ്
വരുവൻ നർത്തനശാലയിൽ പ്രിയേ!" 90

അവനേവമുരച്ചു ഹൃഷ്ടനായ്
ജവമോടങ്ങു നടന്നിടും വിധൌ
പവനാത്മജനോടു ഗൂഢമീ
വിവരം ചെന്നറിയിച്ചു പാർഷതി 91

പുനരിങ്ങു തിരിച്ചു വന്നുടൻ
ജനനീസന്നിഭയാം സുദേഷ്ണയെ

വിനയേന ഭജിച്ച കൃഷ്ണ ത-
ന്മനതാരിൽ കലരുന്ന കൌതുകാൽ. 92

അല്ലിത്താർകണ്ണിയാളാം ദ്രുപദസുതനിഗൂ-
ഢാർത്ഥമാർജ്ജ്ജായ്മെല്ലാം
ചൊല്ലിക്കേട്ടോരു ശേഷം പ്രതിനൃപതിചമൂ-
ഭീമനാം ഭീമസേനൻ
അല്ലിൽ ഗൂഢം വിരാടക്ഷിതിപതിപൃതനാ-
നാഥനെത്തീവ്രരോഷാൽ
തല്ലിക്കൊല്ലേണമെന്നിങ്ങിനെ മനസി നിന-
ച്ചായതിന്നായൊരുങ്ങി. 93

പാണ്ഡവോദയം എന്ന കാവ്യത്തിൽ
പതിമൂന്നാം സർഗ്ഗം കഴിഞ്ഞു.

****

# പതിന്നാലാം സർഗ്ഗം.

മാലിനീഭാഷിതംകേട്ടുടൻ കീചകൻ
മാലിനിക്കുള്ളതിന്നൊക്കെയും തീൎന്നുപോം
മേലിലോക്കെസുഖംതന്നെയാമെന്നു നൽ-
ച്ചേലിലോൎത്തോൎത്തു തന്നാലയം പൂകിനാൻ. 1

ഇന്ദിരാദേവിതൻ കുത്തരങ്ങായ തൻ
മന്ദിരേ ചെന്നിരുന്നാദരാൽ കീചകൻ
നന്ദിയിൽ തൻെറ മെയ്യന്നണിഞ്ഞീടുവാൻ
വന്ദിമാരായ പെണ്ണുങ്ങളോടോതിനാൻ. 2

"കൊണ്ടുവാ കൊണ്ടുവാ ചന്ദ്രനും തൽഗ്ഗുണം-
കൊണ്ടു വാട്ടം കൊടുക്കുന്ന നൽ ചന്ദനം

രണ്ടു മിന്നീട്ടിനുള്ളിൽ തെളിഞ്ഞതന്റെ മൈ
കൊണ്ടുമിന്നിച്ചു നന്നായണിഞ്ഞീടണം. 3

ചാരുഗന്ധം പരത്തുന്ന കസ്തൂരിയും
പേരുകൊണ്ടും മതിയ്യൊത്ത കർപ്പൂരവും
കൂറുപൂണ്ടന്തി സന്ധിച്ചീടും കുങ്കുമ–
ച്ചാറുമിങ്ങേകണം ചാരു സിന്ദൂരവും. 4

തങ്കവും രത്നവും ചേർത്തുതീർത്തുള്ള നൽ
കങ്കണം കുണ്ഡലം മോതിരം മാലകൾ
മങ്കമാർ നിങ്ങളീചൊന്നതെല്ലാം മന–
സ്സിങ്കലത്യാദരാൽ കൊണ്ടുവന്നീടുവിൻ. 5

പിച്ചകപ്പൂക്കളും ഭംഗികൂടും പനീർ–
പ്പിച്ചകപ്പൂക്കളും ചമ്പകപ്പൂക്കളും
മെച്ചമാം മുല്ലതൻ പൂക്കളും നന്മ പാ–
രിച്ചകൈനാറിയും കൊണ്ടുവന്നീടുവിൻ. 6

മാലതീമല്ലികാപുഷ്പസംഘങ്ങളാൽ
മാലകെട്ടി ദ്രുതം കൊണ്ടുവന്നീടണം
കാലമൊട്ടെങ്കിലും വൈകിയാൽ നിങ്ങളെ–
ക്കാലനുക്കായയച്ചീടുമോർത്തീടുവിൻ. 7

നിർണ്ണയം വെണ്ണിലാവെന്നു തോന്നും വിധം
വർണ്ണനൈർമ്മല്യവും സൂക്ഷ്മതന്തുക്കളും
സ്വർണ്ണലേഖാദിയും ചേർന്നു സൽഭംഗിയാൽ
വർണ്ണനീയം പടം കൊണ്ടുവന്നീടുവിൻ. 8

ക്ഷീരിവൃക്ഷാദിയാൽ സാധുസംസിദ്ധമാം
വാരിവർണ്ണപ്രകാശം ഭവിച്ചീടുവാൻ
കരിവേഗേന സൌവർണ്ണമാം ഭാജനേ
കോരിയാററിസ്സുഖോഷ്ണം വരുത്തീടുവിൻ. 9

സത്തുനന്നായിണങ്ങുന്നഭാഗാദ്യൌഷധ-
മത്തു ചേർത്തിട്ടു സാധിച്ച ദിവ്യം ജലം
മുത്തുകൊണ്ടുള്ള പാത്രത്തിലാക്കിത്തണ-
പ്പൊത്തു മൂർദ്ധാവിലേക്കായി വെച്ചീടുവിൻ. 10

പേഷണംചെയ്തു മഞ്ജിഷ്ഠതൊട്ടാറു ന-
ല്ലൌഷധം ശ്ലക്ഷ്ണമായിപ്പൊടിച്ചായതും
ദോഷമറ്റെണ്ണയും കൂടി വെയ്‌ലത്തു വെ-
ച്ചീഷലെന്യേ സുഗന്ധം വരുത്തീടുവിൻ. 11

ഗന്ധവർണ്ണങ്ങളാസ്യത്തിൽ നന്നാകുവാൻ
ഗന്ധതോയത്തിലിട്ടിന്ദുജാത്യാദിയെ
ചന്തമായ് തേച്ചുണക്കീട്ടു മക്കാദി സ-
ദ്രന്തകാഷ്ഠങ്ങളെക്കൊണ്ടുവന്നീടുവിൻ. 12

രാഗമുണ്ടാകുവാനെത്രയും വണ്മെഴും
നാഗവല്ലീദലത്തിൻെറ സംഘാതവും
പൂഗപക്വങ്ങളും നൽസുധാചൂർണ്ണവും
വേഗമോടാദരാലാനയിച്ചീടുവിൻ. 13

ഏലതൻ കായ കർപ്പൂരഖണ്ഡങ്ങൾ ന-
ന്ത്യുലമാംപാക്കു ജാതിക്ക ജാതീദലം
ലോലഭാവം വിനാ ധൂമപത്രങ്ങൾ ത-
ക്കോലമിത്യാദിയും കൊണ്ടുവന്നീടുവിൻ. 14

കോമളശ്രീമുഖം ഭംഗിയിൽ കാണുവാൻ
സോമനെപ്പോലെ മിന്നുന്ന കണ്ണാടിയും
ഹേമതാളീശലാകാദി വസ്തുക്കളും
താമസിക്കാതകണ്ടാനയിച്ചീടുവിൻ." 15

മുക്രയിട്ടീടുമുക്ഷാവിനെപ്പോലയാ-
ത്തക്രമം പൂണ്ട വാക്കേവമോരോതരം

KOTTAYAM PUBLIC LIBRARY KOTTAYAM.

വിക്രമം കൂടിട്ടം കീചകൻ സുന്ദരീ-
ചക്രമോടോതിനാൻ പിന്നെയും പിന്നെയും. 16

ഈവിധം കീചകൻതന്റെ വാക്യം തദാ
നാവിനാലൊക്കെയും സമ്മതിച്ചീടിനാർ
ആവിലപ്പെട്ടുകൊണ്ടാഖലൻ ചാകുവാൻ
പ്രാവിനാരുള്ളകൊണ്ടപ്പൊഴാ നാരിമാർ 17

ഒട്ടുമേ താമസിക്കാതെ പിന്നെബ്ഭയ-
പ്പെട്ടുപെണ്ണുങ്ങളാം വേണ്ടുന്ന വട്ടങ്ങളെ
തട്ടുകേടെന്നിയേ കൊണ്ടുവന്നാരൊരു-
മ്പെട്ടു സൂതാത്മജൻ മോടികൂട്ടീടുവാൻ. 18

സാരമായുള്ള താന്തന്റെ കർമ്മത്തിലും
പാരമാനാരിമാർ തന്റെ കർമ്മത്തിലും
സൈ്വരമാക്കീചകൻ വൃത്തിയും വേശവും
പോര പോരെന്നുവെച്ചാംഭ്രമിച്ചീടിനാൻ. 19

വൃത്തിയാകുന്നതില്ലൊന്നുമെന്നേററമാ-
വൃത്തിയായ്ച്ചെയ്തുടൻ സർവ്വകർമ്മങ്ങളും
പത്തിരുന്നൂറാവട്ടം പ്രവർത്തിച്ചവൻ
നിത്തിനാൻ തൃപ്തിയാവാതതൊന്നൊക്കെയും. 20

"കാര്യമൊന്നും കഴിഞ്ഞില്ല വൈകുന്നു ന-
ല്ലാര്യയായുള്ള സൈരന്ധ്റിയെപ്പുൽകുവാൻ
സൂര്യനും വേഗമില്ല്"ന്നുരച്ചേററവും
ശൌര്യവാൻ കീചകൻ കോപമാന്നീടിനാൻ. 21

പൊങ്ങുമംശുക്കളും താമ്രമാംവർണ്ണവും
തിങ്ങുമക്കൻ മഹാഗാധമാം സാഗരേ
മുങ്ങുവാനായ് ജലേശാശതന്നേററമാ-
മങ്ങുപോയസ്തമിച്ചീടിനാൻ തൽക്ഷണേ. 22

സാരമേറുന്ന ഭംഗിക്കുടൻതാനല-
ങ്കാരമോരോതരം തൻപ്രതീകങ്ങളിൽ
പാരമുല്ലാസമോടപ്പൊഴും കീചകൻ
മാരവാദ്യത്തിനാൽ ചേർത്തു ദുഷ്ടാശയൻ. 23

തൈലമെല്ലാമൊടുങ്ങീട്ടുടൻ വർത്തിയിൽ
ജ്വാലയാളും പ്രദീപം കണക്കഞ്ജസാ
കാലമങ്ങത്യമായപ്പൊഴേ ഹന്ത! തൽ-
ക്കാലമേററം പ്രകാശിച്ചു സൂതാത്മജൻ. 24

മാരലീലാവിലാസങ്ങളോരോതരം
പാരമോർത്തോർത്തു പിന്നെഃഖലൻ കീചകൻ
സൈരമാ നൃത്തഗേഹത്തിലെക്കായുടൻ
ഘോരമാം കൂരിരുട്ടിൽ ഗമിച്ചീടിനാൻ. 25

നൃത്തഗേഹത്തിലത്യുഗ്രഭാവം കല-
ന്നുത്തമൻ വാതജൻ മുമ്പിലെത്തീടിനാൻ
ചിത്തതാരിൽ കടുക്കുന്ന കാമാൽ മഹാ-
മത്തനാം സൈരന്ധ്രിയെക്കാത്തു പാർത്തീടിനാൻ. 26

പങ്കമററുള്ള സൽക്ഷത്രിയസ്ത്രീകുല-
ത്തങ്കമായ്മിന്നിടും കൃഷ്ണയും തൽക്ഷണേ
ശങ്കകൂടാതണഞ്ഞാഗൃഹൈകസ്ഥല-
ത്തിങ്കലത്യന്തഗൂഢം വസിച്ചീടിനാൾ. 27

ഭീമസേനൻ കിടന്നീടുമാ മന്ദിരേ
കാമമൂഢാശയൻ സൈരന്ധ്രിചെന്നീടിനാൻ
ഭീമപഞ്ചാനനൻ തൻഗുഹാഭ്യന്തരേ
പാമരൻ ജംബുകൻ ഹന്ത! ചെല്ലുംവിധം. 28

കാലമൊട്ടും ക്ഷമിക്കാതിരുട്ടേറുമാ-
ശ്ശാലയിൽ കട്ടിലിന്നന്തികേ ചെന്നുടൻ

ശീലകൊണ്ടങ്ങുമൂടികിടന്നീടുമാ-
ക്കാലനാം ഭീമനെ തൊട്ടു സൂതാത്മജൻ. 29

ഗാഢസംസ്പർശ് കാഠിന്യമേതും സ്മര-
പ്രൌഢമോഹാലറിഞ്ഞീല സൂതൻ തദാ
രൂഢഹർഷത്തിനാൽ മൂഢനായിട്ടുടൻ
ഗൂഢമായിപ്പതുക്കെപ്പറഞ്ഞീടിനാൻ. 30

"ബാലികേ! നാരിമാർമൌലിയിൽ ചാർത്തിടും
മാലികേ! കേൾക്ക നീ മാമകം ഭാഷിതം
മാഴ്കിനിപ്പെൺകിടാവേ! രമിക്കാതെ നീ
മേലിനിക്കാലമൊട്ടും കളഞ്ഞീടൊലാ. 31

ഉത്തമേ ഞാൻ നിനക്കായ്യുരുത്തിച്ച സ-
ച്ചിത്തമസംഘത്തിനില്ലററമോക്ഷം വിധൌ
ചിത്തരംഗേ ധരിക്കേണമേ കാണ്കയി-
ല്ലിത്തരം നല്ല രത്നങ്ങൾ നാകത്തിലും. 32

ഭൂരിഭോഗ്യങ്ങൾ തിങ്ങീടുമന്തഃപുരം
നാരിമാർ മാലികേ! കൈവെടിഞ്ഞിന്നുഞാൻ
ക്രൂരിരുട്ടത്തു തപ്പിത്തടഞ്ഞംഗജ-
പ്പോരിനായ് നിന്റെ ചാരത്തു വന്നീടിനേൻ. 33

ശൌര്യ്യവും നല്ല സൌന്ദര്യ്യവും പാരമൌ-
ദാര്യ്യവും മററുമങ്ങെക്കുതാനൊക്കെയും
കാര്യ്യമായേവമെന്നോടു ചൊല്ലുന്നു കേൾ
ഭാര്യ്യമാർ മാത്രമല്ലന്യമാരും സദാ. 34

കല്യനാകും ഭവാനോടു ഭാഗ്യാദിയാൽ
തുല്യനായ്മററൊരാളില്ല ലോകത്രയേ
അല്ലൽവിട്ടേവമെന്നന്തികേ വന്നുടൻ
നല്ല പെണ്ണുങ്ങൾ ചൊല്ലുന്നു നല്ലാർമണേ! 35

പ്രേമഭാരംനിറഞ്ഞോവമോരോതരം
സാമവാക്യങ്ങളെചൊല്ലിനാൻ കീചകൻ
താമസിക്കാതെകണ്ടോതിനാനുത്തരം
ഭീമസേനൻ തദാ നർമ്മമോടിങ്ങിനെ. 36

"നന്നുനന്നേത്രയും സുന്ദരാംഗൻ ഭവാ-
നിന്നു ചൊല്ലീട്ടമാത്മപ്രശംസാദികൾ
ഒന്നുചോദിച്ചിടാമീവിധം സ്വശ്രമ-
ങ്ങന്നു മുമ്പിൽ ഗ്രഹിച്ചിട്ടമുണ്ടോ വിഭോ! 37

കാമലീലാവിദഗ്ദ്ധതമുള്ളോക്കതാൻ
കോമളാകോമളസ്പർശബോധം സ്ഫുടം
കാമതന്ത്രങ്ങളേസ്സംപ്രയോഗിക്കുവാൻ
കേമനല്ലോ ഭവാൻ ഭാഗ്യപാഥോനിധേ!" 38

സൈരം സമീരസുതനിങ്ങിനെ നർമ്മമോതി
വീരൻ ജവത്തൊടെഴുന്നീററു പറഞ്ഞു പിന്നെ
"സൈരന്ധ്രിതന്നുടയ കണ്ടകനായ നിന്നെ
സ്സൈരന്ധ്രിതൻെറപതി ഞാനിഹ കൊന്നിടുന്നേൻ. 39

ലീലാരണത്തിലിഹ ഞാൻ കുലചെയ്ത നിൻെറ
ശൈലാനുകാരിശവപിണ്ഡമതീവ ചണ്ഡം
കോലാഹലേന കരയും സജനങ്ങളൊത്തു
മാലാന്നു നിൻ ഭഗിനി കണ്ടുതപിച്ചിടട്ടെ. 40

വൈരം തടിച്ച തവ മട്ടനമേററു കേഴും
സൈരന്ധ്രിമേലിൽ മുഴുവൻ ഭയലേശമെന്യേ
സൈരം സുഖത്തൊടിവിടത്തിൽ നടന്നിടട്ടേ
സൈരന്ധ്രിതൻ പതികളും സുഖമാന്നിടട്ടേ". 41

നലമൊടിതുപറഞ്ഞു കീചകൻതൻ
തലമുടിയിൽ പിടിപെട്ടു ഭീമസേനൻ

ബലമൊടഥ വലിച്ചിഴച്ചു വേഗാൽ
പല മലർ മാലകൾ വീണു മന്നിലപ്പോൾ. 42

ഛലമൊടതു കുടഞ്ഞുപോന്നു വീരൻ
ബലപതി ഭീമഭുജങ്ങളിൽ പിടിച്ചാൻ
ഉലകിളകിടുമാറുടൻ തുടർന്നാൻ
ബലമെഴുമായവരുഗ്രബാഹുയുദ്ധം. 43

പടുതപടയിരുവരും ഭീമനും സൌതിതാനും
കടുതരമരിശത്താൽ തങ്ങളിൽ ചെയ്ത യുദ്ധം
വിടുവചനമിതല്ലേ ബാലിസുഗ്രീവയുദ്ധ-
ത്തൊടു സദൃശത തേടീ പാരിടം പാരമാടി. 44

ചൊടിക്കയും ദൃഢതരയായ മുഷ്ടികൊ-
ണ്ടിടിക്കയും ശീതതരദന്തകോടിയാൽ
കടിക്കയും വിപുലകരംപരത്തിയാ-
ഞ്ഞടിക്കയും പരമവർ ചെയ്തു തങ്ങളിൽ. 45

സ്മരപ്രതാപം കലരുന്ന സൌതിതൻ
കരപ്രവാഹം ദൃഢമേററു മാരുതി
സ്ഥിരപ്രതിജ്ഞൻ ചലനം വിനാരുഷാ
പരപ്രഹാരത്തിനടുത്തു തൽക്ഷണം. 46

കത്തിജ്വലിക്കുമരിശത്തൊടു പാഞ്ഞടുത്തു
പൊത്തിപ്പിടിച്ചവർ പരസ്പരമാഞ്ഞുതള്ളി
ചിത്തത്തിലുഗ്രമദമോടെതിരിട്ടു രണ്ടു
മത്തഷ്ഭങ്ങളിഹ തള്ളിടു മെന്നെപോലെ. 47

വലിയമൂർച്ചയെഴും നഖദംഷ്ട്രികാ-
വലികളാൽ പ്രഹരിച്ചു പരസ്പരം
കലിതരോഷവശാലവർ വമ്പെഴും
പുലികളെന്ന വിധത്തിൽ നിരന്തരം. 48

പാരുള്ളിലുള്ളവരിൽ വച്ചിഹ മുമ്പനും ദു-
ഷ്പേരുള്ള കീചകരിൽ മുമ്പനുമൊത്തു തമ്മിൽ
പോരുള്ളിലേറമരിശത്തൊടു ചെയ്തു പാരം
നീരുള്ള രണ്ടു കരിപുംഗവരെന്നപോലെ. 49

കട്ടിത്തമുള്ള നിജ ദീർഘഭുജങ്ങൾകൊണ്ടു
കെട്ടിപ്പിടിച്ചുടനെ മാരുതി സൌതിതന്നെ
വട്ടന്തിരിച്ചു ജവമോടു വിടാതെ നൂറ-
വട്ടം തളച്ചു നിറയാതെ കുടഞ്ഞു സൂതൻ. 50

ക്ഷോണീതലേ പിടിവെടിഞ്ഞഥ മുട്ടുകുത്തി-
വീണീടിനാനതിരുഷാ വിറപൂണ്ടു ഭീമൻ
ക്ഷീണിച്ചിടാതുടനെതാനെഴുന്നേറ്റുചെന്നു
പാഞ്ഞിത്തരിപ്പൊടരിതൻ ചെകിടത്തടിച്ചാൻ. 51

ജന്ന്യോരു പാടവമെഴുന്നവർ പിന്നെ വേഗാ-
ലന്ന്യോന്യമേറ്റവുമടിച്ചു തടിച്ചു രോഷാൽ
നന്നായുടൻ മുളപൊളിച്ചിടുമപ്പൊളുണ്ടാ-
കുന്നാരവങ്ങളുളവായ്പുരമദ്ധ്യദേശായാം. 52

പാറയ്ക്കിളപ്പമുളവാക്കുമവന്റെ ദേഹം
മാറത്തു ചേർത്തുടനമർത്തിഞെരിച്ചു ഭീമൻ
വീറൊത്ത കീചകനതാശു കുടഞ്ഞുപിന്നെ-
ക്കാറൊത്ത നാദമൊടു ഭീഷണമായ് ഹസിച്ചാൻ. 53

അക്ഷയ്യവീര്യനിധി മാരുതി കീചകന്റെ
വക്ഷസ്സിലാഞ്ഞുടനെ പാണികൾകൊണ്ടടിച്ചാൻ
ഇക്ഷോണിയിൽ സകല ദുസ്സഹമാമതേതും
വിക്ഷോഭമെന്നിയെ സഹിച്ചു രുഷാ ചമൂപൻ. 54

വൈരം തഴയ്ക്കുമവരിങ്ങിനെതാൻ മുഹൂർത്ത-
നേരം നടത്തി സമമാകിയ സംഗരത്തെ

പ്രാരംഭശൂരനഥ കീചകനാർത്തിപൂണ്ടു
പാരം തളൎന്നു പവനാത്മജനേറിവീൎയ്യം. 55

കേടാകെ വന്ന പൃതനാധിപതിയ്ക്കുഴംമൈ
വീടായ്ചമഞ്ഞു പരമെന്നതറിഞ്ഞു ഭീമൻ
കൂടാശയത്വമിയലും രിപുവങ്ങു പേടി-
ച്ചോടാതിരിപ്പതിനു ഗാഢതരം പിടിച്ചാൻ. 56

രക്ഷസ്സഹസ്രപരിവാരമൊടൊത്തെതിൎത്ത
യക്ഷപ്രധാനികളെ മുമ്പിൽ വധിച്ച ഭീമൻ
അക്ഷയ്യശക്തിയൊടു കീചകനെത്തദാ തൻ
വക്ഷസ്സിലാക്കിയഥ ഞെക്കി ഞെരിച്ചു രോഷാൽ. 57

കാമപ്രഹാരശതമേററതിമോഹമാൎന്നു
സാമത്തിൽ മുമ്പിലുരചെയ്ത ചമൂപനപ്പോൾ
ഭീമപ്രമത്തനവശാലതിമോഹമാൎന്നു
ഭീമപ്രഭിന്നപടഹോപമമായ് നദിച്ചാൻ. 58

മുട്ടാളനായ പൃതനാപതിയെപ്പുരിപ്പി-
ച്ചിട്ടായവൻെറ തനുവിൽത്തരസാ കരേറി
മുട്ടാലിടിച്ചു പരമെല്ലുകളും നുറുക്കി-
പ്പിട്ടാക്കി ഭീമബലനാകിയ ഭീമസേനൻ. 59

വൈരീശനായ പൃതനാപതിതൻെറ ഭിന്ന-
ഭേരീരവങ്ങൾ കലരും ഗളമാശു ഭീമൻ
നാരീലലാമമണി പാഞ്ചാലിതൻെറ ദുഃഖം
ദൂരീകരിപ്പതിനു പാണികൾകൊണ്ടു ഞെക്കി. 60

ചൊടിച്ചു ഭീമൻ തരസാ കഴുത്തിൽ
പിടിച്ചുഞെക്കീടുക കാരണത്താൽ
പിടച്ചുടൻ കണ്ണുതുറിച്ചു പല്ലു-
കടിച്ചു കഷ്ണിച്ചു മരിച്ചു ദുഷ്ടൻ. 61

ണായത്തിൽത്തന്നെ നില്ക്കും പ്രിയതമയിലവൻ
ചെയ്ത ഘോരാക്രമത്തെ
സ്വായത്തൻ ഭീമനപ്പോഠം കിമപി ഹൃദി വിചാ-
രിച്ചു വർദ്ധിച്ച രോഷാൽ
ആയത്തിൽ തള്ളിയുന്തിട്ടവനുടെ തല കൈ
കാലിതെല്ലാം മഹത്താം
കായത്തിന്നുള്ളിലാക്കിപ്പുനരതു കരസ-
മ്പീഡയാൽ പിണ്ഡമാക്കി. 62

കളിച്ചീവിധം സൂതനെക്കൊന്നു ഭീമൻ
കുളിച്ചാൻ സുഖാംഭോധിയിൽ പിന്നെ വേഗാൽ
ഒളിച്ചങ്ങു നില്ക്കുന്ന പാഞ്ചാലിയെത്താൻ
വിളിച്ചാശ്ശവം തത്ര കാട്ടിക്കൊടുത്താൻ. 63

നീചകർമ്മരതി ദുഷ്ടചിത്തനാം
കീചകൻെറ ശവമങ്ങു കാട്ടുവാൻ
പാചകൻ പവനജൻ തദാ തെളി-
ഞ്ഞാചരിച്ചു ദഹനപ്രദീപനം. 64

കാതരാക്ഷിയവഠം മാംസപിണ്ഡമാം
സൂതജൻെറ ശവമായതുൽബണം
പ്രീതയായ്ത്തദനുകണ്ടിടും വിധൌ
വാതനന്ദനനിവണ്ണമോതിനാൻ. 65

"എവരഹോ! സതിമാർകുലമൌലിയാം
ഭവതിതൻ പരിപീഡകരാം ചെയ്യുവോർ
ജവമൊടിങ്ങിനെയാണു വധിപ്പതാ-
യവരെ ഞാനയി ഭീരു! ധരിക്ക നീ. 66

എന്നാലിനി ഝടുതി ഞാൻ നടകൊണ്ടിടുന്നേ"-
ന്നെന്നാദരാൽ ദയിതയോടുരചെയ്തു ഭീമൻ

അന്നാരുമേതുമറിയാതെ മഹാനസത്തിൽ
ചെന്നാശു തൻെറ ശയനീയതലേ ശയിച്ചാൻ. 67

രണപ്രിയൻ മാരുതിയങ്ങു പോയ തൽ–
ക്ഷണത്തിൽ വേഗേന പുറത്തുപോന്നുടൻ
ഉന്നത്തിനാം തൽസഭ കാത്തുവാഴുമാ–
ഗ്ഗുണത്തെ നൽബുദ്ധികലൻ പാഷ്തി. 68

നിദ്ര പോയ് പുനാവക്രേഷവും
ഭദ്രമായെല്ലളിവുവന്നനന്തരം
വിദ്രുതം ചരിതമായതോതിനാം
വിദ്രുമാധരികാംമൌലി മാലിനി. 69

"ഇന്നെന്നിലത്യാശയൊടീസ്ഥലത്തിൽ
വന്നെത്തിടും കീചകനെ ക്ഷണേന
കൊന്നിട്ടിരിക്കുന്നു ഹൃദി പ്രകോപം
കന്നിച്ച ഗന്ധവ്വകുലോത്തമന്മാർ. 70

മമ പതികളാം ഗന്ധവ്വന്മാർ വിരാടചമൂപനെ–
സ്സമരസമയേ തല്ലിക്കൊന്നാർ ധരിക്കുവിനേവരും
കമപി കളിവാക്കല്ലിച്ചൊല്ലുന്ന തോൽതീടണം പരി–
ഭ്രമമൊടതിനിക്കാണ്മാനെല്ലാവരും വരുവിൻ ജവാൽ". 71

സൈരന്ധ്റിതൻവചനമിങ്ങിനെ ഹന്ത! കേട്ട
നേരം ഭ്രമിച്ചു ഭടവർഗ്ഗമതുഗ്രഭീത്യാ
സാരംഗ്രഹിപ്പതിനു ചൂട്ടുകളങ്ങെരിച്ചു
പാരം ജവാലവിടെ വന്നതു കണ്ടു സവ്വം. 72

"കയ്യെങ്ങെങ്ങു ശിരസ്സിവൻെറ പദമെ–
ങ്ങെന്നും മഹാകഷ്ടമീ
മെയ്യെന്തിങ്ങിനെ മാംസപിണ്ഡസമമാ"
യെന്നും ഭടന്മാരവർ

"അയ്യോ! സമ്പ്രതി മാലിനീപതികളാം
ഗന്ധൎവ്വർതൻ വിക്രമം
വയ്യോതാ"നതിഘോരമെന്നുമതുക-
ണ്ടെല്ലാവരും ചൊല്ലിനാർ. 73

ശോകത്തോടിച്ചരിതമാ നഗരത്തിലുള്ള
ലോകത്തെയൊക്കെയവർ ചെന്നറിയിച്ചു വേഗാൽ
വൈകാതെ സൎവ്വജനവും പരമാധികൊണ്ടു
പാകാതെ ചത്തവിടെ വന്നു കണ്ടു കേണു. 74

ഊററംകലൎന്ന ഖലരാമുപകീചകന്മാർ
നൂററഞ്ചുപേരവർകളിക്കഥ കേട്ടശേഷം
ഏററംതപിച്ചവിടെ വന്നു കണ്ടു വീണാർ
മാററം വെടിഞ്ഞു വളരും വ്യസനാബ്ധിമദ്ധ്യേ. 75

ജ്രംഭിക്കും കീചകൻതൻ ഗുണമുടനുടനോ-
രോന്നു ചൊല്ലിത്തപിച്ചാ-
രംഭിച്ചാർ കേഴുവാനായമിതബലമെഴും
സൌതിതൻ സോദരന്മാർ
സ്തംഭം കെട്ടിപ്പിടിച്ചപ്പോഴുതിലവിടെനി-
ല്ക്കുന്ന പാഞ്ചാലിതന്നെ-
ശ്ശുംഭന്മാരായിടുന്നായവരുടനകലെ-
ക്കണ്ടു കോപിച്ചുരച്ചു. 76

"അഗ്രജൻതൻ മൃതിക്കോൎത്തുനോക്കുമ്പോള-
ത്യുഗ്രയായീടുമീപ്പെണ്ണുതാൻ കാരണം
നിഗ്രഹിക്കേണമിക്കള്ളിയേയും ക്ഷണാൽ
വ്യഗ്രഭാവംവിനാ തച്ചുതച്ചങ്ങിനെ. 77

ഇവളിലാശയൊടാൎത്തു മരിച്ചു പോയ്"
ഭുവനവീരശിഖാമണി പൂൎവ്വജൻ
ജവമൊടായതുകൊണ്ടൊരുമിച്ചുതാ-
നിവളെയും ചുടുകിൽ ഗുണമായ്വരും. 78

ഇതിനു ഭൂപതികല്പനവാങ്ങണം
മതിയിലല്പവുമില്ലിഹ സംശയം”
ഇതിനിനച്ചവരിൽ ചിലർ പോയുടൻ
ക്ഷിതിപനോടുരചെയ്തു സമസ്തവും. 79

ശിവശങ്കര! ഹന്ത! ചമൂപതിതൻ
ശവമോടൊരുമിച്ചവളെച്ചുടുവാൻ
ജവമോടുപകീചകവീര്യഭയാ-
ലവനീപതി കല്പന നല്കി തദാ. 80

ഞെട്ടീടുംവിധമീച്ചരിത്രമഖിലം കേട്ടിട്ടു പാരം ഭയ-
പ്പെട്ടീടും ദ്രുപദാധിരാജസുതയെച്ചാകാതെതാനങ്ങിനെ
ചുട്ടീടാൻ തരസാ മൃതാഗ്രജശരീരത്തോടു ചേർത്തേററവും
കെട്ടീട്ടായവരായതാഭകലരും പല്ലക്കിലാക്കീടിനാർ. 81

മല്ലത്തമേറുന്നവർ പിന്നെയന്നാ-
പ്പല്ലക്കെടുപ്പിച്ചതിരോഷഘോഷാൽ
നില്ലാതെ പോയാർ ചുടുകാട്ടിലേക്കായ്
ചൊല്ലാന്നൊരക്ഷൌഹിണിയോടുകൂടി. 82

“എന്തുഗന്ധർവ്വനാണേതു ഗന്ധർവ്വനാ-
ണെന്തുദോഷം മഹാദുഷ്ടയെക്കൊല്ലുകിൽ”
ചന്തമററീവിധം തത്ര ചൊല്ലീടിനാ-
രന്തകാലത്തിലാസ്സൂതജന്മാർ പരം. 83

അടുകളെയ്യേററമടുത്ത റോഡിൻ
നടുക്കളൂടെ ദ്രുതമാഖലന്മാർ
നടന്നിടുമ്പോൾ ശിബികാന്തരത്തിൽ-
ക്കിടന്നുകൊണ്ടങ്ങിനെ ചൊല്ലി കൃഷ്ണാ. 84

“ജയൻജയന്തൻ വിജയൻ ജയത്സേനൻ ജയൻ ബലൻ
സ്വയമായിവ കേൾക്കട്ടെ ഭയമേറും മമോക്തിയെ. 85

"എന്നെക്കൊണ്ടിത പോയിടുന്നു സഹസാ
ചാകാതെ ചുട്ടീടുവാൻ
തന്നെത്താനെ മറന്നു വന്മദമെഴും
സൂതാത്മജന്മാരിവർ
"എന്നെക്കാപ്പതിനിപ്പൊഴോ മൽപതികളാം
ഗന്ധർവ്വരിങ്ങെത്തണം
"പിന്നെക്കെന്നിതു നീട്ടിവെക്കിലുടനെൻ
ദേഹം ദഹിക്കും ദൃഢം". 86

ഉറക്കെക്കരഞ്ഞീടുമക്കൃഷ്ണതൻവാ-
ക്കുറക്കംവരാതങ്ങു ലാത്തുന്ന ഭീമൻ
മുറയ്ക്കൊക്കെയും കേട്ടു വല്ലാതെ ശല്യം
തറയ്ക്കുന്നമട്ടൊന്നു ഞെട്ടീ വിഷാദാൽ. 87

പറഞ്ഞാനുടൻതന്നെ "സൈരന്ധ്രി നീയി-
പ്പറഞ്ഞോരു വാക്കൊക്കെ ഞാൻ കേട്ടു ഭദ്രേ!
അറിഞ്ഞാലുമീസ്സൂതജന്മാർനിമിത്തം
കുറഞ്ഞൊന്നുമിപ്പോഴോ ഭയപ്പെട്ടിടേണ്ടാ". 88

ആകാശോക്തികളേവമോതിയുടനേ
ഗന്ധർവ്വവേഷം ധരി-
ച്ചാകാരോദ്ധതനാം ബകാരി നടുമി-
റ്റത്തങ്ങിറങ്ങിത്തദാ
വൈകാതൊന്നു കുതിച്ചുചാടി വിവിധ-
പ്രാസാദസൽഗോപുര-
പ്രാകാരങ്ങൾ കവിച്ചു സൂതസുതൻതൻ
മുമ്പിൽ പതിച്ചീടിനാൻ 89

ഉടനാച്ചുടുകാട്ടിനുള്ളിൽനില്ക്കും
വടവൃക്ഷം കടയോടവൻ പറിച്ചു
വടിവോടഥ പത്തുമാറു നീളം
തടിയുള്ളാമരമോങ്ങിയങ്ങടുത്തു. 90

ചന്തംകലന്ന ബാഹുതൈലമൊഴിച്ച കത്തും
പന്തങ്ങൾകൊണ്ടു പകലായിട്ടമപ്രദേശേ
ഗന്ധദ്വിപപ്രവരവിക്രമശാലിയാമാ-
ഗ്ഗന്ധർവ്വനെസ്സകലരും തെളിവോടുകണ്ടാർ. 91

മണ്ടീപേടിച്ചു സർവ്വം ഗജരഥ'മഥ ദി-
വ്യോഗ്ര'ഗന്ധർവ്വരൂപം
കണ്ടീട്ടുള്ളശ്വജാലം 'നൃപതിമത'മുടൻ
ചാടിയോടിത്തുടങ്ങി
തണ്ടേറമ്പത്തിസംഘം 'നിശിഗളനയനാ'-
രാവവീക്ഷാദികർമ്മം-
കൊണ്ടേവക്കും ഭയം നൽകിട്ടമാറവനുടെ മൈ
പാർത്തു പാക്കാതെ പാഞ്ഞു. 92

പ്രതിഭടപടലത്തെസ്സത്വരം സംഹരിപ്പാൻ
ധൃതിയോടെതിരിടുന്നാമ്പ് ഭീമഗന്ധർവ്വരൂപം
അതിവിശദമടുക്കൽക്കണ്ടു സൂതാത്മജന്മാർ
മതിഭയമൊടിവണ്ണം തങ്ങളിൽ തത്രചൊന്നാർ. 93

"ഗന്ധസ്തംബേരമപ്രാഭവനതിവിപുലാ-
കാരനുഗ്രസ്വഭാവൻ
ഗന്ധർവ്വൻ വൃക്ഷമോങ്ങി ദ്രുതതരമെതിരി-
ട്ടിന്നിതാ വന്നിടുന്നു
ഗന്ധകാര്യം നിനയ്ക്കാതതിദൃഢമിഹ ബ-
ന്ധിച്ചു സൈരന്ധ്രിതന്നെ-
ബ്ബന്ധന്തീർത്തങ്ങയച്ചീടണമഖിലവിപ-
ത്തിന്നുമിത്തന്വിമൂലം" 94

പേടിച്ചിവണ്ണമൂരചെയ്തഖിലംവെടിഞ്ഞ
ങ്ങോടിത്തുടങ്ങി ജവമോടുപകീചകന്മാർ
ചാടിക്കുതിച്ചതിരയത്തൊടടുത്തു ചെന്നു
താഡിച്ചു വൃക്ഷമതുകൊണ്ടവരെബ്ഭകാരി. 95

കൊല്ലുവാൻകൊതിയെഴും ബകാരിതൻ
തല്ലുകൊണ്ടവർ മരിച്ചു തൽക്ഷണേ
തെല്ലുമില്ല പരിശേഷമോൎക്കില...
ങ്ങെല്ലുകൂടി മുഴുവൻ പൊടിഞ്ഞുപോയ്. 96

അഞ്ചാതെ പാണ്ഡുസുതനിങ്ങിനെ ലീലയാന്നൂ-
ററഞ്ചായ സൂതസുതരെക്കൊലചെയ്തു പിന്നെ
പഞ്ചാലിതന്നുടയ ബന്ധവിമുക്തിചെയ്തു
ചാഞ്ചാടിടും കുതുകമോടിതു ചൊല്ലി മെല്ലെ. 97

"എവരഹോ! സതിമാർകുലമൌലിയാം
ഭവതിതൻ പരിപീഡകൾ ചെയ്യുവോർ
ജവമൊടിങ്ങിനെയാണവധിപ്പതാ-
യവരെ ഞാനയി ഭീരു! ധരിക്ക നീ. 98

ശുകമൊഴി! നഗരത്തിലേക്കു പോയീ-
ട്ടക തവ ഭീതിയിനിബ്ഭവിക്കയില്ല
അകതളിരിൽ നിറഞ്ഞിടും ഭയാലാ-
സകലരുമിങ്ങു പരിഭ്രമിച്ചിടുന്നു. 99

നാനാജനങ്ങളിഹ ചെറററിയാതിരിപ്പാൻ
ഞാനാശു മറെറാരുവഴിക്കു ഗമിച്ചിടുന്നേൻ
മീനാക്ഷി! കേൾക്കുക നിനക്കിനിയിപ്പുരത്തിൽ
മാനാതിരേകമുളവാം കളവാണിയാളേ!" 100

വാനേറിക്കളിയാടിടും പുകളെഴും
ഭീമൻ സ്വപാകാലയ-
സ്ഥാനേ ചെന്നു നിഗൂഢമായഥ ശിവാ-
പാദപ്രസാദത്തിനാൽ

മാനേലുംമിഴിയായ പാഷ്തി ഭയം
കൂടാതെ പിന്നെദ്രുതം
താനേതന്നെ വിരാടപട്ടണമകം
പൂകീടിനാളാദരാൽ. 101

പാണ്ഡവോദയമെന്ന കാവ്യത്തിൽ
പതിന്നാലാംസർഗ്ഗം കഴിഞ്ഞു.

# പതിനഞ്ചാം സർഗ്ഗം.

ഗന്ധർവ്വരാജഭയമേററവുമുള്ളിൽ വാച്ചി-
ട്ടന്ധതപമാന്നു പുനരപ്പുരവാസിലോകം
അന്തം വെടിഞ്ഞു വളരും ബഹുസംഭ്രമാല-
ത്യന്തം തപിച്ചു ഗതിയെന്തിനിയെന്നിവണ്ണം. 1

കൂട്ടംജവേന നിജപദ്ധതി വിട്ടു വല്ലാ-
തോടുന്ന തേരുകൾ പലേടവുമാഞ്ഞലച്ചു.
തേടും ഭയത്തൊടതിലുള്ളവരാശ്രുതാൻ ചാ-
ത്തീട്ടുംവിധം വലിയകേടൊട്ടടൻ തെറിച്ചു. 2

മുട്ടിത്തകന്ന വലുതായ രഥത്തിനുള്ള
കട്ടിത്തമേറമുറളച്ചുകളെന്നിതെല്ലാം
പൊട്ടിത്തെറിക്കുമളവാഞ്ഞുതു മെയ്യിൽ വന്നു
തട്ടിപ്പതിച്ചു ബഹുജീവികളപ്പുരത്തിൽ. 3

തിങ്ങുന്നിരുട്ടിൽ വഴിവിട്ടു ഹയങ്ങളങ്ങു-
മിങ്ങും ജവാൽ കുതികുതിച്ചഥ പാഞ്ഞിട്ടുബോൾ
അംഗങ്ങളിൽ പലതരം പല ജീവികൾക്കും
ഭംഗങ്ങൾ വന്നു മുഴുവൻ പറവാൻ പ്രയാസം. 4

കണ്ടാലിരുട്ടിനെതിരാം ദ്വിരദങ്ങൾ ഭീതി-
കൊണ്ടാഞ്ഞു പാഞ്ഞു പരമാ നഗരം കലുക്കി
പണ്ടാശു പർവ്വതഗണങ്ങൾ പറന്ന കാല-
ത്തുണ്ടായ ദോഷമുളവായവിടെത്തദാനീം 5

കാലാൾപ്പെരുമ്പടകളാസ്സമയത്തിലെല്ലാം
കാലാഞ്ഞു പാഞ്ഞധികമാക്കുഴയുംവരെക്കും
മാലാർന്നുടൻ പറപറന്നു മരുത്തുകൊണ്ടു
തൂലാളിപോലെ വലുതായ ഭയത്തിനാലെ. 6

തിങ്ങീടുമുൽക്കടഭയാൽ ചിലർ വൻകിണററിൽ
മുങ്ങീ തദാ ചിലർ കിടങ്ങിലെടുത്തുചാടി
ചുങ്ങിച്ചൊളിഞ്ഞു ചിലരോവിനകത്തു കേറി
പങ്ങിപ്പതുങ്ങി ചിലരങ്ങു കവാടപൃഷ്ഠേ. 7

മോഹിച്ചു മൃത്യുമവിടെച്ചിലർ ഭീതിമൂലം
ദാഹിച്ചു കേണു ചിലരാധിമുഴുത്തു പാരം
മോഹിച്ചു വീണു ചിലർ ബന്ധുവിനാശമോരോ-
ന്നൂഹിച്ചു മററു ചിലരേററമുടൻ കരഞ്ഞു. 8

"എങ്ങെൻെറ സൂനു പുനരെങ്ങു മദീയകാന്ത-
നെങ്ങെൻ പിതാവു ബത! മാതുലനെങ്ങിദാനീം
എങ്ങെൻെറ സോദരനനർത്ഥശതങ്ങൾ ചേരു-
മങ്ങെ"ന്നിവണ്ണമുളവായ് ബഹുലോകഘോഷം. 9

"ഉത്തുംഗശോകഭയസംഭ്രമമൊത്തു നൃത്തം-
തത്തുന്ന നമ്മളെയശേഷമടിച്ചുകൊല്ലാൻ
കത്തുന്ന രോഷമൊടു പാദപപാണിയായി-
ട്ടെത്തുന്നുവോ പറക മാലിനിതൻെറ കാന്തൻ? 10

ലക്ഷോപലക്ഷമണിയിട്ട ജനങ്ങളുള്ളോ-
രക്ഷോഹിണിപ്പടയടിച്ചുപൊടിച്ചു രോഷാൽ

വൃക്ഷാഗ്രഹസ്തനിഹ മാലിനിതന്റെ കാന്തൻ
വിക്ഷോഭമോടിത വരുന്നു പുരമ്പൊടിപ്പാൻ. 11

അയ്യോ! നമുക്കു ഗതിയെന്തിനിയിപ്പൊഴോൎത്താൽ
വയ്യോതുവാൻ ഭയമെനിക്കു കടുത്തിടുന്നു
തീയ്യോടുതുല്യമെരിയുന്നു വിഷാദമുള്ളം
മെയ്യോടുകൂടിയുടനേറെ വിറച്ചിടുന്നു. 12

ശക്രന്റെ ഗായകനവൻ ബലമോടു ഭൂമീ-
ചക്രം കലക്കിയുടനോടിയടുത്തിടുമ്പോൾ
ന്യഗ്രോധപിപ്പലപലാശരസാലജാല-
മുഗ്രോരുവാതജവഃമറ്റു പതിച്ചിടുന്നു. 13

ഗന്ധൎവ്വരാജതിലകന്റെ ഭുജങ്ങൾ കണ്ടാൽ
ഗന്ധദ്വിപപ്രവരഹസ്തമൊളിച്ചു മണ്ടും
അന്തം വെടിഞ്ഞു വളരും പ്രഭയുള്ള രണ്ടു
പന്തങ്ങൾപോലെ നയനങ്ങൾ ഭയങ്കരങ്ങൾ. 14

ഉൾക്കൊമ്പിലഗ്രമദമേന്തുമവന്റെ കായം
നൽക്കാറുപോലെ നിനദം സ്തനിതോപമാനം
ഊക്കാളുമായവനെതിൎത്തു വരുമ്പൊൾ നേരേ
നോക്കാനുമില്ലൊരുവനീനഗരത്തിലോൎത്താൽ. 15

ഹാഹാഖ്യനായ ഹരിഗായകനായകൻ വ-
ന്നീഹാനി പോക്കിടണമെന്നു നിനച്ചു ലോകം
ഈഹാഭരത്തൊടു വിളിപ്പതുപോലെ തത്ര
ഹാഹാരവങ്ങളുളവായതു വിണ്ണിലെത്തി. 16

ഗന്ധൎവ്വരാജനുടെ പാച്ചിലിരുട്ടുമൂല-
മന്ധത്വമേറമിവിടത്തിലറിഞ്ഞുകൂടാ
ചിന്തിച്ചിവണ്ണമവിടെപ്പലർകൂടി നല്ല
പന്തിക്കു പന്തമെരിയിച്ചു തമസ്സു നീക്കി. 17

“സൈരന്ധ്രിതന്റെപതി വാസവഗായകേന്ദ്രൻ
പാരം ജവത്തൊടിഹ പാഞ്ഞുവരുന്നതില്ല
സ്വൈരം വസിച്ചിടുവി”നെന്നു നടന്നുകൊണ്ട-
ന്നേരം മഹാപുരുഷരങ്ങു പറഞ്ഞു പാരം. 18

വല്ലാതെ വാച്ച ഭയശോക പരിഭ്രമങ്ങ-
ളില്ലാതെയായ് മുഴുവനപ്പുരിയിൽ ക്രമേണ
മല്ലാക്ഷിമാലിനിനിമിത്തമുദിച്ചിടും മേ-
ലെല്ലാമനർത്ഥമിനിയെന്നവർ സംഭ്രമിച്ചു. 19

കൂടുന്നശോഭയൊടു മാലിനി വാഴ്കയാൽ വ-
ന്നീടുന്ന ബാധകൾ കളഞ്ഞിടുവാനുപായം
തേടുന്നതിന്നു പലരും പലതും നയത്തി-
ന്നാടുള്ളിലോർത്തവിടെയെത്തിയുരച്ചു തമ്മിൽ. 20

“ഇക്കാതരാക്ഷിയുടെ സുന്ദരരൂപമാരും
നോക്കാതിരിക്കണമിനിബ്ഭയബാധ പോക്കാൻ
നോക്കാതിരുന്നിടുകവയ്യമൃതാസ്വദിപ്പാൻ
ലാക്കാകിലാരുവെടിയും വെടിയല്ലിതേതും. 21

കേട്ടീടൊലാ കിമപി മാലിനി തന്റെ വാക്കു
കേട്ടീടിലും വിബുധഗായകനീർഷ്യയുണ്ടോ
കേട്ടീടണം സുധയൊടേററജയിച്ച മെച്ചം
കാട്ടീടുമീവചനമേതൊരുവൻ ത്യജിക്കും. 22

ചിന്തിക്കൊലാ മനസി മാലിനി തന്റെ രൂപം
ഗന്ധർവ്വനായതുമറിഞ്ഞു കയർക്കുമേററം
ചന്തത്തിലത്ഭുതസുഖങ്ങൾതരുന്ന വസ്തു
ചിന്തിച്ചിടാതമരുവാൻ കഴിയില്ലൊരാൾക്കും. 23

പാരംവിപത്തിതൊരുമാതിരിയും നിനയ്ക്കു-
ന്നേരംഹരിച്ചുകളവാൻ കഴിയായ്കമൂലം

സൈരന്ധ്റിയാകുമിവളീനഗരത്തിൽ മേലിൽ
സ്വൈരം വസിച്ചിടുകയെന്നതുതന്നെവയ്യ". 24

ഭാരംവഹിച്ചവിടെ നല്ലൊരു രാജനീതി–
സാരം നടത്തുമവരും പലതേവമോതി
സൈരന്ധ്റിയാകുമവളെച്ചുടുകാടുവിട്ട–
ന്നേരം പ്രകാശമെഴുമപ്പുരിയിൽ കടന്നു. 25

നല്ലാർകുലങ്ങളണിയുന്നവൾ വന്നിടുമ്പോൾ
ചൊല്ലാർന്നമത്സ്യനഗരേ മരുവുംപുമാന്മാർ
വല്ലാതെകണ്ടു വളരുന്ന ഭയംനിമിത്ത–
മെല്ലാവരും പരിതപിച്ചു പരിഭ്രമിച്ചു. 26

ചേണാർന്ന ഭംഗിയൊടു മാലിനി തന്റെ രൂപം
കാണാതിരിപ്പതിനുടൻ ചിലർ കണ്ണടച്ചു
കേണാശ്രയിച്ചു ചിലരങ്ങുടനേ കമഴ്ന്നു–
വീണാരവൾക്കൊരുനമസ്കൃതിചെയ്തപോലെ. 27

പൊത്തീ വിലോചനയുഗം നിജപാണികൊണ്ടു
കത്തീട്ടമുൽക്കടഭയാൽ ചിലരപ്രദേശേ
ഞെട്ടീടുമുള്ളൊടുടനേ ചിലർ കണ്ണുരണ്ടും
കെട്ടീ കനംതടവിടുന്ന പടങ്ങളാലേ. 28

കൊണ്ടൽക്കരിങ്കുഴലിയാമവൾതന്റെ രൂപം
കണ്ടപ്പൊഴേ ചിലർകുതിച്ചു തിരിച്ചു പാഞ്ഞു
പണ്ടത്തെമട്ടിലിവൾതന്നരികത്തു നിന്നാൽ
തൊണ്ടത്തമാകുമിനിയെന്നു നിനച്ചു ഭീത്യാ. 29

തീരെബ്ഭയാൽ മിഴിയടച്ചഥകണ്ണുപൊട്ട–
ന്മാരെന്നപോലെ മരുവുന്നവരദ്ദശായാം
"ആരെന്തു ശബ്ദമിതു സമ്പ്രതി ചൊൽക ചൊൽക"
നേരെന്നുറച്ചു ബത! തമ്മിലുടൻ പിടിച്ചു. 30

"അയ്യോ! പിടിച്ചു മമ ദുൎബ്ബലമായിടുന്ന
മെയ്യോടിവന്നു ബത! മാലിനി തന്റെ കാന്തൻ
തിയ്യൊക്കുമിബ്ഭയവശാലിഹ കൺ തുറപ്പാൻ
വയ്യൊട്ടു"മെന്നവർ പറഞ്ഞു കരഞ്ഞുലഞ്ഞു. 31

ഞെട്ടിപ്പകച്ചവരുടൻ ബത! കൂട്ടിമുട്ടി-
ത്തട്ടിത്തടഞ്ഞൊരുവിധം വിധിവൈഭവത്താൽ
പൊട്ടും മനസ്സിലതിഭീതിവിഷാദശോകം
തട്ടുന്ന മത്സ്യപതിതൻ തിരുമുമ്പിലെത്തി. 32

ഗന്ധൎവ്വനെസ്സ്ഫുടതരം നിശി കണ്ടതും സൈ-
രന്ധ്രീക്കു വന്നഴലകത്തിടുവാൻ ക്ഷണത്തിൽ
ചന്തംകലൎന്നിടുമവൻ ബത! സൌതികൎക്ക-
ങ്ങന്തം വരുത്തിയതുമായവർ ചൊല്ലിയെല്ലാം. 33

പൌരോക്തികേട്ടു പരിചോടു പരിഭ്രമിച്ചു
സാരോപദേശപടുമന്ത്രികളോടുകൂടി
ഓരോ നയങ്ങളെ നിനച്ചഥ നിശ്ചയിച്ചാ-
നാരോമലാകുമവളെക്കളവാൻ വിരാടൻ. 34

അന്നാട്ടിനീശനുടനേ നിജ ഭാൎയ്യയോടു
ചൊന്നാനിവണ്ണ"മയി! കേൾ ദയിതേ സുശീലേ!
ഇന്നാക്കൃശാംഗിമണി മാലിനി നിന്റെ പാൎശ്വേ
വന്നാലിതായവളൊടോതണമെന്റെ വാക്യം. 35

പോകാദരത്തൊടവിടെക്കിവിടത്തിൽനിന്നു
വൈകാതെ നീയെവിടയോ ഭവതിക്കഭീഷ്ടം
ഹേ! കാതരാക്ഷിയിനി നീയിവിടത്തിൽ വാണാൽ
ശോകാതിരേകമുളവാമിതുപോലെതന്നെ. 36

ഈടുള്ള നിന്റെ ഗുണവും വിപുലപ്രതാപം
കൂടുന്ന നിൻ പതികൾതൻ ബലവുംനിമിത്തം

കേടൊക്കമിങ്ങിനിയുമീവിധമെന്നുറച്ചീ-
നാടൊക്കെയും കിടുകിടന്നു വിറച്ചിടുന്നു. 37

കള്ളംകഥിച്ചിടുകയല്ല നമുക്കമിപ്പോ-
ളുള്ളം നിറഞ്ഞ ഭയമുണ്ടിതുകാരണത്താൽ
തള്ളിക്കളഞ്ഞിടുകയില്ലിതു നിന്നെ ഞാനെൻ
പുള്ളിക്കുരംഗമിഴി! യാചനയാണിതെൻെറ. 38

ഗന്ധർവ്വർതൻ ദയിതയാം ഭവതിക്കനിഷ്ട-
ഗന്ധത്തെയും കിമപി സാമ്പ്രതമാചരിപ്പാൻ
ചിന്തിച്ചു കാണ്കിലവനീപതിയാം നമുക്കും
ദന്തിപ്രവീരഗമനേ! ഹൃദി ധൈര്യമില്ല. 39

സ്മേരാംബുജാഭമുഖി! നിന്നോടനിഷ്ടമായി-
ട്ടോതാൻ നമുക്കു ഭയമുണ്ടു മനസ്സിലേററം
നീതാൻ മഹാഭയമെഴുന്നിവനിൽ കനിഞ്ഞു
വീതാന്യശങ്കമിവിടുന്നു് നടന്നുകൊൾക. 40

കേളിപ്പെടും വിബുധഗായകരാദരിച്ചു
ലാളിച്ചിടുന്ന തവ ദാസിയൊടേവമെല്ലാം
മേളിച്ചു നല്ല മൊഴി ചൊല്ലിയയച്ചിടേണം
കേളിന്നുതാൻ ത്വരിതമിഷ്ടരക്ഷണാർത്ഥം" 41

മർമ്മം തുളയ്ക്കുമഴലാശു നശിച്ചുമേലിൽ
ശർമ്മം വരാൻ പ്രിയയൊടേവമുരച്ചു പിന്നെ
ധർമ്മം നിനച്ചുടനെ കീചകർതൻ പരേത-
കർമ്മം കഴിപ്പതിനു കല്പന നൽകിഭൂപൻ. 42

ആട്ടം ഹൃദന്തമൊടനേകജനങ്ങൾ പേടി-
ച്ചോട്ടും പ്രധാനവഴിതൻെറ നടുക്കലൂടെ
കൂട്ടം ജവാൽ നൃപതി വല്ലഭതൻ ഗൃഹേ ചെ-
ന്നീടുന്നതിന്നു നിശി പാഞ്ഞിതിപോയിതാനേ. 43

നേർത്തോരു നെഞ്ചലിവുമെന്നിയെ ഹന്ത! തന്നെ
ച്ചീർത്തോരു വഹ്നിയിലിടാൻ തുനിയും ദശായാം
ആർത്തോരുമഞ്ജു കരയും പരമാർത്തനാദാൽ
വീർത്തോരു ഭൂരിദയ തന്നിലലിഞ്ഞു കൃഷ്ണ. 44

നേരററ വീര്യമൊടു തന്റെ മഹാനസത്തിൻ
ദ്വാരത്തിൽ നില്ക്കുമനിലാത്മജനെത്തദാനീം
പാരം പ്രസാദമൊടു കണ്ടു നിജാവനോപ-
കാരം നിനച്ചുടനെ പാർഷതി ചൊല്ലി മെല്ലെ. 45

“അന്ധതമേറുമുപകീചകർ ചെയ്ത ഗാഢ-
ബന്ധത്തിനാൽ വിവശയായ് ബത! കേഴുമെന്നെ
ബന്ധത്തെ വേഗമൊടഴിച്ചു കനിഞ്ഞു കാത്ത
ഗന്ധർവ്വരാജനു നമസ്കൃതി ചെയ്തിടുന്നേൻ. 46

സൂപം ചമയ്ക്കുമവനീമൊഴി കേട്ടു ചാരു-
രൂപം ധരിക്കുമവളോടു ചിരിച്ചുചൊന്നാൻ
“ആപത്തിൽനിന്നറികനീ പരിമുക്തയായി
താപത്തിൽനിന്നു തവ കാന്തർ വിമുക്തരായി”. 47

നില്ലാതെകണ്ടവിടെനിന്നു നടന്നു പിന്നെ
മല്ലാക്ഷിമാർകുലശിരോമണിയാജ്ഞസേനി
നല്ലാർജനങ്ങളൊടു ചേർന്നു ബൃഹന്നളാഖ്യ-
നുല്ലാസമോടു മരുവുന്നതു തത്ര കണ്ടു. 48

ക്ലേശം പെരുത്ത നിജവല്ലഭതൻ കടാക്ഷ-
ലേശം ലഭിച്ച സമയത്തിൽ മഹേന്ദ്രപുത്രൻ
നാശം ഭവിച്ചിതു നശിച്ചതുകേട്ടുകൊണ്ടവാ-
നാശംസപൂണ്ടവളൊടിങ്ങിനെ ചോദ്യമിട്ടാൻ. 49

“നിന്നെപ്പിടിച്ചു ചുടുവാനുപകീചകന്മാർ
സന്നദ്ധരായതിജവത്തൊടു കൊണ്ടുപോയാർ

എന്നോതിട്ടും ജനവചസ്സഹമിങ്ങു കേട്ടേ-
നെന്നോടു ചൊൽക പുരരെങ്ങിനെ മുക്തയായ് നീ? 50

"ചീക്കും സുഖാൽ നൃപസുതാഭവനാന്തരത്തിൽ
പാക്കും ബൃഹന്നളഭവാൻ കഥയെന്തറിഞ്ഞു
കേൾക്കുന്നതെന്തിനിഹ മാലിനി തന്റെ വൃത്ത-
മോക്കുമ്പൊളിപ്പൊഴിതുകൊണ്ടൊരു സാദ്ധ്യമുണ്ടോ" 51

"ഷണ്ഡത്വമേന്തിയ ബൃഹന്നളയാകുമെന്റെ
ദണ്ഡത്തിനില്ലൊരവസാനമിതെത്ര കഷ്ടം
ഖണ്ഡിച്ചിടാതിവിടെയൊത്തു വസിച്ചിട്ടുംനീ
ദണ്ഡിച്ചിട്ടുമ്പൊളഴലാക്കു ഭവിക്കയില്ല. 52

ആക്കും പരന്റെ ഹൃദയംശരിയായ് ഗ്രഹിപ്പാ-
നോക്കുംവിധൌ കഴികയില്ലതുകൊണ്ടുതാൻ നീ
കേൾക്കുമ്പൊളെന്നുടെ മനസ്സുരുകുംപ്രകാരം
വാക്കുഗ്രമായ്യലതുമേവമുരച്ചിടുന്നു". 53

ഏവം പരസ്പരമുരച്ചവരന്നു ശാന്ത-
ഭാവം കലന്നു പുനരങ്ങു നടന്നു കൃഷ്ണ
ആവുന്ന ശോകഭയമൊത്തു സുദേഷ്ണരാജ്ഞി
മേവുന്ന മാന്യഭവനത്തിലണഞ്ഞു മന്ദം. 54

കന്യാജനങ്ങൾ പല ചേടികൾ തോഴിമാർ മ-
റ്റന്യാംഗനാനികരമെന്നിവരോടുകൂടി
ധന്യാലയത്തിൽ മരുവുന്ന സുദേഷ്ണ നതസൌ-
ജന്യാദി സൽഗ്ഗുണമെഴുന്നവളോടു ചൊന്നാൾ. 55

"സൈരന്ധ്രി! പോക ജവമോടവിടയ്ക്കയേ! നീ
സ്വൈരം നിനക്കെവിടെയോ കുതുകം വസിപ്പാൻ
സാരം കഥിപ്പനഹമിങ്ങിനി നീ വസിച്ചാൽ
പാരം വിപത്തു വരുമിങ്ങിനെതന്നെ മേലിൽ. 56

വല്ലാത്ത വൈരിനികരം പടയിൽ പ്രയാസ-
മില്ലാതെ കൊന്ന പാ൪ മീനവരന്റെ നാട്ടിൽ
ഉല്ലാസമേകുമവർ നമ്മുടെ സോദരന്മാ-
രെല്ലാം നശിച്ചതിനു നീയൊരുപെണ്ണുമൂലം. 57

ഈറ്റുള്ള നൽഗജരഥാശ്വപദാതിസംഘം
കൂടുന്ന സൈന്യമതിഭീഷണജന്യമാന്യം
തേടും ഭയാലിരുളിലോടിയലച്ചതിനു
കേടുൽഭവിച്ചതിനു നീയൊരുപെണ്ണുമൂലം. 58

മൂത്തച്ഛനച്ഛനസുനായകനാത്മജന്മാർ
മൂത്തപ്പനെന്നു മുതലാം സ്വജനത്തിനേററം
ഇത്തവ്വിൽ വന്നഴൽ നിനച്ചിഹ ലോകരെല്ലാ-
മത്തൽപ്പെടുന്നതിന് നീയൊരുപെണ്ണുമൂലം. 59

ഗന്ധർവ്വർതന്നരിശവും തവ മെയ്യിലുള്ള
ചന്തങ്ങളും ഹൃദിനിനച്ചതിഭീതിയോടെ
മന്ത്രിവ്രജങ്ങളിനിയിങ്ങഴൽ വന്നിടായ്വാൻ
മന്ത്രിച്ചിടുന്നു പലമാതിരി സാധുമാർഗ്ഗം. 60

നീളുംകലർന്നു വിലസും മുടിതൊട്ടടിത്താ-
രോളം തദംഗമഖിലം പരമാഭിരാമാം
മേളുംകലർന്നു വിധിതൻകരകൌശലങ്ങൾ
കേളംഗനേ! വെളിവിലായ്ത്തവ സൃഷ്ടിയാലേ 61

ഞാന്താൻ ജഗത്തിലതിസുന്ദരിയെന്ന ബുദ്ധി
കാന്താജനത്തിനൊരുമിച്ചുപിറന്ന തോഴി
കാന്താംഗകാന്തി തവ കണ്ടവർ വേറെ വേറെ
ഞാന്താഴെയെന്നു കരളിൽ കരുതുന്നു ചിത്രം! 62

കുന്നിക്കു നമ്മൊടു നീയിഹ മാലയാകും
കുന്നിക്കുരുക്കളുടെ കാന്തികൾ കാണ്കയാലെ

നന്ദിച്ചു സുന്ദരികൾ ചാർത്തിയ പത്മരാഗം
മന്ദിച്ചിടുന്നു മതിയിൽ ബഹുലജ്ജയോടെ. 63

വേഷഞ്ചമഞ്ഞുമഴകേറിയ നിൻകരത്തിൽ
ദോഷന്തികഞ്ഞ കരികിട്ടുകിലായതും കേൾ
പോഷമ്പെടും മൃഗമദത്തിനെഴും മദത്തെ-
ശ്ശേഷം വിനാ ഝടിതി ഹന്ത! കളഞ്ഞിടുന്നു. 64

ആയാസമോടിവിടെ വേലകൾ ചെയ്തിടും നിൻ
കായാതിമോഹനവിലാസശതങ്ങളാലെ
ന്യായാനുകൂലമുളവായ്വളരുംമനോജ-
മായാബ്ധിതന്നിൽ മുഴുകുന്നു നതാംഗിമാരും. 65

ചാലേ പരാശയമറിഞ്ഞിഹ നീ സ്വസത്തി-
നാലെ മഹാപ്രിയമുടൻ പ്രിയമാക്കിടുന്നു
കാലായസം കിമപി സിദ്ധരസപ്രയോഗ-
ത്താലാശു നൽ കനകമാക്കിടുമെന്നപോലെ. 66

ഈ വിശ്വവാസികൾ സദാ ബഹുഭക്തിപൂണ്ടു
സേവിച്ചിടും മഹിതവിദ്യകളൊക്കെനിന്നെ
ആവിർഭവിക്കുമതിഭക്തികലർന്നുനിത്യം
സേവിച്ചിടുന്നു ഘടചേടികളെന്നപോലെ. 67

ഈമട്ടനേകഗുണരൂപിണിയായിടും നീ-
കാമത്തിലിട്ടു പരമീപ്പുരി മുക്കിടുന്നു
'കാമത്തിനില്ലറിക കണ്ണിതു'ലോകസിദ്ധം
ക്ഷേമത്തിനെന്തുവഴി വൻകുരുടക്കുപോത്താൽ. 68

പൂമാതുപോലെ വിലസീടിന നീയഭാഗ്യ-
ഭൂമാവുചേരുമിവിടത്തിലതീവദോഷം
കാമാനുകൂലഗുണജാലമിയന്ന ശുദ്ധ-
മാമാഭിഭൂതജരന്നു വിഷം നിനച്ചാൽ. 69

തെല്ലാകിലും ഭവതിയോടൊരനിഷ്ട വാക്യം
ചൊല്ലാൻ നമുക്കുമതിഭീതി മനസ്സിലിപ്പോൾ
മല്ലാക്ഷി! ഞങ്ങളിലതീവ കനിഞ്ഞു നീതാ-
നല്ലാസമോടിവിടെനിന്നു ഗമിച്ചുകൊൾക. 70

വീരത്വമുള്ള ഹരിഗായകർ കാത്തു നിത്യം
ചാരത്തൊളിച്ചു മരുവീടിന നിന്നൊടിപ്പോൾ
നേരിട്ടു ചൊൽവതിനു ഭൂപതി ഭൂരിഭീതി
പാരിച്ചു നിന്നൊടിതു ചൊൽവതിനെന്നൊടോതി. 71

ഭീരുക്കളെന്നു പറയുന്നബലാജനങ്ങൾ
ഭീരുക്കളല്ലിവിടെ നിന്മഹിമാവു മൂലം
ഭീരുത്വമററ ബലമേറിയ പൂരുഷന്മാർ
ഭീരുക്കളായുടനൊളിച്ചു വസിച്ചിടുന്നു. 72

സേവാവിരോധമണയാതിവിടത്തിൽനിന്നു
പോവാൻ മനസ്സു ഭവതിക്കു ഭവിച്ചിടേണം
ദൈവാനുകൂലമതിനേററവുമുൽഭവിപ്പാൻ
ദേവാദികൾക്കു വഴിവാടുകൾ നേർന്നിടുന്നേൻ". 73

പാരം വളർന്ന ഭയശോകപരിഭ്രമാല-
ന്നേരം സുദേഷ്ണ പലതേവമുരച്ചശേഷം
സ്വൈരം തടിച്ച കരുണാരസജാതബാഷ്പ-
പൂരം ചൊരിഞ്ഞുടനെ പാണ്ഡവപത്നിചൊന്നാൾ: 74

"പേടിക്കവേണ്ട ലവലേശവുമാരുമിങ്ങു
കേടിപ്രകാരമിനിരാജ്ഞി! ഭവിക്കയില്ല
ധാടിപ്പെടുന്ന മമ വല്ലഭരാദരാലീ-
നാടിന്നു നന്മകൾ വരുത്തിടുമാശു മേലിൽ. 75

പാരാതെ പത്തുമൊരുമൂന്നുമിനിദ്ദിനങ്ങ-
ളീരാജധാനിയിലെനിക്കിതുപോലെ വാഴാൻ

നേരായ് സമസ്തഗുണമോടിടചേൎന്ന മത്സ്യ–
ശ്രീരാജരാജനനുവാദമുടൻ തരേണം. 76

എന്നാകിലെൻ പതികളാം നൽ കൃതകൃത്യരാകു–
മെന്നാദരാലറിക പിന്നെ രസത്തൊടെന്നെ
നന്നായ്ത്തെളിഞ്ഞിവിടെനിന്നവർ കൊണ്ടുപോകു–
മിന്നാടിനും വളരെ നന്മകളാം നൽകുമാശ്ശേ!”. 77

എല്ലാജ്ജനങ്ങളെയുമിത്തരമാശ്വസിപ്പി–
ച്ചുല്ലാസമോടവിടെ മാലിനി ചൊന്നശേഷം
ചൊല്ലാൻ രാജ്ഞി പുനരുത്തരമൊന്നുമപ്പോൾ
ചൊല്ലാതകണ്ടവിടെ വാണു മുഹൂൎത്തനേരം. 78

ദൈവം നിത്യം തുണയ്ക്കും ദ്രുപദസുതതദാ
തത്ര കഷ്ടിച്ചുപിഷ്ടി–
ച്ചേവം മൌനാനുവാദം നൃപതിമഹിഷിയോ–
ടാശു വാങ്ങിച്ച ശേഷം
ജീവേശന്മാർ വസിക്കും പുരിയതിലൊളിവായ്
പ്രാണവായുക്കളാം നന്നാ–
യ്മേവീടും കല്യകായേ ധിഷണമരുവിടും
മട്ടിൽ മട്ടാതെ വാണു. 79

പാണ്ഡവോദയം കാവ്യത്തിൽ
പതിനഞ്ചാം സർഗ്ഗം സമാപ്തം.

# പതിനാറാം സർഗ്ഗം.

---

വാരണാഖ്യപുരേ വാഴും കൌരവന്റെ സഭാസ്ഥലേ
ചാരന്മാരത്തുകാലത്തിൽ സ്വൈരം ചെന്നു വണങ്ങിനാർ. 1

സ്വയമേവം നൃപൻതന്റെ നയനാഞ്ചലസമ്മതം
സ്വയമായവർ വാങ്ങിച്ചു ഭയമററഥ ചൊല്ലിനാർ. 2

“മംഗളം തവ വന്നീടും ഭംഗമില്ലാതെ മേൽക്കുമേൽ
സംഗമററുയരും സവ്വമംഗളാനൃത്തരംഗമേ. 3

മരിച്ചു പാണ്ഡുപുത്രന്മാർ ധരിക്ക ധരണീപതേ!
മരിക്കാത്തവരെക്കാണാതിരിക്കാ ഞങ്ങൾ നിശ്ചയം. 4

ക്ലേശമേററം സഹിച്ചുംകൊണ്ടീശ! ഞങ്ങൾ ധരാതലേ
ദേശംതോറും സഞ്ചരിച്ചു ലേശം താമസമെന്നിയേ. 5

നാടും നഗരവും കൂററൻ മാടും കന്ദരജാലവും
തോടും പുഴയുമോരോരോ കാടും ഞങ്ങൾതിരഞ്ഞുപോയ്. 6

മങ്ങും പാണ്ഡവരേ ഞങ്ങളെങ്ങും കണ്ടില്ല പാർത്തലേ
അങ്ങുന്നു സുഖമായ്വാഴ്ക തിങ്ങും ചിന്തയിതെന്തഹോ! 7

അവർതൻ ഗുരു പാഞ്ചാലനൃവരന്റെ മഹാപുരേ
നിവസിക്കുന്നു കേൾ മററുള്ളവനീസുരസംഘവും. 8

നിശമിക്കുക തൽസൂതർ കുശസ്ഥലിയിലിക്ഷണം
കുശലംപൂണ്ടു വാഴുന്നു സ്വശർതന്നറിവിങ്ങിനെ” 9

ചരഭാഷിതമീവണ്ണം ധരണീപതി കേട്ടുടൻ
ചിരമന്തർമ്മനസ്സായിപ്പരമോർത്തിതു ചൊല്ലിനാൻ. 10

“സൈന്യമെൻ സഭ്യരായ്‌വാഴും വീരരാംനിങ്ങളൊക്കെയും
ചാരവാക്കിനു കേട്ടില്ലേ സാരമാം കാര്യമെന്തിനി. 11

എത്രയും ദുഷ്ടരാം പാണ്ഡുപുത്രരാമഞ്ചുപേരവർ
യത്രകുത്രാപി വാഴുന്നു സത്രപ്രച്ഛന്നരായ് ധ്രുവം. 12

ഘോരരാം പാണ്ഡുതൻപുത്രന്മാരശേഷം മരിച്ചുപോയ്
സൈന്യമേവമുറച്ചീടാൻ കാരണം നാസ്തി നിശ്ചയം. 13

പ്രതിജ്ഞപോലെ വർഷങ്ങൾ പതിമൂന്നു കഴിച്ചവർ
അതിവേഗേന വന്നീടിൽ ക്ഷിതിപാതി കൊടുക്കണം. 14

അതിനാലവരെക്കണ്ടു ചതിവിട്ടറിവാനിനി
മതിയാം വഴി സഭ്യന്മാർ മതിമാന്മാർ കഥിക്കണം.” 15

കർണ്ണഭൂഷാവിരഹിതൻ കർണ്ണനായതു കേട്ടുടൻ
നിർണ്ണയിച്ചർത്ഥസാരത്തെ വർണ്ണനംചെയ്തു മെല്ലവേ. 16

“ഛന്നരാം പാണ്ഡവന്മാരെസ്സന്നമായ്ത്തിരവാനുടൻ
അന്യമാന്യചരന്മാരെദ്ധന്യ! കല്പിച്ചയക്കണം. 17

തദ്ധിതത്തിന്നു പോകുന്നോർ ബുദ്ധിയുള്ളവരാകണം
ബുദ്ധികൊണ്ടല്ലയോ കാര്യസിദ്ധി ലോകത്തിലൊക്കെയും. 18

നിലനിർത്തീടണം കർമ്മം ഫലലാഭം വരുംവരെ
ഫലത്തിനൊന്നിനാണല്ലോ പലകർമ്മസമുദ്യമം. 19

ചൊല്ലാർന്നീടും ഫലം കർമ്മമെല്ലാം ചെയ്തു വരുത്തണം
നെല്ലുണ്ടായതു കൊയ്യാഞ്ഞാൽ തെല്ലുണ്ടോ സാദ്ധ്യമോർക്കുകിൽ. 20

ശ്രമപ്പെട്ടിഹ സദ്യയ്ക്കു ചമച്ച വിഭവങ്ങളെ
ക്രമമായി വിളമ്പാഞ്ഞാൽ കിമഹോ! സാദ്ധ്യമായതിൽ 21

ചന്തമേറുമുപായത്താലന്തരായങ്ങളാം പോക്കണം
റാന്തൽ കത്തിച്ചു നാം രാവിൽ ധ്വാന്തം പോക്കുന്ന
ില്ലയോ. 22

മരുവേണം കുലുങ്ങീടാതുരു വിഘ്നം വരുമ്പൊഴും
ഗുരുവാം കാററു വീശുമ്പോഴും പെരുതാം മലയാടുമോ. 23

ധീരവിദ്വൽപ്രഭാവത്താൽ ഘോരവിഘ്നവുമററുപോം
സൂരതേജസ്സിനാലന്ധകാരശാന്തി വരുംവിധം. 24

ഫലമുണ്ടാക്കിടാ ഭീത്യാ നിലവിട്ടിളകുന്നവൻ
ഫലമുണ്ടാകുമോ വേർ പോയ് ചലനം പൂണ്ട പാദപം.
25

അതിനാൽ ധൈൎയ്യവും നല്ല മതിയും പൂണ്ട ചാരരെ
അതിവേഗമയക്കുക്ഷ്മാപതിമൌലേ! ജയം വരും. 26

ചാരന്മാരോടു നൽ സാന്ത്വസാരം ചൊല്ലേണമാദരാൽ
സൈ്വരം ലോകം വശത്താക്കാൻ പാരം നല്ലതു സാമമാം.
27

അൎത്ഥമേകുന്ന ചാരന്മാൎക്കൎത്ഥമേറെക്കൊടുക്കണം
അൎത്ഥമെല്ലാററിലും മേഖ്യാണൎത്ഥത്തിൻകീഴിലേവരും". 28

ഇഷ്ടനാം കൎണ്ണനീവണ്ണം സ്പഷ്ടമായുരയുംവിധൌ
ദുഷ്ടദുശ്ശാസനൻ പാരം രുഷ്ടഭാവേന ചൊല്ലിനാൻ. 29

"മിത്രദ്രോഹികളാം പാണ്ഡുപുത്രപഞ്ചകമിപ്പൊഴും
അത്ര പഞ്ചത ചേരാസ്സിൽ ചിത്രമാണെന്നു മന്മതം. 30

ശൂരാഭിമാനമേറുന്നാക്രൂരാശയരശേഷവും
ഘോരാരണ്യത്തിലുഴപ്പെട്ടു നേരായിച്ചത്തു നിൎണ്ണയം. 31

ഹരിയോ കാട്ടുപോത്തോ വൻകരിയോ കിരിയോ ജവാൽ
നരിയോ പാണ്ഡവന്മാരെശ്ശരിയായ്ക്കൊന്നിരിക്കണം. 32

കോണാശ്രയിച്ചും പാൎത്ഥന്മാർ പ്രാണാന്തംവിട്ടിരിക്കുകിൽ
ചേണാൎന്നൊരിച്ചാരലോകം കാണാതേകണ്ടിരിക്കുമോ 33

അന്തരംഗേ വൃഥാ തന്നെ ചിന്തപൂണ്ടീവിധം ഭവാൻ
ഹന്ത! കേഴാതെ മോദിച്ചു സന്തതം വാഴ്ക ഭൂപതേ! 34

വീരനാം കൎണ്ണനിച്ചൊന്ന സാരമാം വാക്കു കേൾക്കണം
പാരമായതിനായ്ത്തന്നെ ചാരവൎഗ്ഗമയക്കണം." 35

അപായമെന്നിയേ കാൎയ്യമുപായാൽ നേടിടുന്നവൻ
കൃപാദിഗുണവാനപ്പോൾ കൃപാചാൎയ്യനിതോതിനാൻ. 36

"അതിവീൎയ്യമെഴും പാണ്ഡുക്ഷിതിപാലസുതക്കഹോ!
മൃതിയല്ലധുനാ മായാവൃതിയാണെന്നു മന്മതം. 37

ദ്രുപദേന്ദ്രസുതാപാണ്ഡുനൃപപുത്രക്കശേഷവും
അപമൃത്യുവരാനായുള്ളപലക്ഷണമില്ലിഹ. 38

തവ പാണ്ഡുസുതന്മാരാമവരായ് സന്ധിതാൻ ഗുണം
അവനീശ്വര!തത്സന്ധി ജവമോടാചരിക്കണം. 39

ബലമുണ്ടാം തനിക്കേററം ബലവത്സന്ധി ചെയ്യുകിൽ
ജ്വലനന്നതിയാമല്ലോ ബലമീവാതസന്ധിയാൽ. 40

ഫലമൊട്ടല്ലനേകം ദുൎബ്ബലർ സന്ധിക്കിലും പ്രഭോ!
പല പാംസുവിണങ്ങും ഭൂതലമിത്തതാദൎശകം 41

നൂലനേകതരം ചേൎന്ന ശീലസന്ധിമഹാഗുണം
ലീലയാ സ്പഷ്ടമാക്കുന്നു ബാലനും ബോദ്ധ്യമാമിദം 42

പലതുള്ളികളാം വൎഷജലമൊന്നിച്ചു സൽഗുണം
ഉലകിൽ ചേൎത്തു നൽസന്ധി ഫലമോതുന്നു സുസ്ഫുടം. 43

ക്ഷണകൂടം മഹാകാലം കണവാരിചയം കടൽ
തൃണകൂടം രജ്ജുസന്ധി ഗുണമാണിതിലൊക്കെയും. 44

മരം കല്ലിവയോരോരോ തരം സന്ധച്ച മന്ദിരം
അരം പ്രത്യക്ഷമാക്കുന്നു പരം സന്ധിഗുണങ്ങളെ. 45

ശ്രുതിയൊന്നുച്ചരിക്കുമ്പോൾ ശ്രുതിക്കേതും സുഖം വരാ
ശ്രുതിസമ്മോഹനം ഗാനം ശ്രുതിസംഘസ്വരവ്രജം. 46

രക്ഷയെന്തേകമായീടുമക്ഷരംകൊണ്ടു പാക്കുകിൽ
അക്ഷരസ്തോമവേദത്താലക്ഷയം ലോകരക്ഷണം. 47

പുത്രഭാര്യ്യഗുരുഭ്രാതൃമിത്രലോകസുഖാദികൾ
ചിത്രമാം സന്ധിയൊന്നിൽത്താനത്ര നില്ക്കുന്നു നിശ്ചയം. 48

സന്ധിക്കുള്ള ഗുണം സർവ്വം ചിന്തിച്ചോതാൻ ഞെരുക്കമാം
എന്തിപ്രകാരം ശ്രേഷ്ഠതചം സന്ധിക്കും വസ്തു ഭൂപതേ! 49

അതിദോഷങ്ങളന്യോന്യം പതിയും സന്ധികാരണാൽ
അതിനാൽ ദുർജ്ജനത്തോടുപതിവായ് സന്ധി
ചെയ്യൊലാ. 50

ജനമപ്പാത്ഥരെക്കാണാ ഘനമായയെഴും വിധൌ
ഘനസംപ്ലവകാലത്തിലിനനെക്കാൺമതെങ്ങിനെ. 51

ബലവും ദയമുമ്പായ പല സൽഗുണജാലവും
കലരും പാണ്ഡവന്മാരായ് കലഹം തേ ന ശോഭനം" 52

മതിമാനാം കൃപാചാര്യ്യനിതി ചൊല്ലും ദശാന്തരേ
ശ്രുതിയിൽ ദീർഘനേത്രങ്ങൾ പതിയും
ദ്രോണനോതിനാൻ. 53

"വ്രതസത്യതപോയോഗസ്ഥിതരാവുക കാരണാൽ
മൃതരായിവരാ പാണ്ഡുസുതരാമവർ കാനനേ. 54

സത്തറിത്തംബരീഷാദി വൃത്തമോർക്കും ദശാന്തരേ
ഉത്തമം വ്രതമാഹാത്മ്യം ചിത്തതാരിൽ ഗ്രഹിച്ചിടാം. 55

ഹരിശ്ചന്ദ്രമഹീന്ദ്രാദി ചരിത്രങ്ങൾ നിനയ്ക്കുകിൽ
സ്ഫുരിക്കും സത്യമാഹാത്മ്യം ധരിക്കാമേതൊരുത്തനും. 56

മാർക്കണ്ഡേയാദി വൃത്താന്തമോർക്കുമ്പോൾ ധരണീപതേ!
ഷീക്കും തപഃപ്രഭാവങ്ങളാർക്കും നന്നായറിഞ്ഞിടാം. 57

വനവാസം താപസേന്ദ്രജനസംസർഗ്ഗകാരണം
ഘനപുണ്യങ്ങളെപ്പാണ്ഡുതനയന്മാർക്കു നല്കിടും. 58

ഇഷ്ടസിദ്ധിക്കഹോ! മൂലം പുഷ്ടമാം പുണ്യമൊന്നുതാൻ
ഇഷ്ടനാശത്തിന്നു മൂലം കഷ്ടമാം പാപമൊന്നുതാൻ. 59

വീരരാം പാണ്ഡവന്മാർക്കു ഘോരകാനനവാസവും
സാരമേവം നിരൂപിക്കിൽ പാരമിഷ്ടാർത്ഥസാധകം. 60

ഗുണമേറും പാണ്ഡവരെ പ്രണയം പൂണ്ടു സന്തതം
തുണചെയ്യുന്നു ഗീർവ്വാണഗണനായകനച്യുതൻ. 61

ഹരിയോടു ബലംകൊണ്ടു ശരിയേതൊരു പൂരുഷൻ
ഹരിയോടു ബലംകൊണ്ടു ശരിയേതു മൃഗം പ്രഭോ! 62

മായതൻപതി തൻപ്രാണപ്രായരാം ധർമ്മജാദികൾ
ഞായത്തിലെങ്ങോ വാഴുന്നു മായകൊണ്ടു മറഞ്ഞിഹ. 63

ഘനമായാബലാൽ കാണാ ജനമായവരെദ്ദൃഢം
ഘനസംപ്ലവകാലത്തിലിന്ദുവെക്കാണ്മതെങ്ങിനെ. 64

എന്നാലസാദ്ധ്യമാം കാര്യം വന്നാലപ്പോൾ ത്യജിക്കണം
നന്നായസാദ്ധ്യരോഗത്തിനിന്നാരൗഷധമേകിടും. 65

നിൎമ്മലജ്ഞാനവാൻ സാക്ഷാൽ ധൎമ്മരൂപി യുധിഷ്ഠിരൻ
ധൎമ്മരാജോപമൻ ഭീമകൎമ്മകാരി വൃകോദരൻ. 66

അൎജ്ജുനൻ കീൎത്തികൊണ്ടേററമൎജ്ജുനൻ കൃഷ്ണസേവകൻ
നിൎജ്ജരേന്ദ്രസുതൻ ദേവദുൎജ്ജയാസുരനാശനൻ. 67

യമന്മാർ വിക്രമം കൊണ്ടു യമന്മാർതന്നെ നിശ്ചയം
സമൻ പാണ്ഡുസുതൎക്കില്ലിശ്രമം വിടുക ഭൂപതേ! 68

ഗുണങ്ങളുള്ളവരോടായ് പിണങ്ങാതിനിയെങ്കിലും
ഇണങ്ങീടുക തന്മിത്രഗണങ്ങൾക്കിഷ്ടമേകുക. 69

പ്രീതിയിൽ ധൎമ്മജന്നായിപ്പാതിരാജ്യം കൊടുക്കണം
നീതിയാലിങ്ങു കിട്ടുന്ന ഭൂതിയാൽ തൃപ്തിതേടണം. 70

അതികാമമതിക്രോധമതിമാനമിതൊക്കെയും
അതവേഗമനൎത്ഥത്തെ മതിമൻ! ദൃഢമേകിടും. 71

ഉലകിൽധനധാന്യാദി പലതുള്ളവയൊക്കെയും
ചിലവിന്നേകനും പോരെന്നാലസാതോൎത്തടങ്ങണം". 72

പ്രതാപവാൻ ദ്രോണനേവം ഹിതാൎത്ഥം ചൊല്ലീടുംവിധൌ
അതാകെസ്സമ്മതിച്ചോതി പിതാമഹനുടൻ മഹാൻ. 73

ഭാരദ്വാജന്റെ വാക്യം സ്വീകാരയോഗ്യമശേഷവും
സാരമായീടുമമൃതം സ്വൈരമാരു കളഞ്ഞിടും.? 74

"ആഹന്ത ബന്ധുലോകത്തിൽ സ്നേഹം പാരംകലൎന്ന ഞാൻ
ദ്രോഹംകൊണ്ടല്ല സത്താമീയൂഹം ചൊല്ലുന്നുകിഞ്ചന. 75

ഒന്നാദരേണ ചോദിച്ചീടുന്നായവനൊടായതിൽ
നന്നായ് സത്യമുരയ്ക്കുന്നില്ലെന്നാൽ ദുരിതമേററവും. 76

ശുഭമാമാത്മപക്ഷത്തെ സ്സഭയിൽചേന്നിരിപ്പവൻ
രഭസേന കഥിക്കേണമഭയം ധമ്മമിങ്ങിനെ. 77

തിങ്ങും മായാസമുദ്രത്തിൽ മുങ്ങുംപാണ്ഡുതനൂജരെ
എങ്ങുംകാണാൻ കഴിഞ്ഞീടാ പൊങ്ങുംമുമ്പിലൊരുത്തരും.
78

എന്നാൽ ധമ്മാത്മജൻ വണീടുന്നാട്ടിൽ ഭൂരിലക്ഷണം
ഇന്നാകെ ഞാനുരച്ചീടാം നന്നായ്കേട്ടാംക്ഷവിനേവരും. 79

ധമ്മജൻവാണിടുംനാട്ടിൽ ധമ്മമെല്ലാക്കുമേറിടും
ശമ്മമോടുത്തമൻ ചെയ്യും കമ്മമാമന്യകമ്മവും. 80

ജ്ഞാനമേറും ധമ്മസുതൻ ജ്ഞാനവാനമരും ദിശി
ഭാനുദേവൻ വിളങ്ങുമ്പോറം ഭാനുവില്ലാതെയാകുമോ? 81

കൃതകൃത്യൻനൃപൻ ധമ്മസുതനുള്ളമഹീതലേ
കൃതസന്നിഭമായ്ക്കാലം ഹിതമെല്ലാക്കുമേകിടും. 82

ദേവരാജാത്മജജ്യേഷ്ഠൻ കേവലംവാഴുമൂഴിയിൽ
ഭാവശുദ്ധ്യാ ഖലന്മാരും ദേവപൂജ തുടങ്ങിടും. 83

ദാനശീലൻ ധമ്മസൂതൻ മാനമോടമരും ദിശി
ദീനരിൽ ദയയാ ലോകർ ദാനതൽപരരായ്വരും. 84

മതിമാൻ ധമ്മജൻ വാഴും ക്ഷിതിയിൽ സവ്വലോകവും
അതിഭക്ത്യാ കഴിച്ചീടുമതിഥിവ്രജപൂജനം. 85

ഗുരുഭക്തൻ ധമ്മപുത്രൻ മരുവുന്നവിടെജ്ജനം
ഗുരുവീശ്വരനാണെന്നു കരുതി പൂജചെയ്തിടും. 86

സത്യം കാക്കും ധമ്മസുതൻ നിത്യം പാക്കുന്ന പാത്തലേ
സത്യം ഭക്ത്യാ ഭജിച്ചീടുമത്യന്തം ലോകരൊക്കെയും. 87

വലവൈരിസുതജ്യേഷ്ഠൻ വിലസുന്ന മഹീതലേ
ഖലലോകങ്ങളും ജാതികുലധമ്മങ്ങറം ചെയ്തിടും. 88

മതിമാൻ ധർമ്മജൻ വാഴും ക്ഷിതിയിൽ കാമിനീജനം
പതിഭക്ത്യാ സതീധർമ്മം പതിവായാചരിച്ചിടും. 89

ഭൂതസൌഹൃദവാൻ ധർമ്മജാതനുള്ള ധരാതലേ
ഭൂതദ്രോഹാദിയായീടും പാതകങ്ങളാം ഭവിച്ചിടാ. 90

രോഗമുണ്ടായ്വരാ ഭൂരിഭാഗധേയൻ യമാത്മജൻ
നാഗകേതന! വാഴുംഭൂഭാഗത്തിങ്കലശേഷവും. 91

രാഗാദിരഹിതൻ പുണ്യാഭോഗാത്മാവായ ധർമ്മജൻ
രാഗാദാദോഷവും ലോകേ വേഗാൽ
പോക്കുംസപ്സംഗമാൽ. 92

അജാതശത്രു കൌന്തേയൻ നിജവാസാൽ മഹീതലേ
പ്രജദ്രോഹകരം ശത്രുവ്രജാക്രമമകററിടും. 93

ദുഷ്ടനേകൻ മഹാഘോരപുഷ്ടവിക്രമനെങ്കിലും
ശിഷ്ടനാംധർമ്മജൻ വാഴും വിഷ്ടപത്തിൽ വിനഷ്ടനാം. 94

ധൃതിമാൻ ധർമ്മതനയൻ നീതിയോടമരും ദിശി
ഈതിദോഷങ്ങളുണ്ടാകാ ശ്രീതികണ്ടു വിളങ്ങിടും. 95

വനജാക്ഷപ്രിയൻ ധർമ്മതനയൻ വാഴുമൂഴിയിൽ
ധനധാന്യാദി സമ്പത്തി ഘനമായുളവായ്വരും. 96

രമാപതിപ്രിയതമൻ യമാത്മജനെഴും ദിശി
ദ്രുമാദിയിൽ ഭവിച്ചീടും സുമാദിഗുണമേററവും. 97

വീരനാം ധർമ്മജൻ ധർമ്മസാരവാൻ വാഴുമൂഴിയിൽ
പാരമുണ്ടാം ഗോകുലത്തിൽ ക്ഷീരവൃദ്ധ്യാദി സൽഗുണം.
98

വിപ്രഭക്തൻ ധർമ്മപുത്രനപ്രമേയനെഴും ദിശി
അപ്രയാസം ഭവിച്ചീടും വിപ്രജാതിക്കു മംഗളം. 99

സുധീകുലശിരോരത്നം യുധിഷ്ഠിരനെഴും ദിശി
അധികശ്രേഷ്ഠയാം വിദ്യ വിധിപോലെ വിളങ്ങിടും. 100

അസമൻ ധർമ്മജൻ വാഴും രസയിൽ സർവ്വകാമ്യവും
രസഗന്ധാദി വിഷയം സുസമഞ്ജസമായ്വരും. 101

എത്രയും ഗുണവാൻ ധർമ്മപുത്രനുള്ള ധരാതലേ
ചിത്രമായുല്ലസിച്ചീടും സത്രമാം പരമോത്സവം. 102

കൃഷ്ണഭക്തൻ ധർമ്മപുത്രൻ തൃഷ്ണവിട്ടെങ്ങിരിപ്പതോ
ഉഷ്ണശീതാദികൊണ്ടങ്ങു കഷ്ണമാർക്കും ഭവിച്ചിടാ. 103

കൃപയേറും ധർമ്മപുത്രൻ നൃപൻ പാർക്കുന്ന ഭൂമിയിൽ
ഉപസർപ്പിക്കയില്ലേതുമപമൃത്യ്വാദി ദോഷവും. 104

ഇത്ഥം ലോകഗുണാൽ ധർമ്മപുത്രജ്ഞാനം വരുത്തണം
തത്തദ്വസ്തുഗുണാലാത്മതത്ത്വജ്ഞാനം കണക്കിനെ. 105

വൈരപൂരുഷനല്ലോർത്താൽ സാരവേദിയുധിഷ്ഠിരൻ
സ്വൈരമേററം സന്ധിരതൻ കൌരവേന്ദ്ര! ധരിക്കണം. 106

ശമനാത്മജമാഹാത്മ്യം ക്രമമായ്പരമിങ്ങിനെ
ശമമോടോർത്തിനിക്കൃത്യം ക്ഷമമെന്തു ചെയ്കയേ!". 107

സാരമാം ഭീഷ്മവാക്കേവം പാരമെല്ലാം ശ്രവിച്ചുടൻ
കൌരവേന്ദ്രനൊടായ് ചൊന്നാർ ചാരവർയ്യർ
സഭാന്തരേ. 108

"സുരസിന്ധുസുതൻ ചൊന്ന പാരമാത്ഭുതമാം ഗുണം
പരമുണ്ടൊക്കെയും മാത്സ്യധരയിൽ ധരണീപതേ! 109

ക്ഷാമഭാവം വിനാ ഗോക്കളാമഹീമണ്ഡലേ പ്രഭോ!
കാമധേനുവിനോടൊക്കും സോമവംശശിഖാമണേ! 110

വൃത്തമൊന്നധുനാമാത്സ്യപത്തനത്തിൽ മഹാത്ഭുതം
പൃത്തനായുളവായിട്ടുണ്ടുത്തമക്ഷ്മാതലേശ്വര! 111

ഹൃമകംക്കെതിരായോരു വാമലോചനമൂലമായ്
കാമമോഹിതനായ്ത്തീർന്നാൻ കേമനായുള്ള കീചകൻ. 112

പേരു മാലിനിയെന്നാകും ചാരുഭാക്ഷിണിയാമവം
ധീരരാമഞ്ചു ഗന്ധർവ്വവീരർതൻ പ്രിയയാണപോൽ. 113

വിരോധമാചരിക്കുന്നാ സ്സരോജമിഴിയെപ്പുനഃ
സരോഷനായാക്രമിച്ചാൻ പരോപദ്രവി കീചകൻ. 114

ഖലനാം സൂതസുതനെ ച്ഛലമോടഥ രാത്രിയിൽ
ബലവാനായഗന്ധർവ്വൻ കുലചെയ്തു നിരാകുലം. 115

അപരാധമുടൻ ചെയ്യുമുപകീചകവർഗ്ഗവും
കപടംവിട്ടു ഗന്ധർവ്വൻ കൃപയെന്യേ വധിച്ചുപോൽ. 116

ദുഷ്ടന്മാരാം കീചകന്മാർ നഷ്ടന്മാരായ കാരണാൽ
ഹൃഷ്ടന്മാരായ്വസിക്കുന്നു ശിഷ്ടന്മാരിപ്പൊളപ്പുരേ. 117

തത്രമാത്സ്യപുരംതന്നിൽ ചിത്രമാം വൃത്തമിങ്ങിനെ
മിത്രലോകങ്ങളോടൊന്നിച്ചത്ര ചെയ്തു യഥോചിതം. 118

വിശദം ചാരവാക്യേവം നിശമിച്ചു സഭാന്തരേ
യശസ്സെഴും ത്രിഗർത്തേശൻ സുശർമ്മാവഥ ചൊല്ലിനാൻ. 119

"വിരാടസേനാപതിയായ് വിരാജിച്ചോരു കീചകൻ
പുരാ ഞങ്ങളെ വെന്നിട്ടുണ്ടരാതിബലനാശനൻ. 120

അതിന്നുപകരം മാത്സ്യപതിയോടൊന്നു ചെയ്യുവാൻ
അതിയായുത്തരമാണിപ്പോഴാം മൃതികീചകനാകയാൽ. 121

പലമട്ടുള്ള സമ്പത്തു വിലസും മാത്സ്യഭൂതലം
ബലമോടാക്രമിച്ചീടിൽ ഫലമൊട്ടല്ല ഭൂപതേ! 122

നിഹതാഹിത! മുമ്പിൽ ഗോഗ്രഹണം ചെയ്യണംപ്രഭോ!
സഹസാ തൽക്ഷണം മാത്സ്യൻ ലഹളയ്ക്കായൊരുങ്ങിടും. 123

നഷ്ടസേനേശനാം മാത്സ്യവിഷ്ടപേശ്വരനെത്തദാ
പൃഷ്ടവേഗേന ബന്ധിച്ചിട്ടിഷ്ടസിദ്ധിവരുത്തിടാം. 124

ധരിക്ക പാണ്ഡവന്മാരങ്ങിരിപ്പുണ്ടെങ്കിലക്ഷണം
ഒരിക്കലുമെതിർത്തീടാതിരിക്കില്ല മഹാമതേ! 125

സത്രത്താൽ മറയും പാണ്ഡുപുത്രന്മാരെയറിഞ്ഞിടാൻ
ഇത്രനന്നായില്ല മാർഗ്ഗമത്ര മറെറാന്നു ഭൂപതേ! 126

പരം പാണ്ഡവരെകാണ്മാൻ തരം വന്നീലയെങ്കിലും
സ്ഥിരംമാത്സ്യജയാലുണ്ടാം നിരന്തം തേ ബലം പ്രഭോ! 127

വർണ്ണനം ചെയ്തുഞാൻ നന്നായ് നിർണ്ണയിച്ചേവമെന്മതം
കർണ്ണൻെറ സാധുവാക്കിങ്ങാകർണ്ണനംചെയ്തു ഭൂപതേ"! 128

മാനമേറും ധാർത്തരാഷ്ട്രൻ മാനവേന്ദ്രനനന്തരം
ദാനവാനായ കർണ്ണൻതന്നാനനംതന്നിൽ നോക്കിനാൻ. 129

ശക്തിമാൻ കർണ്ണനുർവ്വീശഭക്തിമാനഥ ചൊല്ലിനാൻ
"യുക്തിചേർന്ന സുശർമ്മാവിന്നുക്തിനന്നിതു ചെയ്യണം. 130

ഗുരുഭീഷ്മപ്രമുഖരാം പുരുവീരരൊടൊക്കെയും
ഒരുമിച്ചു ഗമിക്കേണം ഗുരുകാര്യം ലഭിക്കുവാൻ. 131

ബലമോടൊത്തു മാത്സ്യക്ഷ്മാതലമെല്ലാം ജയിക്കുകിൽ
ഫലമുണ്ടായ്‌വരും നൂനം പലതും ധരണീപതേ! 132

കുണ്ടാമണ്ടികളൊന്നുമുണ്ടായീടാതിരിക്കുവാൻ
രണ്ടായ് സൈന്യം വിഭാഗിച്ചുകൊണ്ടാശു പടകൊള്ളണം. 133

ഒരു ദിക്കിൽ ത്രിഗർത്തൻ മറ്റൊരുദിക്കിൽ പ്രഭോ! ഭവാൻ
തരസാചെന്നു വീഴ്ത്താൽ ഗോഹരണം ചെയ്കിലുത്തമം". 234

സാരം കർണ്ണവചസ്സേവം സ്വൈരം കേട്ടു സുയോധനൻ
പാരം പ്രമോദമോടപ്രകാരം കല്പന നൽകിനാൻ. 135

കുരുപ്രവീരശാസനം സമസ്തവും ശ്രവിച്ചുടൻ
കരുത്തെഴും ത്രിഗർത്തനായകൻ മഹാബലാന്വിതൻ
മറുത്തു ചെന്നു മാത്സ്യഭൂമിയിൽ കടന്നു സത്വരം
കറുത്ത സപ്തമീദിനേ ഗ്രഹിച്ചു ഗോകുലങ്ങളെ. 136

സാരജ്ഞൻ സിന്ധുപുത്രൻ കൃപനതിനൃപതി-
    പ്രീതി തേടുന്ന കർണ്ണൻ
ഭാരദ്വാജൻ തുടങ്ങീപ്പലരൊടുമധികം
    മാന്യമാം സൈന്യമോടും
വീരശ്രീമൗലിദുര്യോധനനഥ സഹസാ
    ചെന്നു പിറ്റേദിനത്തിൽ
ക്രൂരത്വം പൂണ്ടു മാത്സ്യാവനിയിൽ വിലസീടും
    പൈക്കളെ കൈക്കലാക്കി. 137

പാണ്ഡവോദയം കാവ്യത്തിൽ
പതിനാറാം സർഗ്ഗം കഴിഞ്ഞു.

# പതിനേഴാം സർഗ്ഗം.

ശരമൊടവിടെ വാഴും പാണ്ഡവന്മാക്കഹോ! ത-
ത്സമയസമയമെല്ലാം സാധു സമ്പൂർണ്ണമായി
കമലനയനദുർഗ്ഗാനഷ്ടസാദപ്രസാദം
ക്രമമൊടു കലരുന്നോക്കില്ലു തെല്ലിങ്ങസാദ്ധ്യം. 1

സ്വമഹിപൃതനേശദ്ധ്വംസമൂലം വിരാട-
ക്ഷമയുടെ പതിപേടിച്ചന്ധനായ് ഹന്ത! പിന്നെ
സമരനിപുണരാണീ നാല്വപേരെന്ന ബുദ്ധ്യാ
യമയമസുതഭീമന്മാരെ മാനിച്ചു പാരം. 2

അഥ പശുഹരണത്തിന്നായൊരുങ്ങും ത്രിഗർത്തൻ
മഥനമധികമായിച്ചെയ്കയാൽ മാഴ്കിയേററം
കഥയതു പശുപന്മാർ മാത്സ്യനോടാൎത്തിച്ചാർ
വ്യഥകളിലബലന്മാർക്കാശ്രയം സ്വാമിയല്ലോ. 3

ധരണിപതി സുശർമ്മാവങ്ങു ചെയ്യും സ്വമാഹാ-
ഹരണചരിതമെല്ലാം കേട്ടു പെട്ടെന്നു രോഷാൽ
തുരഗഗജപദാതിസ്യന്ദനം ചേൎന്ന സൈന്യം
ത്വരയൊടഥ വരുത്താനാദരാലാജ്ഞ നൽകി. 4

ഉടനഥയമരാട്ടിൻ പത്തനേ പാർത്തിടും വൻ-
ഭടരൊടു സമരായി ച്ചിത്രശസ്ത്രാസ്ത്രമേന്തി
അടരിനമിതകാമം പൂണ്ടുകൊണ്ടങ്ങു കാലാൾ-
പ്പടകളധികവേഗാൽ വന്നു ഭംഗ്യാ നിരന്നു. 5

പ്രളയപവനവേഗാൽ പൊങ്ങുമംഭോധിയിൽ ചി-
ത്തിളകിമറിയുമല്ലോലങ്ങൾ തൻ ഭംഗിയോടെ
അളവകലുമനേകം വാജിസൈന്യം നിതാന്തം
കളകളമൊടു നന്നായ് ദ്ധാടിയിൽ ചാടിവന്നു. 6

കനകകൃതവിരാജച്ഛൃംഖലാമാലധീര-
സ്വനമിതുടയ നീലച്ഛായകാദേഭസൈന്യം
ഘനനിനദവുമേററം മിന്നലും പൂണ്ടു മിന്നും
ഘനഗണമൊടു തുല്യം തൽക്ഷണേ തത്ര വന്നു. 7

വടിവിനൊടു വിമാനത്വം വിമാനത്തിനേകും-
പടി പല ഗുണമൊക്കും സുന്ദരസ്യന്ദനൌഘം
നെടിയ പടഹനാദം ചക്രഘോഷാൽ മുഴക്കി-
ത്ഝടിതിയിലവിടത്തിൽ ഭംഗിയോടൊത്തിണങ്ങി. 8

കുലകരനൃപപുത്രൻ ശംഖനൽകൃഷ്ടമാകും
ബലമുടയ ശതാനീകാദി സൽസോദരന്മാർ
പലരിവർ പടവെട്ടാൻ ചട്ടയിട്ടുഗ്രശസ്ത്ര-
ജ്വലദതുലഭുജന്മാർ തേരിലേറിത്തെളിഞ്ഞാർ. 9

അവനിപതി മഹാത്മാവായിട്ടും മത്സ്യരാജൻ
നവഗുണഗണമൊക്കും സ്യന്ദനേ മന്ദമേറി
ജവമൊടു ജയസിദ്ധിക്കായ് ശതാനീകനാം ത-
ന്നവരജനൊടു കല്പിച്ചീടിനാൻ കല്യശീലൻ. 10

"നവനയനിധികങ്കൻ വാജിഗോപാലകന്മാർ
പവനസമബലത്താൽ ചൊല്ലെഴും വല്ലവാഖ്യൻ
ഇവർ പടപൊരുതാനും പോരുമിപ്പോളവൎക്കാ-
യ്കചരഥധനുർബ്ബാണാദി നൽകാദരേണ" 11

സകലഗുണമിണങ്ങും പാണ്ഡവന്മാൎക്ക യുദ്ധോ-
പകരണമഥ സൎവ്വം തൽക്ഷണേ തന്നെ നൽകി
മികവുടയ വിരാടേന്ദ്രാനുജൻ പിന്നെ മാത്സ്യൻ
പ്രകടമുടനെ പോരിനായ് പുറപ്പെട്ടുപോയാൻ. 12

ധരണിയിലതിയായിത്താന്നിട്ടും പൈപ്പുറംതൻ നൽ
ഖുരനിരകളെ നോക്കിക്കൊണ്ടു മാത്സ്യവ്രജങ്ങൾ

ത്വരയൊടഥ നടന്നിട്ടല്പമന്തിക്കുമുമ്പിൽ
സരസതരമണഞ്ഞാരാത്രിഗർത്താന്തികത്തിൽ. 13

നിരവധിബലഗർവ്വം പൂണ്ട മത്സ്യത്രിഗർത്തേ-
ശ്വരപൃതനകൾതമ്മിൽ ഘോരമായ്പ്പോരുചെയ്താർ
പരമഗുണമിണങ്ങും പൈക്കളിൽ കാമിതത്താൽ
സ്മരമദഭരമൊത്തുള്ളുക്ഷസംഘങ്ങൾപോലെ. 14

രയമൊടുടനെ കാലാളോടു കാലാളു നാഗം
സ്വയമിഭമൊടു ഗർവ്വാൽ തേരു തേരോടു വേഗാൽ
ഹയമൊടുഹയമേവം തുല്യമായ് ചേർന്നുയുദ്ധം
ഭയശകലവുമെന്യേ സൈന്യയുഗ്മം തുടർന്നു. 15

ഗതിജവഭരമേറും സ്യന്ദനത്തിൻ നിനാദം
കുതിരകളുടെ നാദം കുംഭിഗംഭീരനാദം
പ്രതിഭടരൊടെതിർക്കും വീരർതൻ സിംഹനാദം
ശ്രുതികളിലവ പൂകി ത്രാസമേവർക്കുമേകി. 16

പടകളിളകുമപ്പോളങ്ങു പൊങ്ങുന്ന ധൂളീ-
പടലമമിതശോഭാചിത്രമാം മിത്രബിംബം
ഉടനവിടെ മറച്ചിട്ടേവനും കണ്ണുകൾക്കൽ-
ക്കടുതരബഹുദുഃഖം ചീർത്ത വേഗേനചേർത്തു. 17

ഝടിതി നിശിതനാനാശസ്ത്രഘോരപ്രഹാര-
ത്രുടിതവിവിധദേഹോദ്രിക്തരക്തപ്രവാഹാൽ
പൊടിമുഴുവനമർന്നു പോരിനുത്സാഹമാർന്നു
നെടിയ പുരുഷവീരന്മാർക്കു ലാക്കൊത്തുചേർന്നു. 18

ഘനമുസലഗദാസിപ്രാസചക്രങ്ങൾകൊണ്ടി-
ട്ടനവധി സുഭടന്മാർ നാകലോകത്തിലെത്തി
പുനരനിമിഷരായിത്തത്രവന്നപ്സരസ്ത്രീ-
ജനരസകരകർമ്മം ചേരുമാപ്പോരു കണ്ടു. 19

സകലസമയവും പാഞ്ഞോട്ടുവാനുള്ളകാമം
മികവിനൊടിഹ കാട്ടിത്തുള്ളുമശ്വങ്ങൾതന്റെ
പ്രകടജവമൊടേററം ശസ്ത്രകൃത്തോത്തമാംഗ–
പ്രകരമവിടെ മന്നിൽ ചേൎന്നു തുള്ളിത്തുടങ്ങി. 20

ക്ഷിതിയിലിഹപതിച്ചോരക്തവൎഷങ്ങൾ പെയ്തും
പുതിയ മുദിരസംഘം തങ്ങളിൽ തിങ്ങിയേററം
ഇതി ബഹുജനതക്കും ചേൎത്തു ശസ്ത്രപ്രഹാര–
ക്ഷതിയൊടു നിപതിച്ചിട്ടുള്ള ദന്തീന്ദ്രവൃന്ദം. 21

രഥപതികൾ തദാനീം മൎത്ത്യദേഹം വെടിഞ്ഞി–
ട്ടഥ സരസമെടുത്താർ നിൎജ്ജരാമൎത്ത്യദേഹം
രഥവുമവരുപേക്ഷിച്ചുൾപ്രമോദേന താരാ–
പഥലസിതവിമാനം ശ്രീകരം സ്വീകരിച്ചാർ. 22

ഝടിതിപുരുഷവീരന്മാർ നഭസ്സൊക്കെ മൂടും–
പടി ശിതശരജാലം കോരിവാരിച്ചൊരിഞ്ഞു
നെടിയ മഴയിതെന്നങ്ങോൎത്തു ലോകങ്ങളപ്പോ–
ളിടിയൊടു സമമായിത്തീൎന്നു ജ്ഞാണിൻനിനാദം. 23

വ്രണഗണമതിയായിസ്സംഭവിച്ചീടിലും തൽ–
ക്ഷണമുരുതരശൌൎയ്യം പൂണ്ട സൽപൂരുഷന്മാർ
രണശിരസി ഭയത്താൽ പിന്തിരിക്കാതെദേഹം
തൃണമൊടു സമമായിപ്പാൎത്തുടൻ നേൎത്തുചെന്നാർ. 24

പ്രതിഭടവിപിനത്തിൻ കാട്ടുതീയ്യായ സേനാ–
പതികളുടെ ബലത്താൽ പത്തിഹസ്ത്യശ്വസംഘം
അതിജവമൊടസംഖ്യം ചത്തൊടുങ്ങിത്തുടങ്ങീ
മൃതിഭയമുളവായില്ലപ്പൊഴും സ്വല്പമാക്കും. 25

സമരപടു ശതാനീകാഖ്യനപ്പോൾ മഹാ വി–
ക്രമമൊടു ബലസമ്പത്തേറിടും നൂറുപേരെ

ക്ഷമയിലഥ പതിപ്പിച്ചാത്രിഗർത്താധിപൻതൻ
സുമഹിതബലമദ്ധ്യേ പൂകിനാൻ പൂരുഷേന്ദ്രൻ. 26

അരിശമൊടു വിശാലാക്ഷാഭിധക്ഷത്രിയേന്ദ്രൻ
ത്വരിതമഥ വധിച്ചാൻ തത്ര നാന്യരപേരെ
അരിബലമിവർ വല്ലാതൊന്നിളക്കിത്തദാനീം
കരിതുരഗനരന്മാർക്കാശു നാശം വരുത്തി. 27

ബലനിധി മദിരാക്ഷൻ വൈരിവിദ്ധ്വംസദക്ഷൻ
കലഹശിരസി പാരം ശൂരനാം സൂര്യദത്തൻ
അലസതകലരാതീ രണ്ടുപേരും കടന്നാർ
പല കെടുതികൾ ചേർത്താശ്ശത്രുസൈന്യത്തിനുള്ളിൽ. 28

അടരിലധികവീര്യം കാട്ടിടും മത്സ്യഭൂമീ-
തടപതി തടവെന്യേ തത്ര ശസ്ത്രപ്രയോഗാൽ
കടലിനൊടെതിരാമാ പ്രസ്ഥലാധീശ്വരൻതൻ
പടയുടനെ പിളർന്നിട്ടുള്ളിലൂക്കോടു കേറി. 29

അതിരണനിപുണത്വം ചേരുമഞ്ഞൂറു തേരും
ഗതിജവമെഴുമെണ്ണൂറശ്വവും നഷ്ടമായി
ക്ഷിതിപതിയുടെ വീഴ്ച്ചാൽ തൽക്ഷണേ പഞ്ചസേനാ
പതികളുമരശന്തന്നസ്ത്രമേററസ്തമിച്ചു. 30

ഗജപദഗതുരംഗസ്യന്ദനവ്രാതമൊക്കും
നിജബലമതിമാന്യം മങ്ങിയേററം മടങ്ങി
പ്രജവമൊടുതിരിച്ചോടുന്ന കണ്ടാ ത്രിഗർത്ത-
പ്രജകളുടെനാഥൻ ചീർത്തരോഷേണ നേർത്തു. 31

മദതരളിതനാമപ്രസ്ഥലേശൻ സുശർമ്മാ-
വുദയദമിതവേഗം കൂർത്തുമൂർത്തമ്പു തൂകി
തദനു ജഠരനാകും മാത്സ്യഭൂനാഥനോടാ-
യുദയമഥതുടർന്നാൻ യുദ്ധമത്യുദ്ധതാത്മാ. 32

മൃതിഭയരഹിതന്മാർ മത്സ്യരാജത്രിഗർത്ത-
ക്ഷിതിപരഥ തുടന്നപ്പോരതിക്രൂരമായി
അതിരസമതുകാണ്മം ലോകർ സുത്രാമവൃത്ര-
പ്രതിഭയരണമോർത്താർ വിസ്മയിച്ചേററമാത്താർ. 33

വഴുതലവർ വരാതെകണ്ടു ബാണോഗ്രവഷം
പഴുതുകളഥ നോക്കി പെയ്തു പോർ ചെയ്തിടുമ്പോൾ
ഒഴുകിയ രുധിരത്തിൽ സവ്വലോകങ്ങൾ നന്നാ-
യ് മുഴുകിയവിധമേററം ചന്തമോടന്തിവന്നു. 34

കലഹധരണിഭാഗം രക്തരക്തങ്ങളാകും
പല പല ഘനശസ്ത്രത്താൽ നിതാന്തം നിറഞ്ഞു
നലമൊടുപല ശസ്ത്രാകാരവും വൻചുമപ്പും
കലരുമുരുഘനത്താൽ പുഷ്കരം പൂർണ്ണമായി. 35

ഗുരുതരരണകർമ്മത്തിന്നുടൻ വിഘ്നമായി-
ട്ടിരുളവിടെ നിറഞ്ഞു ദൃഷ്ടിമാർഗ്ഗം തടഞ്ഞു
പുരുഷകുലവരന്മാർ പോരുചെയ്‌വാൻ തദാനി-
മൊരുതരവുമണഞ്ഞീടാഞ്ഞു മന്ദിച്ചുനിന്നു. 36

ഉടനുഡുപതിചന്ദ്രൻ കൂരിരുട്ടൊക്കെ നീക്കി
സ്ഫുടകുവലയജാതാമോദമോടൊത്തുദിച്ചു
കടലിളകിനിതാന്തം ഭീമശബ്ദം മുഴക്കി
കടലിനൊടു സമത്വം ചേരുമാസ്സേന രണ്ടും. 37

രഥപദഗഗജാശ്വവ്രാതമേതും മടിക്കാ-
തഥ ഝടിതിനടേത്തെപ്പോലെതാൻ പോർതുടങ്ങി
വ്യഥ മനസി കലന്നിടാതെ തൻ വീര്യലക്ഷ്മീ-
കഥകളവർ സമാരംഭിച്ചു ജൃംഭിച്ചു രോഷാൽ. 38

പുനരപിച സുശർമ്മാവങ്ങു മാത്സ്യേന്ദ്രനോടാ-
യ്മനസി ബഹുലരോഷം ചേർത്തുടൻ നേർത്തു ചെന്നു

അനയമഥ ഭവിച്ചീടായ്കതിന്നായ് സ്വസേനാ-
ജനമവരൊടു ചേർന്നു ഘോരമായ്പ്പോരതപ്പോൾ 39

ഇരുപടകളുമൊപ്പം കെല്പിനോടല്പനേരം
പൊരുതിയരിൽ നടുങ്ങീ മാത്സ്യസൈന്യം മടങ്ങി
വിരുതുടയസുശർമ്മാവപ്പൊഴ് മാത്സ്യഗ്രഹത്തെ-
ക്കരുതിയത് നൊരുങ്ങീ തേരിൽനിന്നിട്ടിറങ്ങി. 40

പെരിയ പരിഘമേന്തിക്കണ്ണുകൊണ്ടാശു ചെന്തീ-
പ്പൊരികൾ വിതറി വീരൻ ജാന്മജന്മാ സുശർമ്മാ
പരിജനനികരത്തെക്കൊന്നു മത്സ്യാധിരാജൻ
പരിചൊടു മരുവീടും തേർത്തടത്തെത്തകർത്താൻ. 41

ധൃതിയൊടഥ സുശർമ്മാവാർത്തിതേടും വിരാട-
ക്ഷിതിതലപതിതന്നെജ്ജീവനോടേ പിടിച്ചാൻ
മതിമുഖിമണിയാളെക്കാമുകൻപോലെ പിന്നീ-
ടതിരസമോടുമട്ടിച്ചാർത്തു തേർത്തട്ടിലേററി. 42

വിഹരണമൊടിവണ്ണം മത്സ്യഭൂചക്രവർത്തി-
ഗ്രഹണമഥ കഴിക്കും പ്രസ്ഥലേശപ്രതാപം
അഹഹ! ബഹുലശോകാൽ കണ്ടു മാത്സ്യേന്ദ്രസൈന്യം
സഹജധൃതിവെടിഞ്ഞിട്ടങ്ങു മണ്ടിത്തുടങ്ങി. 43

പടഹഗണമടിച്ചിട്ടാർത്തിവിട്ടാർത്തിടും തൻ
പടയൊടു ജയഘോഷം ചെയ്തു പിന്നെ ത്രിഗർത്തൻ
ഉടനഥനടകൊണ്ടാൻ സൈന്യയാത്രോത്ഥ ധൂളീ-
പടലസുവിഹിതാശൻ ധൂതഭീതാഹിതാശൻ. 44

സ്വരമണമരണത്താലാർത്തി ചിത്താശു കേഴും
വരയുവതി സഹസ്രം പോലെ മാത്സ്യേന്ദ്രസൈന്യം
നരപതി വിരഹത്താലാടൽ തേടും ദശായാം
സ്ഥിരമതിയമപുത്രൻ ഭീമനോടായ്മൊഴിഞ്ഞു. 45

പവനസുത! വിരാടൻതൻെറ രക്ഷയ്ക്കുവേണ്ടി-
ത്തവ ബലമിവിടത്തിൽത്തെല്ലു കാട്ടേണമിപ്പോൾ
ഭുവനതലമശേഷം വേണമെന്നാൽ ഭവാന്താൻ
ജവമൊടിഹ ജയിപ്പാൻ പോരുമല്ലോ മഹാത്മൻ. 46

അതിസുഖമിവിടത്തിൽപ്പാൎത്ഥ! നാം പാൎത്തതിൽ നൽ
പ്രതിഫലമധുനാ നീ വൈകിടാതേകിടേണം
പ്രതിനൃപതിവശത്തിൽപ്പെട്ട കേഴും വിരാട-
ക്ഷിതിവരനെ വിമോചിപ്പിക്ക വീൎയ്യാംബുരാശേ!" 47

യമതനയവചസ്സീമട്ടുടൻ കേട്ട ശേഷം
യമനില്ലമതിമാത്രം ഭീമനാം ഭീമസേനൻ
വിമതവിപിനദാവൻ സാഹസൈകസ്വഭാവൻ
സമരകുതുകമുൾക്കൊണ്ടോതിനാൻ പ്രീതിയോടെ 48

ഗദയൊടു സമമാമീ വന്മരത്തെപ്പറിച്ചി-
ട്ടുദയയൊടതിനാൽത്താൻ താമസംവിട്ടു തല്ലി
"മദമുടയ സുശൎമ്മാവിൻെറ സൈന്യം തകൎത്തി-
ട്ടുദയമിഹ വിരാടന്നേകുവാൻ വൈകിടാതെ". 49

നിരുപമമതിയാകും ധൎമ്മജൻ ഭീമവാക്യം
സുരുചിരമിതുകേട്ടിട്ടന്നൊടേവം പറഞ്ഞാൻ
"അരുതിതു ബത! ചെയ്താൽ ഭീമനാണെന്നു ബോധം
വരുമുടനഖിലൎക്കും ഭീമകൎമ്മപ്രഭാവാൽ. 50

മനുജരിഹ വഹിക്കുന്നായുധം താനെടുത്തി-
ട്ടനുപമബലരാശേ! സ്വൈരമായ്പ്പോരു ചെയ്തു
ദനുജപതിയൊടൊക്കും വൈരിതന്നെജ്ജയിപ്പാ-
നനുജരിവരുമൊന്നിച്ചിന്നുടൻ പോന്നിടട്ടേ". 51

ഇതിയമസുതവാക്യം കേട്ടുടൻ ഭീമസേനൻ
ഗതിജവമിയലും നൽ തേരിലേറിത്തദാനീം

ധൃതിയോടഥ സുശർമ്മാവിൻെറ പൃഷ്ഠത്തിലെത്തി-
ട്ടതിശിതശരജാലം തത്ര തൂകിത്തുടങ്ങി. 52

പടഹപടുനിനാദം സൎവ്വവും നഷ്ടമാം മ-
ട്ടടരിനു തുടരുന്നാമ്പ് ഭീമഭീമപ്രണാദം
ഉടനുടനിടിവെട്ടും മട്ടു കേട്ടിട്ടു ഞെട്ടി-
പ്പടകളൊടൊരുമിച്ചിട്ടങ്ങെതിർത്താൻ ത്രിഗൎത്തൻ. 53

ഹരിയൊടു ഹരിണൌഘം പോർതുടങ്ങുംവിധത്തിൽ
ത്വരിതമഥ സുശർമ്മാവിൻെറ സൈന്യം സമസ്തം
അരികുലഭയമനാകും ഭീമനോടുഗ്രയുദ്ധം
പരിചിനൊടു തുടങ്ങീ ലോകമേററം നടുങ്ങീ. 54

പടയിലഥ ജഗൽപ്രാണാത്മജൻ തൂകുമമ്പിൻ-
പടലമധികമായേററംഗമററററു വേഗാൽ
ഭടരതിഹരിതമാം തൻ പ്രാണനെസ്സന്ത്യജിച്ചി-
ട്ടുടനുടനെ പതിച്ചാർ ചോരയൊന്നിച്ചു പാരിൽ. 55

തലയുടലു കരം കാൽ ചട്ട ചട്ടററ ചൎമ്മം
തലമുടി വടികുന്തം വാളു വില്ലമ്പു ശംഖം
പലതിവകൾ പതിച്ചിട്ടുഗ്രമായുള്ള ഭൂമീ-
തലമുടനെ മറിഞ്ഞൂ രക്തപങ്കം നിറഞ്ഞൂ. 56

അമരതിലരിസൈന്യത്തിന്നു വല്ലാത്ത നാശം
യമജയമശരൌഘംകൊണ്ടുമുണ്ടായിവന്നു
കിമപി ഹൃദി സുശർമ്മാവിന്നു താപം ഭവിച്ചു
സമയമതിലുദിച്ചു ചീൎത്തസൈന്യാൎത്തനാദം. 57

രഥഗജഹയപത്തിവ്യൂഹമെല്ലാമുറപ്പി-
ച്ചഥ സപദി തിരിച്ചങ്ങെത്തി മത്സ്യേന്ദ്രസൈന്യം
വ്യഥ മനസി കലൎന്നീടാതെ വൈരിവ്രജത്തിൻ
മഥനമവർ തുടങ്ങീ പ്രസ്ഥലേശൻ പതുങ്ങീ. 58

സപദി സകലമിത്രം ധർമ്മപുത്രൻ ത്രിഗർത്താ-
ധിപരഥ സവിധത്തിൽ ചെന്നു പോർ ചെയ്തു മന്ദം
അപനയമൊടു കൌന്തേയൻെറ വാജിവ്രജത്തെ-
ച്ചപലമതി സുശർമ്മാവപ്പൊഴൊപ്പം ഹനിച്ചു. 59

അതു പവനതനൂജൻ കണ്ടുതൽ തേരിൽനിന്നി-
ട്ടതുലജവമൊടപ്പോൾ ചാടിയൂക്കോടുകൂടി
ധൃതിയുടയ സുശർമ്മാവിൻെറ തേർത്തട്ടിൽ വീണി-
ട്ടതിബലമൊടടിച്ചാത്തേർത്തടത്തെത്തകർത്താൻ. 60

കരബലഭരമേന്തും വല്ലവൻ തല്ലിയേവം
പരനൃപനുടെ വൻതേർത്തട്ടു പൊട്ടിച്ചതെല്ലാം
പരമകുതുകിയായിക്കണ്ടു വൃദ്ധൻ വിരാടൻ
ത്വരയൊടുടനെ മണ്ടിച്ചെന്നുതൻ സൈന്യമദ്ധ്യേ. 61

ജയമവിടെ രിപുക്കൾക്കേററവും കാൺകമൂലം
ഭയമധികമുദിച്ചിട്ടാർത്തനായിത്രിഗർത്തൻ
ഹയവുമനിലനും തോറേറാടിടുംമട്ടു കൂട്ടം
രയമൊടവിടെനിന്നിട്ടോടിനാനാടലോടെ. 62

അവസരമതിൽ വല്ലാതല്ലൽ വർദ്ധിച്ചു പേടി-
ച്ചവനുടെ പടയെല്ലാമൊത്തു മണ്ടിത്തുടങ്ങി
പവനതനയനപ്പോളുഗ്രമായുള്ള സിംഹാ-
രവമൊടിതു സുശർമ്മക്ഷ്മശനോടാശു ചൊന്നാൻ. 63

"അരുതരുതു ഭയപ്പെട്ടോടൊലാ ഭോ സുശർമ്മൻ!
കുരുകുലവരബന്ധോ! നില്ല നില്ലല്ലലെന്യേ
പൊരുതുമളവിലോടിപ്പോകയെന്നുള്ള കർമ്മം
കരുതുക ബത കഷ്ടം! ക്ഷത്രിയർക്കെത്ര ഹാസ്യം. 64

മനുജകുലമശേഷം കാത്തുവാണീടുമങ്ങു-
ന്നനുചരഗണമെല്ലാം ശത്രുമദ്ധ്യത്തിലേവം

അനുചിതതരമല്ലോ! വിട്ടു തൻ പ്രാണരക്ഷാ-
യ്ക്കനുപമഗുണരാശേ! ധാവനം ചെയ്യതെന്തേ? 65

സഹജരൊടൊരുമിച്ചിക്കാട്ടിടും വിക്രമാൽ ഗോ-
ഗ്രഹണമിതു കഴിപ്പാനിന്നുതാൻ വന്നതോർത്താൽ
അഹഹ! ബഹുവിചിത്രം! ചിത്രമേ ചിത്രമോർത്താ-
ലിഹ ശിശുജനശീലം പോലെ നിൻ ശീലമെല്ലാം. 66

നിജ നഗരിയിലോറം ഭീരുവായങ്ങുചെന്നാൽ
സുജന സദസി മാനം കഷ്ടമേ! നഷ്ടമാം തേ
വിജനമതിലുമേവം തന്നെ ഭാര്യാദി നാനാ-
സഭനവുമിതു ചിന്തിച്ചെന്നുമേററം ഹസിക്കും." 67

ഇതി പലവിധവും താൻ ചൊല്ലിടും വാക്യമേതും
ശ്രുതിയിണയിലണഞ്ഞീടാത്തനാട്യത്തൊടപ്പോൾ
അതിഭയമൊടു പായും വൈരി തന്നെപ്പിടിപ്പാൻ
പ്രതിഭടകുലഭീമൻ ധാവനം ചെയ്തു ഭീമൻ. 68

ഛലമുടയ സുശർമ്മാവിൻെറ പിന്നിൽ ചലിക്കും
തലമുടികളിലോടിച്ചെന്നു ഭീമൻ പിടിച്ചാൻ
അലസതയൊടുകേഴുന്നായവൻതൻെറ ചെപ്പി-
ക്കലഘുതരമമർഷം പൂണ്ടു കൈകൊണ്ടടിച്ചാൻ. 69

നിജ മരണഭയത്താലാർത്തനാം ത്രിഗർത്ത-
പ്രജകളുടെ വരൻതൻ കുന്നൊടൊക്കുന്ന കായം
ഭുജപരിഘയുഗത്താൽ പൊക്കി ഞെക്കിസ്സമീരാ-
ത്മജനതു ജവമോടേ മന്നിടംതന്നിലിട്ടാൻ. 70

അവനിയിലഥ വീണിട്ടാർത്തനായ്‌വാ തുറക്കു-
ന്നവനുടെ തലതന്നിൽ തൻ പദത്താൽ തദാനീം
ജവമൊടനിലപുത്രൻ താഡനം ചെയ്തു രോഷാൽ
വിവശതയൊടു മോഹം തേടിയപ്പോൾ ത്രിഗർത്തൻ. 71

പുനരരിനൃപനെത്താൻ തേരിലിട്ടിട്ടു ഭീമൻ
ഘനരവസമമായൊന്നാർത്തു സൽ കീർത്തിശാലി
സദനമതു ജയഭേരീനാദതുല്യം ശ്രവിച്ചി-
ട്ടനവധി രസമാർന്നാർ മാത്സ്യരുത്സാഹമോടെ. 72

ഹിതമൊടഥ വിരാടൻതന്നൊടും മദ്രകന്യാ-
സുതരൊടുമൊരുമിച്ചിട്ടാസ്ഥയാ സ്വസ്ഥനായി
കൃതമതിയമപുത്രൻ വാണിടും ക്ഷോണിതന്നിൽ
ദ്രുതമവനെമരുത്തിൻനന്ദനൻ കൊണ്ടുചെന്നാൻ. 73

പിശുനതമുതലായീടുന്ന ദോഷങ്ങൾ മൂലം
പശുഗണഹരണം തൊട്ടുള്ള കള്ളപ്രയോഗം
അശുഭമൊടതിയായിച്ചെയ്ത ദുഷ്ടാരിതന്നെ-
പ്പശുസമമവരെല്ലാം കെട്ടിലുൾപ്പെട്ടു കണ്ടാർ. 74

ഹനനജമതിമോഹം തെല്ലു തീർന്നോരു ശേഷം
ജനസദസി സുശർമ്മക്ഷോണിപൻ ക്ഷീണവീര്യൻ
വിനയമൊടു വിരാടോർവ്വീശനെ കൂപ്പിനാൻ നൽ-
ഘനമൊടവിടെ നില്ലും ഭീമനിൽ ഭീതിമൂലം. 75

അമിതതരമുദിക്കും ഹർഷലജ്ജാത്ഭുതാദി
സ്തിമിതഹൃദയനായിത്തീർന്നു മത്സ്യേന്ദ്രനപ്പോൾ
കിമപി സദസി കല്പിക്കാതെ നില്ലും ദശായാം
ശമനിധി യമജന്മാവമ്പൊടേവം പറഞ്ഞാൻ. 76

“വിടുക വിടുക മത്സ്യേന്ദ്രന്റെ പാദങ്ങൾ കമ്പി-
ട്ടിടുമിവനെ വിരോധം വിട്ടു വേഗേന വീര!
കടുതരമപരാധം ചെയ്തിലും പിന്നെ വന്ദി-
ച്ചിടുകിലതു സമസ്തം ദക്ഷ! സാധുക്ഷമാർഹം”. 77

തദനു വിമതനോടായ് ചൊല്ലി ഭീമൻ“നിനക്കായ്-
സദയമിവിടെ നൽകീടേണമീ പ്രാണനെന്നാൽ

സദസി സരസമോതീടേണമീ മത്സ്യഭൂഭൽ-
പദഭുജവരതൻ ഞാനൊന്നു നീയെന്നുമെങ്ങും. 78

ജയമമരിലെടുത്തീടുന്ന വീരൻെറ ദാസ്യ-
ക്രിയകളിഹ മടങ്ങിട്ടന്നവൻ ചെയ്തിടേണം
നയമുടയ മഹാന്മാർ തന്മതം താനിതോർത്താൽ
സ്വയമിതു ശപഥം നീ ചെയ്ക ചാകാതെപോകാൻ". 79

ഇതിപലതരമോതും ഭീമനോടായ്പറഞ്ഞാൻ
മതിവിപുലഗുണത്താൽ നിമ്മലൻ ധമ്മപുത്രൻ
"മതിമതി പരിഹാസം ധൂത്തനാമീത്രിഗത്ത-
ക്ഷിതിപതിയെ വിടേണം ദുജ്ജനം വജ്ജനീയം. 80

സുരപതിസമഭാവം പൂണ്ടിടും മത്സ്യഭൂമീ-
വരനുടെ വിടുവേലക്കാരനാകാനുമോർത്താൽ
പരമനുചിതനല്ലോ ദുഷ്ടനാമീത്രിഗത്ത-
ശ്വരനുതപഹാസം തെല്ലുമേ നല്ലതല്ല" 81

യമസുതനുടെവാക്യം ശോഭനം രാജനീതി-
ക്രമസഹിതമിവണ്ണം കേട്ടു പെട്ടെന്നു ഭീമൻ
ക്ഷമയൊടഥ പശുപ്രായതചമൊക്കും ത്രിഗത്ത-
ക്ഷമയുടെ പതിതന്നെക്കെട്ടഴിച്ചിട്ടു വിട്ടാൻ. 82

ഗുരുതരമഴൽ തേടും പ്രസ്ഥലാധീശനൊടാ-
യ്ക്കരുണയൊടഥ ചൊന്നാൻ ശമ്മദൻ ധമ്മപുത്രൻ
"നിരുപമഗുണരാശേ! നീതിവിട്ടീവിധം ചെ-
യ്യരുതരുതിനിമേലിൽ സാഹസം മോഹമോടേ. 83

പരനിജബലതത്വം ഹന്ത! ചിന്തിച്ചിടാതി-
ത്തരമപകടമായിട്ടുള്ള കമ്മങ്ങൾ ചെയ്താൽ
ധരണിവരസുശമ്മൻ! ശമ്മമൊട്ടും ഭവിക്കാ
പരമപജയദോഷം തട്ടുമീമട്ടുതന്നെ. 84

അകലെ വിടന്നമുഗ്രം വിഗ്രഹം സാദ്ധ്യമെങ്കിൽ
സകലരൊടുമിവണ്ണം സന്ധിതാൻ ഹന്ത! നല്ലൂ
പകയൊടു പരിപീഡ്യസ്സായ്ത്തുടങ്ങാതിരുന്നീ-
ട്ടുക ദൃഢമിനി മേലിൽ ശാന്തമാം സ്വാന്തമോടേ". 85

സദയവചനമേവം ധർമ്മജൻ ചൊന്ന ശേഷം
മദമൊടഫലമാഴ്യോർ ചെയ്ത ധൂർത്തൻ ത്രിഗർത്തൻ
വദനവുമഥ താഴ്ത്തി ശ്രീവിരാടേശ്വരൻതൻ-
പദമലരിണ കൂപ്പിസ്സത്വരം യാത്ര ചെയ്താൻ. 86

പരമഥ ബലമേറും വല്ലവാഭിഖ്യനോടും
തുരഗപശുപകന്മാരൊടും ഭൂരിമോദാൽ
ധരണിപതിവിരാടൻ സർവ്വസൈന്യങ്ങൾ കേൾക്കെ-
സ്സരസതരമിവണ്ണം ചൊല്ലിനാൻ നല്ല വാക്യം. 87

"പുരുഷകുലവരന്മാരായ്വിളങ്ങും ഭവാന്മാർ
കരുണയൊടിഹ ചെയ്തിട്ടുള്ള മൽ ത്രാണകർമ്മം
ഗുരുതരമപരന്മാർ ചെയ്തിടാ വിഷ്ണുബാഹാ-
സുരുചിരതരകർമ്മംപോലെ ധർമ്മൈകമൂലം. 88

മഹിമകൾ വിലസീടും നിങ്ങൾതൻ വിക്രമത്താ-
ലഹിതനുടയ കയ്യിൽ പെട്ട ഞാൻ വിട്ടുപോന്നേൻ
മഹിയിതു മുഴുവൻ ഞാനിന്നു നല്കുന്നു നിങ്ങൾ
ക്കഹിപസമഭുജന്മാർനിങ്ങൾതാൻ കാത്തുകൊൾവിൻ. 89

തനയസഹജപത്നീഭൃത്യമിത്രാദി നാനാ-
ജനവുമഴകെഴും നൽ ഗേഹവും ദേഹവും മേ
ധനവുമതിയശസ്സും സർവ്വവും കിട്ടി യുഷ്മാൽ-
ഘനതരഭുജവീര്യം കൊണ്ടുതാൻ കോട്ടമന്യേ". 90

പലതരമിവ ചൊല്ലും മാത്സ്യനോടായുരഞ്ഞാർ
ഖലജനവനദാവോച്ചണ്ഡരാം പാണ്ഡവന്മാർ

“ബലമറിയുക ഞങ്ങൾക്കുള്ളതെല്ലാം ധരിത്രീ-
വലയവലരിപോ! കേൾ താവകം തന്നെയല്ലോ. 91

മനുജമൃഗഖഗാദികൾക്കുള്ള ദേഹം സമസ്തം
മനുജകുലപതേ! കേളന്നരൂപം നിനച്ചാൽ
അനുദിനമിഹ ഞങ്ങൾക്കന്നമിപ്പോൾ കനിഞ്ഞ-
ങ്ങനുപമഗുണ! നൽകീടുന്നതങ്ങുന്നുതന്നെ. 92

നയ വിനയനിധേ! നിൻ പത്തനേ തത്രപാരം
ഭയമൊടു നിവസിക്കും ഭൂരിപൌരവ്രജത്തെ
ജയമിതു തവ ബോധിപ്പിക്കുവാൻ പോയിടേണം
ഹയവരകുലമേറിദ്ദൂതസംഘം വിശങ്കം”. 93

ഏവം പാണ്ഡവർതൻ വചസ്സനുസരി-
ച്ചപ്പോൾ വിരാടേശ്വരൻ
ഭാവം ചേർന്നുവിടുന്നയച്ചഹയവേ-
ഗോദ്ധൂതദൂതവ്രജം
രാവങ്ങാസകലം കഴിഞ്ഞ സമയേ
തൽപട്ടണംപുക്കു തൽ-
സേവന്മാരുടെ മുമ്പിൽ മത്സ്യവിജയം
ഘോഷിച്ചു തോഷാന്വിതം. 94

അരിപ്രവീരരാശയാ പരിഗ്രഹിച്ചു സത്വരം
ഹരിച്ചഗോകുലങ്ങളെത്തിരിച്ചടിച്ചയച്ചുടൻ
സ്ഫുരിച്ചിടും ജയശ്രീയാ ചിരിച്ചിടും ചമൂക്കളെ-
ബ്ഭരിച്ചുകൊണ്ടു പോയിനാൻ പരിഭ്രമം വിനാനൃപൻ. 95

പാണ്ഡവോദയം കാവ്യത്തിൽ
പതിനേഴാം സർഗ്ഗം കഴിഞ്ഞു.

# പതിനെട്ടാം സർഗ്ഗം.

ooooooooooooooo

ദൈവപ്രസാദനിധി മത്സ്യനൃപൻ ത്രിഗർത്ത-
ഭൂവല്ലഭന്റെ വിജയത്തിനു പോയശേഷം
ദേവവ്രതാദികളൊടൊത്തു സുയോധനൻ തൻ
ഗോവർഗ്ഗമിങ്ങപഹരിപ്പതിനങ്ങു ചെന്നാൻ. 1

ഗംഗസുതാദികൾ ബലത്തൊടു ചെയ്തു നാനാ-
ഭംഗാർത്തി പൂണ്ട പശുപാലകുലങ്ങൾ മണ്ടി
അംഗാഭയുള്ള പശുഷഷ്ടിസഹസ്രമപ്പോൾ
തുംഗാരവത്തൊടു കുരുക്കൾ തെളിച്ചയച്ചു. 2

പാരിച്ച ഭീതിയൊടു ഗോപകുലേശനപ്പോൾ
തേരിൽക്കരേറിയുടനെ നഗരത്തിലെത്തി
പാരിന്നധീശ്വരനെയങ്ങഥ കണ്ടിടാഞ്ഞി-
ട്ടാരിങ്ങൊരാശ്രയമെനിക്കിനിയെന്നു പാർത്താൻ. 3

തൂമിന്നൽ വെല്ലുമഴകുള്ള ബലാവിലാസ-
ശ്രീമിന്നുമുൾപ്പുരമണഞ്ഞഥ ഗോപനാഥൻ
ഭൂമിഞ്ജയാഖ്യനൃപനന്ദനനോടു ചൊന്നാൻ
"സ്വാമിൻ! ജയിക്ക ബഹുവിക്രമവാരിരാശേ! 4

ദുര്യ്യോധനാദികളിതാ കവരുന്നു നല്ലാ-
ശ്ചര്യ്യോരു സൽഗുണമെഴും തവ ഗോകുലത്തെ
ദുര്യ്യോഗമിന്നിതുവിരാടമഹീന്ദ്രപുത്ര-
വര്യ്യോത്തമോത്തമ! ഭവാനൊഴിവാക്കിടേണം. 5

കെല്പിൽ ഭവാനെയിവിടെപ്പുരി കാത്തിരിപ്പാൻ
കല്പിച്ചു വൈരിവിജയത്തിനു് മാത്സ്യരാജൻ

കോപ്പിട്ടു പോയി നൃപസത്മനി മാൻ ഭവാൻ താൻ
വാപ്പിട്ടു പാക്കിലടിയത്തിനു തെല്ലുമില്ല. 6

നന്നീമദീയസുതനുത്തരനാത്രിലോകം
വെന്നീടുവാൻ മതി ധനഞ്ജയനെന്ന പോലെ
എന്നീവിധം നൃപവചസ്സു യഥാർത്ഥമായി
വന്നീടുമാറുടനെ കാട്ടുക വിക്രമത്തെ. 7

ഏണാക്ഷിമാരുടെ സദസ്സിലയേ! ഭവാനീ
വീണാപ്രയോഗമിഹ ചെയ്തതു പോലെതന്നെ
ദ്രോണാദി വീരർ വിലസുന്ന രണാങ്കണത്തിൽ
ബാണാസനപ്രകടവിദ്യ തുടങ്ങിടേണം. 8

മാനാതിരേകമൊടു നൂതനസവ്യസാചി-
സ്ഥാനാധിരൂഢ! തവ ശത്രുജയത്തിനോർത്താൽ
നാനാഗജാശ്വരഥപത്തിഗണങ്ങളൊത്ത
സേനാദിയെന്തിനു തനിച്ചു ഗമിക്ക വീരാ! 9

തണ്ടാർശരപ്രതിമനാം തവ ബാണവർഷം
കൊണ്ടാർത്തി പൂണ്ട കുരുവീരമഹാബലത്തെ
കണ്ടാദരാൽ പരമവിസ്മയമാർന്നുകൊണ്ടു
കൊണ്ടാടി നാകിവരനാരികൾ വാഴ്ത്തിടട്ടേ". 10

ഗോപന്റെ വാക്യമിതു കേട്ടു ദശാന്തരാളേ
ഭൂപന്റെ പുത്രനതിയായി ഞെളിഞ്ഞു മോദാൽ
കോപം നടിച്ചു തരുണീജനസന്നിധൌ ഭ്രൂ-
ചാപം വളച്ചു പുനരീങ്ങിനെ വീമ്പു ചൊന്നാൻ 11

"അക്ഷൗഹിണീശതമെഴുന്ന സുയോധനനു
വിക്ഷോഭമുൾക്കടരണത്തിൽ വരുത്തിയിപ്പോൾ
നൽക്ഷേമമോടു പശുസഞ്ചയമാനയിപ്പൻ
പക്ഷേ നമുക്കുചിതനായൊരു സൂതനില്ല. 12

സാരഥ്യകർമ്മമതി ശോഭനമായ് നടത്താൻ
സാരജ്ഞനാകിയൊരു സൂതനെ നിങ്ങൾ വേഗാൽ
ചാരത്തിലിന്നിഹ വരുത്തുവിനെങ്കിലെന്റെ
ശൂരത്വമുൽക്കടമുടൻ സ്ഫുടമായ് ഭവിക്കും. 13

സ്ഥീതാഭമെൻ ബലമറിഞ്ഞവരാരുമില്ല
മാതാവുമാത്രമറിയും മമ ഭാഷിതത്താൽ
ജാതാതിമോദമൊടതമ്മ പറഞ്ഞു കേട്ടി-
ട്ടേതാനുമൊക്കെയറിയും പുനരച്ഛനും മേ. 14

കൂട്ടം പ്രതാപമൊടു ഫൽഗുനനമ്പു വർഷി-
ച്ചീടുമ്പൊളേതുവിധമാവിധമാർത്തഭീത്യാ
വാട്ടം സുയോധനനൃപൻ പടയോടുകൂടി-
ട്ടോടും ജവാലുടനെ ഞാൻ കണ്ണു തുകിടുമ്പോൾ. 15

പോകുന്നുഹന്ത! വെറുതേ സമയം നമുക്ക
വൈകുന്നു സമ്പ്രതി രണം രഭസേന ചെയ്വാൻ
ആകുന്ന വേഗമൊരു സൂതനെയിന്നെനിക്കി-
ങ്ങേകുന്നവന്നുടനിടും മണികങ്കണം ഞാൻ" 16

ചിത്രം സ്വവീര്യഗുണമേവമുരച്ച മാത്സ്യ-
പുത്രൻ തെളിഞ്ഞതഥ ഞെളിഞ്ഞു വസിച്ച ഭംഗ്യാ
അത്തവ്വിൽ മാനമൊടു നാണമൊഴിച്ചു ഭർത്തൃ-
ചിത്തജ്ഞയാം ദ്രുപദപുത്രി പറഞ്ഞു മന്ദം. 17

"നൃത്തജ്ഞനാകിയ ബൃഹന്നള സൂതകർമ്മ-
മത്തൽപ്പെടാതെ തവ ചെയ്തിടുമിച്ഛപോലെ
ചിത്തത്തിൽ ഞാനിതറിയുന്നു യഥാർത്ഥമായി-
ട്ടിത്തത്ത്വമാർക്കുമിവിടത്തിലറിഞ്ഞുകൂടാ. 18

സൈരന്ധ്രി ഞാൻ ഭുവി പലേടവുമാർത്തിയെന്യേ
സ്വൈരം വസിച്ചവളാം ധരിക്ക നരേന്ദ്രസൂനോ!

പാരം ജവേന ശിഖി ഖാണ്ഡവമങ്ങെരിക്കു-
ന്നേരം കിരീടിയുടെ സാരഥിയായതീയാൾ. 19

അക്കാലമായവിടെയാണറികെൻെറ വാസ-
മിക്കാൎയ്യമൊക്കെയറിയാം മമ തത്വമായി
"തൽക്കാലമെന്നുടയ സാരഥിയാവു"കെന്നു
നിൽക്കാതെ ചൊല്ലുക ബൃഹന്നളയോടു ധീമൻ! 20

സ്ഥൈൎയ്യത്തൊടിന്നിഹ ബൃഹന്നള സൂതനായാൽ
കാൎയ്യത്തിനാശു ജയമാം മമ തക്കമിപ്പ്"
ധൈൎയ്യത്തൊടേവമവൾ നന്മൊഴി ചൊല്ലിടുമ്പോൾ
ശൌൎയ്യത്തൊടോതി പരമുത്തരമുത്തരാഖ്യൻ. 21

"ആയീ മഹാ വഷളിതോൎക്കിലതുഷണ്ഡ-
നായീടുമീയധമനോടിതു ഞാൻ കഥിക്കാ
പോയീടുമെൻെറ വലുതായ ഘനം നതാംഗി!
നീയീവിധം പരിഹസിക്കരുതെന്നെ മേലിൽ". 22

ഉല്ലാസമോടു നൃപപുത്രനിതോതിടുമ്പോൾ
വല്ലാതെ വന്ന ചിരിയൊട്ടു മറച്ചുപിന്നെ
നല്ലാർകുലങ്ങളണിയും ഗുണമുള്ള വൈര-
ക്കല്ലായ പാൎഷതി തദാ പുനരേവമോതി. 23

"പാരിൽ പ്രഭുത്വമിയലുന്ന ഭവാനിദാനീം
നേരിട്ടു ഷണ്ഡനൊടു ചൊല്ലുക നല്ലതല്ല
പാരിച്ച നൃത്തഗുരുവാമിവനോടിതെല്ലാം
ഭൂരിപ്രമോദമുടനുത്തര ചൊല്ലിടട്ടെ". 24

അന്നാദരാൽ ദ്രുപദപുത്രിയിതോതിടുമ്പോ-
ളൊന്നാ വിരാടസുതനേററമിളിച്ചു ചൊന്നാൻ
"നന്നായുപായമിതു മാലിനി കേമി കൊള്ളാ-
മെന്നാലിതായവനൊടോതണമുത്തരേ! നീ" 25

സാരജ്ഞയാഷ്വിലസുമുത്തര തത്ര ഗേഹേ
ശ്ശൂരത്വമുള്ള സഹജോക്തികറം കേട്ടപോയി
ധീരത്വമേറിയ ധനഞ്ജയനെത്തദാനീം
സാരഥ്യകർമ്മകരണത്തിനു കൊണ്ടുവന്നാറം. 26

ധർമ്മം വിടാതെ മരുവുന്ന ജനത്തിനെല്ലാം
ശർമ്മം കൊടുക്കമഴകുള്ള കിരീടമാലി
നമ്മങ്ങളങ്ങു വരുമാറഥ യുദ്ധയാത്രാ-
കർമ്മങ്ങറം ചെയ്തു പലതും ജഡനെന്നപോലെ. 27

പാവം നപുംസകമിവൻ വിട്ടവിഡ്ഢിയെന്ന
ഭാവം നടിച്ചു പുനരുത്തരനദ്ദശായാം
ഏവം രണോദ്യമനമെന്നുകശാഗ്രഹംതൊ-
ട്ടാവമ്പനോടഖിലമപ്പൊളുരച്ചു കാട്ടി. 28

"കണ്ടാലുമെന്നുടെ വിമാനസമാനമാം തേ-
രുണ്ടായുധങ്ങളിതിലൊക്കയുമത്ര കാൺക
വേണ്ടാ ഭയം കിമപി ശീഘ്രമിതിൽ കരേറി-
ക്കൊണ്ടാലു"മെന്നവനുരച്ചഥ തേരിലേറി. 29

കേറീ ബൃഹന്നളയുമാശു രഥത്തിലപ്പോ-
ളേറീട്ടമത്ഭുതരസത്തൊടുകൂടി മെല്ലെ
നാരീജനം കുതുകഭാരമൊടേവമോതി
"വൈരീന്ദ്രകാല! ശൃണു വീര! വിരാടപുത്ര! 30

ഗോപാലമൂർത്തി ഭഗവാൻ കരുണാകടാക്ഷ-
ക്ഷേപാൽ പുരാ ദ്രുപദജാജഘനസ്ഥലത്തിൽ
ആപാദചൂഡരമണീയപടങ്ങറം വസ്ത്രാ-
ക്ഷേപാർത്തി തീർത്തുകളവാനുളവാക്കിപോലും. 31

അച്ചാരുദിവ്യവസനപ്രകരത്തിനെന്നു-
മച്ഛാഭതാൻ നിയതമീടിനൊരററമില്ല

ഇച്ഛാനുരൂപമുരുമാർദ്ദവമുഷ്ണശീത-
മിച്ഛായയുള്ള പടമില്ല ജഗത്രയത്തിൽ. 32

രത്യംഗഭംഗി കവരും പ്രിയമാരൊടൊത്തു
നിത്യം സുയോധനസഹോദരസേവകന്മാർ
സത്യം ഗ്ഗുണങ്ങളെഴുമാ വസനങ്ങളെത്താൻ
അത്യന്തമോദമൊടടുത്തുവരുന്നപോലും. 33

അങ്ങുന്നിനിക്കുരുവരപ്രകരം ജയിച്ച
തിങ്ങും രസത്തൊടു തിരിച്ചുവരും ദശായാം
ശൃംഗാരകാന്തിയെഴുമപ്പടസഞ്ചയത്തെ-
ശൃംഗാരയോനിസമ! തേരിലിടുത്തിടേണം. 34

നീരന്ധ്റവൃക്ഷഗണഖാണ്ഡവദാഹകാലേ
പാരം ജയം വിജയനന്നു ഭവിച്ചപോലെ
സാരം കലന്ന കുരുവീരമഹാഹവത്തിൽ
സൈരം ഭവാനു ജയമിന്നു ഭവിച്ചിടട്ടെ". 35

താരാധിരാജമുഖിമാരുടെ വാക്കതെല്ലാം
വീരാഭിമാനനിധിയായ വിരാടപുത്രൻ
പാരാതകണ്ടനുസരിച്ചഥ തേർ നടത്താൻ
പോരയ്മയെന്നിയെ ബൃഹന്നളയോടു ചൊന്നാൻ. 36

വീതാമയം പുനരുടൻ പുരുഹൂതപുത്രൻ
സൂതാനുരൂപഗുണവാൻ കടിഞാണു വിട്ടാൻ
വാതാനുകൂലജവമോടു തുരംഗമങ്ങൾ
ജാതാജിഹർഷമഥ തേരതുകൊണ്ടുപാഞ്ഞു. 37

അന്നാശു പൂർവ്വനിഹിതായുധജാലമേന്തീ
ട്ടന്നായതോന്നതശമീതരുതൻ സമീപേ
ചെന്നാൻ ധനഞ്ജയനുമുത്തരനും തദാനീം
നന്നായ് സുയോധനബലം കടൽപോലെകണ്ടു. 38

ഹേഷാരവങ്ങൾ പലമാതിരി ബൃംഹിതങ്ങൾ
ഘോഷാകുലപ്രബലപത്തിമഹാസ്വനങ്ങൾ
യോഷാസദസ്സിൽ വിരുതുള്ള വിരാടപുത്രൻ
ഭോഷാഗ്രഗണ്യനിവകേട്ടതിഭീതിപൂണ്ടു. 39

സൈ്വരം ഗജാശ്വരഥപത്തിവിമർദ്ദനത്താൽ
സാരം കലൎന്ന മമ ഭൂമി പറന്നുപോയോ
പാരം കുരുപ്രവരസൈന്യരജസ്സു കണ്ട-
ന്നേരം വിരാടസുതനിങ്ങിനെ സംഭ്രമിച്ചു. 40

നാനാപദാതികൾ വൃകങ്ങൾ നവച്ഛദൌഘം
ചീനാംശുകം കൊടിമരങ്ങൾ മരങ്ങൾതന്നെ
സേനാധിപവ്രജമഹോ! ഹരി സംഘമേവം
സേനാവനം ഭയദമുത്തരനങ്ങു കണ്ടു. 41

മാന്യാപഗേയമുഖവീരതിമിംഗിലൌഘം
സൈന്യാൎണ്ണവത്തിലഥ കണ്ടു വിരാടപുത്രൻ
ജന്യാശവിട്ടുടനുരച്ചുതുടങ്ങിനാൻ "സൌ-
ജന്യാലയേ! ശൃണു ശുഭാംഗി! ബൃഹന്നളേ! നീ 42

ഭീമാരിസൈന്യമിതു കാണുക കാരണത്താൽ
സാമാന്യമല്ല ഭയമെന്റെ മനസ്സിലിപ്പോൾ
രോമാഞ്ചമെന്നുടലിലൊക്കെ നിറഞ്ഞിടുന്നു
ഹേമാഞ്ചലാക്ഷി!യിതു കാണുക ബൃഹന്നളേ! നീ 43

വല്ലാതെകണ്ടുടൽ വിറച്ചു തളൎന്നിടുന്നു
ചൊല്ലാവതല്ല മമ സംഭ്രമമിദൃശായാം
ഇല്ലാരണത്തിനധുനാ മമ കാമമൊട്ടും
നില്ലാതെ തേരിതു തിരിച്ചു തെളിച്ചുകൊൾക. 44

ദ്രോണാദിവീരരെഴുമിബ്ബലസാഗരത്തെ-
കാണാനുമില്ല മമ ശേഷിയശേഷമിപ്പോൾ

പ്രാണാത്യയം വരുമെനിക്കിഹയങ്ങുനിന്നാ–
ലേണാക്ഷിതേരിതു തിരിച്ചു തെളിയ്ക്കുവേഗാൽ" 45

വൈരാടിയിങ്ങിനെ പറഞ്ഞുഴലും ദശായാം
വീരാഗ്രഗണ്യനരചെയ്തു കിരീടമാലി
"ഹേ രാജപുത്ര! പടയിൽ ഭയമെന്തതേററം
പോരായ്മയാണറിക ബാഹുഭവക്കശേഷം. 46

മുമ്പിൽപറഞ്ഞതിനു തീരെ വിരോധമായി
വമ്പിച്ച ഭീതിയൊടു ചൊല്ലുകതൊന്നുമിപ്പോ
വമ്പിച്ച ചൊന്നതു ബൃഹന്നള കേൾക്കയില്ലെ–
ന്നമ്പിൽ ധരിക്കുക ഭവാൻ ധരണീന്ദ്രസൂനോ! 47

നാരീസ്സദസ്സിലഴകിൽ ശപഥം കഴിച്ചു
വൈരീന്ദ്രസൈന്യജയമിന്നു നടത്തിടാതെ
തേരീഷലില്ലിതു തിരിച്ചു തെളിക്കയില്ല
നേരീ ബൃഹന്നള വിടുന്നവളല്ല തെല്ലും. 48

എന്നല്ല കൌരവബലത്തിനകത്തു വേഗാ–
ലിന്നല്ലൽ വിട്ടിഹ ഭവാൻെറ രഥം കടത്തും
നന്നല്ല ബാഹുജജനത്തിനു യുദ്ധഭീതി–
യെന്നല്ലയോ സകലസജ്ജനസാധുവാക്യം. 49

ലാവണ്യമുള്ള ലലനാജനവും ഹസിക്കു–
മീവണ്ണമുൽക്കടഭയേന തിരിച്ചുപോയാൽ"
ഏവം ചിരിച്ചു വിജയൻ പലതും പറഞ്ഞു
ഭാവം പകർന്നു പലതുത്തരനും പറഞ്ഞു. 50

"ഹേ(ഏ")രോമമോടു ശരിയായ ബൃഹന്നളേ! നീ
സാരോപദേശമിഹ നമ്മൊടു ചെയ്തിടുന്നോ
വീരോത്തമോത്തമശിഖാമണിയാകുമെൻ വാ–
ക്കാരോമലേ! കിമപി കേൾക്കുകയില്ലയോ നീ?" 51

"വീര്യം ഭാവാനധികമായുല്ലലരുന്നുവെങ്കിൽ
ധൈര്യം വിടാതുടനെ കാട്ടുക പോർക്കളത്തിൽ
കാര്യം ഗ്രഹിക്കണമകാര്യമെടുത്തിടൊല്ലെ-
ന്നാര്യൻ മഹാമതി ബൃഹസ്പതി ചൊല്ലിടുന്നു". 52

"തർക്കുത്തരം പറകയോ നൃപപുത്രനോടു?"
"തർക്കുത്തരം പറകയില്ലിതു രാജധർമ്മം"
"തർക്കം വിനാ ഝടിതി തേരുതിരിക്ക നാസ്തി"
"തർക്കം നമുക്കറിക തേരു തിരിക്കയില്ല". 53

"എന്നാലിതാണു തര"മെന്നു പറഞ്ഞു തേരിൽ-
നിന്നാശു ചാടിയുടനോടി വിരാടപുത്രൻ
പിന്നാലെ താൻ വിജയനും ത്വരയൂണ്ടു ചാടി-
സ്സന്നാഹമോടു ചികുരഗ്രഹണത്തിനോടി. 54

ഓടും വിരാടസുതനെസ്സഹസാ പിടിപ്പാ-
നോടുന്ന പാർത്ഥനെയുടൻ കുരുപുംഗവന്മാർ
കൂടുന്ന ഹാസമൊടു കണ്ടു മനസ്സിലുണ്ടാ-
യീടുന്ന ശങ്കയൊടു തങ്ങളിലിത്ഥമോതി. 55

"വൈരാടിതൻപിറകിലോടിയടുത്തിടുന്ന-
താരാണിവൻ വിജയതുല്യശരീരചേഷ്ടൻ
നേരായ് നിനച്ചിടുകിലർജ്ജുനനാണതല്ല
പാരാതെ കാണ്ക വധുവാണിതു ഷണ്ഡനേകൻ. 56

വ്യാലംബമാനവിപുലായതബാഹുകേശ-
നാ ഷങ്ക ചുട്ട കോടിയുള്ള നരൻ നഗാഖ്യൻ
ലോലംബവർണ്ണസഹിതന്നെയിവൻ പ്രതിജ്ഞാ-
കാലം കഴിഞ്ഞു ഹൃദി കാണ്ക നദീതനൂജ!" 57

ഏവം കൃപീപതി കൃപാനിധി ഗാഢഗൂഢ-
ഭാവം കലർന്ന മൊഴി ചൊന്നതു കേട്ടു ഭീഷ്മൻ

ജീവൻ ചിരം കുരുവരക്കിനി നിൽക്കയില്ലെ-
ന്നേവം നടിച്ചു തലയൊന്നു കുലുക്കിമന്ദം. 58

പാരാതെ പാർത്ഥനഥ നൂറടി വേഗമോടി
വൈരാടിതൻ മുടിപിടിച്ചുവലിച്ചു നിർത്തി
ഘോരാർത്തിപൂണ്ടു പുനരുത്തരനക്ഷിവാരി-
പൂരാഭിഷിക്തതനുവായ്പലതും പറഞ്ഞു. 59

“ അയ്യോ! പിടിക്കരുതു വേദനകൊണ്ടെനിക്കു
വയ്യൊന്നിനെങ്കിലുമുടൻ വിടുകമ്പൊടെന്നെ
നിയ്യോർക്ക രാജസുകുമാരകുമാരകൻ ഞാൻ
പൊയ്യോതിടാ തരുവനിഷ്ടമശേഷവും തേ. 60

കെട്ടീടുവാൻ ചെറിയ താലികൾ വീരവാളി-
പ്പട്ടീ മനോജ്ഞവിഭവങ്ങൾ നിനക്കു നൽകാം
വിട്ടീടുകെന്നെയുടനേ പൊളിയല്ല ഭീതി-
പ്പെട്ടീക്ഷണേ മമ മനസ്സു പൊടിഞ്ഞു പോകും. 61

മന്നിന്നധീശ്വരനു നൽ പ്രിയപുത്രനാകു-
മെന്നിൽ പെടും പ്രണയമിപ്പൊഴുതെന്നെ വിട്ടാൽ
നിന്നിൽ പതിക്കുമതിനുള്ള ഫലങ്ങൾ ചിത്തം-
തന്നിൽ സ്വയം ഭവതിതന്നെ നിനച്ചുകൊൾക. 62

പാരിന്നധീശനുടെ കല്പനയെന്നിയേ വ-
മ്പോരിന്നു പോകിലതുകൊണ്ടുമനർഘശീലേ!
പൂരിന്റെ രക്ഷകൾ വെടിഞ്ഞതുകൊണ്ടുമെന്റെ
പേരിൽ പരം കുപിതനായ്വരുമൂഴിനാഥൻ. 63

മാതാവിനെഝടിതി കാണണമീ നമുക്കു
നീ താമസിക്കരുതതിന്നിനി വിട്ടയപ്പാൻ
മാതാവുമച്ഛനുമൊഴിച്ചു കളഞ്ഞ നിന്നോ-
ടോതാവതല്ല പരമീ മമ ദുഃഖഭാരം. 64

സന്തായ ജീവനെഴുമായവനേ ലഭിപ്പൂ
വിത്താദിഭദ്രപരിഭോഗസുഖങ്ങളെല്ലാം
ചിത്താഭിരാമസകലാൎത്ഥവുമിങ്ങു വിട്ടു
ചത്താലവന്റെ കഥ പിന്നെ നിനച്ചുകൂടാ. 65

ചൊല്ലാൻ ഭീഷ്മമുഖരാമിവരോടെതിൎപ്പാ–
നില്ലാ ശുഭാംഗി! ശിശുവായ നമുക്കു വീൎയ്യം
വല്ലാതെ വാശിയൊടടയേ! ദയവിട്ടു നമ്മെ–
കൊല്ലാനൊരുമ്പെടരുതെന്റെ ബൃഹന്നളേ! നീ" 66

ഘോരാൎത്തിപൂണ്ടു പലതിങ്ങിനെ കേണു ചൊല്ലും
വൈരാടിയോടഥ പറഞ്ഞു കിരീടമാലി
"ഭോ രാജപുത്ര! തവ ഗോകുലമാനയിപ്പാൻ
പോരാടുവാൻ കുരുബലത്തൊടു ഞാനിദാനീം. 67

ഇക്കാണുമുൽക്കടബലത്തൊടു പോരിനേതു–
മിക്കാലമില്ല തവ കാമിതമെന്നുവെച്ചാൽ
മൽക്കാൎമ്മുകാസ്ത്രബലരക്ഷിതനായ് ഭവാൻതാൻ
നിൽക്കാതെ നമ്മുടയ തേരു തെളിച്ചുകൊൾക. 68

സാരം കലൎന്ന തവ ഗോകുലമാനയിക്കാ–
താരംഭശ്ശൂര! ശൃണു ഞാനവിടേക്കു പോയാൽ
സ്വൈരം വധൂസദസി മൽഗുണമിന്നു ചൊന്ന
സൈരന്ധ്രി ഹന്ത! ബഹു ലജ്ജിതയായ് ഭവിക്കും. 69

പാരിൽ പ്രസിദ്ധി കലരുന്ന കുരുക്കളെന്റെ
നേരിട്ടു നിൽക്കിലുടനിണ്ടലുപൂണ്ടു മണ്ടും
പോരിൽ ജയം തവ വരുത്തുവനിക്ഷണേ ഞാൻ
തേരിൽ കരേറുക ഭവാൻ തെളിവോടുകൂടി". 70

ആൎത്തസ്വരം കലരുമായവനെക്കിരീടി
തേൎത്തട്ടിൽ നന്നെ വിഷമിച്ചു കരേററി വീരൻ

ധൂർത്തതമോടു പലമേനി പറഞ്ഞു താപം
തീർത്തസ്തശങ്കമഥതാനുമതിൽ കരേറി. 71

നന്നായ് രഥം നിജമഹായുധജാലമേന്തി-
ട്ടന്നാശ്ശമീതരുസമീപമണച്ചു പിന്നെ
ചൊന്നാൻ വിരാടസുതനോടു കിരീടി കണ്ണം-
തന്നാലുമിങ്ങു ചിലതങ്ങറിയിച്ചിടുന്നേൻ. 72

“തേരാളിമാരണിയുമിക്കുരുവീരരോടു
പോരാട്ടമെൻ ഭുജബലം സഹസാ സഹിപ്പാൻ
പോരാ ഭവാനു ബാഹുയോഗ്യതതേടുമല്പ-
സാരായുധങ്ങളിവയൊന്നുമറിഞ്ഞുകൊൾക. 73

കൊണ്ടാടി വീര്യഭരമേറിയ പാണ്ഡവന്മാർ
പണ്ടാദരത്തൊടു വഹിച്ച മഹായുധങ്ങൾ
ഉണ്ടാഢ്യശോഭയെഴുമിശ്ശമയിൽ കരേറി-
ക്കണ്ടാലുമായവയെടുത്തഥ തന്നുകൊൾക”. 74

ജ്ഞാനോത്തമൻ വിജയനങ്ങു കൊടുത്ത സാധു-
സ്ഥാനോപദേശമിതു കേട്ടു പറഞ്ഞു മാത്സ്യൻ
“മാനോന്നതക്ഷിതിപസുന്ദരസൂനുവായ
ഞാനോ ജളേ! പറക നിൻ വിടുവേല ചെയ്വാൻ. 75

നിന്നെത്തുണപ്പതിനു ഞാൻ കനിവാർന്നുകൊണ്ടു
തന്നെക്കൃശോദരി! മറന്നിതു ചെയ്തുവെന്നാൽ
എന്നെജ്ജനങ്ങൾമുഴുവൻ വിഹസിക്കുമേറ്റം
പിന്നെക്കലാശമതിനില്ലതു ചാകുവോളം. 76

ചേതം നമുക്കു വരുമിക്രിയ ചെയ്തുവെന്നാൽ
നീതന്നെ കേറുക വരാംഗി! കുരങ്ങുപോലെ
ആതങ്കമോടവനിവണ്ണമുരച്ചിടുമ്പോൾ
മാതംഗവിക്രമി പറഞ്ഞു മഹേന്ദ്രപുത്രൻ. 77

"പേരും പറഞ്ഞതു മഹാഗുണനാം ഭവാനെ-
യാരും പ്രഭോ! പരിഹസിക്കുകയില്ല പാരിൽ
കാരുണ്യമുണ്ടു പരമുത്തരനെന്നു നാട്ടിൽ
ചേരും തവസ്തവനമിക്രിയ ചെയ്യുവെന്നാൽ. 78

ഞാനേററമുന്നതശമീശഖിരത്തിലായാൽ
തന്നേ രഥത്തിലിഹ വാണരുളും ഭവാനെ
മാനോതരം തരമിതെന്നു നിനച്ചു ശത്രു-
സേനേശർ വന്നു പിടികൂടിയുപദ്രവിക്കും". 79

ശാന്തസ്വഭാവമൊടിതജ്ജുനനോതിയപ്പോഠം
സ്വാന്തത്തിലേറിയ ഭയേന വിരാടപുത്രൻ
"ഞാന്തന്നെ കേറവനിതാ ശമിതന്നി" ലെന്നൽ-
ഭ്രാന്തത്വമോടു സഹസാ കയറിത്തുടങ്ങി. 80

ഭൂപൻെറ പുത്രനവനങ്ങഥ ഗാണ്ഡിവാദി
ചാപങ്ങഠംതൊട്ടവകഠം കണ്ടതി വിസ്മയിച്ചു
ശാപം കഴിഞ്ഞളവു ഷണ്ഡതപോയ്യിളങ്ങും
ശ്രീപഞ്ചപാണ്ഡവരിൽ മദ്ധ്യമനോടു ചൊന്നാൻ. 81

"ചിത്രം വിചിത്രമതിചിത്രമതീവചിത്രം
ശസ്ത്രങ്ങളിങ്ങു വിലസുന്നതു പാൎത്തു കണ്ടാൽ
മിത്രം ഭവാനിഹരണത്തിനു വേണ്ടതായ
ശസ്ത്രം കഥിക്കിലതെടുത്തുടനങ്ങിറങ്ങാം". 82

വില്ലാളികഠംക്കൊരഴകായ ധനഞ്ജയൻെറ
ചൊല്ലാൽത്തദാ സകല ലക്ഷണമോടുകൂടി
ഉല്ലാസമാൎന്നു പുനരാപ്പരമായുധങ്ങ-
ളെല്ലാമറിഞ്ഞു തെളിവാൎന്നു വിരാടപുത്രൻ. 83

ക്ഷീണം വെടിഞ്ഞു പുനരുത്തരനിത്രിലോക-
ത്രാണം തരും വലിയ ഗാണ്ഡിവമാം ധനുസ്സും

ബാണങ്ങളേതുമൊഴിയാതമരുന്ന രണ്ടു
തൂണങ്ങളും കവചഖഡ്ഗവുമിങ്ങെടുത്താൻ. 84

നന്ദിച്ചുടൻ ശമിയിൽനിന്നവനങ്ങിറങ്ങി
മന്ദിച്ചിടാതെ നിജമായ രഥത്തിലേറി
സന്നിദ്ധ ചിന്തനഥ പാണ്ഡവരെ സ്മരിച്ചാ-
നന്ദിച്ചു കൊണ്ടു പരമിങ്ങിനെ ചോദ്യമിട്ടാൻ. 85

"ചീക്കുന്ന വിസ്മയരസത്തൊടു പാണ്ഡുപുത്ര-
ന്മാക്കുള്ളശസ്ത്രനിവഹം വിവരിച്ചു കണ്ടേൻ
കേഠംക്കുന്നതില്ലെവിടെയോ ബത! പാണ്ഡവന്മാർ
പാക്കുന്നതെന്നറിയുവാനതി കൌതുകം മേ. 86

ചൊല്ലാൻ ദൈത്യരിപുസേവകർ പാണ്ഡവന്മാ-
രെല്ലാവരും പരമയോഗ്യരഹോ! മഹാന്മാർ
ഉല്ലാസമോടവരെ നന്ദികലൻ കാണ്മാൻ
വല്ലാതെ കൌതുകമെനിക്കു വളന്നിടുന്നു". 87

ദീനത്വമാശു കളവാനവനോടു ചൊന്നാ-
നൂനത്വമേററ നിജതത്വമുടൻ കിരീടി
"ഞാനജ്ജുനൻ ശൃണു യുധിഷ്ഠിരനങ്ങു സഭ്യ-
സ്ഥാനസ്ഥിതൻ വിപുലനിമ്മലബുദ്ധി കങ്കൻ. 88

സൂപാദിപാകകരനാകിയ വല്ലവൻതാൻ
പാപാന്തരക്തരിപുഭാസ്സരിഭീമസേനൻ
ഭൂപാലപുത്ര! നകുലൻ ഹയലോകനാഥൻ
ഗോപാലകൻ സഹജനാം സഹദേവനല്ലോ. 89

സൈരന്ധ്രിതാൻ ദ്രുപദനന്ദിനി കീചകന്മാർ
പാരം ജവേന ഹതരായവഠംകാരണത്താൽ"
സൈ്വരം ധനഞ്ജയവചസ്സിതു തത്ര കേട്ട
നേരം തെളിഞ്ഞു പുനരുത്തരനിത്ഥമോതി. 90

" നിയ്യിപ്പറഞ്ഞ മൊഴി സാധു യഥാൎത്ഥമെന്നാൽ
കയ്യിൽ ജയം വരുമുടൻ മമ തൎക്കമില്ല
തിയ്യിൽ ത്രിലോകപതി ഖാണ്ഡവദാഹകല്ലേ
പെയ്യിച്ച മാരികൾ തടുത്തവനെന്തസാദ്ധ്യം? 91

ഉത്തംഗവീൎയ്യമെഴുമൎജ്ജുനനുള്ള നാമം
പത്തും ഭവാൻ പറകിലിന്നിതു ബോദ്ധ്യമാം മേ
സത്തുള്ളതിൻ പൊരുളുമോതുകിലോ നിതാന്ത-
മെത്തും നമുക്കിഹ സുനിശ്ചയമാൎയ്യബുദ്ധേ!" 92

എന്നാ വിരാടസുതവാക്കുകൾ കേട്ടു പത്തു
തന്നാമവും വിജയനാപ്പൊരുളും പറഞ്ഞാൻ
"നന്നായിതാരിഹ ജപിച്ചുവരുന്നു ഭീതി-
യൊന്നായ് നശിക്കുമവനിങ്ങിനെ തന്മഹത്വം. 93

അൎജ്ജുനൻ ഫൽഗുനൻ ജിഷ്ണു കിരീടി ശ്വേതവാഹനൻ
ബീഭത്സു വിജയൻപാൎത്ഥൻ സവ്യസാചിധനഞ്ജയൻ". 94

ഏവം കിരീടി ദശനാമവുമായതിൻെറ
ഭാവങ്ങളും സപദി കേട്ടു വിരാടപുത്രൻ
ആ വമ്പനെപ്പരമഭക്തി കലൎന്നുകുപ്പി-
ക്കൈവന്നിടും ജയമെനിക്കിനിയെന്നുറച്ചു. 95

ഓൎത്താനുടൻ വിജയനൽക്കടെഭക്തി ചിത്തേ
ചീൎത്താശ്രുതൻ ദഹനദത്തമഹാരഥത്തെ
ഓൎത്തപ്പൊഴേ കപിവരൻ കൊടിതന്നിലുള്ള
തേൎത്തട്ടു വന്നു പരമാത്ഭുതശോഭയോടെ. 96

വന്ദിച്ചു തേരിനഴകോടു വലത്തുവെച്ചു
നന്ദിച്ചു പാണ്ഡുസുതനുത്തരനോടുകൂടി
സ്പന്ദിച്ചു ദക്ഷിണഭുജാക്ഷികൾകൊണ്ടുചിത്തം
മന്ദിച്ചിടാതെ പുനരായതിലാശു കേറി. 97

ഷണ്ഡതോചിതവേഷമാസകലവും
　　കൈവിട്ടു യുദ്ധോചിതോ-
ദ്ദണ്ഡക്രൂരകരാളവേഷയുതനായ്
　　പാർത്ഥൻ കൃതാർത്ഥൻ തദാ
ദണ്ഡത്താലരികണ്ണഭേദമുളവാ-
　　ക്കും മട്ടു ഗാണ്ഡീവ കോ-
ദണ്ഡത്തെക്കുലയേററി ഞാണൊലിയുടൻ
　　ഘോഷിച്ചു രോഷോദ്ധതം. 98

　　ഉടനാദ്ധ്വനി കേട്ടു ഞെട്ടി മോഹി-
　　ച്ചിടരോടുത്തരനാരഥത്തിൽ വീണു
　　പടയിൽ പടു പാർത്ഥനുക്തികൊണ്ടുൽ-
　　ക്കടമാമുത്തരമോഹമാശു തീർത്തു. 99

ശമിതാമയമുത്തരൻ നടത്തു-
ന്നമിതാഭാത്മരഥസ്ഥനായുടൻതാൻ
സമിതിഞ്ജയനർജ്ജുനൻ പടയ്ക്കായ്
ശമിയെസ്സാധു വലത്തുവെച്ചു പോയാൻ. 100

പാണ്ഡവോദയം കാവ്യത്തിൽ
പതിനെട്ടാം സർഗ്ഗം കഴിഞ്ഞു.

ooooooooooooooo

## പത്തൊൻപതാം സർഗ്ഗം.

　　നീരദനാദസമാനം
ഘോരതരം തത്ര ഗാണ്ഡീവനിനാദം
　　പാരമഥ കേട്ടു ഗുരുവാം
ഭാരദ്വാജൻ പറഞ്ഞു ശാസ്ത്രജ്ഞൻ. 1

"ഭൃശതരമിത! കേൾക്കുന്നു-
ണ്ടശനിയൊടൊക്കുന്ന ഗാണ്ഡീവനിനാദം
നിശമയ തവാർത്ഥനഹിത-
പ്രശമകരൻ പോരിനായി വരുന്നു ദൃഢം. 2

വടിവിനൊടിത! കേൾക്കുന്നു-
ണ്ടിടിയൊക്കും ദിവ്യശംഖരഥഘോഷം
കൊടിയിലിരിക്കും ഹരിയുടെ
കൊടിയരവം പരമിതാ മുഴങ്ങുന്നു. 3

ആഭ വെടിയുന്നു പാരം
പ്രാഭവമേറുന്ന ശസ്ത്രനിവഹങ്ങൾ
ശോഭനമല്ലിതു തെല്ലും
ശോഭസമിദ്ധാഗ്നികൾക്കു നാസ്തി വിഭോ! 4

കരടകഗൃധ്രശിവാദികൾ
ഖരരവമർക്കനൊടെതിർത്തു ചെയ്യുന്നു
കരയുന്നു വാഹസംഘം
കരയാനിടയാകുമിപ്പടയ്ക്കിപ്പോൾ. 5

ഉൽക്കകൾ ബാധിക്കുന്നു-
ണ്ടുൽക്കടമായ്ത്താവകീന സൈന്യത്തെ
നൽക്കരബലവാൻ പാർത്ഥൻ
തൽക്കരിഹയനരഗണം ഹനിക്കുമുടൻ. 6

ഭീമാനുജൻെറ വില്ലിൻ
ഭീമാരവമിങ്ങു കേൾക്കകൊണ്ടിപ്പോൾ
സീമാതീതഭയാലിഹ
രോമാഞ്ചം സൈനികർക്കു കാണുന്നു. 7

ജ്യോതിർഗ്ഗണത്തിനെല്ലാം
രീതിക്കൊക്കും പ്രകാശമില്ലിപ്പോൾ

പ്രീതിക്കു നാശമാം തവ
നീതിക്കു വിരോധമായ് പ്രവൎത്തിച്ചാൽ 8

താപത്തെത്തന്നിട്ട-
ന്നാപത്തിൻ സൂചകം മഹോൽപാതം
പാപത്താലുളവാം സുര-
കോപത്താലേററമുൽഭവിക്കുന്നു. 9

ക്ഷീണം വെടിഞ്ഞു പാൎത്ഥൻ
ബാണം തൂകുന്നതേററു തവ സൈന്യം
പ്രാണൻ പിടച്ചു വീഴും
ത്രാണം ചെയ്യാൻ ഭവാൻ കഴിഞ്ഞീടാ 10

മോഹം വിട്ടു സമൂഹാ-
പോഹം ചെയ്തൎത്ഥസിദ്ധി നേടേണം.
ദേഹം പാൎത്ഥമഹാഗ്നിയി-
ലാഹന്ത! ഭവാനെരിച്ചു കളയല്ലേ" 11

ദ്രോണവചനം ശിതായസ-
ബാണസമം ചെവികളിൽ തറച്ചപ്പോൾ
ശോണതരമായ ലോചന-
കോണമൊട്ടരചെയ്തു കൌരവൻ ക്രോധാൽ 12

"ജയമെന്നും പാൎത്ഥനിലപ-
ജയമെന്നും പോരിൽ ഞങ്ങളിൽത്തന്നെ
സ്വയമേവം ഗുരുവചനാൽ
ഭയമേതും സാമ്പ്രതം നമുക്കില്ല. 13

വീൎയ്യംകൊണ്ടിഹ പാൎത്ഥന-
വാൎയ്യൻ പാൎക്കുമ്പൊളായതാകട്ടെ
ആൎയ്യന്മാരേ! ഞാനൊരു
കാൎയ്യം ചൊല്ലുന്നു നിങ്ങളോടിപ്പോൾ. 14

അനയാൽ ച്യൂതിൽ തോററവ-
രനാരതം പന്തിരണ്ടു വർഷങ്ങൾ
വനവാസം ചെയ്യേണം
പുനരിങ്ങജ്ഞാതവാസമൊരു വർഷം. 15

അജ്ഞാതവാസകാലേ
വിജ്ഞാതത്വം ഭവിക്കുകിൽ പിന്നെ
പ്രജ്ഞാഹീനന്മാരവ-
രജ്ഞാതാരണ്യവാസയോഗ്യന്മാർ. 16

ഏവമഹോ! ശപഥത്തോടു
ദേവനകർമ്മം തുടർന്ന നേരത്തിൽ
ദൈവവിപര്യാസാലൃജു-
ഭാവമെഴും പാണ്ഡുപുത്രർതാൻ തോററു. 17

അതിൽ വെച്ചീപ്പോൾ പാർത്താൽ
പതിമൂന്നാം വത്സരം കഴിഞ്ഞില്ല
മതിമാനായ ധനഞ്ജയ-
നതിവിശദം ജ്ഞാതനായി ഭാഗ്യത്താൽ. 18

അവസാനിച്ചിട്ടില്ലി-
ന്നവരുടെ ശപഥോക്തകാലമെന്നിഹ മേ
അവബോധം ഭ്രമമുണ്ടാ-
മെവനും തങ്കാര്യമോർത്തിടുന്നേരം. 19

നാനാരാശിഗ്രഹഗതി-
മാനാദികൾ തത്വമായ് നിനച്ചിവിടെ
ന്യൂനാതിരിക്തഭവം
ജ്ഞാനാധികനായ ഭീഷ്മർ ചൊല്ലേണം. 20

ഫൽഗുതരമായിട്ടും ബഹു
ഫൽഗുനഗുണമെത്രയും മഹത്താക്കി

മൽഗ്ഗുരു ഭാരദ്വാജൻ
വൽഗ്ഗുതരം ചൊന്നതോക്കിലതിചിത്രം! 21

ഉടനുടനിടിവെട്ടും പൊടി-
പടലമൊടനിലൻ പലപ്പൊഴും വീശും
കടഭ്വാക്കും പുനരതിനാൽ
പടയിൽജ്ജയമെന്നു ഫൽഗുനനോത്താൽ. 22

ഗുരുവാം ദ്രോണാചാര്യ്യന്നു
ഗുരുതരസമ്പ്രീതിയുണ്ടു പാണ്ഡവരിൽ
കരുണയുമില്ലിഹ തെല്ലും
നിരുപമസൽഭക്തി ചേന്നിടുന്നെന്നിൽ. 23

വഷ്ഹിമാദികളാൽ സോൽ-
കഷ്ഗുണം പാണ്ഡുപുത്രരിൽ ചൊല്ലും
ഹഷ്മോടെന്നിൽ ദോഷമ-
മഷ്മൊടോതും ഗുരുസ്വഭാവത്താൽ. 24

ക്രമമെന്യേ ഫൽഗുനവി-
ക്രമമേററം ഗുരു കഥിക്കയാലിപ്പോൾ
ഭ്രമമൊടു സേനകൾ ഭയസം-
ഭ്രമവിവശകളായിതാ! പരുങ്ങുന്നു. 25

അമരപതിനന്ദനന്നാ-
യമരിൽ ജയമേകുവ നുപായത്തെ
കിമപി നിനച്ചേവം ഗുരു
മമ സേനയ്ക്കതിഭയം കൊടുക്കുന്നു. 26

ഏകൻ പോരിന്നു പാത്ഥന-
നേകന്മാരെൻെറ സൈനികേന്ദ്രന്മാർ
സ്തോകം ഭയമിങ്ങെന്തിനു
ശോകം കൂടാതെ നിങ്ങളിഹ നില്പിൻ. 27

സ്വയമിഹ രിപുഗുണമോതി-
ബ്ഭയമുണ്ടാക്കുന്ന ഗുരുവരന്മാരെ
നയമോടു പിന്നിലാക്കി-
ജ്ജയസിദ്ധിക്കായ് രണം തുടങ്ങേണം. 28

വല്ലാതെ ബകളി പിടിപെ-
ട്ടുല്ലാസം വിട്ട ഗോകുലം പോലെ
നില്ലാതെന്നുടെ വമ്പട-
യെല്ലാമോടാതെ കാത്തു നിൎത്തേണം. 29

നേരമ്പോക്കിനു കൊള്ളാം
സ്വൈരം ശാസ്ത്രജ്ഞരാം ഗുരുവരന്മാർ
പാരംഭയമുണ്ടാകു-
ന്നേരം വേണം രണൈകശൂരന്മാർ. 30

നിൎണ്ണയമിതു ചൊല്ലുന്നേൻ
കൎണ്ണനൊരുത്തൻ വധിക്കുമൎജ്ജുനനെ
തൎണ്ണകനോൎത്താൽ പാൎത്ഥൻ
കൎണ്ണനഹോ! മത്തനാം മഹോക്ഷേന്ദ്രൻ". 31

മങ്ങിന പടയുടെ നടുവതി-
ലിങ്ങിനെ ദുൎയ്യോധനൻ കഥിക്കുമ്പോൾ
തിങ്ങിന വീൎയ്യമദേന വി-
ളങ്ങിന കൎണ്ണൻ പറഞ്ഞു നിജ വീൎയ്യം. 32

"കഷ്ടമിതു കഷ്ടമോൎത്താൽ
ധൃഷ്ടത കൂടുന്ന നിങ്ങളെല്ലാരും
പൃഷ്ടഭയത്താൽ ഞെട്ടി
ഭ്രഷ്ടരണോദ്യോഗമെന്തു നില്ക്കുന്നു. 33

കാരണമെന്തു ഭയത്തിനു
പാരമഹോ! ഭീരുവാമവൎക്കോൎത്താൽ

വീരജനോത്സാഹത്തിനു
കാരണമതുതന്നെ വാദമില്ലൊട്ടും 34

ക്രുദ്ധതരഫൽഗുനൻത-
നുദ്ധതചാപസ്വനങ്ങൾ കേൾക്കുമ്പോൾ
യുദ്ധമഴകോട്ടു ചെയ്വാൻ
ശ്രദ്ധ നമുക്കേററമുത്ഭവിക്കുന്നു. 35

ബാണാസനഘോഷം മേ
ചേണാർന്നിടിപോലെ കേൾക്കുമാറാകും
ബാണാളികൊണ്ടുമൂടി
ക്കാണാറായ്വരുമുടൻ നഭോമാർഗ്ഗം. 36

പാണിക്കുള്ളതിബലവും
ക്ഷീണിക്കാതിഹ മഹാസ്ത്രബലവും മേ
കാണിക്കുവാൻ മനസ്സിൽ
കാണിക്കും നിങ്ങൾ പേടി തേടേണ്ടാ. 37

തല കൂർത്തുമൂർത്തു നാനാ-
ഫലപരിപൂർണ്ണങ്ങളെന്റെ ബാണങ്ങൾ
കുലഗിരികളുടയ ദേഹവു-
മലസീടാതതിജവാൽ പിളർന്നീടും. 38

അതിദുസ്സഹസത്വമെഴു-
ന്നതിരില്ലാതുള്ള പാർത്ഥകാന്താരം
പ്രതിഭയമദനലാശുഗ-
ഗതിസാഹായ്യാലുടൻ ദഹിപ്പിക്കും. 39

പരബലവിപിനമശേഷം
ത്വരയെടെരിക്കുന്ന പാർത്ഥപാവകനെ
ശരവർഷവാരിവർഷാൽ
തരസാ ഞാനാം ഘനം ശമിപ്പിക്കും. 40

പെരിയശരവാരിവർഷാൽ
അരിശിഖിശമമേകുമർജ്ജുനഘനത്തെ
ത്വരിതം ഞാനാം പവനൻ
പരിവൃദ്ധബലൻ ക്ഷണാൽ ക്ഷയിപ്പിക്കും. 41

വൈരിതരുനാശമേകും
ഭൂരിബലംപൂണ്ട പാർത്ഥമാരുതനെ
പോരിലധുനാ തടുപ്പൻ
പാരിളകാതേന്തുമദ്രിസദൃശൻ ഞാൻ. 42

തുംഗതക്കൂടും പാണ്ഡവ-
പുംഗവനാകുന്ന പർവ്വതത്തിന്റെ
ഭംഗമധുനാ വരുത്തും
സംഗമൊഴിഞ്ഞെന്റെ തീക്ഷ്ണശരവജ്രം. 43

ശ്രീപരശുരാമമാമുനി
ചാപമഹാവേദമഖിലമോതുകയാൽ
താപമണപ്പൻ പോരിൽ
കോപമൊടെത്തും സുരാസുരന്മാർക്കും. 44

വടിവൊടുപാർത്ഥൻതന്നുടെ
കൊടിയടയാളം മഹാബലൻ ഹനുമാൻ
മുടിമുതലടിവരേയും മമ
കൊടിയ ശരംകൊണ്ടുമന്നിൽ വീണീടും. 45

ശ്വേതഹയകേതനാസ്ഥിത-
ഭൂതഗണം മാമകാസ്ത്രമേറേററം
ജാതമഹാർത്തിനിനാദം
വാതജവാലങ്ങുമിങ്ങുമോടീടും. 46

പാടവമോടർജ്ജുനാഗള-
പാടനകർമ്മം കഴിച്ചു ഞാനധുനാ

നാടഖിലം കുരുനാഥ-
ന്നാടലകന്നാദരേണ നൽകിടുവൻ. 47

അന്തകസുതസഹജനെയി-
ന്നന്തകനായ്ത്തന്നെ നൽകി നിശ്ശങ്കം
ഹന്ത! ധൃതരാഷ്ട്രജൻത-
ന്നന്തശ്ശല്യം പറിച്ചു കളവൻ ഞാൻ. 48

പാരാതെ പാണ്ഡുസുതരുടെ
വേരാകും ഫൽഗുനന്റെ നാശത്താൽ
ധാരാളമിനിയുറങ്ങും
നാരായണനെന്ന പോലെ കുരുനാഥൻ. 49

ഭീരുത കൂടിടുന്നിവ-
രാരുമെനിക്കല്പവും തുണയ്ക്കേണ്ടാ
പോരുമഹമേകനോർത്താൽ
മാരുതിതന്നനുജനോടു പോരാടാൻ. 50

ചൊല്ലാർന്ന വീരരണിയും
കല്ലാം ഞാനും കിരീടിയുംതമ്മിൽ
ഉല്ലാസാൽ ചെയ്യും പോ-
രെല്ലാരും നിങ്ങൾ കണ്ടു നിന്നീടുവിൻ". 51

കപടനിധി ധാർത്തരാഷ്ട്രൻ-
നൃപനോററം വാഴ്ത്തുമംഗപതികർണ്ണൻ
അപനയമിതു ചൊല്ലുമ്പോൾ
കൃപയോടുരച്ചാൻ കൃപാഖ്യനാചാര്യൻ. 52

"ഭോരാധേയ! രണത്തിൽ
ക്രൂരാശ സദാ നിനക്കു ബഹു കഷ്ടം
നേരായ് ശാസ്ത്രജ്ഞന്മാർ
പോരാകെ ദുഃഷ്ടമെന്നു ചൊല്ലുന്നു. 53

ജയമേകനനന്യങ്ങപ-
ജയമേവം നിശ്ചിതാർത്ഥമല്ല രണം
ജയമുള്ളവനും പരജന-
ഭയമേകുകയാലനർത്ഥദംതന്നെ. 54

പൊട്ടാ! ധരിക്കയുദ്ധം-
വെട്ടാ ശിഷ്ടൻ നിവൃത്തിയുണ്ടെങ്കിൽ
മുട്ടാളന്മാർ മാത്രം
മുട്ടാതെ രണത്തിനാഗ്രഹിക്കുന്നു. 55

കാലാദികളെല്ലാമനു-
കൂലാവസ്ഥയിലിരിക്കിലേ യുദ്ധം
ചേലായ് ചെയ്തീടാവൂ
മാലാസ്പദമന്യഥാ രണം ചെയ്താൽ. 56

ഗുരുബലമുണ്ടിഹ നൊമ്മളം-
ക്കൊരുവൻതാൻ ജിഷ്ണുവെന്നു ചിത്തത്തിൽ
കരുതിപ്പടക്കു ചെന്നാൽ
വരുമാപത്തെന്നു മാമകം പക്ഷം. 57

പാണ്ഡവനിവനസഹായൻ
ഖാണ്ഡവവിപിനം പുരം ദഹിപ്പിച്ചാൻ
ചണ്ഡഭുജവിക്രമാൽ ഭൂ-
മണ്ഡലമഖിലം ജയിച്ചു യജ്ഞാർത്ഥം. 58

തേരിലിവനേകനായ്ത്താൻ
വാരിജമിഴിയാം സുഭദ്രയേക്കേററി
പോരിന്നു വിളിച്ചു വിക്രമ-
വാരിധിയാം കൃഷ്ണനെക്കലുങ്ങാതെ. 59

ദ്വേഷം നടിച്ചു വനചര-
വേഷം കൈക്കൊണ്ടെതിർത്ത ശങ്കരനും

തോഷം ചേൎത്തു ബലത്താൽ
ദോഷംവിട്ടടരിലേകനായ്പാൎത്ഥൻ. 60

ചിത്രരഥനെജ്ജയിച്ചതി-
ചിത്രതയോടു ഘോഷയാത്രയിൽ പാൎത്ഥൻ
തത്ര ഭവാൻ മുതൽപേരെ-
ച്ചിത്രതരം കാത്തതേകനായല്ലേ? 61

ദാരുണനിവാതകവച-
ന്മാരുടെയും മററു ദൈത്യതതിയുടെയും
പൌരുഷമോടു വിനാശം
മാരുതിസഹജൻ തനിച്ചുതാൻ ചെയ്താൻ. 62

ഈടാൎന്നന്യസഹായം
കൂടാതീവണ്ണമെത്ര കൎമ്മം നീ
വാടാതെ ചെയ്ത ഞാൻ നി-
ന്നൂടാകെയറിഞ്ഞവൻ ദൃഢം കണ്ണ! 63

ആരൎജ്ജുനനൊടു പോരിന്നു
ശൂരതപൂണ്ടേകനായ് ശ്രമിക്കുന്നു?
ധാരപ്പാൎത്തിയിലിവിടണം
സ്വൈരമുടൻ ബന്ധുവൎഗ്ഗമായവനെ. 64

കാലാഹിതൻ വിഷാനല-
കീലാവൃതദംഷ്ട്രയൊക്കെയെണ്ണീടാം
കോലാഹലമോടൎജ്ജുന-
ലീലാരണകൎമ്മമേററവുമസാദ്ധ്യം. 65

ചെയ്യാം പ്രവേശമേററം
തീയ്യാളുമ്പോളതിന്റെ മദ്ധ്യത്തിൽ
പൊയ്യായുരയ്ക്കയല്ലിതു
വയ്യാ ബീഭത്സുവോടു രണകൎമ്മം 66

കോളിളകിയ കടൽ നീന്തി-
ക്കേളിയൊടതിനക്കരെക്കടന്നീടാം
കേളിതു പാരസാദ്ധ്യം
കേളിയെഴും വിജയനോടു രണകർമ്മം 67

പതിമൂന്നു വർഷകാലം
ചതിയാൽ പാർത്ഥർക്കു നൊമ്പരമഴൽ നൽകി
അതിനാലർജ്ജുനനിപ്പോ-
ളതികോപാൽ ശേഷമിവിടെ വെച്ചീടാ· 68

അതുകൊണ്ടു ഭവാനൊററ-
യ്ക്കതുലബലം പൂണ്ട ജിഷ്ണുവൊടെതിപ്പാൻ
ഇതുകാലം പോരാകൊല്ലാ
കൊതുവഗ്നിയിലെന്നപോലെ കരിയൊല്ലാ. 69

ഭാരതവര്യൻ ഭീഷ്മൻ
ഭാരദ്വാജൻ തദീയതനയൻ ഞാൻ
ശൂര! ഭവാനഞ്ചിങ്ങിനെ
വീരവരന്മാർ തെളിഞ്ഞു ചേരേണം.. 70

ചൊല്ലാൻന്ന വീര്യമേറും
വില്ലാളികളാം നൊമ്പളഞ്ചുപേരേവം
എല്ലല്ലാരുമൊത്തുനിന്നാൽ
തെല്ലാബീഭത്സുവോടു പൊരുതീടാം 71

തുണയായിട്ടിഹ സേനാ-
ഗണവും വ്യൂഹംകലർന്നു നില്ക്കേണം
തുണമാണിതൊക്കയും ബഹു-
രണപടുവാം പാർത്ഥപാവകനോർത്താൽ”. 72

കരുണയൊടേവം കൃപരതി-
സുരുചിരമുരചെയ്തു നിർത്തിയന്നേരം

ഗുരുസുതനശ്വത്ഥാമാ–
പുരുതരഹാസേന കണ്ണനോടോതി. 73

"ഗോവിജയം ചെയ്തില്ലരി–
ഭുവിനെഴുന്നതിരുടൻ കടന്നില്ല
സേവിതയായില്ലിഭപുരി
നീ വിഡ്ഢി ജയങ്ങൾ കണ്ണ! ചൊല്ലുന്നു. 74

പാരഖിലം വെന്നാലും
സാരധനം സർവ്വമിങ്ങു വന്നാലും
വീരജനം നിജവിജയം
സ്വൈരമുരയ്ക്കില്ല ലജ്ജകൊണ്ടൊട്ടും. 75

ജാതികൾ നാലിനുമോരോ–
രീതിയിലുണ്ടിഹ വിശിഷ്ടധർമ്മങ്ങൾ
നീതിയിലോർക്കുന്നേരം
ഹൃതിതിലേതിൽപ്പെടുന്നു ദുർബ്ബുദ്ധേ! 76

കള്ളച്ചൂതു കളിച്ചി–
ട്ടുള്ള ജഗത്തൊക്കയും ഹരിക്കുകയാൽ
തള്ളലെഴും ക്ഷത്രിയനെ–
ക്കള്ളനൊഴിഞ്ഞാരെടൊ! സ്തുതിച്ചീടും. 77

കൃപ പൂണ്ടു പൊറുത്തീടണ–
മപരാധമശേഷമഖിലരും സതതം
ദ്രുപദസുതാപരിഭവമാ–
മപരാധം മാത്രമക്ഷമായോഗ്യം. 78

ശിഷ്ടന്മാരേ ഹസിക്കും
ദുഷ്ടന്മാരായ കൌരവന്മാരെ
രുഷ്ടൻ മാരുതി സഹജൻ
നഷ്ടന്മാരാക്കുമാശു യുദ്ധത്തിൽ. 79

രക്ഷണകാര്യം ചെയ്യാൻ
ദക്ഷതയെഴുമർജ്ജുനൻെറ ഗാണ്ഡീവം
അക്ഷഗണമല്ല ശിതമാ-
മക്ഷയശരജാലമിങ്ങയച്ചീടും. 80

രോഷമൊടഖിലമെരിക്കും
ഭീഷണബഡവാമുഖാഗ്നിയുംകൂടി
ശേഷമിഹ വെച്ചിടുംരിപു-
ശേഷമഹോ! വെക്കയില്ല ഗാണ്ഡീവി. 81

ച്ചൂതു കളിപ്പാൻ പടുവാം
മാതുലനും കർണ്ണനും സുയോധനനും
ആതുരഭാവം ഏദി പുന-
രേതുമൂദിക്കാതെ നിന്നു പൊരുതട്ടെ. 82

ഗുണവാന്മാരിൽ പാരം
പ്രണയം ചെയ്യുന്ന സാധു സല്ലോകം
ഗുണവാനല്ലോ ക്ഷത്രിയ-
ഗണമണിയും രത്നമായ സിതവാഹൻ. 83

ഗുരുവിനു സുതശിഷ്യന്മാ-
രൊരുപോലെ നിനയ്ക്കിലെന്നതു നിമിത്തം
ഗുരുവിന്നേററം പ്രിയനാ-
ണരുഭക്തി കലന്ന ശിഷ്യനാം പാർത്ഥൻ 84

ഇങ്ങിനെ രുചിരഗുണങ്ങ-
ളിണങ്ങിന കൌന്തേയനോടു പോർ ചെയ്വാൻ
എങ്ങിനെ വരും മനസ്സു ഞെ-
രുങ്ങിയുമീസജ്ജനത്തിനോക്കമ്പോരം. 85

നന്നായീ മത്സ്യമഹീന്ദ്രൻ
വന്നാൽ പൊരുതേണമഖിലരുംകൂടി

എന്നാണാദിയിൽ നിശ്ചയ-
മെന്നാലാബ്‌ഭാരമേ നമുക്കുള്ളൂ. 86

വലരിപുസുതനൊട്ടു വെറുതേ
കലഹം ചെയ്യാൻ മനസ്സെനിക്കില്ല
കലഹമിതു വേണമെങ്കിൽ
പലരിവർ ഖലരൊത്തുതന്നെ ചെയ്തോട്ടെ". 87

സത്തമനശ്വത്ഥാമാ-
യിത്തരമുരചെയ്ത വാക്കു കേട്ടപ്പോൾ
സത്തഖിലം ഭീക്ഷ്മൻ നിജ
ചിത്തതലേ പാർത്തു നീതിയിലുരച്ചു. 88

"ത്രാണിതികഞ്ഞു വിളങ്ങും
ദ്രൌണി പറഞ്ഞതു യഥാർത്ഥമാണഖിലം
കാണി പതിരില്ലിതിൽ കൃപ-
വാണിയുമതുപോലെതന്നെ പാർക്കുമ്പോൾ". 89

ബുദ്ധിയില്ലിഹ ബലതേജോ-
വൃദ്ധി ഭവിച്ചീടുമെന്നു കരുതിത്താൻ
തദ്ധിതമായ് ശാത്രവജയ-
സിദ്ധിദമാം വാക്യമോതിനാൻ കർണ്ണൻ. 90

"സ്വഹിതം ചൊല്ലിത്തരുമതി
മഹിതഗുണം ചേർന്ന ഗുരുവൊടത്ര ഭവാൻ
അഹിതം ചൊന്നതിലധികം
നഹി തെറ്റൊന്നും നിനയ്ക്കിലിതു കഷ്ടം! 91

സപദി ഭവാൻ ചെയ്തോരീ-
യപരാധമശേഷവും ക്ഷമിപ്പിപ്പാൻ
കൃപ കലരും ദ്രോണൻതൻ
പ്രപദതലേ വീണിരന്നുകൊള്ളേണം. 92

ഗുരുവിൻെറ സുപ്രസാദാൽ
പുരുഷനു സൎവ്വാർത്ഥവും ലഭിച്ചീടും
ഗുരുകോപത്താൽ താനേ
വരുമേററമനർത്ഥമെന്നു സൎവ്വമതം. 93

ഉണ്ടാം ബ്രാഹ്മംതേജ-
സ്സുണ്ടാകാ ക്ഷാത്രവീൎയ്യമായവിടെ
ഉണ്ടാം ക്ഷാത്രംതേജ-
സ്സുണ്ടാകാ ബ്രാഹ്മവീൎയ്യമായവിടെ. 94

ഇവ രണ്ടും കൂടിട്ടി-
ല്ലെവനും ശ്രീപരശുരാമമുനിയെന്യേ
അവനൊടു തുല്യൻ ദ്രോണൻ
ഭുവനപതേ! തത്തനൂജനും തദ്വൽ. 95

ഭുവനമശേഷം വെൽവാ-
നിവരുടെ സാഹായ്യമൊന്നുതാൻ പോരും
അവനീപതികാ നമിക്കണ-
മിവരെപ്പാഞ്ചാലഭൂമിപതിഃപോലെ. 96

സമ്പന്നഗുണസുയോധന!
നിമ്പരമാഗസ്സു തീൎക്കുവാനായി
കമ്പമകന്നാചാൎയ്യൻ-
തമ്പദമലരിൽ ഭവാൻ നമിച്ചാലും". 97

ചേണാൎന്ന ഭീഷ്മവാക്യാൽ
ദ്രോണാചാൎയ്യപ്രസന്നനായേററം
താണാശു ധാൎത്തരാഷ്ട്രൻ
വീണാനാഗ്ഗുരുവരൻെറ പാദാന്തേ. 98

പുനരാചാൎയ്യൻ ദുൎയ്യോ-
ധനപൂൎവ്വോക്തിക്കു മറുപടി കഥിപ്പാൻ

ജനസദസി ചൊൽകയാല്ലതു
മനസി നിനച്ചേവമോതി ഗാംഗേയൻ. 99

"നേത്രനിമീലനകാലം
മാത്ര മഹാത്മൻ! നിമേഷമതുതന്നെ
മാത്ര പതിനെട്ടു ചേൎന്നതി-
നത്ര ജനം കാഷ്ഠയെന്നു ചൊല്ലുന്നു. 100

കലയാം കാഷ്ഠകൾ മുപ്പതു
കലരുന്നതു കലകൾ മുപ്പതൊത്തതുതാൻ
ക്ഷണമിഹ പത്തും രണ്ടും
ക്ഷണമൊത്തതുതാൻ മുഹൂൎത്തമോൎത്താലും. 101

ഇപ്പടിയുള്ള മുഹൂൎത്തം
മുപ്പതു കൂടുന്നതാണഹോരാത്രം
പതിനഞ്ചു രാപ്പകലു ചേ-
ൎന്നതിനുടെ പേർ പക്ഷമെന്നറിഞ്ഞാലും. 102

ഉണ്ടു സിതാസിതഭേദാൽ
രണ്ടു യിധം പക്ഷമത്ര പക്ഷയുഗം
മാസമതു നാമധേയം
മാസയുഗം മൂന്നൃതുക്കളെയനമിഹ 103

ഉത്തരമയനാ ഭാസ്കര-
നുത്തരയാം ദിക്കിലെക്കു പോകുമ്പോൾ
ദക്ഷിണമയനം സൂൎയ്യൻ
ദക്ഷിണയാം ദിക്കിലെക്കു പോകുമ്പോൾ. 104

വത്സരമിവ രണ്ടൊത്തതു
വത്സരസൂത്രജ്ഞരേവമോതുന്നു
ഏവം കാലവിഭാഗാ-
ലീവമ്പിച്ചുള്ള കാലചക്രഗതി. 105

സൌരാദിഭേദമൂലം
ഹേ രാജൻ! വത്സരങ്ങളഞ്ചു വിധം
സൌരാബ്ദമഞ്ചിലുണ്ടാം
നേരായ് ചാന്ദ്രത്തിലധികമാസയുഗം. 106

അവിശേഷവത്സരോക്തിയാ-
ലവിവാദം ചാന്ദ്രവർഷവും ഗ്രാഹ്യം
അവിവേകിയല്ല ഫൽഗുന-
നിവിടെസ്സമയം കഴിഞ്ഞു നിശ്ശേഷം. 107

ധർമ്മമൊട്ട പാതി രാജ്യം
ധർമ്മജനായ് നൽകുവാൻ തുനിഞ്ഞാലും
ശർമ്മമൊഴിഞ്ഞഥ വാരണ-
കർമ്മമുടൻ ചെയ്യുവാൻ തുടർന്നാലും”. 108

ശാന്തനവൻെറ വചസ്സിതു
ശാന്തവിവാദം ശ്രവിച്ച നേരത്തിൽ
ശാന്തത കൈവിട്ടു രുഷാ
സ്വാന്തമെരിഞ്ഞാംബികേയസുതനോതി. 109

“പാട്ട കിടന്നാലും ഞാൻ
നാട്ടുകൊടുക്കില്ല ധർമ്മജനൊട്ടും
കേട്ടുകളതിനാൽ മമ വ-
ന്നീടുകിലെല്ലാം സഹിക്കുവൻ നൂനം. 110

രണസമുചിതമിങ്ങെന്തു
ഗുണഗണമിയലും ഭവാൻ കഥിക്കേണം
ക്ഷണമിനി വൈകരുതുള്ളിൽ
പ്രണയമെനിക്കില്ല പാണ്ഡവന്മാരിൽ”. 111

ഹതവിധിചോദിതനാകിയ
ധൃതരാഷ്ട്രസുതൻെറ വാക്യമീവണ്ണം

കൃതധീമണിയാം ഗംഗാ-
സുതനഖിലം കേട്ടു ചൊല്ലിനാൻ മെല്ലെ. 112

"നാലിലൊരംശം സൈന്യം
കാലികളെക്കൊണ്ടുടൻ നടക്കട്ടെ
നാലില്ലൊരുഭാഗമപരം
ചേലിലെടുത്തഥ ഭവാൻ ഗമിച്ചാലും. 113

ശിഷ്ടന്മാലാൾമൊട്ടൊത്തതി-
ധൃഷ്ടതകൂടീട്ടമഞ്ചുപേർ ഞങ്ങൾ
ക്ലിഷ്ടതയെന്യേ പൊരുതാം
രുഷ്ടമനസ്സായ പാർത്ഥനൊടുകൂടി. 114

പരമഥ ഫൽഗുനനേയും
സുരപതിതാൻതന്നെ വരികിലവനേയും
സ്ഥിരതയൊടു ഞാൻ തടുപ്പൻ
കരവാരിധിയെത്തടുത്തിടുംപോലും". 115

ചൊല്ലുന്ന ഭീഷ്മവാക്യമി-
തെല്ലാവരുമനുസരിച്ചനുഷ്ഠിച്ചു
ഉല്ലാസാൽ പന്നെയുമഥ
വില്ലാളികൾമണി നദീസുതൻ ചൊന്നാൻ. 116

"ദ്രോണ! ഭവാൻ മദ്ധ്യത്തിൽ
ക്ഷീണമൊഴിച്ചിങ്ങുറച്ചുനില്ക്കേണം
ദ്രോണജനും കൃപനും വാ-
ഴേണമെടത്തും വലത്തുമായ്പ്പടയിൽ. 117

വമ്പിയലും കർണ്ണൻതാൻ
മുമ്പിൽ ധൃതചാപനായി നില്ക്കട്ടെ
അമ്പിൽ പടയിതു കാത്തഥ
പിമ്പിൽ സന്നദ്ധനായഹം നില്പൻ. 118

ലാക്കിൽ ഗോക്കളൊടൊത്തുടൻ കുരുനൃപൻ
ശ്രീഹസ്തിനാഖ്യം പുരം
നോക്കിപ്പോയി പിതാമഹാദികൾ മൃധ-
ത്തിനായി നിന്നാർ തഥാ
ഊക്കിൽ തന്റെ രഥാദിഭീമനിനദം..
കൊണ്ടനുശബ്ദങ്ങളെ-
പ്പോക്കിക്കൊണ്ടു ധനഞ്ജയൻ ത്വരിതമ-
ദ്ദേശത്തിലെത്തീടിനാൻ. 119

പാണ്ഡവോദയമെന്ന കാവ്യത്തിൽ
പത്തൊൻപതാം സർഗ്ഗം കഴിഞ്ഞു.

# ഇരുപതാം സർഗ്ഗം

സ്യന്ദനം നയവിശാരദൻ പൃഥാ-
നന്ദനൻ തദനു നിർത്തി മെല്ലവേ
വന്ദനീയഗുരുസൽപദങ്ങൾതൻ
വന്ദനംകിമപിചെയ്തുനോക്കിനാൻ. 1

ദർപ്പമേറിയ സുയോധനന്റെ നൽ
സർപ്പകേതുവഥ കണ്ടിടായ്കയാൽ
സ്വർപതിപ്രിയസുതൻ സ്വദൃഷ്ടിത-
ന്നർപ്പണം ക്ഷിതിയിലാക്കി തൽക്ഷണം. 2

ആകുലത്വമൊടു പാഞ്ഞുപോയ തൽ
ഗോകുലങ്ങടെ പദങ്ങൾ കണ്ടുടൻ
ചാകുവാൻ ഭയമൊടാശു കൗരവൻ
പോകുമാവഴിയറിഞ്ഞു ഫൽഗുനൻ. 3

"ഗോക്കളെ ദ്രുതമശേഷവും വശ-
ത്താക്കണം നൃപതിയെജ്ജയിക്കണം
ലാക്കതിന്നിഹ രണം തുടങ്ങിയാ-
ലാക്കയില്ലധികവീരരാമിവർ". 4

ഏവമോർത്തഥ സുയോധനൻ ഗമി-
ച്ചാവഴിക്കുടനെ തേർ തെളിക്കുവാൻ
ദേവരാജതനയൻ വിരാടനാം
ഭൂവരൻെറ സുതനോട്ട ചൊല്ലിനാൻ. 5

സത്തേരമർജ്ജുനവചസ്സിതു കേട്ടശേഷം
ചിത്തേ രസത്തോട്ട വിരാടമഹീന്ദ്രപുത്രൻ
അത്തേർ തിരിച്ചു ബഹുഗോഖുരലക്ഷണങ്ങ-
ളൊത്തേറെ മിന്നുമൊരു പദ്ധതി പാർത്തയച്ചാൻ. 6

നാഗാന്തകപ്രബലമാരുതയോഗിചിത്ത-
വേഗാലഥ പ്ലവഗകേതുരഥം തദാനീം
നാഗാങ്കകേതുനൃവരൻെറ രഥാശ്വപത്തി-
നാഗാകുലോഗ്രബലസന്നിധിതന്നിലെത്തി. 7

പാരാതെ പാർത്ഥനഥ ഗാണ്ഡിവദേവദത്ത-
ക്രൂരാരവാൽ മറുതലക്കുതി ഭീതി നല്കി
ഘോരാതിതീക്ഷ്ണശരമാരികളാൽ മഹാന്ധ-
കാരാതിരേകമളവാക്കിയിളക്കി സൈന്യം. 8

ആർത്താരവത്തോടഥ ഗോകുലപാലസൈന്യം
കൂർത്താശുഗാവലി തറച്ചുഴലും ദശായാം
ചീർത്താദരാൽ പശുകുലം നിജഘോഷദേശം
പാർത്താകെ നൽ കുതി കുതിച്ചു തിരിച്ചു പാഞ്ഞു. 9

വല്ലാതെ വാലുടനുയർത്തി രസിച്ചു ഗോക്ക-
ളെല്ലാമഹോ! നിജപദത്തിനു പോയശേഷം

"അല്ലാ ചതിച്ചു സിതവാഹന" നെന്നു ചൊല്ലി-
ച്ചൊല്ലാൎന്നു ഭീഷ്മമുഖരാമവരങ്ങണഞ്ഞു. 10

ഭുജവീൎയ്യമെഴും വിജയൻെറശര-
വ്രജമേററധികം മുറിപററുകയാൽ
ഗജവാജിപദാതിരഥപ്രകരം
നിജ ജീവനെ വിട്ടു പതിച്ചു തദാ. 11

അധികം രുധിരങ്ങളൊലിച്ചു മഹാം-
ബുധിപോലെ ചമഞ്ഞു വലഞ്ഞു ജനം
യുധി നിൎജ്ജിതരാമവരെന്തിതു ദു-
ൎവ്വിധിയെന്നു പറഞ്ഞു കരഞ്ഞു പരം. 12

വലവൈരിജവൈരികൾവൈഭവമ-
ററലറിപ്പലരും കലരുന്ന ഭയാൽ
അലസാതെ വസാദികൾ സാസ്രമൊലി-
ച്ചുലകിൽ പ്രപതിച്ചു തപിച്ചു തദാ. 13

സിതാവഹമഹാശിതബാണഭയാൽ
ജിതരായി വികൎണ്ണവിവിംശതികൾ
ഹതരായഥ കൎണ്ണസഹോദരർ ദു-
ഷ്കൃതകാരികൾതൻ ഫലമാണിതഹോ! 14

പടയിൽ പല കേടു ഭവിച്ചതു ക-
ണ്ടുടനേ പടുകൎണ്ണനുദീൎണ്ണരുഷാ
പടവില്ലു കുലച്ചു വലിച്ചലറി-
ട്ടടരിന്നു തുടൎന്നു വിടൎന്നു മദാൽ. 15

സംഗ്രാമജിൽപൂൎവ്വജനായ കൎണ്ണൻ
സംഗ്രാമമദ്ധ്യേ വിജയൻെറ മെയ്യിൽ
അംഗാരവൃഷ്ടിക്കെതിരായ്വിരോധി-
ഭംഗാനുകൂലം ശരവൃഷ്ടി പെയ്തു. 16

പ്രാണങ്ങഠം പോകുംപടി കണ്ണനിൽ ദ്ര-
ക്കോണഞ്ചുമന്നമ്പുകളെയ്തു പാൎത്ഥൻ
ക്ഷീണം വിനാ ജിഷ്ണു ശരങ്ങളെത്താൻ
ബാണങ്ങഠംകൊണ്ടാശു മുറിച്ചു കണ്ണൻ. 17

മിണ്ടാതെ നില്ക്കും കുരുവൎയ്യരപ്പോ-
ളുണ്ടായ ഹൎഷാത്ഭുതസംഭ്രമത്താൽ
കൊണ്ടാടി രാധാസുതനെപ്പുകഴ്ത്തി-
ക്കൊണ്ടാൎത്തു കൈകൊട്ടി രസിച്ചു തുള്ളി. 18

കൂടീ മദം കണ്ണനു പാൎത്ഥദേഹം
മൂടീട്ടമാറമ്പുകഠം തൂകി പിന്നെ
വാടീല പാൎത്ഥൻ പുനരാശു കണ്ണ-
നോടീട്ടമാറുഗ്രശരങ്ങളെയ്തു. 19

സൎവ്വാംഗമൎമ്മങ്ങളിലമ്പുകൊണ്ടു
ഗൎവ്വാതിരേകം കലരുന്ന കണ്ണൻ
പൎവ്വാതിഭേദാൎത്തികഠം ചീൎത്തു നില്പാൻ
നിൎവ്വാഹമില്ലാതെ തിരിച്ചു പാഞ്ഞു. 20

കണ്ണൻ പോരു വെടിഞ്ഞു പോയ സമയേ
കോപാൽ മഹാ രക്തമാം
വണ്ണം പൂണ്ടു സുയോധനാദികഠം നിജാ-
നീകത്തൊടൊത്താകുലാൽ
സ്വൎണ്ണം കെട്ടിയ തീക്ഷ്ണബാണഗണമ-
ങ്ങൊന്നിച്ചു ചാപങ്ങളെ-
ക്കൎണ്ണം ചേൎത്തു വലിച്ചു വിട്ടു വിജയൻ-
തന്മേനിതന്മേലഹോ! 21

പാൎത്ഥൻ വൈരികഠം വിട്ട തീക്ഷ്ണവിശിഖാ-
ദത്യുഗ്രശസ്ത്രങ്ങളെ-

പ്പാർത്ഥണ്ടാസകലം സ്വബാണതതിയാൽ
ഖണ്ഡിച്ചു ദണ്ഡം വിനാ
ചീർത്തംഗങ്ങൾ മുറിഞ്ഞു വൈരിനിവഹം
താഴത്തു വീഴുംവിധം
കൂർത്തമ്പിൻനികരങ്ങൾ പിന്നെയുമവൻ
തൂകിത്തുടങ്ങീടിനാൻ. 22

കണ്ടാൽ വൈതരണീനദിക്കു ശരിയായ്
ബീഭത്സരൌദ്രങ്ങൾ പൂ-
ണ്ടുണ്ടായീ പല ശോണിതപ്പുഴകള-
ന്നേരം ധരാമണ്ഡലേ
കുണ്ടാളുന്നതിൽ വീണു താണു പലരും
ഹാ! കൌരവന്മാർക്കുടൻ
കുണ്ടാമണ്ടികൾ വന്നുചേർന്നതഖിലം
ചൊല്ലാവതല്ലാക്കുമേ. 23

ചട്ടററർജ്ജുനബാണമേററു തല കൈ
കാലെന്നിതററററു ച-
ത്തൊട്ടല്ലുഴിയിൽ വീണുരുണ്ടു പിടയും
ഹസ്ത്യശ്വപത്ത്യാദികൾ
ചട്ടററീടിന ഭൂരിശസ്ത്രനിവഹം
വീരാംഗഭൂഷാഗണം-
തൊട്ടററങ്ങൾ വെടിഞ്ഞ വസ്തുതതിയാ-
ലക്ഷോണി കാണാതെയായ്. 24

ആടീ കൌരവർതൻെറ ചിത്തമധികം
പേടിച്ചു യുദ്ധം വെടി-
ഞ്ഞോടീ ജീവനിലാശ പൂണ്ടു പലരും
ചീർത്താർത്തനാദാന്വിതം
മൂടീ ഭീഷ്മസുയോധനാദികൾ തദാ
പാർത്ഥാസ്ത്രഗംകൊണ്ടു കൊ-

ണ്ടാടീടാനഥ വന്നു ദേവനിവഹം
പാടീ പരം നാരദൻ. 25

ചേണാർന്നിട്ടം വിജയനും കൃപകർണ്ണഭീഷ്മ-
ദ്രോണാദിവീരരുമെതിർത്തു തുടർന്നു യുദ്ധം
കാണാനതീവകുതുകാൽ സുരസിദ്ധസാദ്ധ്യ-
വീണാധരാദികൾ തദാ ഗഗനത്തിലെത്തി. 26

ചന്ദ്രാർക്കവഹ്നിരുചി ചേർന്ന വിമാനമേറി
മന്ദ്രാംബുജന്മപടഹാദി രവം മുഴക്കി
ഇന്ദ്രാണിതൊട്ട രമണീമണിമാരൊടൊന്നി-
ച്ചിന്ദ്രാദി ദേവകൾ വരുന്നതു മർത്ത്യർ കണ്ടു. 27

തത്രസ്ഥരാകുമവർ തങ്ങടെ ദിവ്യരൂപം
മിത്രപ്രകാശമണിഭൂഷണമംഗരാഗം
ഛത്രപ്രഭാതിസിതചാമരമംഗഹാരം
ചിത്രപ്രഭാവമിവ സൈനികരന്നു കണ്ടു. 28

മാനാതിരേകമിയലുന്നവർതന്റെ ദിവ്യ-
നാനാനുലേപനസുമാദി സുഗന്ധമേന്തി
സേനാശ്രമങ്ങളൊഴിയുംപടി ഘർമ്മവാരി-
പാനാതികാമമൊടു വീശി വിശിഷ്ടവാതം. 29

വീരത്വമേറുമവർതങ്ങടെ സംഗരത്തെ
ചാരത്തുനിന്നു പരമാദരവോടു കാണ്മാൻ
സാരജ്ഞരാകിയ സുരർഷികളങ്ങു വന്ന
നേരത്തിലേവനുമുദിച്ചു രണാശ പാരം. 30

അന്നേരം കൃപനതിവേഗമോടു പാർത്ഥൻ-
തന്നേരിട്ടുരുശരവർഷമാഞ്ഞു പെയ്തു
നന്നേറെ പ്രിയമിദമെന്നു മേഘവർഷം
കുന്നേല്ലും വിധമതു പാർത്ഥനേറ്റു സർവ്വം. 31

മാനത്തോടഥ കൃപ സൂതവാജിമൎമ്മ-
സ്ഥാനത്തിൽ കണകൾ പൊഴിച്ചു സവ്യസാചി
ജ്ഞാനം മാഞ്ഞഥ തുരഗങ്ങൾ ചാടിയപ്പോൾ
സ്ഥാനം വിട്ടുടനേ കൃപൻ പരിഭ്രമിച്ചു. 32

ചിത്തത്തിൽ ബഹുമതി പൂണ്ട പാണ്ഡവൻ പാ-
ൎത്ഥത്വിൽ കൃപനിലയച്ചതില്ല ബാണം
മത്തററീടിന കൃപനങ്ങുറപ്പു നിപ്പി-
ന്നൊത്തപ്പോൾ വിജയനിലമ്പു തൂകി പിന്നെ. 33

സാതങ്കം കൃപനുടെ ശക്തി ചട്ട ചാപം
സൂതൻ തേർ കുതിരകൾ ഖഡ്ഗമെന്നിതെല്ലാം
ശ്വേതാശ്വൻ ഝടിതി ശരങ്ങളാൽ പൊടിച്ചി-
ട്ടേതാനും ബലമൊടൊരമ്പയച്ചു പിന്നെ. 34

ചീറീടും ശരമതു ഗൌതമന്റെ മാറിൽ-
ക്കേറി ചെന്നഥ രുധിരം ചൊരിഞ്ഞു പാരം
ഏറീടുംശ്രമമണയും കൃപന്റെ മാലൊ-
ട്ടാറീടാനുടനെയടുത്തു ലോഹിതാശ്വൻ. 35

സമരശിരസി പാരം ഭക്തി കൈക്കൊണ്ടു നില്ക്കു-
ന്നമരപതിതനൂജൻതന്നിലാചാൎയ്യവൎയ്യൻ
സുമരസകുതുകത്താലൊത്തു വേഗത്തിലെത്തും
ഭ്രമരഗണസമാനം ബാണജാലം ചൊരിഞ്ഞു. 36

ഗുരുവരനുടെ ചിത്തം ചേഷ്ടിതത്താൽ സമസ്തം
പുരുഷമണി പൃഥാജൻ പാൎത്തുടൻ പാൎത്തിടാതെ
തുരുതുരെ വിരുതേറും ദ്രോണനെയ്യുന്ന ബാണം
സുരുചിരശരവൎഷംകൊണ്ടറുത്താൻ സഹൎഷം. 37

പുനരവരിരുപേരും ചണ്ഡകോദണ്ഡയുഗ്മ-
സ്വനമൊടു വിശിഖൌഘം ഭൂമയിൽ തൂകിയേററം



KOTTAYAM PUBLIC LIBRARY
KOTTAYAM

ഘനതര ജാലംകൊണ്ടു ദിക്കൊക്കെ മൂടി
ദിവാകരനുടെ ശോഭാപുഞ്ജമപ്പോൾ മറഞ്ഞു. 38

അതികുതുകമൊടസ്ത്രം ദ്രോണനാഗ്നേയമെയ്താ–
നതിനു പകരമപ്പോൾ ജിഷ്ണു പാർജ്ജന്യമെയ്താൻ
ധൃതിയൊടു ഗുരു പിന്നെയത്ര പാർജ്ജന്യമെയ്താ–
നതിനെതിരഥ ശിഷ്യൻ വിട്ടു വായവ്യമസ്ത്രം. 39

ഘടജനഴകൊടെയ്താൻ പിന്നെ വായവ്യമസ്ത്രം
പടയിലതിനു വിട്ടാൻ ഫൽഗുനൻ പാർവ്വതാസ്ത്രം
ഉടനെ ഗുരുവയച്ചാ പാർവ്വതം പാർത്ഥനെയ്താൻ
തടവതിനു ഭവിപ്പാനുജ്ജ്വലം വജ്രമസ്ത്രം. 40

ദ്രോണൻ തദാ വിഫലമസ്ത്രരണം വെടിഞ്ഞു
ബാണങ്ങൾതാൻ ഝടിതി പിന്നെയുമെയ്തു പാരം
ക്ഷീണം വിനാ വിജയനും സമമായ്ത്തദാനീം
ബാണങ്ങൾ തൂകി പടയുൽക്കടമായിവന്നു. 41

ആശാരി നല്ലുളിയെടുത്തിഹ ചെത്തിടുമ്പോ–
ളാശാനുകൂലമിഹ വന്മരമെന്നപോലെ
ആശാനുമാപ്രഥമശിഷ്യനുമമ്പുകൊണ്ടൽ–
ക്ലേശാകുലം തനു മുറിഞ്ഞു മുറിഞ്ഞുപോയി. 42

ചീർത്തീടുമുൽക്കടമഹാത്ഭുതവിക്രമങ്ങൾ
മൂർത്തീകരിച്ചു വിലസും വിജയന്റെ നേരെ
നേർത്തീടുവാൻ ഗുരുവൊഴിഞ്ഞൊരു വീരനില്ല
പാർത്തീടിലെന്നഥ സുരർഷികളേറെ വാഴ്ത്തി. 43

പാർത്ഥൻ ദ്രുതാദ്ഭുതതരം പുനരങ്ങു മർമ്മം
പാർത്തമ്പു തൂകിയൊരുനാഴികനേരമപ്പോൾ
ചീർത്തമ്പു വന്നുടലിലാസകലം തറച്ചി–
ട്ടാർത്തതാപമോടു ഗുരുശല്യകതുല്യനായി. 44

ഭ്രാജിക്കുമാത്മഗുരുവര്യനെയും ജയിച്ചു
രാജിക്കുമാര്യഗുണമുള്ള ധനഞ്ജയന്റെ
ആജിക്കു ചേരുമതി പാടവമുള്ളകൊണ്ടു
പൂജിച്ചിട്ടുഗ്ഗുരുപുത്രനഥ പ്രകോപാൽ. 45

വിശ്വത്തിങ്കൽ പ്രഥിതസമരപ്രഭാവപ്രൌഢിതേടു-
ന്നശ്വത്ഥാമാവിനൊടു പൊരുതാനാശപൂണ്ടാശു പാർത്ഥൻ
അശ്വസ്തോമം ജവമൊടു തിരിച്ചങ്ങയച്ചാൻ സഭക്ത്യാ
വിശ്വസ്താത്മാ ഗുരു വിജയനിൽ ചേർത്തുമാശീസ്സു ചേർത്തു.

ബാണാഘാതപ്രദലിതമഹാകേതുവർമ്മാംഗനായി-
ദ്രോണാചാര്യൻ വളരെ മുറിവേററത്തൽ പൂണ്ടതരത്തിൽ
ശോണാശ്വം ചേർന്നഴകിയ രഥം ഹന്ത! താൻ പിന്തിരി
[ച്ചാൻ
ക്ഷീണാധിക്യം ഝടിതി കളവാനാശചേർന്നാശയേന. 47

മാനംകൂട്ടുംപടി പടയുടൻ സർവ്വദിവ്യാസ്ത്രശസ്ത്ര-
ജ്ഞാനം ചേരുന്നവരിരുവരും തങ്ങളിൽ തത്ര ചെയ്തു
ആനന്ദാലാസ്സമബലരണം സർവ്വരും കണ്ടുനിന്നാർ
ഗാനം ചെയ്താർ സുരമുനിതെളിഞ്ഞപ്പൊളപ്പോർ
[വിശേഷം. 48

മോദം പൂണ്ടങ്ങൊരു പഴുതു കണ്ടാശു ഗാണ്ഡീവമൌർവ്വീ-
ച്ഛേദം ചെയ്താൻ ഗുരുവരസുതൻ പിന്നെയും നിന്നിടാതെ
പാദംതൊട്ടങ്ങമരപസുതൻതന്റെ ശീർഷംവരയ്ക്കും
ഖേദം ചേരുംപടി ശരഗണം വിട്ടു വിഖ്യാതവീര്യൻ. 49

ഹർഷംകൈക്കൊണ്ടുടനെ വിജയൻ ഞാണുകെട്ടിസ്സുവീ
[ര്യോൽ-
കർഷം കൂട്ടിഗ്ഗുരുതനയനിൽ കമ്പമററമ്പുതൂകി
വർഷം ചെയ്യും ഘനമൊടെതിരായ് ദ്രൌണിയിങ്ങോട്ടുമു
[ഗ്രാ-
മർഷം തേടിശ്ശിതശരഗണം കോരിവാരിച്ചൊരിഞ്ഞു. 50

ബാണങ്ങളേററമതിമാത്രമമർക്കയാൽ തൻ-
ത്തൂണങ്ങളിൽ പരമൊട്ടങ്ങിയ തതാപമുള്ളിൽ
ദ്രോണന്റെ നന്ദനനറിഞ്ഞു തിരിച്ചു പാഞ്ഞു
നാണം കലർന്നവശനായ് കുരുരാജനപ്പോൾ. 51

കിട്ടീടണം ഗുരുസുതന്നിട വേഗമോടാ-
നൊട്ടീവിധം ഹൃദി നിനച്ചഥ സൂതപുത്രൻ
ഇട്ടീടിനാൻ വലിയ ഞാണൊലി ലോകമെല്ലാം
ഞെട്ടീടുമാറു വിജയൻ പുനരങ്ങു നോക്കി. 52

തണ്ടാർന്ന സൂതസുതനെ പ്പുനരങ്ങു കണ്ടി-
ട്ടുണ്ടായ കോപഭരമോടുരചെയ്തു പാർത്ഥൻ
“പണ്ടാസ്ഥ കൃഷ്ണയുടെ വസ്ത്രമഴിച്ചതും നീ
കണ്ടാർത്തിരുന്നതിനെഴും ഫലമിന്നു കണ്ടോ. 53

കൊന്നേൻ തവാനുജനെ ഞാനടനോടിടായ്തി-
ലിന്നേവമേവ ഖല! നിൻ വധവും കഴിപ്പൻ”
എന്നേറെ രൂക്ഷവചനങ്ങൾ പറഞ്ഞു കർണ്ണൻ-
തന്നേർക്കു വിട്ടു വിജയൻ വിശിഖങ്ങളേററം. 54

ഒട്ടിച്ചുപോലെ സമമർജ്ജുനനോടു യുദ്ധം-
വെട്ടിത്തടാ വിജയസായകമേല്ക്ക മൂലം
പൊട്ടിപ്പിളർന്നു തളരും തനുവൊത്തു യുദ്ധം
വിട്ടിണ്ടൽ പൂണ്ടു ബത! പിന്നെയുമോടി കർണ്ണൻ. 55

സമരവിവശനാകുമുത്തരൻതൻ
ശ്രമഭയസംഭ്രമമൊക്കെയും തദാനീം
അമരപതിസുതൻ ധനഞ്ജയൻ നൽ-
സമധുരവാക്കുകൾകൊണ്ടു പോക്കി വേഗാൽ. 56

അഥ ധൃതിയെഴുമുത്തരൻ നടത്തും
രഥമതിൽനിന്നഴകിൽ കിരീടമാലി

പൃഥയുടെ തനയൻ സമസ്തശത്രു-
വ്യഥ വരുമാറു രണം തുടങ്ങി വേഗാൽ. 57

നിജ ധനുഷി തൊടുത്തു വാനരേന്ദ്ര-
ധ്വജനുടനൈന്ദ്രമഹാസ്ത്രമസ്തശങ്കം
വിജയനുടനതങ്ങയച്ചു ശത്രു-
വ്രജമതുനേരമസംഖ്യമസ്തമിച്ചു. 58

ശരഗണമയമായി തൽപ്രദേശം
തരണികരങ്ങളും മറഞ്ഞിരുട്ടണഞ്ഞു
ഹരഹര! ശരമാരികൊണ്ടു പാരം
പരവശമായി സുയോധനന്റെ സൈന്യം. 59

രുധിരനദികളങ്ങൊലിച്ചു വാരാം-
ന്നിധിയിലണഞ്ഞു ധനഞ്ജയപ്രതാപാൽ
യുധി വിമുഖതപൂണ്ടു സൈന്യമെല്ലാ-
മധികഭയാലുടനങ്ങുമിങ്ങുമോടി. 60

വിരുതുകലരുമമ്മഹാസ്ത്രശക്ത്യാ
കുരുപതിസോദരരൊത്തു സംഭ്രമിച്ചു
ഗുരുകൃപഗുരുപുത്രസൂതജന്മാർ
ഗുരുഭയവിസ്മയമോടു പോർ വെടിഞ്ഞു. 61

തദനു സകലസൈന്യനാശരോഷം
സദയമുടൻ കളവാൻ തുനിഞ്ഞു ഭീഷ്മൻ
മദതരളസമസ്തശാത്രവാന്ത-
പ്രദനവിടെപ്പടവെട്ടുവാനണഞ്ഞു. 62

സുരപതിതനയൻ പിതാമഹൻതൻ
വരവതു കണ്ടു തെളിഞ്ഞു ഭക്തിപൂണ്ടു
ചരണസരസിജാന്തികപ്രദേശേ
ശരയുഗമെയ്തഭിവാദ്യമാചരിച്ചു. 63

പുരരിപുവിജയം വരാൻ വരത്തെ-
ഗ്ഗുരുവൊടു വാങ്ങിയപോലെ ഭീഷ്മനോടും
പുരുഷതിലകനായ പാൎത്ഥനപ്പോൾ
സുരുചിരഭക്തിഭരാൽ വണങ്ങി വാങ്ങി. 64

പുനരവർ സുരചാരണാദിനാനാ-
ജനമതിവിസ്മയമാന്നിടും പ്രകാരം
ഘനനിനദസമാനഭീമചാപ-
സ്വനമൊടു ദാരുണസംഗരം തുടങ്ങി. 65

ഊക്കാൎന്നീടിന ഭീഷ്മനമ്പുകൾ ചൊരി-
ഞ്ഞാൻ ജിഷ്ണുതൻ കേതനം
ലാക്കാക്കിട്ടവ ചെന്നു താണു തരസാ
ഞാൺ വായയോളം തദാ
വാക്കാലാക്കമഗമ്യമാം ബലമെഴു-
ന്നാവാനരൻതന്നിലും
കാക്കാനക്കൊടിതന്നിൽ നിത്യമമരും
ഭൂതങ്ങൾതന്മെയ്യിലും. 66

ചിത്രം ഭീഷ്മപരാക്രമം ഹൃദി സഹി-
ച്ചീടാതെ പാകാരിതൻ-
പുത്രൻ തത്ര പിതാമഹന്റെ കൊടിതൻ
മൂലം മുറിച്ചീടിനാൻ
മിത്രൻ പോയ്മറയുന്ന നേരമുയരു-
ന്നേണാങ്കനൊക്കും സിത-
ച്ഛത്രം പിന്നെയറുത്തു സത്വരതരം
ചേണാൎന്ന ബാണങ്ങളാൽ. 67

ആരോമൽ പാൎത്ഥതത്വം സകലവുമറിയാ-
മെങ്കിലും ഭീഷ്മനപ്പോ-
ളോരോ ദിവ്യാസ്ത്രവീൎയ്യാത്ഭുതമഹിമകളെ-
ക്കാട്ടിനാൻ കാഴ്ചപോലെ

ഘോരോൽപാതങ്ങളം കണ്ടിട്ടഥ സുരമുനിമാ-
        രിണ്ടൽ പൂണ്ടാർ പൃഥാജൻ
ധീരോത്തംസൻ തട്ടന്താനതിനതിനെതിരാ-
        മസ്ത്രമെയ്തസ്തശങ്കം. 68

ഉണ്ടാകും തീയ്യൊരിക്കൽ പുനരുടനെ മഹാ
        വൎഷമാം പിന്നെ വേഗം-
കൊണ്ടാകെസ്സംഭ്രമിച്ചിട്ടണയുമനിലനാം
        മിന്നലാം പിന്നെ വേഗാൽ
കണ്ടാൽ ഞെട്ടുന്ന നാനാഭുജഗഖഗമൃഗ-
        പ്രേതഭൂതാദിയാകും
പണ്ടാരും കണ്ടിടാത്തിങ്ങിനെ പലതവർനി-
        ൎമ്മിച്ചു ദിവ്യാസ്ത്രശക്ത്യാ. 69

കൃത്യജ്ഞന്മാർ മഹാന്മാർ കുരുവരരവരീ-
        വണ്ണമന്നേരമസ്ത്ര-
പ്രത്യസ്ത്രസ്തോമമുല്ലാസമൊടു തുരുതുരെ-
        ത്തൂകി ലോകം കലുക്കി
അത്യല്പം ഭേദമററിങ്ങിനെ സമസമരം
        കണ്ടു തോഷിച്ചു ശക്രൻ
സത്യസ്ഥസ്സാധു ചെയ്താനവരുടെ മുകളിൽ
        പുഷ്പവൎഷം സഹൎഷം. 70

പരമസ്ത്രപ്രയോഗങ്ങളം ചിരമിങ്ങിനെ ചെയ്തവർ
സരസം പൊരുതിപ്പിന്നെ ശ്ശരയുദ്ധം തുടങ്ങിനാർ. 71

ജ്വലിച്ചമ്പുകളം കോദണ്ഡം വലിച്ചായവർ തൂകിനാർ
നിലച്ചീടാതെ രണ്ടാളകു മൊലിച്ചു രുധിരം തദാ. 72

ഭീമസേനാനുജൻതൻെറ ഭീമപാൎശ്വത്തിലക്ഷണം
ഭീമബാണം പ്രയോഗിച്ചാൻ കേമനായ പിതാമഹൻ. 73

അറിവേറം ഭീഷ്മനെയ്ത മുറിയേൽക്കാതൊരാശ്ശരം
കുറിക്കു വന്നുകൊണ്ടപ്പോൾ ചിരിച്ചു പരമർജ്ജുനൻ. 74

എടുത്തു താനൊരുശരം തൊടുത്തു നിജകാർമ്മുകേ
കടുത്ത വേഗമോടെയ്താൻ പടുത്വമെഴുമർജ്ജുനൻ. 75

ദക്ഷത്വമേറിയ ധനഞ്ജയനെയ്ത ഗൃദ്ധ്ര-
പക്ഷപ്രകാശമെഴുമാശ്ശരമുഗ്രരൂപം
അക്ഷയ്യവീർയ്യനിധിയായ പിതാമഹന്റെ
വക്ഷസ്സിലുൽക്കടജവത്തൊടു ചെന്നു കേറി. 76

ബാണാഭിഘാതവിവശീകൃതനായ്ത്തദാനീ-
മേണാങ്കവംശമണി ദേവനദീതനൂജൻ
ചേർന്നാൻ തന്റെ രഥകൂബരമാശ്രയിച്ചു
വാണാനഹോ! ചിരതരം ഗതസംജ്ഞനായി. 77

മർമ്മം പിളർന്നു വിജയന്റെ ശരം തറച്ചു
ശർമ്മം വെടിഞ്ഞമരുമായവനെത്തദാനീം
ധർമ്മം വിടാതെ രഥസാരഥിയാശു സൂത-
കർമ്മംനിനച്ചവിടെനിന്നഥ കൊണ്ടുപോയാൻ. 78

പോരിൽ പ്രസിദ്ധി കലരുന്ന നദീകുമാരൻ
പോരിട്ടുപോയ സമയേ ധൃതരാഷ്ട്രപുത്രൻ
പാരിച്ച കോപമൊടു വാസവനന്ദനന്റെ
നേരിട്ടുചെന്നു ബഹുസൈന്യസമേതനായി. 79

ചീർത്തൊരുതാപമൊടു പാരമടുത്തു ചത്താൽ
ചത്തോട്ടെയെന്നുകരുതിക്കുരുരാജനപ്പോൾ
ഉൾത്തോഷമോടു വിലസും വിജയന്റെ മെയ്യിൽ
പത്തോളമമ്പു പടവില്ലു വലിച്ചുവിട്ടാൻ. 80

സുരപതിതനയൻവിരോധിശസ്ത്രം
ശരനിരയാൽ മുഴുവൻ മുറിച്ചു പിന്നെ

പരമവികൃതിയാം സുയോധനൻ ത-
ന്നരസി ജവത്തൊടൊരമ്പു വിട്ട രോഷാൽ 81

വിരുതുടയ കിരീടി വിട്ട ബാണം
ഗരുഡസമാനമതുജ്ജ്വലം ശിതാഗ്രം
കുരുകുലഹതകന്റെ മാർത്തടത്തെ-
ക്കരുണ വെടിഞ്ഞു പിളർന്നകത്തു കേറി. 82

ഉടനവനതിവേദനാർത്തനായി-
ട്ടുടരു വെടിഞ്ഞു ഭയത്തൊടോടിടുമ്പോൾ
പടയിലഴകെഴും കിരീടി ചൊന്നാൻ
തടവു പെടാതെ വരുന്ന ഹാസമോടെ 83

“കുരുകുലവരസാർവ്വഭൌമമൌലേ!
ഗുരുബലകർണ്ണനഹായമാനരാശേ!
പൊരുതുമളവിലിപ്രകാരമോടീ-
ട്ടരുതിതു ചൊല്ലുക വീരധർമ്മമാണോ? 84

ഗജതുരഗരഥാദിയൊത്തിവണ്ണം
ഗജപുരിയിൽ ബത! ചെന്നിരിക്കിലും തേ
വിജയകൃതഭയം ദൃഢം ഭവിക്കും
ഭുജബലമോടു തിരിഞ്ഞുനിന്നുകൊൾക”. 85

വലരിപുതനയന്റെ ഹാസവാക്യം
പലതരമിങ്ങിനെ കേട്ടു ധാർത്തരാഷ്ട്രൻ
നലമൊടു ഗുരുകർണ്ണഭീഷ്മമുഖ്യാ-
ജ്ജ്വലബലമൊത്തു തിരിഞ്ഞു പോർ തുടങ്ങി. 86

പരിഭവമൊടു സർവ്വസൈന്യമൊന്നി-
ച്ചരിവരനായ സുയോധനൻ വരുമ്പോൾ
ത്വരിതതരമയച്ചു മോഹനാസ്ത്രം
പരിചൊടു പാർത്ഥനശേഷമോഹനാർത്ഥം. 87

സപദി നിജനിജായുധങ്ങളം കൈവി-
ട്ടപഗതബുദ്ധികളായി കൌരവന്മാർ
കൃപ കലരുകയാൽ കിരീടി കൊന്നീ-
ലപനയമുള്ള കുരുക്കളെത്തദാനീം. 88

ഉല്ലാസത്തോടു മത്സ്യപുത്രനുടനെ
നില്ലാതെ ബീഭത്സുതൻ
ചൊല്ലാൽ കൌരവവര്യർത്തങ്ങടെ പടം
പാടേ ഹരിച്ചീടിനാൻ
ചൊല്ലാന്നീടിന ഭീഷ്മർതന്റെ വസനം
മാത്രം തദാനിം ഹരി-
ച്ചില്ലാവിക്രമരാശിയായ വിജയൻ
വീണ്ടും വിരോധിക്കയാൽ. 89

അതിമഹിതമോഹനാസ്ത്ര-
പ്രതിവിധിയറിയുന്ന തത്വമായ്ഭീഷ്മൻ
മതിബോധമുണ്ടു നന്നാ-
യതിനാലവനെന്നു ഫൽഗുനന്നറിയാം. 90

ഏവർമൂലമായ്ഭവിച്ചതു
ശിവ ശിവ! കൃഷ്ണാപടാപഹരണമഹോ!
അവരുടെ പടാപഹരണം
ജവമോടപ്പോളം വരുത്തി വിധിയുക്തം. 91

ദയയൊടഥ മോഹനാസ്ത്രം
സ്വയമായുപസംഹരിച്ചുടൻ പാൎത്ഥൻ
ജയപടഹനാദതുല്യം
രയമൊടു ഗാണ്ഡീവനിസ്വനം ചെയ്താൻ, 92

മോഹം വെടിഞ്ഞു തങ്ങടെ
ദേഹം നിൎവ്വസ്ത്രമായ്ത്തദാ കണ്ടു
ഹാഹന്ത! കൌരവന്മാർ
സ്വാഹങ്കാരം കളഞ്ഞു ലജ്ജിച്ചു. 93

പ്രതിഭടപടലമൊടൊക്കം
പ്രതിഭയനാമൎജ്ജുനന്റെ നില പിന്നെ

അതിഭയമൊടു കണ്ടിതിനിമേൽ
ഗതിയെന്തെന്നോൎത്തുഴന്നു കുരുസൈന്യം. 94

നിജസമസ്തബലത്തൊടുമൊത്തുടൻ
ഗജപുരിക്കു ഗമിച്ചു സുയോധനൻ
വിജയയുദ്ധജയസ്തുതി ചെയ്തുകൊ-
ണ്ടജഹരാദികൾ പോയി യഥാഗതം. 95

സന്നാഹമെന്നിയെ വിരോധികൾ പോയ ശേഷം
ഛിന്നാംഗനാം വിജയനങ്ങു തിരിച്ചുപോന്നു
തന്നായുധം ശമിയിൽവെച്ചു നപുംസകാഭാ-
ഷന്നാത്മതത്വമൊടു മത്സ്യപുരിക്കു പോയാൻ. 96

ആതങ്കം വാജികൾക്കുള്ളതു സപദി കള-
ഞ്ഞീടുവാനും സ്വവാഹാ-
ജാതം നോക്കാനുമായിപ്പൃഥി കിമപി തദാ
പാൎത്തു പാൎത്ഥാജ്ഞയാലേ
പ്രീതന്മാരായ ഗോപാലകരെയുടനെതാ-
നജ്ജയം ചെന്നു ചൊല്ലാൻ
ദൂതന്മാരാക്കിവിട്ടാൻ നിജനഗരിയിലെ-
ക്കത്തൽ വിട്ടുത്തരാഖ്യൻ. 97

പാണ്ഡവോദയം കാവ്യത്തിൽ ഇരുപതാം സൎഗ്ഗം കഴിഞ്ഞു

# ഇരുപത്തൊന്നാം സൎഗ്ഗം.

....ooOoo....

നാലുപായങ്ങളെപ്പോലെയുള്ള പാണ്ഡവൎതങ്ങടെ
പ്രഭാവംകൊണ്ടു സിദ്ധാൎത്ഥൻ വിരാടൻ ചെന്നു തൽപുരേ

മത്സ്യരാജൻ വരുന്നേരം പൌരസഞ്ചയമങ്ങിനെ
എതിരേററു കലാനാഥൻ വരുമ്പോൾ കടലെങ്ങിനെ. 2

അപ്പോളുത്തരനെക്കാണാഞ്ഞാർത്തനായി മഹീശ്വരൻ
പുത്രപ്രിയക്കേകമല്ലോ പുത്രാദർശനമാർത്തിയെ. 3

മന്ത്രിസേനാധിപന്മാരെ മാനിച്ചെല്ലാമയച്ചുടൻ
അന്തഃപുരത്തിൽ ചെന്നിട്ടു നൃപൻ ചോദിച്ചു സംഭ്രമാൽ.
4

"കണ്ടീല ഞാനുത്തരനാപ്പുത്രനെങ്ങധുനാ മമ"
ഏവം ഭൂപൻെറ ചോദ്യത്തിന്നോതീ പെണ്ണുങ്ങളുത്തരം. 5

"കേട്ടാലുമിന്നു നൃപ! ഗോനികരം ഹരിക്കും-
ദുര്യോധനാദികളെ വെന്നതു കൊണ്ടുപോരാൻ
പോയാൻ ജവത്തൊടു ബൃഹന്നളയെസ്സ്വസൂത-
നാക്കി ത്വദീയ തനയൻ ശിശുസാഹസത്താൽ". 6

പെണ്ണുങ്ങളാംതൻ വചനമിങ്ങിനെ കേട്ട നേരം
ഞെട്ടീ വിരാടനതിയായിടി കേട്ട പോലെ
സിംഹങ്ങളോടെതിരിടാനൊരു മാൻകിടാവു
ചെല്ലുന്ന മാതിരിയിതെന്നു നിനച്ചു കേണു. 7

പിന്നെപ്പുരാതിഹയദന്തിരഥങ്ങളാം ചേർന്ന
സൈന്യങ്ങളെ സ്വതനയന്നു തുണയ്ക്കുവേണ്ടി
കല്പിച്ചയച്ചു നൃപനെങ്കിലു മുള്ളിലൊട്ടും
തൃപ്തിപ്പെടാതെ പലതിങ്ങിനെ ചൊല്ലി വൃദ്ധൻ. 8

"അയ്യോ! മദീയലഘുസൈനികരെങ്ങു കണ്ണ-
ദുര്യോധനാദികുരുപുംഗവരെങ്ങു പാർത്താൽ
ഹാകഷ്ടമുത്തരനവർ പ്രളയാബ്ധിതന്നിൽ-
ത്താണാനിനിത്തനയദർശനമിങ്ങസാദ്ധ്യം. 9

മൽപ്പുത്രരക്ഷണവിധിയ്ക്കുവിടത്തിലെത്താൻ
മത്സൈനികൎക്കിടകിടയ്ക്കുകളൂടിയില്ല
കത്തുന്ന തീയ്യിലൊരു ശുഷ്കതൃണം പതിച്ചാ-
ലെന്തുള്ളു താമസമതാശു നശിച്ചുപോവാൻ. 10

ശസ്ത്രാസ്ത്രശിക്ഷകരയും മമ നന്ദനന്നു
ശസ്ത്രാസ്ത്രശാസ്ത്രപരപാരഗർ കൌരവന്മാർ
പിന്നെബ്ബൃഹന്നള സഹായി മററാവിചിത്ര-
മിച്ഛേച്ഛ് നന്നു "മരവാളിന്നു പാള ചൎമ്മം." 11

പോട്ടേ കഴിഞ്ഞ കഥയെന്തിതു തെല്ലൊഴിപ്പാ-
നാളല്ല ഞാൻ സ്വസുതസങ്കടമാകമൂലം
അംബയ്ക്കുമച്ഛനുമഹോ! ബത! പുത്രദുഃഖം
താന്താങ്ങൾതൻെറ മരണംവരെയിങ്ങസഹ്യം. 12

പുത്രൻ സദാ പിതൃജനത്തിനു നല്ല തങ്ക-
ക്കുട്ടൻ മഹാപ്രണയഭാജനമാകമൂലം
തങ്കം കുടിച്ച നരനിൽ ഗരമെന്നപോലെ
പററുന്നതല്ല സുതനിൽ ഖലു ദോഷമൊന്നും. 13

ശത്രുക്കളോ സമതയുള്ള ജനങ്ങളോ ത-
ന്മിത്രങ്ങളോ പലവഴിക്കിവർ ചെയ്തതാകും
പുത്രൻെറ കുററമിഹ തൽപിതൃമാനസത്തി-
ലിത്ഥം സുതപ്രണയമായ മഹേന്ദ്രജാലം. 14

ദോഷങ്ങളുണ്ടധികമെങ്കിലുമാത്മജന്മാ-
മമ്മയ്ക്കുമച്ഛനുമതിപ്രിയനെന്നിരിക്കെ
നിൎദ്ദോഷനായ സുതനിൽ പരമായവൎക്കു
വൎദ്ധിച്ചിടും പ്രണയമെങ്ങിനെ ചൊല്ലിടേണ്ടു. 15

നൎമ്മോക്തിചാതുരികൾ മെയ്യിനു ചേൎന്ന ഭംഗി
താരുണ്യകാന്തി ഗുരുഭക്തിസുഖാതിസക്തി
ഈ മട്ടിലുള്ള പല സൌമ്യഗുണങ്ങളെല്ലാം
ഭൂമിഞ്ജയൻെറ ഹിതസോദരരെന്നു തോന്നും. 16

സൽക്ഷത്രിയക്രമിതവിക്രമധൈൎയ്യശൌൎയ്യ-
സ്ഥൈൎയ്യങ്ങളുള്ളസുതനേ സുതനാകയുള്ളൂ

എന്നോതിടുന്നവർകൾതന്റെമനസ്സശുദ്ധം
കല്ലാണു നിഷ്ഠുരുണർതന്മതമെത്ര നിന്ദ്യം. 17

ഉണ്ടായ്വരാം ചെറിയ കേടുകൾ പുത്രനെന്നു
ചിന്തിച്ചു ഞാൻ പ്രണയമോടിവിടത്തിലാക്കി
പോയേൻ ത്രിഗർത്തസമരത്തിനിതൊന്നുമൂല-
മിപ്പോൾ ഭവിച്ചു പറവാനരുതാത്തനത്ഥം. 18

എന്തിന്നെനിക്കു ഹിതമായൊരു കർമ്മമെന്നു
ചിന്തിച്ചിടുമ്പൊളതിയായുഴലുന്നു ചിത്തം"
ഏവം പറഞ്ഞു പരമാർത്തി കലന്നിടുന്ന
മത്സ്യേന്ദ്രനോടഥ കനിഞ്ഞു കഥിച്ചു കങ്കൻ. 19

"ഭീഷ്മാദികൌരവരമേയപരാക്രമന്മാ-
രെന്നാകിലും കിമപി തേ ഭയമിന്നു വേണ്ട
നൂനം ബൃഹന്നള സഹായമെവന്നാവന്നു
ദേവാസുരാദിജയവും സുഖസാദ്ധ്യമാകും". 20

ധർമ്മാത്മജൻ കനിവൊടിങ്ങിനെ ചൊല്ലിടുമ്പോ-
ളത്യാപ്തനാം സചിവനേകനണഞ്ഞു ചൊന്നാൻ
"പ്രത്യാനയിച്ചു തവ ഗോധനമിങ്ങു ഭീഷ്മ-
ദ്രോണാദികൌരവരെ വെന്നു സുതൻ ത്വദീയൻ. 21

ഈയിഷ്ടകാര്യമിവിടെത്തിരുവുള്ളിലറിവാൻ
ഗോപാലരെ ത്വരിതമിങ്ങരുൾചെയ്തയച്ചു
ഭൂമിഞ്ജയൻ രഥഹയശ്രമമൊട്ടു തീർത്തു
മെല്ലെ ബൃഹന്നളയൊടൊത്തു വരുന്നു രാജൻ!" 22

സന്തപ്തനാകിയ വിരാടമഹീന്ദ്രനേവം
മന്ത്രീശ്വരന്റെ വചനാമൃതധാരയാലേ
സന്താപമാസകലമാശു വെടിഞ്ഞു പാരം
സന്തോഷമാന്നു പുനരുള്ള കുളുത്തു ചൊന്നാൻ. 23

"ഭൂമിഞ്ജയന്നു രണപാടവമിത്രയുണ്ടെ-
ന്നില്ലിങ്ങു ബോധമിതു ചിത്രമതീവചിത്രം!
ഏറീടുകിൽ പരിചയത്തിനു തുല്യമായി
വാത്സല്യവും ബഹുമതിക്കുറവേകുമല്ലോ. 24

പുത്രൻ വരുന്ന സമയത്തെതിരേററിടേണം
പൌരവ്രജങ്ങൾ പരമോത്സവഘോഷമോടെ
മാനാർഹർ തങ്ങളുടെ മാനനമെന്ന കർമ്മം
മററുള്ളപേരുടയവൻകടമോചനംതാൻ 25

ഈയുത്തരന്റെ ജയമെന്നുടെ നാട്ടിലെല്ലാം
ഘോഷിക്കണം സചിവ! സമ്പ്രതി വൈകിടാതെ
അത്യന്തഹർഷകരമാം കഥ കേൾക്കുവാനും
ചൊൽവാനുമേതവനു കൌതുകമില്ല പാരിൽ?" 26

ഏവം കല്പിച്ചു മത്സ്യക്ഷിതിപതി പത്രപാ-
ലക്കു സമ്മാനമേകി-
സ്സന്തോഷോന്മത്തനായിപ്പുനരതികുതുകം
പൂണ്ടു ചൊന്നാനിവണ്ണം
"അല്ലേ സൈരന്ധ്രി! ചൂതും പടവുമുടനെ നീ
കൊണ്ടുവന്നാലുമാര്യേ!
കങ്ക! ദ്യൂതം തുടങ്ങാൻ വരിക വരിക വൈ-
കാതെ വയ്യാഘ്രപാദ!" 27

"ചെയ്യൊല്ലാ ചെററപോലും നിയതമിരുവക-
ക്കാരൊടും ദ്യൂതകർമ്മം
ഹർഷത്താൽ മത്തനൊന്നാമവനഥ കിതവൻ
മററവൻ തത്വമേവം
ഇപ്പോൾത്താൻ ദ്യൂതനർമ്മത്തിനു തവ രസമു-
ണ്ടെങ്കിലോ കാൺക ഭോ! ഞാൻ
തയ്യാറാണെ"ന്നു ചൊല്ലിട്ടുടനെ യമസുതൻ
തത്ര ചൂതിന്നിരുന്നു. 28

പിന്നെ ദ്യൂതം തുടങ്ങീ ശമനതനയനും
മാത്സ്യനും തമ്മിൽ നേരി-
ട്ടപ്പോഠം മത്സ്യേശ്വരൻതൻ പ്രകൃതിയിലുളവാ-
യ്വന്നു പാരം വികാരം
അത്യന്തം ദ്യൂതനർമ്മവ്യസനവിവശനാം
മത്സ്യഭൂപന്റെ പുത്രോൽ-
കർഷോൽഭൂതാതിഹർഷാത്ഭുതലഹരിതല-
ച്ചോറിളക്കിച്ചമച്ചു. 29

ഓരോന്നോതിത്തുടങ്ങീ പുനരമിതരസോ-
ന്മത്തനായ് മത്സ്യഭൂപൻ
“കണ്ടാലും പുത്രസമ്പത്തിനു മമ സമനാ-
യാരു ലോകത്രയത്തിൽ
ഇന്നിപ്പോഠംത്താൻ ജയിച്ചാൻ ശിശു മമ തനയൻ
സംഗരേ കർണ്ണഭീഷ്മ-
ദ്രോണദ്രൌണിപ്രധാനപ്രബലകുരുബലം
സർവ്വവും നിസ്സഹായം. 30

ഭീഷ്മൻ ദ്രോണൻ തദീയാത്മജനപി ച കൃപാ-
ചാര്യരാധാസുതന്മാ-
രിച്ചൊല്ലാർന്നഞ്ചു തേരാളികളഖിലധനു-
ർവ്വേദപാരംഗതന്മാർ
പ്രത്യേകം സർവ്വദേവാസുരവിജയികഠം തോ-
റ്റോട്ടമാറുള്ള വീര്യം
യുദ്ധേ കാണിച്ചു ധീരൻ സുതനരികിലിരി-
ക്കും നമുക്കെന്തസാദ്ധ്യം” 31

വിരാടനൃപനിത്തരം പലതരം കഥിക്കുംവിധൌ
ചിരിച്ചു യമനന്ദനൻ പരമതത്വമോതീടിനാൻ
“ഇതെന്തു തവ വിസ്മയം നരപതേ! പറഞ്ഞീലയോ
ബൃഹന്നളയൊടൊത്തവൻ വിജയിയാകുമെന്നിപ്പൊഠം
ഞാൻ” 32

ചെവിക്കു വിഷധാരയാം ശമനജൻെറ വാക്കീവിധം
ശ്രവിച്ചുടനെ ചൊല്ലിനാൻ കുപിതനായി മത്സ്യേശ്വരൻ
"നപുംസകസമാനനോ മമ സുതൻ മഹാദുർമ്മതേ!
ഹസിപ്പതിഉനന്നെടോ മതിമതി ദ്വിജന്മാധമ! 33

ക്ഷമിച്ചു തവ സഖ്യമോർത്തിഉ സമസ്തവും മേലിനി-
ക്കഥേിക്കരുതൊരിക്കലും പരിഹസിച്ചുകൊണ്ടിങ്ങിനെ
കഥിച്ചിടുകിലൊട്ടുമേ മമ വയസ്യനെന്നോക്കയി-
ല്ലുടൻ കഠിനശിക്ഷയിൽപ്പെട്ടമതോർത്തുകൊണ്ടീടണം". 34

വിരാടനുടെ രൌദ്രമാം വചനമിത്തരം കേട്ടുടൻ
പറഞ്ഞു ഗുണവാൻ മഹാമതികലൻ ധർമ്മാത്മജൻ
"അയേ! ബഹുയഥാർത്ഥമായതു പറഞ്ഞു ഞാനന്യഥാ
കഥിച്ചിടുകിലല്ലയോ വലിയ ഹാസമാകുന്നതും. 35

അഹോ! പരശുരാമമാമുനിയെ വെന്ന ഗംഗാസുതൻ
കൃപൻ സമരദുർജ്ജയൻ ഗുരുവരൻ ഭരദ്വാജജൻ
തഥൈവ ഗുരുനന്ദനൻ വിജയി കർണ്ണനിത്യാദികൾ
ബൃഹന്നളയൊഴിച്ചു മററൊരുവനോടു തോററീടുമോ. 36

സുരാസുരജയത്തിനും മതി രണത്തിലിത്യാദിയു-
ള്ളൊരാളവരെയൊക്കെയൊത്തിഹ ജയിക്കുമോ നിന്മകൻ
മദിച്ച കരിപങ്ക്തിതൻ കടമടിച്ചുടയ്ക്കും മഹാ
മൃഗാധിപരെ വെല്ലുവാനൊരുശശം കഴിഞ്ഞീടുമോ? 37

ബൃഹന്നളയെ നല്ലമട്ടറികയില്ല നൂനം ഭവാൻ
നപുംസകമിതെന്നുവെച്ചിവനെ ഹന്ത! നിന്ദിക്കൊലാ
യുധിഷ്ഠിരപുരേ പുരാ മരുവിടുമ്പോഴം ഞാൻ തത്വമായ്
ബൃഹന്നളയെ വീണ്ടറിഞ്ഞിടുമവൻ മഹാവിക്രമൻ. 38

അരിവ്രജസമൃദ്ധിനൽ പടയിലെത്രയുണ്ടത്രതാൻ
ബൃഹന്നളയിൽ വമ്പെഴും ബലസമൃദ്ധി ധാത്രീപതേ!
തരുവ്രജസമൃദ്ധിയുണ്ടഴകിലെത്രയങ്ങത്രതാൻ
ദവാനലസമൃദ്ധിയെന്നതിനു ഭേദമുണ്ടാകുമോ. 39

അഞ്ഞൂറാനകളെജ്ജവത്തൊടു ജയി-
ച്ചാൻ വീര്യമുണ്ടെടൻെറ തേ-

നീച്ചെക്കെന്നൊരുവൻ കഥിക്കിലതു കേ-
ട്ടേററം ചിരിക്കും ജനം
ഏവം മത്സുതനുണ്ട കൌരവബലം
സർവ്വം ജയിച്ചീട്ടവാൻ
കെല്പെന്നുള്ള ഭവാൻെറ വാക്യമിതയേ!
മാന്യക്ക ചേർന്നീട്ടമോ. 40

ഭീഷ്മദ്രോണകൃപാദികൌരവബലം
വെന്നിട്ടു നീ ഗോധനം
വീര്യത്താലിഹ കൊണ്ടുവന്നതു വിചാ-
രിച്ചാൽ മഹാ വിസ്മയം
എന്തെല്ലാം രണവാർത്തയെന്നഥ ഭവാൻ
നേരിട്ടു ചോദിക്കകിൽ
തൽക്കാലം ത്രപ പൂണ്ടനുത്തരതകൈ-
ക്കൊണ്ടാർത്തനാമുത്തരൻ". 41

ഇത്ഥം തത്വമുരച്ചിട്ടുന്ന യമപു-
ത്രൻതൻ മുഖാംഭോരുഹം-
തന്നിൽ തന്നുടെ കയ്യിലുള്ളൊരു മഹാ-
ക്ഷംതാനെറിഞ്ഞിട്ടുടൻ
"ന്യായക്കള്ള! ധരാസുരാധമ! ഭവാ-
നീശ്ശിക്ഷതാൻ വേണമി-
ന്നെന്നാലേ തവ നില്ലയുള്ള കട്ടവാ"-
ക്കെന്നോതി മത്സ്യേശ്വരൻ. 42

ഊക്കോടപ്രഹരം മുഖത്തിലതിയായ്
കൊണ്ടപ്പൊഴേ ശോണിതം
പാർത്ഥൻതന്നുടെ മൂക്കിൽനിന്നു സഹസാ
ചാടിത്തുടങ്ങീ തദാ
ധീരൻ സർവ്വസുധീശിഖാമണി ദയാ-
ശീലൻ പൃഥാസൂനുതൻ-
കയ്യിൽ ചോരയതാക്കി നോക്കീയുടനേ
സൈരന്ധ്രിതന്നാനനം 43

അപ്പോളുല്പലപത്രചാരുമിഴിയാം
    പാഞ്ചാലി ഭർത്താവുതൻ
ചിത്തം സർവ്വമറിഞ്ഞു മൂകവഴിയായ്
    ചാടീടുമാശ്ശോണിതം
എല്ലാനേരവുമംഗരാഗകലന-
    സ്ഥായ്ത്താൻ വഹിക്കുന്ന നൽ
പ്പൊൻകിണ്ണത്തിലശേഷവും ഭുവി പതി-
    ച്ചീടാതെയാക്കീടിനാൾ. 44

പിന്നെബ്ബൃഹന്നളയൊടൊത്തു വിരാടപുത്രൻ
പൌരസ്തവാർച്ചനകൾകൊണ്ടു തെളിഞ്ഞു മന്ദം
മത്സ്യാധിരാജനരുളും സഭതൻസമീപ-
ദ്വാരത്തിലെത്തി നൃപദർശനവാഞ്ഛയാലേ. 45

ദ്വാരസ്ഥനാം പുരുഷനാശു നൃപന്റെ മുമ്പിൽ
ചെന്നിട്ടു താണുതൊഴുതാദരവോടു ചൊന്നാൻ
"ഭൂമിഞ്ജയൻ തവ സുതൻ ഭവദീയ പാദം
കാണ്മാൻ ബൃഹന്നളയൊടൊത്തിഹ പാർത്തിടുന്നു". 46

"ഇങ്ങോട്ടയച്ചിടുക നീയവരെജ്ജവാൽ പോയ്-
ത്തദ്ദർശനത്തിനതികൌതുകമെന്മനസ്സിൽ"
എന്നുള്ള ഭൂപനുടെ കല്പന കേട്ടു പോക-
മാബ്ഭൃത്യനോടുടനെ കങ്കനുരച്ചു ഗൂഢം, 47

"ഇങ്ങോട്ടു മത്സ്യനൃപനന്ദനനെത്തനിച്ചേ
നൂനം ഭവാൻ ജവമൊടിപ്പോളയച്ചിടാവൂ
ഭൂമിഞ്ജയൻ ബത! ബൃഹന്നളയെക്കൂടെത്താൻ
ഭാവിക്കിലായതിനു സമ്മതമേകിടൊല്ലേ. 48

യുദ്ധത്തിലെന്നിയെ മദീയ വപുസ്സിലാരു
കാട്ടുന്നു രക്തമവനെക്കൊലചെയ്യുമപ്പോൾ

വീരൻ ബൃഹന്നള ദൃഢവ്രതമിപ്രകാര-
മീഷണ്ഡനുണ്ടതു ഭവാൻ കരുതീടവേണം. 49

ഇപ്പോഴാബൃഹന്നള കടന്നിവിടത്തിൽ വന്നാ-
ലീരാജ്യവും നൃപതിയും തരസാ നശിക്കും
പാർത്താലതിന്നു മറകൈ പുനരിന്നു തെല്ല
പാക്കാൻ ബൃഹന്നളയൊടോതുക നീതിയിൽതാൻ". 50

കങ്കന്റെ വാക്കനുസരിച്ചു ഗമിച്ചു ഭൃത്യൻ
ഭൂമിഞ്ജയൻ പുനരകത്തു കടന്നുവന്നു
നന്ദിച്ചു താതചരണങ്ങളാനമിച്ചു പിന്നെ-
ക്കങ്കന്റെ വക്ത്രമതുകണ്ടു വിറച്ചു ചൊന്നാൻ. 51

"മാന്യനാം പുരുഷനെ ദൃഢമിപ്രകാരം
താഡിച്ചതാരു നൃപപാപമിതാരു ചെയ്തു
സർവ്വസന്നാശമണവാനുടനാക്കു യോഗ-
മിക്കാര്യമോർത്തു ഹൃദയം മമ ഞെട്ടിടുന്നു". 52

ഭൂമിഞ്ജയൻ പരമസംഭ്രമമോടുകൂടി-
ട്ടേവം കഥിക്കമളവിൽ ക്ഷിതിപൻ പറഞ്ഞാൻ
"ഞാൻതന്നെയാണു ഖലനാമിവനെ പ്രകോപാൽ
താഡിച്ചതായതിനു കാരണവും കഥിക്കാം. 53

ഞാൻ തൽപ്രശംസ രസമോടിഹ ചെയ്ത നേരം
ഷണ്ഡപ്രശംസസമമായിവനത്ര ചെയ്താൻ
തക്കത്തരം പറയുമിഖലനീതികൊണ്ടാൽ
പോരെന്നു നമ്മുടെ മതം നയവാരിരാശേ!" 54

വല്ലാതബദ്ധമിതു ചൊല്ലിടുമച്ഛനോടു
ചൊന്നാൻ സുതൻ ഭയവിഷാദഭരാർത്തനായി
"കഷ്ടം! ഭവാൻ കിമപി കാര്യമറിഞ്ഞിടാതെ
ചെയ്താനഹോ! വലിയ ദുഷ്കൃതമായ കർമ്മം. 55

മുന്നിൽ ഭവാന്റെ ബ്രഹ്മ സാഹസമായ കൎമ്മം
പിന്നെത്തതിൽ പരമസാഹസമായ വാക്യം
ശീഘ്രപ്രണാശകരമിത്തവ ദുശ്ചരിത്രം
ചൊല്ലാവതല്ല കുരുവിൽകുരുവെന്നപോലെ. 56

ബ്രഹ്മപ്രചണ്ഡവിഷവീൎയ്യമുടൻ ഭവാന്റെ
നിൎമ്മൂലനാശമിഹ ചെയ്യുമറിഞ്ഞുകൊൾക
വൈകാതിനിപ്പരമഭക്തികലൎന്നു കൂപ്പി-
ക്കേപ്രസാദമുളവാക്കുക രാജമൌലേ!” 57

ഉദ്ദണ്ഡമാം കുരുബലം സകലം ജയിച്ച
പുത്രന്റെ വാക്യമിതു കേട്ടുടനേ വിരാടൻ
കങ്കന്റെ കാൽത്തളിരിൽ വീണു “മമാപരാധ-
മെല്ലാം ക്ഷമിക്കുക സഖേ! പര”മെന്നു ചൊന്നാൻ. 58

തൻതാപമാസകലമുള്ളിലറിഞ്ഞിടുന്ന
പുത്രൻ പറഞ്ഞ മൊഴി കേട്ടുടനേ വിരാടൻ
മെല്ലെ ക്ഷമാപനനമസ്കൃതി ചെയ്തനേരം
ധൎമ്മാത്മകൻ സപദി ധൎമ്മസുതൻ പറഞ്ഞാൻ. 59

“വന്നില്ലനിക്കരിശമിത്തവ താഡനത്താൽ
തെല്ലും ക്ഷമസ്വ പുനരെന്തവകാശമിപ്പോൾ
നിത്യം ഭവാന്റെ പരമാം ഹിതമൊന്നുതന്നെ
ഞാൻ പാൎത്തുപാൎത്തിഹ വിരാട! വസിച്ചിടുന്നു. 60

എൻ ചോര ഭൂമിയിലൊരിററു പതിച്ചുവെന്നാൽ
നിൎമ്മൂലനാശമുടനേ തവ വന്നുകൂടും
രക്തം നിലത്തു മമ കിഞ്ചന വീണിടാതെ
സൂക്ഷിച്ചു ഞാൻ തവ വിപത്തു വരാതിരിപ്പാൻ. 61

ആവശ്യമുള്ള സമയേ പരമാദരിക്കും
ആവശ്യമററസമയേ ദൃഢമാദരിക്കാ

ഭക്ത്യാ ഭജിപ്പവരെയും പ്രഭുവായലോകം
വേശ്യാജനോപമമഹോ! ലഘുലജ്ജയെന്യേ. 62

തങ്കൽ പെരുത്ത ബഹുമാനമണഞ്ഞിടാത്ത
മൎത്ത്യന്നു ദോഷമഖിലം ഗുണമൊന്നുമില്ല
നേരെമറിച്ചു ബഹുമാനമെഴുന്നവൎക്കെ-
ന്നേവം പ്രഭുക്കളുടെ ദൈവകൃതം സ്വഭാവം. 63

ധാത്രീപതേ! പ്രഭുതയാകിയ രാജ്ഞിതന്റെ
ഭൎത്താവു വന്മദമസൂയ വയസ്യയല്ലോ
ഭൃതങ്ങളിൽ കരുണ വൈരിണി സാഹസങ്ങ-
ളന്തം വെടിഞ്ഞു വിലസീടിന നന്ദനന്മാർ. 64

ധൈൎയ്യം തുടങ്ങിയ മഹാഗുണമൊക്കെയുള്ള
ലോകത്തെയും ഝടിതിതന്റെ വശത്തിലാക്കാൻ
സൌന്ദൎയ്യസാരമൊഴുകും മദിരാക്ഷിയെക്കാൾ
കൂട്ടം തുലോം പടുതയീപ്രഭുതക്കു നൂനം. 65

ക്ഷുത്തൃഡ്വ്യഥാദികൾ വളൎന്ന മഹാജനങ്ങൾ
പാരം കൊതിച്ചു ബത! പാൎത്തുഴലും ദ്രായാം
നമ്മാദികൾക്കു നിജഭൂരിധനം മുടിപ്പാൻ
സന്ദേഹമീപ്രഭുജനത്തിനു ലേശമില്ല. 66

അത്യല്പമാത്രവിഷയാനുഭവാൎത്ഥിലോകേ
ചേക്കം പ്രഭുക്കളിലഹോ! വിധി സൎവ്വശക്തൻ
ഘോരാതിമാത്രവിഷയാനുഭവാൎത്തി ചേൎത്തു-
കാണിക്കുമൎത്ഥമിവർ കണ്ടറിയില്ലതെല്ലും. 67

ഏവം വിപത്തണകിലായതുമന്നുകാണാ-
തേററം മദിച്ചു മരുവും പ്രഭുതന്നെ നൂനം
ആപത്തു വന്നതറിയുന്ന ദരിദ്രനേക്കാൾ
ശോച്യൻ വിവേകമിയലുന്ന ജനത്തിനെല്ലാം". 68

ധൎമ്മാത്മജന്റെ രുധിരസ്രുതിനിന്ന ശേഷം
പിന്നെ ബൃഹന്നളയകത്തു കടന്നുവന്നു
ചെയ്താൻ യഥാവിധി വിരാടനുപോപചാരം
കങ്കോപചാരവിധിയും പുനരാചരിച്ചാൻ. 69

അത്യന്തഹൎഷപരമാത്ഭുതമഗ്നനായ
മത്സ്യേശ്വരൻ തദനു തത്ര സഭാന്തരാളേ
പുത്രപ്രശംസകൾതുടങ്ങി കിരീടി പാൎത്ഥൻ
സൎവ്വം ശ്രവിച്ചു സവിധേ മരുവും ദശായാം. 70

"ഞാനിപ്പോൾ പുത്രവാനായ്ക്കുരുബലമഖിലം
ലീലയാ യുദ്ധമദ്ധ്യേ
നീതാനേ വെന്ന മൂലം സകലഭുജഭവാം-
ശ്രേഷ്ഠവംശാവതംസ!
ഉണ്ടായിട്ടില്ലൊരാൾക്കും ഖലു ജഗതി ഭവാ-
ത്തുല്യനായുള്ള പുത്രൻ
കൈകേയീപ്രേമരാശേ! ദൃഢമൊരുവനുമു-
ണ്ടാകയും കൂടിയില്ല. 71

ഓരോരോ ലാക്കു നോക്കീട്ടൊരു ഞൊടിയിടയിൽ
പത്തുനൂറമ്പു വിട്ടാ-
ലൊന്നും തെററാത്ത വീരൻ ക്ഷിതിതലമഖിലം
വെന്നവൻ യാതൊരുത്തൻ
ദിവ്യാസ്ത്രത്തിന്റെ മൎമ്മം സകലമറിയുമാ-
ക്കണ്ണനും നീയുമായി-
ട്ടുണ്ടായാക്രൂരയുദ്ധപ്രതിഭയചരിതം
സാദരം ചൊല്ക സൎവ്വം. 72

കോപാൽ മുവ്വേഴുവട്ടം ക്ഷിതിതലമിതു നി-
ക്ഷത്രമാക്കി പ്രതാപ-
ത്തിയ്യാളിച്ചുജ്വലിക്കും മുനിവരനെ രണേ
യാതൊരുത്തൻ ജയിച്ചാൻ

യുദ്ധേ ദേവാസുരക്കും ഭയഭരമധികം
ചേക്കമാബ് ഭീഷ്മർതാനും
നീയും പോർ ചെയ്ത രൌദ്രാത്ഭുതമയചരിതം
വിസ്തരിച്ചോതിടേണം. 73

സാക്ഷാൽ ഗാണ്ഡീവധന്വപ്രഭൃതി സകലസൽ-
ക്ഷത്രിയാചാര്യവര്യൻ
നാനാവിദ്യാവിലാസാൽ സുരഗുരുഭഗവ-
ത്സന്നിഭൻ യാതൊരുത്തൻ
വിണ്ണിൽപെണ്ണുങ്ങളും പാടും പല പുകളെഴുമാ-
ദ്രോണനും നീയുമായി
ചെയ്തിട്ടുള്ളുഗ്രയുദ്ധം മുഴുവനുമുരചെ-
യ്യേണമെന്നോടിദാനീം. 74

നാനാശസ്ത്രാസ്ത്രവിദ്യാപ്രകടനസമയേ
സൂക്ഷ്മതത്വം നിനച്ചാ-
ലശ്വത്ഥാമാവുമാഖണ്ഡലതനയനുമാ-
യില്ലശേഷം വിശേഷം
എന്നേവം വീരർ വാഴ്ത്തും ഗുരുവരസുതനും
നീയുമായ് ചെയ്ത യുദ്ധം
ചൊല്ലേണം വിസ്തരിച്ചെന്നോടിതു വിവരമാ-
യ്ക്കേൾക്കുവാൻ കൌതുകം മേ. 75

പെരിയ മാററലർതന്നണിയായിടും
പുതിയ കാർനിരയൊക്കെയൊഴിക്കുവാൻ
കൊടിയ കാററു കൃപൻ പടതന്നിൽ നി-
ന്നൊട്ടു മടങ്ങിയതെങ്ങിനെ ചൊല്ലണം. 76

കുരുടനാമരശന്റെ മകൻ പെരു-
കടലിനോടെതിരാം പടയുള്ളവൻ
പെരിയ തമ്പികളൊത്തടരിന്നു വ-
ന്നുടനെ തോററതുമെന്നോടു ചൊല്ലണം. 77

പടയിൽ നിന്റെ പെരുഞ്ചരമാരികൊ-
ണ്ടുടൽ മുറിഞ്ഞവർ ചോരചൊരിഞ്ഞുടൻ
ഉയിർ കൊതിച്ചു കുതിച്ചു തിരിച്ചു പോ-
യെവിടെയിന്നു പതുങ്ങിയിരിപ്പതും. 78

വൃകം വിഴുങ്ങിന നമ്മുടെ പൈക്കളെ-
ക്കവരുവാൻ കൊതിയുള്ളിൽ വളൎന്നുടൻ
കുരുടനാമരചന്റെ മകൻ പട-
ക്കിവിടെ വന്നതിനിങ്ങിനെ പററണം” 79

പലതുമിങ്ങിനെ ചൊല്ലിടുമച്ഛനോ-
ടുടനുരച്ചു മകൻ മടിയെന്നിയേ
“പടനടന്നതുരയ്ക്കുവനൊക്കെയും
തെളിവൊടായതു കേൾക്കുക മന്നവ! 80

ഞാനല്ല കൌരവബലങ്ങളെ വെന്നതും ഗോ-
വൃന്ദം തിരിച്ചിഹ വരുത്തിയതും മഹാത്മൻ!
വമ്പേറുമാനകളെവെന്നവർ കൊമ്പിലേന്തു-
മശ്വത്ഥമെങ്ങിനെയൊരാടു വശത്തിലാക്കും? 81

ഞാൻ വൻകടല്ക്കു സമമാം കുരുരാജസൈന്യം
കണ്ടാൎത്തനായ്ത്തുട വിറച്ചു പരുങ്ങിയപ്പോൾ
ആവിർഭവിച്ചു ബലവാനൊരു ദേവപുത്ര-
നദ്ദേഹമാണടരിലിക്രിയ ചെയ്തതെല്ലാം. 82

അദ്ദേവപുത്രനഥ വജ്രസമാനഗാത്രൻ
സാന്ത്വങ്ങളാൽ മമ ഭയം സകലം കളഞ്ഞു
തേൎത്തട്ടിൽനിന്നു ശരമാരികൾ കൊണ്ടു നേൎത്ത-
ദ്ദുൎയ്യോധനന്റെ പടയിൽ പല കേടു ചേൎത്തു. 83

കാൽ കൈ കഴുത്തിവകളററു നരാശ്വദന്തി-
സംഘങ്ങൾ സംഖ്യകലരാതവിടെപ്പതിച്ചു

ഭീഷ്മാദിവീരവരർ കണ്ടമരും ദശായാം
ഘോരാത്തനാദമൊടുടൻ കുരുസൈന്യമോടി. 84

ഭീഷ്മൻ കൃപൻ ഗുരുസുതൻഗുരു കർണ്ണനെന്നീ-
യഞ്ചായ സർവ്വരഥയൂഥപയൂഥപന്മാർ
അദ്ദേവനന്ദനഭയാലകലത്തു പോയാർ
വേഗാൽ മൃഗാധിപഭയാൽ ദ്വിരദങ്ങൾപോലെ. 85

ദുര്യോധനൻ പടയിലാസ്സുരസൂനുതന്റെ
തീക്ഷ്ണങ്ങളായ വിശിഖങ്ങൾ തറക്കുമൂലം
പാരം മുറിഞ്ഞു ബത! ചോര ചൊരിഞ്ഞു പൃഷ്ഠം
കാണിച്ചു തമ്പികളൊടൊത്തകലത്തു മണ്ടി. 86

ഏവം കുരുപ്രകരമാശു ജയിച്ചു യുഷ്മൽ
ഗോസഞ്ചയത്തെയവനീന്ദ്ര തിരിച്ചുയച്ചു
വസ്ത്രാപഹാരമഥ ചെയ്തു സുയോധനന്റെ
കണ്ഠസ്ഥലിക്കു പകരം മുകുടം മുറിച്ചാൻ. 87

ആദ്ദിവ്യനാകിയ പുമാൻ പുനരങ്ങുചെയ്ത
നാനാത്ഭുതങ്ങൾ മുഴുവൻ പറയാൻ പ്രയാസം"
എന്നീവിധം പറയുമാത്മജനോടു ചൊന്നാൻ
മത്സ്യാവനീപതി തദാ പരിശുദ്ധചിത്തൻ. 88

"എങ്ങോട്ടു പോയ്മഹിതനാമവനെന്റെ പുത്ര!
ഗോരക്ഷണം കനിവു പൂണ്ടിഹ ചെയ്ത വീരൻ
ആദ്ദിവ്യനാം പുരുഷനെത്തെളിവോടെനിക്കു
കണ്ടീടുവാൻ മനസി കൌതുകമേറിടുന്നു. 89

അസ്മദ്വിരോധികളെ വെന്നൊഴമമ്മഹാനെ-
പ്പൂജിക്കണം പരമെനിക്കതിഭക്തിയോടെ"
ഏവം കൃതജ്ഞതകലർന്നു പറഞ്ഞിടുന്ന
തന്നച്ഛനോടു പുനരുത്തരമിത്ഥമോതി. 90

"ആദ്ദേവപുത്രനിഹ രണ്ടു ദിനങ്ങൾ പോയാ-
ലാവിർഭവിക്കുമവനീന്ദ്ര! ധരിച്ചുകൊൾക"
ഏവം സുതന്റെ മൊഴി കേട്ടു തെളിഞ്ഞു മത്സ്യൻ
മാനിച്ചു പാരമവരെപ്പുനരങ്ങയച്ചു. 91

തെളിഞ്ഞുകൊണ്ടുത്തരനിത്രയൊക്കെ-
ത്തത്വം പറഞ്ഞിട്ടുമഹോ! വിരാടൻ
ഏതും ധരിച്ചില്ലുരുമായകൊണ്ടു
മറഞ്ഞു വാഴുന്ന കിരീടിതന്നെ. 92

കുരുക്കളെപ്പോർത്തലയിൽ ജയിച്ചു
ഹരിച്ച ദിവ്യാംശുകജാലമെല്ലാം
പിന്നെ പൃഥാനന്ദനനുത്തരയ്ക്കു
കൊടുത്തു കൌതൂഹലമോടു കൂടി. 93

ആദിവ്യവസ്ത്രങ്ങളിലുള്ള ഭംഗി-
യെല്ലാം സഖീമണ്ഡലമോടുകൂടി
തെളിഞ്ഞു കണ്ടിട്ടഹ വിസ്മയിച്ചു
സന്തുഷ്ടമായ്മത്സ്യമഹീന്ദ്രപുത്രി. 94

നൂൽ, നെയ്ത്തു, വർണ്ണം, കര, വീതി, നീള-
മെന്നുള്ളവയ്ക്കാകെയനേകകുററം
ചൊല്ലീടുമാകന്യകളാപ്പടങ്ങൾ
നന്നെന്നു പാരം തെളിവോടെടുത്തു. 95

അവർക്കു പണ്ടാരുചിരാംബരങ്ങൾ
കേട്ടപ്പൊളുണ്ടായ രസം വിചിത്രം!
കണ്ടപ്പൊളുണ്ടായ മഹാരസത്താൽ
നശിച്ചു തൊട്ടപ്പൊളതും നശിച്ചു. 96

അപ്പട്ടണത്തിൽ ധരണീന്ദ്രപത്നീ-
യോഗ്യങ്ങളായുള്ള മഹാംബരങ്ങൾ

ആദ്ദിവ്യവസ്ത്രങ്ങളണഞ്ഞ ഗോരം
ദ്രമിച്ച കോഞ്ഞാട്ടകൾ പോലെയായി. 97

ഈപ്പട്ടുടുപ്പാനിവിടത്തിലാക്കും
നൈപുണ്യ മില്ലാർഹതയില്ല നൂനം
എന്നോർത്തു പെണ്ണുങ്ങൾ ചുളിഞ്ഞു പിന്നെ-
സ്സൈരന്ധ്രിയെപ്പാർത്തു ശിരസ്സിളക്കി. 98

പാഞ്ചാലിയപ്പോൾ പരമാത്ഭുതശ്രീ
വിളങ്ങുമാപ്പട്ടുകൾ കാൺകമൂലം
ശ്രീവാസുദേവന്റെ കൃപാവിലാസ-
മോർത്തോർത്തു കണ്ണീരു ചൊരിഞ്ഞു ഭക്ത്യാ. 99

ഇമ്മട്ടന്തഃപുരത്തിൽ പരമരസമുദി-
പ്പിച്ചു വസ്ത്രങ്ങൾ നല്കി
പിന്നെഭ്രമിഞ്ജയൻതന്നോടു സമുചിതമാ-
യുള്ള മേൽക്കാര്യമെല്ലാം
അന്യൻ കേൾക്കാതെ ചൊല്ലിശ്ശമനപവനനാ-
സത്യസൂനുക്കളോടൊ-
ത്താലോചിച്ചാത്മകൃത്യം സുരപതിതനയൻ
നിശ്ചയിച്ചാൻ നിഗൂഢം. 100

പാണ്ഡവോദയം കാവ്യത്തിൽ ഇരുപത്തൊന്നാം
സർഗ്ഗം കഴിഞ്ഞു.

# ഇരുപത്തിരണ്ടാം സർഗ്ഗം.

തോഷം കലൎന്നഥ നിശായുഗളം കഴിഞ്ഞ
ശേഷം കൃതാൎത്ഥതമരാകിയ പാണ്ഡവന്മാർ
ദോഷം വിനാ നൃപതിതൻസഭതന്നിലാത്മ-
വേഷം ധരിച്ചു തെളിവോടു കടന്നു ചെന്നു. 1

ആപാദചൂഡമതിശോഭനഭൂഷണങ്ങൾ
ചാപാസിബാണമിവയൊക്കെ വഹിക്കയാലേ
രൂപാതിശോഭ വിലസീടിന പാണ്ഡവന്മാർ
ഭൂപാസനങ്ങളിലിരുന്നു വിളങ്ങി പാരം. 2

ഭദ്രാതിരേകമഥ സൎവ്വജനത്തിനേകാൻ
മുദ്രാദിയൊത്തു സഭതന്നിലണഞ്ഞു മത്സ്യൻ
മദ്രാസനങ്ങളിലിരുന്നരുളുന്ന കുന്തീ-
മദ്രാധിരാജതനയാസുതരോടു ചൊന്നാൻ. 3

"നേരായശേഷമുരചെയ്യണമെന്റെ ഭൃത്യ-
ന്മാരായ നിങ്ങളധുനാ നൃവരാസനത്തിൽ
പാരാതെ കേറി മരുവുന്നതിനെന്തുമൂലം
ചേരാതെയുള്ള ചപലക്രിയ ചെയ്തിടൊല്ലേ". 4

വൃദ്ധത്വമേറിയ വിരാടനിവണ്ണമുഗ്രാ-
ബദ്ധത്വമോടു സഭയിൽ പറയും ദശായാം
വൃദ്ധശ്രവസ്സിനുടെ നന്ദനനായ പാൎത്ഥൻ
ശുദ്ധസ്വഭാവമെഴുമായവനോടു ചൊന്നാൻ. 5

"സിദ്ധാമരേന്ദ്രഗണമൊത്തു സുധൎമ്മതന്നിൽ
ബദ്ധാഭിമാനമരുളുന്ന സുരേശ്വരന്റെ
അൎദ്ധാസനത്തിലമരാൻ ബഹു യോഗ്യനാണീ-
സ്സ്പൎദ്ധാദിദോഷമണയാത്ത മഹാനുഭാവൻ. 6

ഈ ലോകമാന്ന്യഗുണമുള്ള പുമാൻ നിതാന്ത-
മാലോചനാദിഗുണമേറിയ ധൎമ്മപുത്രൻ
കാലോചിതം സകലഭൂപരുമീമഹാന്ത-
ന്നാലോകനത്തിനു കൊതിച്ചു വസിച്ചു മുന്നം. 7

മായംവെടിഞ്ഞഖിലദിക്കു ജയിച്ചു രാജ-
സൂയം കഴിച്ചതറികീപ്പുരുഷേന്ദ്രനല്ലോ
സ്വായംഭുവാഖ്യമനുപോലെ സമസ്തധൎമ്മം
ന്യായം കലൎന്നറിയുമീനൃപ ഭവദീയ സഭ്യൻ. 8

ശ്രീവാസുദേവഭഗവാന്റെ പദാരവിന്ദ-
സേവാതി കാമമെഴുമീനൃവരന്നു നിത്യം
ദേവാസുരാദിജയവും സുഖസാദ്ധ്യമല്ലോ
ഭാവാനുകൂലമഖിലേപ്സിതവും കരസ്ഥം. 9

ശങ്കാവിഹീനമഖിലക്ഷിതിപാലലോകാ-
ലങ്കാരമായ്വിലസുമീ മഹിതാനുഭാവൻ
തങ്കാൎയ്യമാം ശംഠരക്ഷണമാചരിപ്പാൻ
കങ്കാഖ്യപൂണ്ടിവിടെ വാണു തവാന്തികത്തിൽ. 10

ഭൂമണ്ഡലേശ! ശൃണു വല്ലവനെന്നിവണ്ണം
നാമംകലൎന്നു തവ പാചകവേഷമോടെ
കാമം മറഞ്ഞിഹ വസിച്ചവനീ മഹാത്മാ
ഭീമൻ പ്രചണ്ഡബലനെന്നു ധരിച്ചുകൊൾക. 11

അഞ്ചാതെ വീൎയ്യമെഴുമിപ്പുരുഷൻ തമിസ്ര-
സഞ്ചാരിയക്ഷനിവഹത്തെ ഹനിച്ചു മുന്നം
പഞ്ചാസ്യവീൎയ്യകരമാകിന ദിവ്യപുഷ്പം
പാഞ്ചാലരാജതനയയ്ക്കു കൊടുത്തു മോദാൽ. 12

ചന്തം കലൎന്ന ബഹുദുഷ്ടനിശാചരന്മാ-
ൎക്കന്തം വരുത്തിയതിവൻ ഭുജവീൎയ്യശാലീ

ഗന്ധദ്വിപപ്രതിമകീചകകാലനായ
ഗന്ധർവ്വനിപ്പുരുഷനെന്നു ധരിക്ക രാജൻ! 13

ആപാദചൂഡമതിസുന്ദരനശ്വരക്ഷാ-
വ്യാപാരകാരി നകുലൻ സുകുമാരവേഷൻ
ഭൂപാലമൌലിമണിയായ്വിലസും ഭവാന്റെ
ഗോപാലനാണു സഹദേവനറിഞ്ഞുകൊൾക. 14

രാജാധിരാജനിവഹത്തിനുമെന്നുമേററം
പൂജാർഹരായിട്ടുമിവർക്കിവിടത്തിലിപ്പോൾ
രാജാസനത്തിലമരാൻ ബത! യോഗ്യഭാവം
ഭോ! ജാതബോധമുരചെയ്യുക നാസ്തിയെന്നോ". 15

വാദിച്ചിടാതവനുരച്ച യഥാർത്ഥവാക്യാ-
സ്വാദിച്ചു വിസ്മയരസത്തൊടു സമ്മതിച്ചു
മോദിച്ചുടൻ "വിജയനിന്നെവിടത്തി" ലെന്നു
ചോദിച്ചു ഭൂരികുതുകേന വിരാടഭൂപൻ. 16

സ്വൈരം സ്വതാതനുടെ വാക്കിതു തത്ര കേട്ട
നേരം പറഞ്ഞു പുനരുത്തരനുത്തരത്തെ
"സാരം ധരിക്കുക ബൃഹന്നളയാമിവൻതാൻ
പാരം പ്രതാപമിയലും വിജയൻ മഹീന്ദ്ര! 17

ചേണാർന്ന വീര്യമെഴുമീപ്പുരുഷപ്രവീര-
നാണാശു കൌരവബലം സകലം രണത്തിൽ
ബാണാഭിവർഷകലകൊണ്ടു ജയിച്ചു യുഷ്മൽ
ത്രാണാദി ചെയ്തതവനീന്ദ്ര! ധരിച്ചിടേണം. 18

ക്രൂരോത്തമാര പതിവില്ലിവനാ രണത്തിൽ
വീരോടയച്ചോരു ശിലീമുഖവിക്രമത്താൽ
കാറോടിടഞ്ഞലറിടും ഗജപങ്ക്തിതന്നിൽ
നൂറോളമാനകൾ തുളഞ്ഞു തുളഞ്ഞു വീണു. 19

രോഷാരുണാക്ഷിയെഴുമീ നരപുംഗവൻ ജ്യാ-
ഘോഷാതിരേകമൊടു വിട്ട ശരങ്ങൾമൂലം
ഭൂഷാവിചിത്രരിപുസഞ്ചയശീർഷവർഷം
പാഷാണവർഷസമമായുളവായിവന്നു. 20

രൂപിത്വമുള്ളവയൊഴിഞ്ഞൊരു വസ്തുതന്നിൽ
പ്രാപിച്ചിടാ മിഴികളെന്നതുപോലെതന്നെ
പ്രാപിച്ചിടാ കിമപി ലക്ഷ്യത വിട്ടതിങ്കൽ
കോപിച്ചിവൻ ചൊരിയുമുഗ്രശിലീമുഖങ്ങൾ. 21

ഊനത്വമെന്നിയെ സദാപി സുയോധനന്നു
മാനത്തെ നൽകുമരികർണ്ണനവൻ കണക്കെ
ദീനത്വമാർന്നു മമ കർണ്ണമിവന്റെ ശംഖ-
സ്വാനത്തിനാലഫലഭാവവുമാശു പൂണ്ടു. 22

ക്ഷീണാതിരേകമൊടു തത്ര മറഞ്ഞു ഭീഷ്മ-
ദ്രോണാദിശക്തികളിവന്റെ മഹാപ്രതാപാൽ
ഏണാങ്കവഹ്നികിരണങ്ങൾ കൃതാന്തമാതൃ-
പ്രാണാധിപപ്രഭകളാൽ മറയുന്ന പോലെ. 23

തൂണങ്ങളക്ഷയശരങ്ങളിവന്നു ലോക-
പ്രാണന്റെസൂനു ശുഭമാകിയ കേതുചിഹ്നം
ബാണം വിടാൻ മഹിതഗാണ്ഡിവമഗ്നിദത്ത-
മാണത്ഭുതം രഥമശേഷമതീവ ദിവ്യം. 24

കൊണ്ടാടി മോദമൊടിവന്റെ രഥത്തിൽ വാഴാ-
മുണ്ടാകയില്ല ഭയമല്പവുമാഹവത്തിൽ
തണ്ടാർന്നു ശത്രുഗണശസ്ത്രമുടൻ സ്വശസ്ത്രം-
കൊണ്ടാശു ദുർജ്ജയനിവൻ ശകലീകരിക്കും. 25

വില്ലാളികൾക്കണിയുവാനഴകുള്ള വൈര-
ക്കല്ലാമിവന്നു കലരുന്ന മഹാഗുണങ്ങൾ

എല്ലാം വെടുപ്പിലുരചെയ്യണമെന്നു വെച്ചാ-
ലില്ലാ മിടുക്കതിനു പന്നഗനായകന്നും. 26

സൈരന്ധ്രം ധരിച്ചിടുക കീചകകാളരാത്രി
സൈരന്ധ്രീതാൻ ദ്രുപദഭൂവലയേന്ദ്രപുത്രി
സാരം കലന്ന സമയം നിറവേററുവാനായ്
പാരം മറഞ്ഞിവർ വസിച്ചു ഭവൽപുരത്തിൽ". 27

സത്യേകമീസ്സുതവചസ്സുകൾ മത്സ്യഭൂമീ-
ഭൃത്തേറെ മോദമൊടു കേട്ടു നിജപ്രമാദം
ചിത്തേ ധരിച്ചു പെരുതാമനുതാപഭാര-
മൊത്തേവമോതി പരമാദരവോടുകൂടി. 28

"ചൊല്ലാന്ന പാണ്ഡുസുതപഞ്ചകമോത്തുകണ്ടാൽ
നല്ലാഭയുള്ള സുരപാദപപഞ്ചകം താൻ
ഉല്ലാസമോടതു ലഭിക്കിലുമീ നമുക്കൊ-
ട്ടില്ലാതെയായി ഫലമെന്നുടെതന്നെ ദോഷാൽ. 29

ഞാനിത്രനാളുമിഹ പാണ്ഡവരെ ഭ്രമത്താൽ
മാനിച്ചിടാതെ നിവസിച്ചതു കഷ്ടമായി!
ഹാ! നിശ്ചയം മഹദമാനനജാതപാപം
ഹാനിക്കെനിക്കിടവരുത്തുമിനി ക്രമത്താൽ. 30

പോരിൽ ത്രിഗത്തനതിവീര്യമൊടെന്നെ വെന്നു
തേരിൽക്കരേററിയുടനെ നടകൊണ്ടിടുമ്പോൾ
പാരിച്ച ശൌയ്യമൊടു ഭീമനെതിത്തു ഹഷം
പൂരിച്ചു കാത്തതു നിനക്കിൽ മറക്കവയ്യാ. 31

ധർമ്മാദികൾക്കനനുകൂലതയോടുടൻ ഞാൻ
ധർമ്മാത്മജന്നഹിതമേററവുമാചരിച്ചേൻ
ശർമ്മാത്ഥമെന്തിവിടെ ഞാൻ ശിവ! ചെയ്തിടേണ്ടു
നിർമ്മായഭക്തിയുടനെങ്ങിനെ കാട്ടിടേണ്ടൂ. 32

അല്ലേ യുധിഷ്ഠിര! ഗുണാംബുനിധേ! ശിരസ്സിൽ
സല്ലേഖയററ മമ ദുശ്ചരിതങ്ങൾമൂലം
ചൊല്ലേറിടും ക്ഷമകലൎന്ന ഭവാൻ വിചാരി-
ക്കല്ലേ വിഭോ! പരിഭവം കടുകോളമുള്ളിൽ. 33

രാജ്യം സമസ്തധനസഞ്ചയമോടുകൂടി-
പ്പൂജ്യത്വമേറിയ ഭവാനിത നൽകിടുന്നേൻ
പ്രാജ്യപ്രഭാവഗുണമുള്ള ഭവാനിദാനീം
ത്യാജ്യൻ വിരാടനിവനെന്നു നിനച്ചിടൊല്ലേ. 34

കേട്ടിടണം മമ വചസ്സിതു സവ്യസാചി
വേട്ടീടണം ത്വരിതമുത്തരയെ പ്രമോദാൽ
കിട്ടീടണം പരമെനിക്കു ഭവാന്റെ ചാൎച്ച
ഞെട്ടീടുമെങ്കിലിതു കേട്ടു വിരോധിവൎഗ്ഗം. 35

പ്രേമം കലൎന്ന പലതിങ്ങിനെ മത്സ്യനോതും
സാമങ്ങൾ കേട്ടു സഹസാ വിജയന്റെ നേരെ
ഭീമന്റെ പൂൎവ്വഭവനാകിയ ധൎമ്മപുത്രൻ
ശ്രീമഞ്ജുഹാസമൊടു നോക്കി വിവേകശാലി 36

സ്സ്മിതാദരേണ നിജപൂൎവ്വഭവന്റെ നേത്ര-
പാതാജ്ഞയിങ്ങിനെ ലഭിച്ചഥ സവ്യസാചി
ജാതാതിഹൎഷമൊടു സഭ്യജനങ്ങൾ കേൾക്കെ
വീതാശുഭം സ്വസുമതം വിനയേന ചൊന്നാൻ. 37

“നൃത്താദിവിദ്യകളിൽ നിന്നുടെ പുത്രി തന്റെ
സത്തായിടും ഗുരുവഹം സഹവാസി നിത്യം
ചിത്താതിശുദ്ധിഗുണമേകുകകൊണ്ടവൾക്കു
നൽത്താതനോടു സദൃശൻ ധരണീപതേ! ഞാൻ. 38

വമ്പുള്ള സൽപുരുഷർതങ്ങടെ മൌലിരത്ന-
മെൻപുത്രനാകുമഭിമന്യു മഹാപ്രഭാവൻ

നിന്തൃത്തിതന്നുചിതനാം പതി വാദമില്ല
മുമ്പുള്ള ധൎമ്മവഴിതൻ പരമാൎത്ഥമോൎത്താൽ". 39

ഏവം കിരീടിയുടെ സാധുവചസ്സു കേട്ടു
ഭാവം തെളിഞ്ഞഥ പറഞ്ഞു വിരാടഭൂപൻ
"ദൈവം തുണച്ചിട്ടമെനിക്കിതുകൊണ്ടമിഷ്ടം
കൈവന്നിടും സകലമിങ്ങിനെതന്നെയാട്ടെ". 40

എന്നാദരാലവർകൾ തമ്മിലുരച്ചു പിന്നെ
നന്നായ്വിവാഹസമയം സരസം കഴിച്ചു
അന്നാവിരാടനൃപതിക്കതുകൊണ്ടു ചിത്തേ
വന്നാശു ചീൎത്ത കുതുകം പറയാവതല്ല. 41

ചിത്രപ്രഭാവനിധിയായ്വിലസുന്ന ധൎമ്മ-
പുത്രന്റെ വാക്കനുസരിച്ചു വിരാടഭൂപൻ
മിത്ര വ്രജത്തോടവർതങ്ങടെ വൃത്തമോതാൻ
തത്ര പ്രമോദമൊടു ദൂതഗണത്തെ വിട്ടാൻ. 42

പുരുഷോത്തമനാം യദുസൽപതിതൻ
തിരുവുൾത്തളിരിൽ പുനരച്ചരിതം
ഗുരുമോദമൊടേററണമെന്നതിനാ-
യൊരു ദൂതനെ വേറെയയച്ചു നൃപൻ. 43

വിപത്തെല്ലാം തീൎന്നുള്ളവരുടെ സമീപത്തിലണയും
സ്വപക്ഷക്കാരപ്പോൾ വരുമിഹ തിരക്കെന്നു കരുതി
നൃപശ്രേഷ്ഠൻ മത്സ്യൻ സപദി സരസം പാണ്ഡുസുതരൊ-
ത്തുപപ്ലാവ്യാഭിഖ്യം സ്വനഗരമണഞ്ഞാനഥ തദാ. 44

ബീഭത്സുതന്നുടയ ദൂതവചസ്സു കേട്ടു
ബീഭത്സമാം വിരഹവേഷമൊഴിച്ചു സൎവ്വം
ശോഭയ്ക്കു ചേൎന്നപടി മണ്ഡിതദേഹയായി-
സ്സൌഭദ്രനൊത്തവിടെ വന്നു സുഭദ്ര മോദാൽ. 45

ഊനം വെടിഞ്ഞു സമയം സകലം കഴിഞ്ഞി-
ട്ടാനന്ദമാൎന്നു യമജാദികളെന്ന വൃത്തം
മാനം കലൎന്നുടനറിഞ്ഞവിടത്തിലിന്ദ്ര-
സേനൻ തുടങ്ങിയവർ തേരുകളം കൊണ്ടുവന്നാർ 46

പാകാന്തകപ്രതിമനായ യുധിഷ്ഠിരൻെറ
ശോകാവസാനമുളവായതു കേട്ടു മോദാൽ
വൈകാതെ കാണ്മതിനു കൌതുകമോടുകൂടി
ശ്രീകാശിതന്നധിപനായവിടത്തിലെത്തി. 47

വല്ലാതെയുള്ള ശപഥാംബുധി പാണ്ഡവന്മാ-
രെല്ലാം കടന്നു വിലസുന്ന വിശിഷ്ടവൃത്തം
ചൊല്ലാൎന്ന ശൈബ്യധരണീപതി കേട്ടു പാര-
മുല്ലാസമോടവിടെ വന്നു സസൈന്യനായി. 48

പഞ്ചാസ്യതുല്യത കലൎന്ന യുധിഷ്ഠിരാദി
തഞ്ചാരുവൃത്തമതുകേട്ടതിഹൃഷ്ടനായി
പാഞ്ചാലഭൂമിപതിയാകിയ യജ്ഞസേന-
നഞ്ചാതെ സൈനികരൊടൊത്തവിടത്തിൽ വന്നു. 49

പ്രാശസ്ത്യമേറിയ പൃഥാതനയക്കു കൂട്ടം
ക്ലേശത്തിനൊട്ടറുതി വന്ന കഥാവിശേഷം
ആശയ്ക്കു ചേൎന്നപടി കേട്ടഥ വന്നു ഭീഷ്മ-
നാശത്തിനായ് ഭുവി പിറന്ന ശിഖണ്ഡിവീരൻ. 50

ശിഷ്ടന്മാരാം പാണ്ഡവന്മാൎക്കശേഷം
കഷ്ടപ്പാടങ്ങൊക്കെയും തീൎന്ന വൃത്തം
ധൃഷ്ടന്മാരിൽ ശ്രേഷ്ഠനായുല്ലസിക്കും
ധൃഷ്ടദ്യുമ്നൻ കേട്ടു വന്നാൻ പ്രഹൃഷ്ടൻ. 51

മാന്യത്വമേറിയ മഹീപതിമാരെയും തൽ-
സൈന്യത്തെയും സപദി മററു ജനങ്ങളേയും

ധന്യത്വമേറിയ വിരാടമഹീശ്വരൻ സൌ-
ജന്യത്തൊടൊത്തഥ യഥാവിധി സൽകരിച്ചു. 52

മിത്രങ്ങളാമവർകളും തെളിവാന്നു ധർമ്മ-
പുത്രൻതുടങ്ങിയവരും പുനരന്നു തമ്മിൽ
ചിത്രങ്ങളായ ചരിതങ്ങളുരച്ചു പത്മ-
പത്രങ്ങളൊത്ത നയനങ്ങളിലശ്രു പൂണ്ടാർ. 53

മാലാശു പാണ്ഡുതനയക്കു നശിച്ചുവെന്നു
കോലാഹലത്തൊടു ധരിച്ചു മഹാനുഭാവൻ
താലാങ്കനായ ഭഗവാൻ കരുണാരസാർദ്രൻ
നീലാംബരൻ ത്വരിതമായവിടത്തിലെത്തി. 54

ദേവൻ സർഗ്ഗവിസർഗ്ഗരക്ഷണലയ-
ക്രീഡാപരൻ ശ്രീമഹാ-
ദേവപ്രസ്തുതപുണ്യകീർത്തി ഭഗവാൻ
ഭക്തപ്രിയൻ മാധവൻ
കൈവല്യപ്രദ കർമ്മകാലമഹിമാ-
തീതൻ ധരാമണ്ഡലേ
ദേവപ്രാർത്ഥനയാൽ പിറന്ന ഹരിതാ-
നന്നെഴുന്നള്ളിനാൻ. 55

സാരം കലന്ന വിബുധാത്മനകൊണ്ടു ഭൂമീ-
ഭാരം ജവേന കളവാനവനീതലത്തിൽ
സ്വൈരം ജനിച്ചു വിലസീടിന ദേവദേവ-
നാരങ്ങണഞ്ഞ സമയേ ശുഭമായി സർവ്വം. 56

കൃഷ്ണാംബുവാഹസമകാന്തി കലന്നിടുന്ന
കൃഷ്ണാഖ്യയുള്ള ഭഗവാൻെറ സമാഗമത്താൽ
തൃഷ്ണാവസാനമുളവായഥ പാണ്ഡവന്മാ-
ർക്കുഷ്ണാർത്തിയാസകലവും സഹസാ ശമിച്ചു. 57

നിർമ്മായഭക്തിരസഭാവിതചിത്തനായ
ധർമ്മാത്മജന്നഥ വരം ദയയോടുകൂടി
ജന്മാന്തദുഃഖഹരനാം ഭഗവാൻ കൊടുത്താൻ
സമ്മാനമായ് ഗജരഥാശ്വധനവ്രജത്തെ. 58

ദേവാസുരാദിനതപാദസരോജനായ
ശ്രീവാസുദേവഭഗവാന്റെ നിയോഗമൂലം
ഭാവാനുകൂലമവയുത്തരതൻ മനോജ്ഞ-
വൈവാഹികക്രമമുടൻ സരസം തുടന്നാർ. 59

തോഷം വളർന്നഥ കുശീലവർ ഭൂരിവാദ്യ-
ഘോഷം തുടങ്ങി ഭുവനം സകലം മുഴങ്ങി
ദോഷം വിനാ സുരപുരോപമമായ്പ്പിതാന-
പോഷം കലർന്നു പരമാനഗരം വിളങ്ങി. 60

ധൂപങ്ങളാപ്പുരമുടൻ സുരഭീകരിച്ചു
ദീപങ്ങളാശു നയനത്തെ വശീകരിച്ചു
രൂപം വിലാസമിവയുള്ള വധൂജനങ്ങൾ
താപം വെടിഞ്ഞഴകിലേററമലങ്കരിച്ചു. 61

ചിത്തപ്രമോദകരമാകിയവാരനാരീ-
നൃത്തപ്രയോഗമൊരുദിക്കിലതീവ ചിത്രം
അത്തവ്വിലന്യദിശി മത്തപികവ്രജങ്ങ-
ളത്തൽപ്പെട്ടുംപടി വധൂജനരമ്യഗാനം. 62

നാനാജനങ്ങളവിടത്തിലണഞ്ഞഭീഷ്ട-
ദാനാദികൊണ്ടുമഥ നർമ്മകലാദികൊണ്ടും
സ്നാനാനുലേപലയനാസനസദ്മസാന്ന-
പാനാദികൊണ്ടുമതിതൃപ്തി കലർന്നു വാണു. 63

സ്വൈരം ചരിക്കുമവനീതലനിർജ്ജരക്ക-
ന്നേരം മഹാരുചിരഭക്ഷണതൃപ്തി വന്നു

സാരംഗചാരുമിഴിമാൎക്കവിടത്തിലേററം
സാരം കലൎന്ന മണിഭൂഷണതൃപ്തിവന്നു. 64

ഗോപാലവേഷമൊടു പണ്ടു വനത്തിൽ വാണ
പാപാദിദോഷഹരനായ ജനാൎദ്ദനൻെറ
ആപാദചൂഡമതിമോഹനകാന്തിയുള്ള
രൂപാമൃതം മതിവരാതെ കുടിച്ചുലോകം. 65

നേരായശേഷജനമുത്സവഭൂരിഹൎഷ-
വാരാശിയിൽ സതതമിങ്ങിനെ മുങ്ങിടുമ്പോഠം
വീരാഗ്ര്യനാകുമഭിമന്യുവിനായ്വിരാടൻ
താരാധിനാഥമുഖിയാം മകളെക്കൊടുത്താൻ. 66

വണ്ടാറണിക്കുഴലിമാർവദനങ്ങഠംതന്നി-
ലുണ്ടായ മംഗളമനോജ്ഞമുലൂലുനാദം
തണ്ടാർശരസ്തവസമം കുതുകേന കേട്ടു
കൊണ്ടാടി ലോകരഖിലം തരസാ തദാനീം. 67

കാണിക്കു ദോഷമണയാത്ത വിരാടപുത്രീ-
പാണിഗ്രഹോത്സവവിശേഷമശേഷമോതാൻ
വാണിക്കു വൈഭവമെഴും ഗുരുവും തുനിഞ്ഞാൽ
നാണിക്കുമെന്നതിനു സംശയമില്ല തെല്ലും. 68

കേമത്തമേറുമഭിമന്യുവിനോടു ചേൎന്നി-
ട്ടോമൽവിരാടധരണീപതിപുത്രിയപ്പോഠം
കാമപ്രമോദകരകാലസമേതയാകും
ശ്രീമദ്രസാലലതപോലെ വിളങ്ങിപാരം. 69

തത്രാഥ മത്സ്യധരണീപതിപുത്രിയൊത്തു
സുത്രാമപുത്രസുതനാമഭിമന്യുവപ്പോഠം
ചിത്രാഭപൂണ്ടനിശയൊത്തുയരും സഹസ്ര-
പത്രാരിയാകിയ സുധാകരനെന്നപോലെ. 70

ശ്രീവാസുദേവനൊടുമിഷ്ടമഹീന്ദ്രരോടും
ഭാവാനുകൂലമിടചേൎന്നഥ ധൎമ്മപുത്രൻ
ശ്രീവാമനാഖ്യനൊടുമന്ത്രികരോടുമൊത്ത
ദേവാധിപനുരരിയായധികം വിളങ്ങി. 71

നൂനം കാലമിതെത്രയും ശുഭകരം
സനന്നപാണ്ഡൂദയം
മാനം ചേൎന്നിടുമാംബികേയനുടനേ
ശോകത്തെയേകും പരം
ഊനം വിട്ടിഹ പാണ്ഡവോദയമിത-
ല്ലെന്നാകിലുണ്ടാകുമോ
സാനന്ദം സുജനങ്ങളിങ്ങിനെ തദാ
മെല്ലെന്നു ചൊല്ലീടിനാർ. 72

ഭാഷയ്ക്കുണ്ടാമതിങ്കൽ കുറവുകൾ പലമ-
ട്ടനായത്തിന്നുമേവം
ദോഷത്താൽ ദുസ്സഹം താൻ പൊരുളതിചതുരം-
തന്നെ സന്ദൎഭമോൎത്താൽ
ദോഷജ്ഞന്മാൎക്കിതൊന്നും കിമപി തെളികയി-
ല്ലെങ്കിലും സജ്ജനത്തിൻ
തോഷത്തെച്ചെയ്യുമല്ലോ മമ മൊഴി ഭഗവൽ-
ഭക്തസംബന്ധഭാഗ്യാൽ. 73

ഇങ്ങിനെ പാണ്ഡവോദയമെന്ന കാവ്യത്തിൽ
ഇരുപത്തിരണ്ടാംസൎഗ്ഗം കഴിഞ്ഞു.

പാണ്ഡവോദയംകാവ്യം കഴിഞ്ഞു.

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. 10A7 Acc. No. 39434

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

MA7
KOC-P

39434

കൊച്ചുണ്ണി തമ്പുരാൻ

ചാന്ദ്രമവാദയം